## V. **ധനകാര്യം**

### 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികൾ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XII | പോലീസ് | 1031,71,72,000 | 13,56,35,000 | 2063,43,44,000 | 27,12,70,000 | 2090,56,14,000 |

| | | | | | | |
|---|---|---|---|---|---|---|
| XIII | ജയിലുകൾ | 33,81,39,0<br><br>00 | .... | 67,62,77,<br><br>000 | .... | 67,62,77,<br><br>000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ XII- പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII- ജയിലുകൾ

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനകളും ഒരുമിച്ച് ചർച്ച ചെയ്യാവുന്നതാണ്. ചർച്ച ആരംഭിക്കുന്നു.

ശ്രീ. എളമരം കരീം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കേരളത്തിലെ പോലീസിനെ രാഷ്ട്രീയ താൽപ്പര്യംവച്ച് ഉപയോഗിക്കുന്ന പ്രവണതകൾ ഒരു അച്ചടക്കമുള്ള സേന എന്നുള്ള നിലയിൽ നമ്മുടെ സംസ്ഥാനത്തെ പോലീസിന് ഒട്ടും അഭികാമ്യമല്ലാത്തതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രകടമായ നിലയിൽ, രാഷ്ട്രീയ പകപോക്കലിനുവേണ്ടി പോലീസിനെ ഉപയോഗപ്പെടുത്തിയ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിലുണ്ടായ ചില സംഭവങ്ങൾ അങ്ങയുടെ കാലത്തല്ല, പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. സി.പി.ഐ. (എം) നേതാവായ ശ്രീ. എം. എം. മണിയുടെ പേരിലെടുത്ത കേസിനെ സംബന്ധിച്ചാണ് ഞാൻ ഒരു ഉദാഹരണമായി എടുത്തുപറയാൻ ഉദ്ദേശിക്കുന്നത്. അദ്ദേഹം നടത്തിയ ഒരു പ്രസംഗത്തിന്റെ പേരിൽ, ഒരു തീവ്രവാദിയെ പിടികൂടുന്ന രീതിയിൽ, വളരെ ഭീകരമായ അന്തരീക്ഷമുണ്ടാക്കി, പുലർച്ചെ വീട്ടിൽനിന്നും കസ്റ്റഡിയിലെടുക്കുകയും പിന്നീട് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തു. ആ കേസ് രാഷ്ട്രീയ

വിവാദത്തിനാവശ്യമായ വിധത്തിൽ രൂപപ്പെടുത്തുകയുമൊക്കെ ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥന്മാർ കാണിച്ച അമിതമായ താൽപ്പര്യം ഒരിക്കലും പോലീസ് സേനയ്ക്ക് ഭൂഷണമായിട്ടില്ല. അത് തികച്ചും ഈ സർക്കാരിന്റെ അല്ലെങ്കിൽ സർക്കാരിന് നേതൃത്വം നൽകുന്ന രാഷ്ട്രീയ പാർട്ടിയുടെ രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി പോലീസ് നടത്തിയ ഒരു പ്രവൃത്തിയാണെന്ന് എല്ലാവരും വിലയിരുത്തും. ഇത് നമ്മുടെ പോലീസ് സേനയ്ക്ക് എത്രമാത്രം ഹിതകരമാകും? നീതിനിർവ്വഹണമെന്നത് നിഷ്പക്ഷമായി, നിയമപരമായി നടത്തേണ്ടതാണ്. അതിനുള്ള സ്വാതന്ത്ര്യം പോലീസിന് നൽകാത്തിടത്തോളം കാലം ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കും. കഴിവുള്ളവരും പ്രതിഭാശാലികളുമായ പോലീസുദ്യോഗസ്ഥൻമാർപോലും ആരോപണത്തിന് വിധേയരാവുകയും അവരുടെ മനോവീര്യം തകരുകയും അത് പോലീസ് സേനയുടെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകും. ഇത് ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ടോ? ഈ സഭയിലെ അംഗമായ ശ്രീ. ജെയിംസ് മാത്യുവിന്റെ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്കൂളിലെ അദ്ധ്യാപകന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പേരിൽ പരാതി വന്നപ്പോൾ എത്ര ധൃതിയിലും

താൽപ്പര്യത്തിലുമാണ് അദ്ദേഹത്തെ ജയിലിലടയ്ക്കാൻ പോലീസും ഗവൺമെന്റും കൂട്ടുനിന്നത്. എന്നാൽ ഇതുപോലൊരു ആക്ഷേപം രജിസ്റ്റർ ചെയ്യപ്പെടുകയും പ്രതിസ്ഥാനത്ത് വരികയും ചെയ്ത ഭരണകക്ഷി എം.എൽ.എ.-യുടെ പേരിൽ ഇതുപോലൊരു ധൃതി ഗവൺമെന്റിനുണ്ടായില്ലല്ലോ. നമ്മുടെ സംസ്ഥാനത്തെ പോലീസിനെ ഈ വിധത്തിൽ രാഷ്ട്രീയമായി പ്രവർത്തനം നടത്താൻ പ്രേരിപ്പിച്ചാൽ പോലീസ് സേനയുടെ സ്വഭാവത്തിൽ വരുന്ന മാറ്റത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ടോ? ഒരിക്കലും കേരളത്തിൽ ഇതുപോലുള്ള രാഷ്ട്രീയ പക്ഷപാതിത്വം ഇത്രയും വികലമായ നിലയിൽ ആരോപിക്കപ്പെട്ട കാലമുണ്ടായിട്ടില്ല. ഇത് ഗവൺമെന്റ് ഗൗരവമായി കാണേണ്ട പ്രശ്നമാണ്. യു.എ.പി.എ. എന്നത് ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന ഒരു കരിനിയമമാണ്. വടക്കേ ഇന്ത്യയിൽ സ്റ്റേറ്റ് ടെററിസത്തിന്റെ ഭാഗമായി മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെ തെരഞ്ഞുപിടിച്ച് യു.എ.പി.എ. ചുമത്തി ആയിരക്കണക്കിന് ആളുകളെ ജയിലിലടച്ചിരിക്കുകയാണ്. വടക്കേ ഇന്ത്യയിൽ നേരത്തെ കോൺഗ്രസ് ഭരിച്ചിരുന്ന സംസ്ഥാനങ്ങളിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഇത് വ്യാപകമാണ്. ദീർഘകാലം വിചാരണപോലും ചെയ്യാതെ തടവിലിടുകയും പിന്നീട് യാതൊരു തെളിവുമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ വർഷങ്ങൾക്കുശേഷം വെറുതെ

വിടുകയും ചെയ്യുന്ന സംഭവങ്ങൾ വളരെ സംഭ്രമജനകമാണ്. അതിൽനിന്നും വ്യത്യസ്തമായ നിലയിൽ കേരളം നിലനിന്നിരുന്നു. ഇവിടെ നേരത്തെ യു.എ.പി.എ. ചുമത്തപ്പെട്ട ഒരു കേസ് അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു സംഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരു അദ്ധ്യാപകനെ കുടുംബാംഗങ്ങളുടെ കൂട്ടത്തിൽനിന്ന് നടുറോഡിൽ പിടിച്ചുനിർത്തി കൈവെട്ടിയ സംഭവം വന്നപ്പോഴാണ് അപൂർവ്വങ്ങളിൽ അപൂർവ്വമായ കൊടും ക്രിമിനൽ കുറ്റം എന്ന നിലയിൽ കണക്കിലെടുത്ത് കേസ് ചുമത്തപ്പെട്ടത്. എന്നാൽ അതിനുശേഷം നടന്ന ഒരു കൊലപാതകവുമായി ബന്ധപ്പെട്ട് യു.എ.പി.എ. ചുമത്താൻ ഈ ഗവൺമെന്റ് കാണിച്ച താൽപ്പര്യത്തിന്റെ വികാരമെന്താണ്? ഒരു ആർ.എസ്.എസ്. പ്രവർത്തകൻ തലശ്ശേരിയിൽ കൊലചെയ്യപ്പെട്ടപ്പോഴാണ് കുറെ സി.പി.ഐ.(എം) പ്രവർത്തകരുടെ പേരിൽ യു.എ.പി.എ. ചുമത്തപ്പെട്ടത്. ഈ നാട്ടിൽ എത്ര കൊലപാതകങ്ങൾ നടന്നു. 2012-ൽ ടി.പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനുശേഷം ഗവൺമെന്റ് സ്വീകരിച്ച വഴിവിട്ട ചില നടപടികളും അധികാരത്തിന്റെ ദുർവിനിയോഗവും പോലീസിനെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെയൊക്കെ ഭാഗമായി അന്ന് ഊറ്റം കൊണ്ടുകൊണ്ട് നിങ്ങളുടെ മുൻഗാമി ഇവിടെ പറഞ്ഞത് 'കേരളത്തിൽ രാഷ്ട്രീയ കൊലപാതകം

ഇതോടുകൂടി അവസാനിച്ചു, അല്ലെങ്കിൽ ഞങ്ങൾ അവസാനിപ്പിച്ചു' എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.പി.ഐ. (എം)-ന്റെ 25 പ്രവർത്തകരാണ് കൊല്ലപ്പെട്ടത്. അതിൽ 15 പേരെ ആർ.എസ്.എസ്.-കാരും ബാക്കിയുള്ളവരെ മറ്റ് രാഷ്ട്രീയപ്പാർട്ടിക്കാരുമാണ് കൊലപ്പെടുത്തിയത്. ഈ കൊലപാതകങ്ങളിൽ ചിലതെങ്കിലും പൈശാചികവും അതിക്രൂരവും അങ്ങേയറ്റം നികൃഷ്ടവുമായിട്ടുപോലും സ്വീകരിക്കാത്ത നിലപാട് ഒരു ആർ.എസ്.എസ്. ക്രിമിനലിന്റെ കൊലപാതകത്തോട് കാണിച്ചത് എന്ത് അടിസ്ഥാനത്തിലാണ്? ഞാൻ ആ സംഭവത്തെയോ കൊലപാതകത്തെയോ ന്യായീകരിച്ചുകൊണ്ടല്ല പറയുന്നത്. നമുക്ക് ഒരേ തരത്തിൽ ക്രിമിനൽ കുറ്റങ്ങളെയും മറ്റ് സംഭവങ്ങളെയും കാണാൻ കഴിയുമ്പോഴല്ലേ പോലീസ് നിഷ്പക്ഷമാണെന്നും നീതിനിർവ്വഹണമാണ് അവർ ചെയ്യുന്നതെന്നുമുള്ള ബോധ്യം ജനങ്ങളിലുണ്ടാകൂ. അങ്ങനെയല്ലാതെ പ്രവർത്തിക്കുന്നത് ശരിയാണോ? രാഷ്ട്രീയമായി പരസ്പരം അഭിപ്രായവ്യത്യാസങ്ങളും വാശിയോടെയുള്ള നിലപാടുകളുമുണ്ടാകാം. പക്ഷേ അതിനുവേണ്ടി സംസ്ഥാനത്തിന്റെ അച്ചടക്കമുള്ള ഒരു സേനയെ ഉപയോഗപ്പെടുത്താൻ തുടങ്ങിയാൽ അതിന്റെ ഭാഗമായി ആ സേനയ്ക്ക് സംഭവിക്കുന്ന ധാർമ്മികമായ അധ:പതനവും നിയമത്തിൽനിന്ന് വ്യതിചലിക്കുമ്പോഴുണ്ടാകുന്ന സ്വഭാവമാറ്റവും ദൂരവ്യാപകമായ

പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. ഇത്തരത്തിലുള്ള നിലപാടുകൾ വളരെ വിഷമകരമായ നിലയിൽ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു എന്നത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഗൗരവമായി കാണേണ്ട വിഷയമാണ്. കേരളത്തിലെ പോലീസിൽ വളരെ അപകടകരമായ ഒരു പ്രവണത ശക്തിപ്പെട്ടുവരുന്നു എന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഏറ്റവും വിപൽക്കരമായ ഒരു ആർ.എസ്.എസ്. വൽക്കരണം കേരളത്തിലെ പോലീസ് സേനയിൽ സാവകാശം നടന്നുകൊണ്ടിരിക്കുന്നു. ഇത് അഖിലേന്ത്യാതലത്തിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വമുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രാജ്യമാസകലം എല്ലാ ഭരണ സിരാകേന്ദ്രങ്ങളിലേയ്ക്കും വ്യാപിച്ചുവരുന്ന ഒരാപത്താണ്. കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ ചരിത്രഗവേഷണ കൗൺസിൽ, സാംസ്കാരിക കേന്ദ്രങ്ങൾ, വിദ്യാഭ്യാസ മേഖല, മിലിട്ടറി തുടങ്ങിയ എല്ലാ ഭരണസിരാകേന്ദ്രങ്ങളിലും ആർ.എസ്.എസ്. സ്വാധീനം വർദ്ധിപ്പിക്കാനുള്ള വളരെ ആസൂത്രിതമായ നീക്കം രാജ്യവ്യാപകമായി നടക്കുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഈ നീക്കത്തിന് അനുകൂലമായ നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് എത്രമാത്രം വേദനാജനകവും പ്രതിഷേധാർഹവുമാണ്. ഇത് ഗൗരവമായ ഒരു പ്രശ്നമല്ലേ? 2005 നവംബർ 23-ന്

എം.ജി. കോളേജിൽ ആർ.എസ്.എസ്. നേതൃത്വം നൽകുന്ന എ.ബി.വി.പി. വിദ്യാർത്ഥി സംഘടന നടത്തിയ അക്രമണത്തിൽ ഉയർന്ന ഉദ്യോഗസ്ഥൻമാരുൾപ്പെടെ നിരവധി പോലീസുകാർക്ക് മാരകമായ പരിക്കേറ്റു. ഈ സംഭവം സംബന്ധിച്ച കേസ് നടന്നുവരികയായിരുന്നു. എന്നാൽ എന്തടിസ്ഥാനത്തിലാണ് ആ കേസ് പിൻവലിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്? ആ അക്രമണത്തിൽ പരിക്കേറ്റ ഒരു പോലീസുദ്യോഗസ്ഥൻ ഒന്നരവർഷം ചികിത്സയിൽ കഴിയുകയും അദ്ദേഹത്തിന് പഴയനിലയിൽ ആരോഗ്യം വീണ്ടുകിട്ടാതെ ജോലിയിൽ പ്രവേശിക്കേണ്ടിവരികയും ചെയ്ത ഏറ്റവും വേദനാജനകമായ സാഹചര്യമുണ്ടായി. രാഷ്ട്രീയമായി ഒരു സമരം നടത്തിയതിന്റെ പേരിലോ സർക്കാർ ഓഫീസുകൾ പിക്കറ്റ് ചെയ്തതിന്റെ പേരിലോ ചാർജ്ജ് ചെയ്യപ്പെടുന്ന കേസുകൾ ഒരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മുൻഗവൺമെന്റ് രാഷ്ട്രീയ പ്രേരിതമായി ചാർജ്ജ് ചെയ്തതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കാറുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും യു.ഡി.എഫ്. ഗവൺമെന്റിന്റെയും ഭരണകാലത്ത് ഇങ്ങനെ കേസുകൾ പിൻവലിച്ചിട്ടുണ്ട്. ഇത്തരം ക്രിമിനൽ സംഭവങ്ങളുള്ള കേസുകൾ പിൻവലിച്ചാൽ എന്തായിരിക്കും അവസ്ഥ. പരാതിക്കാർക്കോ പരിക്കുപറ്റിയവർക്കോ അല്ലെങ്കിൽ

ഒന്നാം സാക്ഷിയായി വരുന്ന പരാതിക്കിടയായ ആളുകൾക്കോ എന്തെങ്കിലും അഭിപ്രായം പറയാൻ അവസരം കൊടുത്തോ? മാത്രമല്ല ആഭ്യന്തരവകുപ്പ് ഇക്കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിച്ചിരുന്നില്ലേ? അതിനെയൊക്കെ മറികടന്നുകൊണ്ട് രാഷ്ട്രീയ തീരുമാനമെടുത്ത് ഏതാനും ആർ.എസ്.എസ്. ക്രിമിനലുകളെ കുറ്റവിമുക്തരാക്കാൻ എന്താണ് ഈ ഗവൺമെന്റിനെ പ്രേരിപ്പിച്ചത്, ആർക്കുവേണ്ടിയാണ് ഇങ്ങനെ ചെയ്തത്? സി.പി. നായർ വധശ്രമക്കേസ് എന്തിനാണ് പിൻവലിക്കാൻ തീരുമാനിച്ചത്? പിന്നീടത് വേണ്ടെന്നുവച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽപ്പോലും ഇങ്ങനെയൊരു തീരുമാനം എങ്ങനെയുണ്ടായി? സംസ്ഥാനത്തെ ഏറ്റവും ഉന്നതനായ ഉദ്യോഗസ്ഥനായിരുന്ന, സമൂഹം മുഴുവൻ ബഹുമാനിക്കുന്ന ഒരു വ്യക്തിയുടെ നേരെ നടന്ന അക്രമം സംബന്ധിച്ച കേസ് സാധാരണ കേസുകളെപ്പോലെ പിൻവലിക്കുക എന്നുപറഞ്ഞാൽ എത്ര ലാഘവബുദ്ധിയോടെയാണ് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണ്ടേ? ആർ.എസ്.എസ്. ക്രിമിനലുകൾക്ക് എന്തും ചെയ്യാൻ കഴിയുന്ന ഒരവസ്ഥയിലേയ്ക്ക് നമ്മുടെ നാട് എങ്ങനെ നീങ്ങുന്നുവെന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ആലോചിക്കണം. കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിങ് കേരളം

സന്ദർശിക്കാൻ വന്നത് തലശ്ശേരിയിലെ ആർ.എസ്.എസ്. ക്രിമിനൽ മനോജ് കൊല്ലപ്പെട്ട സംഭവത്തെ തുടർന്നാണ്. അത് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം വലിയ ആഘോഷമാക്കി. ഇതിനുമുമ്പും ഇവിടെ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഒരു കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയും വന്നിട്ടില്ല. ഇപ്പോൾ ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ താൽപ്പര്യത്തിൽ വന്നതാണ്. അതുകഴിഞ്ഞ് അദ്ദേഹം തിരുവനന്തപുരത്ത് പത്മനാഭസ്വാമി ക്ഷേത്ര ദർശനത്തിനായി എത്തിയപ്പോൾ  കനത്ത സുരക്ഷാ ഏർപ്പാടുകൾക്ക് നടുവിൽ അദ്ദേഹത്തെ ഒരു കൊലക്കേസ് പ്രതിയായ ആർ.എസ്.എസ്.-കാരൻ തലപ്പാവ് അണിയിച്ചു. എല്ലാ മാധ്യമങ്ങളും ഇത് റിപ്പോർട്ട് ചെയ്തിരുന്നു. അത് കണ്ടുനിന്ന കേരളാ പോലീസ് എന്ത് നടപടിയാണ് സ്വീകരിച്ചത്? ഇങ്ങനെ സ്വതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ട വിഭാഗമാണോ ഈ ക്രിമിനൽ സംഘം; കേരളം എവിടേയ്ക്കാണ് പോകുന്നത്? ആർ.എസ്.എസ്. ക്രിമിനൽ സംഘത്തോട് മാനസികമായ ഒരു ദാസ്യമനോഭാവത്തിലേയ്ക്ക് കേരളത്തിലെ പോലീസുദ്യോഗസ്ഥൻമാർ അധ:പതിച്ചുപോയോ? ഗവൺമെന്റ് ഇത് ഗൗരവമായി കാണേണ്ടതല്ലേ; രാഷ്ട്രീയ നേതൃത്വം എന്നനിലയിൽ ഇതിനോടൊക്കെ ഗൗരവമായ സമീപനം ഗവൺമെന്റ് കൈക്കൊള്ളേണ്ടതല്ലേ? അങ്ങനെ ചെയ്യാൻ കഴിയാതിരിക്കുമ്പോൾ അങ്ങേയറ്റം

ആപൽക്കരമായ ഒരു സ്ഥിതിയിലേയ്ക്കാണ് നമ്മൾ പോകുന്നത്. കേരളത്തിലെ പോലീസിന്റെ സ്ഥലം മാറ്റത്തിൽപ്പോലും ആർ.എസ്.എസ്. ഇടപെടുന്നു എന്ന ആക്ഷേപം ഉയർന്നുവരാൻ തുടങ്ങിയിട്ടുണ്ട്. ആർ.എസ്.എസ്. ക്രിമിനലുകൾ പോലീസ് സ്റ്റേഷനിൽ കയറി പ്രതികളെ മോചിപ്പിക്കലും പോലീസിനെ ആക്രമിക്കുന്നതുമായ നിരവധി സംഭവങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് എവിടെച്ചെന്ന് അവസാനിക്കും എന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണ്ടേ? കാസർഗോഡ് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ മുരളിയെ ബി.ജെ.പി.-ആർ.എസ്.എസ്. ക്രിമിനലുകൾ നടുറോഡിൽവച്ച് കുത്തിക്കൊല്ലുകയും ആ സംഭവത്തിൽ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ട് ഒരു ആർ.എസ്.എസ്.-കാരൻ ഫെയ്സ് ബുക്കിൽ പോസ്റ്റ് ഇടുകയും ചെയ്തു. പരസ്യമായി ആഹ്ലാദിക്കാൻ അവർക്ക് യാതൊരു മടിയുമില്ല. അത് അവരുടെ മാനസികാവസ്ഥയാണ്. പക്ഷേ പരാതിയുണ്ടായിട്ട് ഒരു നടപടിയുമെടുത്തില്ല. ഇത്തരം സംഘത്തിനെതിരെ നടപടി എടുക്കാൻ കഴിയുന്നില്ലല്ലോ. അതുപോലെ, പ്രവീൺ തൊഗാഡിയയെക്കുറിച്ച് അറിയാത്തവരാരുമില്ല. വർഗ്ഗീയ വിഷം തുപ്പുന്ന, ഇന്ത്യാരാജ്യമാകെ അറിയപ്പെടുന്ന വർഗ്ഗീയ സംഘത്തിന്റെ നേതാവാണ് പ്രവീൺ തൊഗാഡിയ. അദ്ദേഹം പണ്ട് കോഴിക്കോട് നടത്തിയ പ്രസംഗത്തിന്റെ പേരിൽ

കേസ്സെടുത്തിട്ടുള്ളതാണ്. അങ്ങനെ കേസ് എടുത്തിട്ടും ആ കേസ് കോടതി തള്ളിയതുപോലും അറിയാതെ പ്രവീൺ തൊഗാഡിയയെ സേവിക്കാൻവേണ്ടി കേസ് പിൻവലിച്ച വിവാദം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. കേസ് പിൻവലിച്ചതിനുശേഷമാണ് അറിയുന്നത് കേസ് നേരത്തെ അവസാനിച്ചതാണെന്ന്. എന്തിനാണ് പ്രവീൺ തൊഗാഡിയയുടെ പേരിലുള്ള കേസ് നമ്മൾ പിൻവലിക്കാൻ പോകുന്നത്. അത്തരത്തിൽ സഹായിക്കേണ്ട എന്ത് ക്യാരക്ടറാണ് അദ്ദേഹത്തിനുള്ളത്. പിന്നെയും കേരളത്തിൽ വന്ന് വർഗ്ഗീയ വിഭജനമുണ്ടാക്കുന്ന പ്രചാരവേല നടത്താനും വിദ്വേഷം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുകയല്ലേ ഇതുപോലുള്ള എലിമെന്റ്സ്. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ നമുക്ക് കഴിയണ്ടേ? താൽക്കാലികമായ രാഷ്ട്രീയ നേട്ടത്തിന് വേണ്ടി ഇതുപോലുള്ള ഭീകര പ്രവർത്തനം നടത്തുന്ന വർഗ്ഗീയ തീവ്രവാദ ശക്തികളെ ഏതെങ്കിലും തരത്തിൽ പ്രോത്സാഹിപ്പിക്കുന്നത് മതനിരപേക്ഷ രാഷ്ട്രീയ സംസ്കാരത്തിന് ഹിതകരമാണോ എന്ന കാര്യം ഗൗരവമായി ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്.

മി. ചെയർമാൻ: യെസ്.....

ശ്രീ. എളമരം കരീം: സർ, എനിക്ക് അനുവദിച്ച സമയം കഴിഞ്ഞോ?

<u>മി. ചെയർമാൻ</u>: അതുകഴിഞ്ഞു. ഒരു മിനിട്ട് അധികവുമായി.

<u>ശ്രീ. എളമരം കരീം</u>: അങ്ങനെയാണെങ്കിൽ ഞാൻ വളരെ ചുരുക്കാം. പയ്യന്നൂരിലെ ഒരു സംഭവം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടത്തെ ജുമാ മസ്ജിദിലെ ജീവനക്കാരനായിരുന്ന അബ്ദുൾ ഹക്കീം മതപരിവർത്തനം നടത്തിയ ആളായിരുന്നു. 2014 ഫെബ്രുവരി മാസം 10-ാം തീയതി പള്ളി കോമ്പൗണ്ടിൽ അദ്ദേഹത്തിന്റെ കത്തിക്കരിഞ്ഞ മൃതദേഹം കണ്ടെത്തി. ഇന്നുവരെ കൊലയാളികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് അവിടെ 45 ദിവസമായി നിരാഹാര സമരം നടക്കുകയാണ്. ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് നിവേദനം തന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സി.ബി.ഐ. അന്വേഷണത്തിന് കേരള ഗവൺമെന്റ് റഫർ ചെയ്തെങ്കിലും സി.ബി.ഐ. കേസ് ഏറ്റെടുക്കാൻ സന്നദ്ധമായിട്ടില്ല. ക്രൈം ബ്രാഞ്ച് അന്വേഷണത്തിലൂടെ ഇന്നുവരെ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇതൊരു ഗൗരവമായ പ്രശ്നമാണ്. സമരസമിതിയുമായി ബഹുമാനപ്പെട്ട മന്ത്രി ചർച്ച നടത്താൻ സന്നദ്ധനാണെന്ന് പറഞ്ഞതായി മനസ്സിലാക്കിയിട്ടുണ്ട്. എത്രയുംവേഗം ചർച്ച നടത്തി ഈ പ്രശ്നത്തിൽ കഴിയാവുന്നത്ര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

പോലീസിന്റെ മനുഷ്യാവകാശ ലംഘനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ചു. നിരപരാധികളുടെ പേരിൽ കേസ് എടുക്കുകയും കോടതിയിൽ എത്തുമ്പോൾ ചാർജ് ഷീറ്റ് നൽകാതെ വെറുതെ വിടുകയും ചെയ്യുന്ന നടപടികൾ പേരെടുത്ത് ഞാൻ വിശദീകരിക്കുന്നില്ല. വിജലൻസിനെ പുന:സംഘടിപ്പിക്കണമെന്ന് കേരള ഹൈക്കോടതിയുടെ ഉത്തരവുണ്ടായി. ഇതൊക്കെ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഭൂഷണമായ വിശേഷണങ്ങളല്ല, ശക്തമായ വിമർശനങ്ങളാണ്. ക്വട്ടേഷൻ സംഘങ്ങൾ നാടുമുഴുവൻ നടക്കുകയാണ്. ബ്ലേഡ് മാഫിയയ്ക്കെതിരായി അങ്ങ് മുന്നോട്ട് വച്ച ഓപ്പറേഷൻ കുബേരയുടെ ആശയം സ്വാഗതാർഹമാണ്. പക്ഷേ, അങ്ങയുടെ പാർട്ടി പ്രവർത്തകർ തന്നെ ഭരണ സ്വാധീനമുപയോഗിച്ച് പല സ്ഥലങ്ങളിലും പോലീസിനെ തടസ്സപ്പെടുത്തുന്നതു കാരണം നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ ഏതാനും കേസ്സുകളിൽ മാത്രമാണ് ചാർജ് ഷീറ്റ് സമർപ്പിച്ചതും പ്രതികളെ കണ്ടെത്തിയതും. മറ്റ് കേസ്സുകളിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ഈ അടുത്ത കാലത്ത് ഒരു ചാനൽ പുറത്തുവിട്ടതാണ്. ഓപ്പറേഷൻ കുബേരയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നുവെന്നാണ് കേട്ടത്. പക്ഷേ, ഇക്കാര്യങ്ങൾ

ശക്തമായ നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല. പോലീസിന്റെ പെരുമാറ്റത്തെ സംബന്ധിച്ചും റോഡുകളിലെ പരിശോധനകളെ സംബന്ധിച്ചും പുതിയ ഡി.ജി.പി. യുടെ നിർദ്ദേശങ്ങൾ നല്ലതാണ്. പക്ഷേ, അത് നടപ്പാക്കാൻ സാധിക്കുമോ? ഒരു സുപ്രഭാതത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഗവൺമെന്റോ പുതിയ ശൈലി പറഞ്ഞാൽ ഒരു സേനയ്ക്കും നടപ്പിലാക്കാൻ സാധിക്കില്ല. ആശയം ശരിയാകണം. ട്രെയിനിംഗ് സമയം മുതൽ മാറ്റത്തെക്കുറിച്ച് ചിന്തിക്കണം. ട്രെയിനിംഗ് മുതൽ പോലീസുകാരുടെ സ്വഭാവത്തിലും സംസ്കാരത്തിലും ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ വിധത്തിലുള്ള മാറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ അവരെ രൂപപ്പെടുത്തിയെടുക്കുന്ന സ്ഥലം നമുക്കുണ്ടാകണം. കേരളത്തിലെ പല പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളും ദ്രവിച്ച അവസ്ഥയിലാണ്. അതിന് മാറ്റമുണ്ടാകണം. പോലീസ് സേനയ്ക്ക് ശരിയായ വിധത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന മാനസികാവസ്ഥ ഉണ്ടാകണമെങ്കിൽ ജോലി സമയം സംബന്ധിച്ച് എത്രയോ കാലമായി നാം പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കണം. പോലീസ് സേനയിൽ വലിയ വിഭാഗം ആളുകൾ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ആശ്രിത പ്രവർത്തി നടത്തി, പോലീസ് പ്രവർത്തി നടത്താൻ കഴിയാത്ത വിധത്തിലാകുന്നുണ്ട്. എങ്ങനെ പരിഷ്കാരം കൊണ്ടുവരാൻ കഴിയുമെന്ന

കാര്യത്തെക്കുറിച്ച് ആലോചിക്കണം. പോലീസ് വകുപ്പിന് നൽകിയിട്ടുള്ള വാഹനങ്ങളുടെ പഴക്കംകൊണ്ട് ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. എന്റെ മണ്ഡലത്തിൽ ഫറോക്ക് പോലീസ് സ്റ്റേഷനിലെ വാഹനമിടിച്ച് ഒരു ടീച്ചർ മരണപ്പെടുകയുണ്ടായി. വാഹനത്തിന്റെ പഴക്കംകൊണ്ട് ഡ്രൈവർ ബ്രേക്ക് ചവിട്ടിയിട്ടും വാഹനം നിന്നില്ലെന്നാണ് പിന്നീട് മനസ്സിലായത്. ഇക്കാര്യങ്ങൾക്കെല്ലാം പരിഹാരമുണ്ടാകണം. തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ ആഹ്ലാദപ്രകടനം ഭരണപക്ഷത്ത് കണ്ടു. എന്റെ സുഹൃത്തുക്കൾ അമിതമായി ആഹ്ലാദിക്കുന്നതിന് യാതൊരു വകയുമില്ലെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നത് നിങ്ങൾ നേടിയ വിജയം അംഗീകരിക്കാതെയല്ല. വിജയിച്ചുവെന്നുള്ളത് സത്യം തന്നെയാണ്. 2011-ൽ 56797 വോട്ട് നേടിയ യു.ഡി.എഫ്.-ന് ഈ തെരഞ്ഞെടുപ്പിൽ 56448 വോട്ടുകളെ നേടാൻ കഴിഞ്ഞുള്ളുവെന്ന സത്യം നിങ്ങൾ മനസ്സിലാക്കണം. 116432-ൽ നിന്ന് 142455 വോട്ട് കൂടി 26023 വോട്ടാണ് പോളിംഗിൽ വർദ്ധിച്ചത്. നിങ്ങളുടെ പോളിംഗ് ശതമാനം 48.78-ൽ നിന്ന് 39.63 ആയി കുറഞ്ഞു. കേരളത്തിലെ നാല് വർഷത്തെ ഭരണ നേട്ടങ്ങൾ, അവസാനത്തെ വിഴിഞ്ഞം തുറമുഖ കരാർ വരെ ഉപയോഗിച്ച് നടത്തിയ പ്രചരണത്തിന് ഒരു വോട്ടുപോലും അരുവിക്കര മണ്ഡലത്തിലെ ജനങ്ങൾ കൂടുതൽ നൽകിയിട്ടില്ലെന്ന

വസ്തുതകൾ നിങ്ങൾ മനസ്സിലാക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും കാര്യമായ നേട്ടമുണ്ടായിട്ടില്ല. ഇടതുപക്ഷം തോറ്റെന്ന് മാത്രമല്ല, 2011-ൽ 46123 വോട്ട് കിട്ടിയ എൽ.ഡി.എഫ്.-ന് ഇത്തവണ 46320 വോട്ട് കിട്ടിയത് വലിയ വിജയമായി ഞങ്ങൾ പറയുന്നില്ല. കാരണം 26023 വോട്ട് കൂടുമ്പോൾ എൽ.ഡിഎഫ്. ഇത്ര വോട്ട് കിട്ടിയാൽ പോര. ബി.ജെ.പി. യുടെ വോട്ട് 7 ശതമാനത്തിൽ നിന്ന് 23.97 ശതമാനമായി വർദ്ധിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഉത്ക്കണ്ഠപ്പെടാനെങ്കിലും നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ അപകടത്തിലേയ്ക്കാണ് നിങ്ങൾ സംസ്ഥാനത്തെ നയിക്കുന്നതെന്ന വസ്തുതയാണ് ഞാൻ പറയുന്നത്. ഇത് കേരളത്തിന് ഭൂഷണമല്ല. അഖിലേന്ത്യാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ജയിച്ചു. എണ്ണംകൊണ്ട് ബി.ജെ.പി. ജയിച്ചുവെന്നുള്ളത് ശരിയാണ്. ആ വിജയത്തിന്റെ രാഷ്ട്രീയം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? തെരഞ്ഞെടുപ്പിൽ വിജയങ്ങളും പരാജയങ്ങളും ഉണ്ടാകും. വിജയത്തിൽ നിന്നും പരാജയത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ ശരിയായി രാഷ്ട്രീയത്തെ കൊണ്ടുപോകാൻ കഴിയില്ല. മതന്യൂനപക്ഷങ്ങളുടെ കേന്ദ്രീകരണത്തിലൂടെ ചിലപ്പോൾ ചില മണ്ഡലങ്ങളിൽ വിജയമുണ്ടായേക്കാം. പക്ഷേ, ചില തെരഞ്ഞെടുപ്പുകളിൽ ജയിക്കണമെങ്കിൽ സഹതാപത്തിന്റെ അകമ്പടികൂടി

വേണമെന്ന് കണ്ടാൽ മുതിർന്ന ആൺമക്കളുള്ള എല്ലാ യു.ഡി.എഫ്.-കാരും ഭയപ്പെടണം. നിങ്ങളെ കൊലപ്പെടുത്തി സ്ഥാനാർത്ഥികളാകാൻ മക്കൾ സന്നദ്ധമായി വരും. എല്ലാ തെരഞ്ഞെടുപ്പിലും സഹതാപ തരംഗം കൊണ്ട് മാത്രം ജയിക്കാൻ കഴിയില്ല. അതുകൊണ്ട് കേരള രാഷ്ട്രീയത്തിൽ പുതിയതായി വരുന്ന അപകടകരമായ പ്രവണത സംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്യാൻ രണ്ടുമുന്നണികളും സന്നദ്ധമാകണമെന്ന അഭിപ്രായം ഞാൻ വയ്ക്കുകയാണ്. അമിതമായ ആഹ്ലാദത്തിനിടയിൽ ഈ ഗൗരവമായ സാഹചര്യം മറന്നുപോകരുതെന്നും കാണാതെ പോകരുതെന്നുമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, കഴിഞ്ഞ നാല് വർഷമായി കേരളത്തിൽ മാതൃകാപരമായി ഭരണം മുന്നോട്ട് കൊണ്ടുപോകുന്ന ഐക്യജനാധിപത്യ മുന്നണിയിലെ ഒരു മന്ത്രിയെന്ന നിലയിൽ താങ്കൾ ഇവിടെ ഈ ധനാഭ്യർത്ഥന അവതരിപ്പിക്കുമ്പോൾ അതിനെ വളരെയധികം സന്തോഷത്തോടെയും അഭിമാനത്തോടെയും പിന്തുണയ്ക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലാണ് നമ്മൾ നിൽക്കുന്നത്. കേരളത്തെ ജനങ്ങൾ വിധി പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ധാരാളം

രാഷ്ട്രീയ ആരോപണങ്ങളും പുകമറകളും അതുമായി ബന്ധപ്പെട്ട ചർച്ചകളും കഴിഞ്ഞ ഒന്നര മാസമായി നടക്കുകയാണ്. അപ്പോഴൊക്കെ ഈ ഗവൺമെന്റിന്റെ വാട്ടർലൂ ആയിരിക്കും ഇതെന്നാണ് പ്രതിപക്ഷാംഗങ്ങൾ സ്വപ്നം കണ്ടിരുന്നത്. അവരത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. വിവിധ നേതാക്കന്മാരും നമ്മൾ ഓരോരുത്തരും കഴിഞ്ഞ ഒരുമാസമായി തെരഞ്ഞെടുപ്പിന്റെ ഭാഗമായി അരുവിക്കരയിൽ പോവുകയും അവിടത്തെ പ്രാദേശിക പ്രവർത്തകരുമായി ആശയവിനിയമം നടത്തുകയും ചെയ്തതാണ്. തെരഞ്ഞെടുപ്പിന്റെ ഫലം എങ്ങനെ വരുമെന്ന കാര്യത്തിൽ പലവിധത്തിലുള്ള ഫീഡ് ബാക്കാണ് ഓരോരുത്തർക്കും കിട്ടിയിട്ടുള്ളത്. യു.ഡി.എഫ്. തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനായ ശ്രീ പാലോട് രവി ഇവിടെ ഇരിക്കുകയാണ്. അദ്ദേഹം ഇന്നലെവരെ പ്രതീക്ഷ പ്രകടിപ്പിച്ചിരുന്നത് 6000-7000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. ജയിക്കുമെന്നാണ്. എന്റെ അടുത്തിരിക്കുന്ന ശ്രീ. എ. റ്റി. ജോർജ്, തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ തെരഞ്ഞെടുപ്പ് പ്രചരണങ്ങളിൽ വളരെ സജീവമായി പ്രവർത്തിച്ച വ്യക്തിയാണ്. അദ്ദേഹം പറഞ്ഞതും 5000 വോട്ടിന് മുകളിൽ യു.ഡി.എഫ്. വിജയിക്കുമെന്നാണ്. ശ്രീ. ബെന്നി ബെഹനാനും ശ്രീ. കെ. ശിവദാസൻ നായരും ശ്രീ. ഡൊമിനിക് പ്രസന്റേഷനുമൊക്കെ ഇവിടെയുണ്ട്. അവരൊക്കെ 3000-4000

വോട്ടിന് യു.ഡി.എഫ്. വിജയിക്കുമെന്നാണ് പ്രത്യാശ പ്രകടിപ്പിച്ചത്. ഓഫീസിന്റെ ചുമതലയുള്ള കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റ് ശ്രീ. വി.ഡി സതീശൻ 1500 വോട്ടിന് യു.ഡി.എഫ്. ജയിക്കുമെന്നാണ് പ്രത്യാശ പ്രകടിപ്പിച്ചത്. എല്ലാവരും ഇത്തരത്തിലുള്ള അഭിപ്രായം പറഞ്ഞപ്പോഴും, അഞ്ചക്കസംഖ്യയുടെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. കെ. എസ്. ശബരീനാഥ് വിജയിക്കുമെന്ന് ഒരു വ്യക്തിമാത്രം ആത്മവിശ്വാസം പ്രകടിപ്പിച്ചു. അത് മറ്റാരുമായിരുന്നില്ല, കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു.

അദ്ദേഹം പറഞ്ഞത് കിറുകൃത്യമാകുന്ന തരത്തിൽ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും 10,128 വോട്ടിന്റെ കനത്ത ഭൂരിപക്ഷത്തിന്, അഞ്ചക്ക ഭൂരിപക്ഷത്തിന് ജി. കാർത്തികേയന്റെ മകൻ, യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. കെ. എസ്. ശബരിനാഥൻ ഇന്ന് അരുവിക്കരയുടെ എം.എൽ.എ.യായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നുള്ളത് കൃത്യമായ ജനവിധിയാണ് സൂചിപ്പിക്കുന്നത്. ആ പാഠം ദയവായി എന്റെ ബഹുമാന്യരായ സുഹൃത്തുക്കൾ ഒന്ന് മനസ്സിലാക്കണം. അരുവിക്കരയിലെ ജനങ്ങൾ നിങ്ങളോടും കേരള രാഷ്ട്രീയത്തോടും പറയുന്നത് എന്താണെന്ന ആ പാഠം നിങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കണം.

വോട്ടിംഗിന്റെ ശതമാനമോ വർദ്ധനവിന്റെ ശതമാനമോ വച്ചുകൊണ്ടുള്ള നിങ്ങളുടെ വാചകകസർത്തുകൾ ഇന്നവരുമെന്ന് ഇന്നലെത്തന്നെ സോഷ്യൽ മീഡിയയിലൂടെ പലരും പ്രവചിച്ചിരുന്നു. അവരെപ്പോലും അപഹസിക്കുന്ന തരത്തിലുള്ള നിർലജ്ജമായ വാദങ്ങളാണ് നിങ്ങളുടെ ഭാഗത്തുനിന്നും വരുന്നതെന്ന് പറയുമ്പോൾ സത്യംപറഞ്ഞാൽ സഹതാപമാണ് തോന്നുന്നത്. ഞാൻ നിങ്ങളെ കൂടുതൽ കുറ്റപ്പെടുത്താനോ പരിഹസിക്കാനോ ആഗ്രഹിക്കുന്നില്ല, കാരണം നിങ്ങളോട് ഞങ്ങൾക്ക് സഹതാപമാണുള്ളത്. എന്നാലും ഇങ്ങനെയൊരു തോൽവിയുണ്ടോ, എന്തെല്ലാമായിരുന്നു മലപ്പുറം കത്തി, കൊണ്ടോട്ടി ഗുലാബ് ഇമ്മാതിരിയുള്ള എന്തെല്ലാം ആക്ഷേപങ്ങളും പ്രതീക്ഷകളുമൊക്കെ മുന്നോട്ട് വച്ച് അവസാനം പവനായി, ശവമായി എന്നുപറയുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തി. ശവത്തിൽ കുത്തരുതെന്ന് എന്റെ സഹപ്രവർത്തകർതന്നെ പറയുന്നതുകൊണ്ട് ഞാൻ കൂടുതലായി അതിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ അംഗീകരിക്കുന്നുവെന്നുള്ളതിന്റെ തെളിവാണിത്. ഇന്ന് തെരഞ്ഞെടുക്കപ്പെട്ട നിയുക്ത എം.എൽ.എ. ശ്രീ. കെ. എസ്. ശബരീനാഥൻ വളരെ കൃത്യമായി പറഞ്ഞു, 'എന്റെ പിതാവ് അരുവിക്കരയിൽ കഴിഞ്ഞ 24 വർഷമായി ചെയ്ത പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം എന്നുള്ളതിനോടൊപ്പം കഴിഞ്ഞ

നാലുവർഷമായി ഒരു പുതിയ വികസന സംസ്കാരത്തെ ഈ നാടിന് പരിചയപ്പെടുത്തുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്നാണ് പറഞ്ഞത്. രാഷ്ട്രീയത്തിൽ പുതുമുഖമാണെങ്കിലും വളരെ കൃത്യമായ രാഷ്ട്രീയ നിരീക്ഷണമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉയർന്നുവന്നിരിക്കുന്നത്. ഞാൻ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കാനാഗ്രഹിക്കുകയാണ്. അദ്ദേഹം പറഞ്ഞതിൽ വളരെ പ്രധാനപ്പെട്ട കാര്യമുണ്ട്. കേരളത്തിലെ ജനങ്ങൾ വിലയിരുത്തുന്നത് എന്തെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിരിക്കുകയാണ്. നിങ്ങൾ ഇനിയെങ്കിലും അതിൽനിന്ന് പാഠം ഉൾക്കൊള്ളണം. കേരളത്തിലെ ജനങ്ങൾ വികസനം ആഗ്രഹിക്കുന്നു. നിങ്ങളുടെ കലാപ രാഷ്ട്രീയത്തെ അംഗീകരിക്കുന്നില്ല. ബോംബ് നിർമ്മാണ ഫാക്ടറികളിൽ ഏതുനിമിഷവും ഛിന്നിച്ചിതറി തെറിച്ചേക്കാവുന്ന മാംസപിണ്ഡങ്ങളായി ഇവിടത്തെ ചെറുപ്പക്കാരെ കാണരുതെന്നാണ് അരുവിക്കരയിലെ ജനങ്ങൾ നിങ്ങളുടെ മുഖത്തുനോക്കി പറയുന്നത്. നിങ്ങളിപ്പോഴും എം.എം. മണിയെ ന്യായീകരിക്കുകയാണ്. ഇസ്ലാമിക് സ്റ്റേറ്റിന്റെ അഹ്മദ് ബാഗ്ദാദിയുടെ സമാനമായ പ്രഖ്യാപനങ്ങളായിരുന്നു എം.എം. മണിയിൽനിന്നുണ്ടായത്. 'ഞങ്ങൾ കൊന്നിട്ടുണ്ട്, ഞങ്ങൾ ഇനിയും കൊല്ലും, ഞങ്ങൾക്കെതിരെ കളിച്ചാൽ വൺ, ടൂ, ത്രീ

എന്നുപറഞ്ഞുകൊണ്ട് എണ്ണമിട്ട് ഞങ്ങൾ കൊന്നതല്ലുമെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന ഒരു ക്രിമിനലിനെ ശ്രീ. എളമരം കരീം ന്യായീകരിക്കുകയാണ്. അദ്ദേഹമായിരുന്ന വിതുരയിൽ തെരഞ്ഞെടുപ്പ് പ്രചരണങ്ങളുടെ ചുക്കാൻ പിടിച്ചിരുന്നത്. അവിടെയാണ് യു.ഡി.എഫ്. ഭൂരിപക്ഷം നേടുന്നത്. ഇത്തരത്തിലുള്ള ക്രിമിനലുകളെ മുൻപന്തിയിലും അതിനേക്കാൾ ഏറ്റവും വലിയ ക്രിമിനൽ കോൺസ്പിറസിയുടെ ആശാൻ പിൻനിരയിലും നിന്നുകൊണ്ട് നയിച്ച രാഷ്ട്രീയ പ്രചരണത്തെയാണ് ഈ തെരഞ്ഞെടുപ്പിലെ ജനങ്ങൾ തിരസ്കരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള രാഷ്ട്രീയ വിവേകം നിങ്ങൾക്കിനിയെങ്കിലും ഉണ്ടാകണമെന്നാണ് പറയാനുള്ളത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിന്റെ വികസന മുദ്രാവാക്യത്തെ ഏറ്റെടുത്തിരിക്കുന്നു. 'വികസനം, കരുതൽ' എന്ന മുദ്രാവാക്യം. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തലാകട്ടെ ഈ തെരഞ്ഞെടുപ്പ് എന്ന് ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ഈ തെരഞ്ഞെടുപ്പിൽ മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പറയുന്നത്, കഴിഞ്ഞ 4 വർഷമായി കേരളത്തിൽ നടക്കുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും അദ്ദേഹം ആ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നുണ്ട്. അത് ഈ നാട്ടിലെ ജനങ്ങളിലുള്ള വിശ്വാസത്തിന്റെ ഭാഗമായി

ഉയർന്നുവരുന്ന, ജനങ്ങളിൽനിന്ന് പകർന്ന് കിട്ടുന്ന, ആത്മവിശ്വാസമാണെന്ന് നിങ്ങൾ ഇനിയെങ്കിലും തിരിച്ചറിയണം. വികസനവും കരുതലുമായി നമ്മൾ മുന്നോട്ടുപോകുകയാണ്. മുമ്പ് സ്വപ്നപദ്ധതികൾ കേരളത്തിലുണ്ടാകുമായിരുന്നത് ദശാബ്ദങ്ങളുടെ ഇടവേളകൾക്കിടയിലാണ്. ഇടുക്കി പദ്ധതി വരുന്നു, നെടുമ്പാശ്ശേരി പദ്ധതി വരുന്നു, അതുപോലെതന്നെ ടെക്നോപാർക്ക് വരുന്നു. കേരളത്തിന്റെ വികസന സംസ്കാരത്തെ മാറ്റിമറിക്കാൻ കഴിയുന്ന ഇത്തരത്തിലുള്ള പദ്ധതികളൊക്കെ മുമ്പ് ദശാബ്ദങ്ങളുടെ ഇടവേളയിലാണ് വന്നിരുന്നതെങ്കിൽ ഇന്ന് ആ അവസ്ഥ മാറി. കേരളത്തിന്റെ സ്വപ്നപദ്ധതികൾ നാലുവർഷം കൊണ്ട് കർമ്മപഥത്തിലെത്തിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നുവെന്നുള്ളതാണ്. അതിന്റെ ഭാഗമായിട്ടുള്ള നിരവധി പദ്ധതികളുമായി നമ്മൾ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ടെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ ഒരു സ്വപ്നപദ്ധതിയായി ഈ ഗവൺമെന്റ് ഇനി ഏറ്റെടുക്കേണ്ടത് സമഗ്രമായ ഒരു ഭരണപരിഷ്കാരത്തെ കുറിച്ചുള്ള ചിന്തകളാണ്. Comprehensive administrative reforms-നെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ട്. സേവനാവകാശ നിയമം ഈ ഗവൺമെന്റ് നടപ്പാക്കി മുന്നോട്ടുപോകുകയാണ്. അത് കൂടുതൽ പൂർണ്ണതയിലെത്തിക്കാൻ സാധിക്കണം. എല്ലാ രംഗത്തും

ആധുനികവൽക്കരണം കൊണ്ടുവരാൻ സാധിക്കണം. സർക്കാരും ജനങ്ങളും തമ്മിലുള്ള, ഭരിക്കപ്പെടുന്നവരും ഭരിക്കുന്നവരും തമ്മിലുള്ള അന്തരമില്ലാതാക്കണം. ആ ഗ്യാപ് ബ്രിഡ്ജ് ചെയ്യാൻ സാധിക്കണം. അതിന് കഴിയുന്ന തരത്തിലുള്ള സമീപനങ്ങളും പ്രവർത്തനങ്ങളും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ പ്രയോറിറ്റിയിലേയ്ക്ക് വരണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പോലീസിന്റെ കാര്യത്തിൽ അതുതന്നെയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. നമ്മുടെ പോലീസ് സേന അടിമുടി ആധുനികവൽക്കരിക്കപ്പെടണം. സമഗ്രമായിട്ടുള്ള ഒരു പോലീസ് മോഡേണൈസേഷനെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടതായിട്ടുണ്ട്. ദൗർഭാഗ്യവശാൽ കഴിഞ്ഞ കുറേക്കാലങ്ങളായി പോലീസിന്റെ ആധുനികവൽക്കരണ രംഗത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും ഇല്ലാതിരുന്ന ഒരു സാഹചര്യമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ തുടങ്ങിക്കൊണ്ടിരിക്കുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തെ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നത്. ഇതിനുവേണ്ട റിസോഴ്സസിനെക്കുറിച്ച് ആലോചിക്കണം. ഇന്ന് പോലീസിന് ലഭിക്കുന്ന തുകയിൽ വെറും 40-42 കോടി രൂപ മാത്രമാണ് പ്ലാൻ ഫണ്ടായി പ്ലാൻ

എക്സ്പെൻഡിച്ചറിനുവേണ്ടി ലഭിക്കുന്നത്. അത് പര്യാപ്തമല്ല, നമുക്ക് കൂടുതൽ പ്ലാൻ എക്സ്പെൻഡിച്ചറുണ്ടാകണം. അതിനുവേണ്ട വിഭവസമാഹരണത്തെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടതായിട്ടുണ്ട്. ബഹുമാന്യനായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മന്ത്രിസഭയിലെ ഏറ്റവും കരുത്തനായ ഒരു മന്ത്രിയെന്ന നിലയിൽക്കൂടി അദ്ദേഹത്തിന് ഈ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പോലീസിംഗിനെക്കുറിച്ച് നമുക്കൊരു പോളിസിയുണ്ടാകണം. എന്താണ് നമ്മുടെ പോലീസിംഗ് പോളിസി? സ്വാതന്ത്ര്യം ലഭിച്ച അവസരത്തിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്, 'എന്റെ സങ്കൽപ്പത്തിലെ പോലീസ് സംവിധാനം കോളോണിയൽ കാലത്തിനേക്കാൾ തുലോം വ്യത്യസ്തമാണ്. പോലീസ് ജനങ്ങളുടെ സേവകരാണ്, യജമാനൻമാരല്ല, മറിച്ച് ജനങ്ങളാകട്ടെ പോലീസിനെ സ്വമേധയാ സഹായിക്കുന്നവരുമായിരിക്കും. അങ്ങനെ പരസ്പരം സഹകരണത്തിലൂടെ അവർക്ക് സമൂഹത്തിലെ അസ്വസ്ഥതകൾക്ക് പരിഹാരം കാണാൻ കഴിയുകയും ചെയ്യും.' ഈ പരസ്പര ബന്ധമാണ് നമുക്ക് തിരിച്ചുപിടിക്കേണ്ടത്, അല്ലെങ്കിൽ പുതുതായി ഉണ്ടാക്കിയെടുക്കേണ്ടത്. ഒരു പുതിയ സംസ്കാരത്തിലേയ്ക്ക് നമുക്ക് പോലീസിനെ കൊണ്ടുപോകാൻ സാധിക്കുമോ; ആ അർത്ഥത്തിലുള്ള ആധുനികവൽക്കരണം

കൊണ്ടുവരാൻ സാധിക്കുമോ എന്നതെല്ലാം നമ്മൾ ചിന്തിക്കേണ്ട കാര്യങ്ങളാണ്. കൂടുതൽ റിക്രൂട്ട്മെന്റ് വേണം. ഇന്ന് നാൽപ്പത്തി അയ്യായിരത്തോളം ആളുകളാണ് നമ്മുടെ പോലീസ് സേനയിലുള്ളത്. ജനസംഖ്യാ കണക്ക് വച്ച് നോക്കുമ്പോൾ ഏതാണ്ട് തൃപ്തികരമായിട്ടുള്ള പോലീസ് അംഗങ്ങളുണ്ട്. പക്ഷെ ഫീൽഡിൽ എത്രപേരുണ്ടെന്ന് നോക്കുമ്പോൾ, യഥാർത്ഥത്തിൽ പോലീസിൽനിന്ന് ഉദ്ദേശിക്കപ്പെടുന്നതും പ്രതീക്ഷിക്കപ്പെടുന്നതുമായ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി എത്രപേരുണ്ടെന്ന് നോക്കുമ്പോൾ ഇനിയും ധാരാളം റിക്രൂട്ട്മെന്റ് ഈ മേഖലയിലേയ്ക്ക് നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ പോലീസിന്റെ അകത്ത് ജൻഡർ ഇക്വാളിറ്റി കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്ത്രീകളുടെ എണ്ണം പോലീസ് ഫോഴ്സിനകത്ത് വളരെ പരിമിതമാണ്. ഈ ഗവൺമെന്റ് അക്കാര്യത്തിൽ പല നിലപാടുകളും എടുത്തുവരുന്നുവെന്നുള്ളത് നമുക്ക് അഭിമാനം നൽകുന്ന കാര്യമാണ്. പക്ഷെ ഇനിയും ഒരുപാട് ദൂരം നമുക്ക് ഈ രംഗത്ത് മുമ്പോട്ട് പോകേണ്ടതുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 60 വനിതാ എസ്.ഐ.മാർ, 250 വനിതാ സിവിൽ സർവ്വീസ് ഓഫീസർമാർ എന്നീ തസ്തികകൾ സൃഷ്ടിച്ച് മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇനിയും വനിതാ പ്രാതിനിധ്യം നമുക്ക് പോലീസിനകത്ത് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

അവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകാൻ സാധിക്കണം. പോലീസ് ട്രെയിനിംഗ് വളരെ പ്രധാനമാണ്. അതുപോലെതന്നെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കണം. ശ്രീ. എളമരം കരീം നേരത്തെ പറഞ്ഞതിനോട് പൂർണ്ണമനസ്സോടെ ഞാൻ പിന്താങ്ങുകയാണ്. നമുക്ക് നല്ല പോലീസ് സ്റ്റേഷനുകളുണ്ടാകണം. വൃത്തിയും വെടിപ്പും ആളുകൾക്ക് ഏത് പാതിരാത്രിയായാലും കയറിച്ചെല്ലാൻ കഴിയുന്ന ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കാൻ സാധിക്കണം. ഇന്ന് നമ്മുടെ പോലീസ് സ്റ്റേഷനുകളുടെയൊക്കെ മുഖമുദ്ര കിലോമീറ്ററുകളോളം റോഡിന്റെ അപ്പുറവും ഇപ്പുറവും കൂട്ടിയിട്ടിരിക്കുന്ന മണൽ വണ്ടികളും മറ്റ് തരത്തിലുള്ള പിടിച്ചെടുത്ത വാഹനങ്ങളുമാണ്. ഈ വാഹനങ്ങളൊക്കെ സമയബന്ധിതമായി ഒഴിവാക്കി കൊടുക്കുന്നതിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ, എല്ലാ മാസവും ജില്ലാ വികസന സമിതി കളക്ടറേറ്റിൽ കൂടുമ്പോൾ എത്രയോ തവണ ഞങ്ങളെപ്പോലുള്ള ആളുകൾ നമ്മുടെയൊക്കെ പോലീസ് സ്റ്റേഷന്റെ മുമ്പിലെ വാഹനങ്ങൾ ഒഴിവാക്കിത്തരണമെന്ന് ഉന്നയിക്കാറുള്ള ആവശ്യമാണ്. പക്ഷെ ഒരു നടപടിയും ഉണ്ടാകുന്നില്ല. പലതരത്തിലുള്ള തർക്കങ്ങളാണ്. ഒരു കോ-ഓർഡിനേഷൻ ഇല്ലാത്തതിന്റെ പ്രശ്നമാണ്. ഇതൊന്ന് ഒഴിവാക്കികൊടുക്കാനുള്ള സമീപനമുണ്ടാകണം. കേരളം പലതുകൊണ്ടും

മാതൃകയാണ്. വിദ്യാഭ്യാസത്തിന് നമ്മൾ ലോകത്തിനുതന്നെ മാതൃകയാണെന്ന് വിശേഷിപ്പിക്കാം. ആരോഗ്യം, അതുപോലെതന്നെ സാമൂഹിക നീതി ഉറപ്പുവരുത്തുന്ന കാര്യത്തിൽ, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ കാര്യത്തിൽ നമുക്ക് ആ രീതിയിലുള്ള പല മാതൃകകളും പോലീസിംഗിന്റെ കാര്യത്തിലും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി പോലീസിംഗ് എന്നുപറയുന്ന ആശയം ഒരുപക്ഷേ ഇന്ത്യയിൽതന്നെ ഏറ്റവും നല്ലരീതിയിൽ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോയത് കേരളമാണ്. അതു തുടങ്ങിവച്ചതിൽ കഴിഞ്ഞ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ "സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്" അതും ഒരുപക്ഷേ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു പദ്ധതിയായി മാറിയിരിക്കുന്നു. അതിന്റെ തലവനായ ശ്രീ. വിജയൻ, ഐ.പി.എസ് "ഇന്ത്യൻ ഓഫ് ദി ഇയർ" എന്ന അവാർഡിനുവരെ അർഹമാകുന്ന തരത്തിൽ, അദ്ദേഹത്തിന് ലഭിക്കുന്ന ഒരു അവാർഡ് എന്നതിലുപരി അദ്ദേഹം നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് നൽകുന്ന അംഗീകാരം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നുപറയുന്ന സ്ഥാപനത്തിനു നൽകുന്ന അംഗീകാരമായി നാം കാണേണ്ടതായിട്ടുണ്ട്. അദ്ദേഹത്തേയും ഈ പ്രസ്ഥാനത്തേയും ഞാൻ അഭിനന്ദിക്കുകയാണ്. അത് കൂടുതൽ സ്കൂളുകളിലേയ്ക്കും എല്ലാ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് അലോക്കേറ്റ് ചെയ്യാൻ അഭ്യന്തരവകുപ്പ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, പോലീസ് ശ്രദ്ധിക്കേണ്ട ഒരു പ്രധാന വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധയെക്കൊണ്ടുവരികയാണ്. ഇവിടെ എല്ലാ നഗരങ്ങളിലും ഇന്ന് ട്രാഫിക്ജാം ആണ്. പലപ്പോഴും അവിടെയൊക്കെ ട്രാഫിക് പോലീസ് ഉണ്ടാകാറില്ല. അതുകൊണ്ടുതന്നെ കേരള പോലീസിൽ ട്രാഫിക്കിംഗിനുവേണ്ടി സയന്റിഫിക്കായ ഒരു സംവിധാനമുണ്ടാക്കാൻ, വലിയ നഗരങ്ങളിൽ എങ്ങനെയാണ് ട്രാഫിക് സംവിധാനമെന്നതിനെക്കുറിച്ച് ഗഹനമായ ഒരു പഠനമോ റിസർച്ചോ അവശ്യമില്ലേ; ഇതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. വി. റ്റി. ബൽറാം : സർ, വളരെ പ്രസക്തമായ ഒരാശയമാണ്. ഞാൻ അതിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. ട്രാഫിക് പോലീസുകാരുടെ കാര്യം വലിയ കഷ്ടമാണ്. പലപ്പോഴും മഴയത്ത് നനഞ്ഞൊലിച്ചുകൊണ്ടാണ് പല പോലീസുകാരും ട്രാഫിക് ഡ്യൂട്ടി നിർവ്വഹിക്കുന്നത്. ഇവർക്കൊരു റെയിൻകോട്ടെങ്കിലും വാങ്ങിക്കൊടുക്കാനുള്ള സംവിധാനം എത്രയുംപെട്ടെന്ന് ഉണ്ടാകണം. പോലീസുകാരുടെ ഇത്തരത്തിലുള്ള തൊഴിൽ സമ്മർദ്ദങ്ങൾ അവർ

അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, ഇരുപത്തിനാല് മണിക്കൂറും അവർ ഏറ്റെടുക്കുന്ന ജോലികൾ, എട്ട് മണിക്കൂർ ജോലിയെന്നത് അവർക്ക് ക്ലിപ്തപ്പെടുത്താൻ ഒരുപക്ഷെ ബുദ്ധിമുട്ടുണ്ടായിരിക്കും. അവർക്ക് ഒഴിവുദിവസങ്ങളില്ല, ആഘോഷ ദിവസങ്ങളില്ല. ഇത്തരത്തിൽ അവരുടെ പ്രശ്നങ്ങളെ മാനുഷികമായി പരിഗണിച്ചുകൊണ്ട് കൂടുതൽ ഉദാരമായ സമീപനം പോലീസ് ഉദ്യോഗസ്ഥർക്ക് അത് ഏതു തട്ടിലുള്ളവരായാലും ശരി ഉറപ്പുവരുത്തുക എന്നുപറയുന്നത് സംതൃപ്തമായൊരു സേനയായി ഇതിനെ മാറ്റുന്ന കാര്യത്തിൽ വളരെ പ്രധാനമാണ്. ഗവൺമെന്റ് അക്കാര്യത്തിൽ ഒരുപാട് സ്റ്റെപ്പ് എടുക്കുന്നുണ്ട്. എത്ര ചെയ്താലും അത് അധികമാവില്ലെന്നാണ് ബഹുമാന്യനായ മന്ത്രിയോട് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും മുഖമുദ്രയായി മാറുന്ന ചില പ്രവർത്തനങ്ങൾ ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്നത് ജനങ്ങൾ പരക്കെ അംഗീകരിക്കുകയാണ്. നമ്മുടെ ഗുണ്ടാ മാഫിയകളെ അമർച്ച ചെയ്യുന്നതിനുവേണ്ടി, സാമ്പത്തിക കുറ്റകൃത്യങ്ങളെ അമർച്ച ചെയ്യുന്നതിനുവേണ്ടി, വട്ടിപ്പലിശക്കാരായ ബ്ലേഡ് മാഫിയകളെ അടിച്ചമർത്തുന്നതിനുവേണ്ടിയൊക്കെ ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ മാതൃകാപരമെന്നുതന്നെ വിശേഷിപ്പിക്കുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. ഓപ്പറേഷൻ കുബേരയായാലും മയക്കുമരുന്ന്

മാഫിയകൾക്കെതിരായി പ്രവർത്തിക്കുന്ന "ക്ലീൻ കാമ്പസ് സേഫ് കാമ്പസ് " പദ്ധതിയായാലും ശരി മറ്റുതരത്തിലുള്ള ക്രിമിനലുകളെ, മാഫിയകളെ, ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ ഫെബ്രുവരി 25- ന് ആരംഭിച്ച ഓപ്പറേഷൻ സുരക്ഷയായാലുംശരി വളരെ മാതൃകാപരമായി ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുന്നുണ്ട്. ഫെബ്രുവരി 25 മുതൽ ഇന്ന് നമ്മൾ ഇവിടെ സംസാരിക്കുന്നതുവരെ ഓപ്പറേഷൻ സുരക്ഷയുടെ ഭാഗമായി 70849 കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റു ചെയ്യാനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. 54 പേർക്കെതിരെ 'കാപ്പാ ആക്ട് അനുസരിച്ച് കുറ്റം ചുമത്താൻ സാധിച്ചിട്ടുണ്ട്. വിവാദമായിട്ടുള്ള കേസിലെ നിഷാം അടക്കമുള്ള ആളുകൾക്കെതിരെ ജനങ്ങളുടെ അഭിപ്രായവും നിയമത്തിന്റെ സാധുതയും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് മാതൃകാപരമായി 'കാപ്പാ ആക്ട് ചുമത്തിയ ആഭ്യന്തര വകുപ്പിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇത് പറയുമ്പോഴും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ പോലീസുകാരുടെ പൊതു മനോഭാവത്തിൽ മാറ്റമുണ്ടാകണമെന്നതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികളും പഞ്ചായത്തുതലത്തിലെ മെമ്പർമാർവരെ ഒരു ദിവസം രണ്ടോമൂന്നോ കേസിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് എസ്.ഐ.മാരേയും മറ്റ്

ആളുകളേയും വിളിക്കേണ്ടിവരുന്ന അവസ്ഥയിലാണ്. സാധാരണക്കാർക്ക് പോലീസ് സ്റ്റേഷനിൽ ആരുടേയും ശിപാർശയില്ലാതെ നേരിട്ട് കടന്നുചെന്നാൽ അവർക്ക് നീതി ലഭിക്കുമെന്നുപറയുന്ന ഒരു പ്രതീക്ഷയും ആത്മവിശ്വാസവും ഇനിയും നമുക്ക് ജനിപ്പിക്കാൻ സാധിക്കുന്നില്ലെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പോലീസുകാരുടെ ഭാഷയിൽ പല മാറ്റങ്ങളും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇവിടെ ഡി.ജി.പി. കുറച്ച് നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അത് എത്രത്തോളം പ്രാവർത്തികമായി നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ശരീര ഭാഷ മാറണം. പോലീസിനകത്തെ ചില ആളുകളുടെ മനോഭാവങ്ങളും കാഴ്ചപ്പാടുകളും മാറേണ്ടതായിട്ടുണ്ടെന്നുള്ള കാര്യത്തിലും സംശയമില്ല. നേരത്തെ ശ്രീ. എളമരം കരീം പറഞ്ഞ ആർ.എസ്.എസ്. ബന്ധം എന്നുള്ള ആക്ഷേപം ഒരിക്കലും കേരള പോലീസിനെക്കുറിച്ച് ആക്ഷേപിക്കാൻ സാധിക്കില്ലയെങ്കിലും അത്തരത്തിലുള്ള മനോഭാവമുള്ള ആളുകൾ പോലീസിനകത്ത് വളർന്നുവരാനുള്ള സാഹചര്യമുണ്ടോയെന്ന് കണ്ടെത്തി മുൻകൂട്ടി തടയാനുള്ള ജാഗ്രത നമുക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്. പോലീസിന്റെ നോർമൽ ഉത്തരവാദിത്തത്തിൽനിന്ന് വിട്ട് സദാചാര പോലീസായി മാറുന്ന അവസ്ഥ പലപ്പോഴും പോലീസിലെ ചില ആളുകളുടെ ഭാഗത്തുനിന്നെങ്കിലും ഉണ്ടാകുന്നുണ്ട്.

ഇതൊരു admiral behavior ആയിട്ടുതന്നെ നമുക്ക് കാണേണ്ടതായിട്ടുണ്ട്. വളരെ സ്ട്രിക്ടായി ഇതിനെ നിയന്ത്രിക്കേണ്ടതുണ്ട്. ഇപ്പോൾ സിനിമ കാണാൻ പോകുന്ന കുട്ടികളെ പിടിക്കുക എന്നുപറയുന്നതാണ് പോലീസിന്റെ ഏറ്റവും വലിയ ഉത്തരവാദിത്തമെന്ന് കരുതുന്നത് അപഹാസ്യമാണ്. ചുംബന സമരത്തെക്കുറിച്ചുള്ള പോലീസിന്റെ ഇടപെടലിനെക്കുറിച്ച് വലിയ രീതിയിലുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. പലതരത്തിലുള്ള prejudice - കൾ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഉണ്ടാകുന്നുണ്ടെന്നുള്ളത് കാണാതിരിക്കാൻ സാധിക്കില്ല. ദളിതർക്ക് എതിരായിട്ടുള്ള അട്രോസിറ്റീസുമായി ബന്ധപ്പെട്ട് അതിനോടുള്ള സമീപനം, ലൈംഗിക ന്യൂനപക്ഷങ്ങൾ, അവരുടെ അവകാശങ്ങളോടുള്ള സമീപനം തുടങ്ങിയ കാര്യങ്ങളൊക്കെ ഒരു മോഡേൺ സൊസൈറ്റി ചർച്ച ചെയ്യണം. ഇന്ന് ഒരുപക്ഷെ ലോകം മുഴുവൻ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് മുന്നോട്ടുപോവുകയാണ്. അതിനെ അഡ്രസ് ചെയ്യാൻ കഴിയുന്ന തരത്തിലൊരു മനോഭാവ മാറ്റത്തിലേയ്ക്ക് നമ്മുടെ പോലീസിനെ നയിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. മാവോയിസ്റ്റുകൾ വലിയൊരു ഭീഷണിയാണ്. നമുക്ക് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രത്യേയ ശാസ്ത്രമോ പ്രവർത്തന രീതിയോ അല്ല. പക്ഷെ ഒരു ജനാധിപത്യത്തിൽ മാവോയിസ്റ്റ് ആശയങ്ങളടക്കമുള്ള ആശയങ്ങളോട് ആശയപരമായി ഐക്യദാർഢ്യപ്പെടാനുള്ള

അവകാശം നമുക്ക് നിഷേധിക്കാൻ കഴിയില്ല. മാവോയിസ്റ്റ് സാഹിത്യം വായിച്ച എന്നതിന്റെ പേരിലോ പുസ്തകം വായിച്ച എന്നതിന്റെ പേരിലോ ഒരാൾക്കെതിരെ കേസ് എടുക്കുകയെന്ന സമീപനം ഉചിതമല്ല. കോടതിപോലും നിരീക്ഷിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് അപ്പീൽ പോകാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് പുനരാലോചന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏറ്റവും കൂടുതൽ ജനങ്ങൾക്ക് ആക്ഷേപമുയരുന്നത് വാഹന പരിശോധനയുടെ കാര്യത്തിലാണ്. ലോകത്ത് എത്രയധികം രാജ്യങ്ങളുണ്ട്. അവിടെയൊന്നുമില്ലാത്ത ഒരാക്ഷേപം ഈ വിഷയത്തിലുണ്ടാവുകയാണ്. ഇതിൽ അടിമുടി ഒരു പരിഷ്ക്കാരമുണ്ടാകേണ്ടിയിരിക്കുന്നു. ഞാൻ അധിക രാജ്യങ്ങളൊന്നും സന്ദർശിച്ചിട്ടില്ല. പക്ഷെ സന്ദർശിച്ച രാജ്യങ്ങളിലെ അനുഭവം വച്ചുപറയാം. ഒരിക്കലും പോലീസ് ഉദ്യോഗസ്ഥർ ജീപ്പ് സൈഡാക്കി അതിന്റെ ബോണറ്റിൻമേൽ കാലും കയറ്റിവച്ച് ഇവിടെവാടാ എന്നുപറഞ്ഞ് വാഹന ഉടമകളായ സാധാരണക്കാരെ തങ്ങളുടെ അടുത്തേയ്ക്കുവിളിച്ച് വലിയ ഔദ്ധത്യപൂർവ്വം അവരോട് പെരുമാറുന്ന സമീപനം ലോകത്തൊരുപക്ഷെ മറ്റൊരു രാജ്യത്തുമുണ്ടാവില്ല. ആ സമീപനം  മാറ്റണം. വാഹന ഉടമകളോട് വാഹനം പാർക്ക് ചെയ്യാൻ പറഞ്ഞിട്ട് പോലീസിന് എന്തുകൊണ്ട് അവരുടെ അടുത്തേയ്ക്ക് അങ്ങോട്ട് ചെന്നുകൂടാ; excuse

me sir, എന്നുപറഞ്ഞുകൊണ്ട് താങ്കളുടെ സർട്ടിഫിക്കറ്റുകളും അതുപോലെ രേഖകളും കാണിച്ചുതരാൻ പറ്റുമോ എന്ന് അങ്ങോട്ട് ചോദിക്കുന്ന തരത്തിൽ റിക്വസ്റ്റ് ചെയ്യണം. ആ രീതി സ്വീകരിക്കണം. അവസാനം പരിശോധനയ്ക്കുശേഷം തെറ്റായിട്ടൊന്നും കണ്ടില്ലെങ്കിൽ sorry for the inconvenience എന്നെങ്കിലും പറഞ്ഞ് അവരെയൊന്ന് തൃപ്തിപ്പെടുത്തി വിട്ടാൽ മാത്രമേ പോലീസിനെക്കുറിച്ച് ജനങ്ങളുടെ മനസ്സിലുള്ള ഗ്രാഫ് ഉയരുകയുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല. ഫൈൻ അടയ്ക്കുന്ന കാര്യത്തിലൊക്കെ കുറച്ചുകൂടി ടെക്നോളജി ഉപയോഗിക്കണം. അക്ഷയ കേന്ദ്രങ്ങൾ വഴി അടയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ ഫൈൻ അടയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. ഹെൽമറ്റ് വയ്ക്കാത്തവരാണ് ഈ ലോകത്തെ ഏറ്റവും വലിയ ക്രിമിനൽസ് എന്ന തരത്തിലുള്ള സമീപനം ചില പോലീസ് ഉദ്യോഗസ്ഥൻമാർ ചിലയിടങ്ങളിൽ നടപ്പാക്കുന്നുണ്ടെന്നുള്ളത് ജനപ്രതിനിധികളായിട്ടുള്ള ഞങ്ങൾക്കടക്കം നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ഇവരെക്കൊണ്ട് വലിയ ശല്യമാണ്. അതുകൊണ്ട് ആ രംഗത്ത് കുറച്ചുകൂടി ഇടപെടാൻ സാധിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ എന്നുള്ളത് ഇന്നലെകളിലെ അനുഭവം മാത്രമാണ്. ഇന്ന് അത്തരത്തിലുള്ള വലിയ human rights violations പോലീസ് സ്റ്റേഷനുകളിൽ

നടക്കുന്നുണ്ടെന്ന് നമുക്ക് ആർക്കും ആക്ഷേപിക്കാൻ സാധിക്കില്ല. ഒറ്റപ്പെട്ട ഉദാഹരണങ്ങൾപോലും നമുക്ക് ചൂണ്ടിക്കാണിക്കാനാകില്ല. പക്ഷെ ഇക്കാര്യത്തിൽക്കൂടി ആധുനിക വൽക്കരണത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ, പ്രത്യേകിച്ചും interrogation room അടക്കമുള്ള സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ വച്ചുകൂടാ? പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം നിരീക്ഷണ വിധേയമാകട്ടെ. .........തുടങ്ങിവച്ചിട്ടുണ്ടെങ്കിൽ, അത് എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കാൻ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പ്രത്യേകമായ ശ്രദ്ധ മുന്നോട്ടുവയ്ക്കണമെന്ന് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. പോലീസുകാരുടെ ക്ഷേമം ഉറപ്പുവരുത്തണമെന്ന് ഞാൻ പ്രത്യേകമായി സൂചിപ്പിച്ചു. അവരുടെ പരിശീലന രംഗത്ത് വലിയ രീതിയിലുള്ള ഇടപെടൽ ഉണ്ടാവണം. അവർക്ക് Human Rights Violations നെ കുറിച്ചും Human rights-നെ കുറിച്ചുമുള്ള ശാസ്ത്രീയമായ പരിശീലനങ്ങൾ നൽകാൻ സാധിക്കണം. ജയിലുകളുടെ കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. ജയിലുകൾ എന്നു പറയുന്നത് ഒരിക്കലും മന:പൂർവ്വം ആളുകളെ ദ്രോഹിച്ച് ശിക്ഷിക്കാനുള്ള പഴയതരത്തിലുള്ള retributive മനസ്സോടുകൂടിയുള്ള സ്ഥാപനങ്ങളാകരുത്. അവരെ മാറ്റിമറിക്കാൻ, അവരെ മനുഷ്യരാക്കാൻ, അവരെ

സമൂഹത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ, അവരെ rehabilitate ചെയ്യാനുള്ള ഒരു ഇടമായി നമുക്ക് ജയിലുകളെ മാറ്റാൻ സാധിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുപാട് കാര്യങ്ങൾ ജയിലുകളിൽ നടക്കുന്നു എന്നറിയുമ്പോൾ നമുക്കൊക്കെ അതിൽ സന്തോഷമുണ്ട്. തടവുകാർ ശിക്ഷാകാലാവധി കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ അവരുടെ ജീവിത മാർഗ്ഗത്തിനുതകുന്ന തരത്തിലുള്ള തൊഴിലുകൾ പരിശീലിപ്പിക്കാൻ തീരുമാനിക്കുകയും ഡ്രൈവിംഗ്, പാചകം, യന്ത്രസഹായത്തോടുകൂടിയുള്ള തെങ്ങുകയറ്റം, കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ജെ.സി.ബി. പരിശീലനം, പ്ലമ്പിംഗ് ആന്റ് സാനിറ്ററി വർക്ക് പരിശീലനം ഇത്തരത്തിലുള്ള കോഴ്സുകൾ ഒക്കെ നടപ്പാക്കി ഇവരെ മനുഷ്യന്മാരായി തിരിച്ചുകൊണ്ടുവരിക എന്ന ഉത്തരവാദിത്തം ജയിലുകളിൽ നിർവ്വഹിക്കുന്നുണ്ടെന്ന് പറയുമ്പോൾ ചില സ്ഥലങ്ങളിലെങ്കിലും മതിയായ ചികിത്സാ സൗകര്യങ്ങൾപോലുമില്ല എന്നുള്ള ആക്ഷേപം മറുഭാഗത്തുനിൽക്കുകയാണ്. ആ കാര്യത്തിൽക്കൂടി ഗവൺമെന്റിന് ശ്രദ്ധിക്കാൻ സാധിക്കണം. പ്രത്യേകിച്ചും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മെന്റൽ ഹെൽത്ത് ക്ലിനിക്കുകൾകൂടി ജയിലുകളിൽ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സമീപനങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തരത്തിലുള്ള നല്ല രീതിയിൽ ഇടപെടൽ നടത്തി ഈ

രംഗത്ത് മാതൃകാപരമായി മുന്നോട്ടു പോകാൻ ആഭ്യന്തര വകുപ്പിന് സാധിക്കട്ടെയെന്ന ആശംസകളോടുകൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന പോലീസും ജയിലും സംബന്ധിച്ച ധനാഭ്യർത്ഥനയുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. നിയമസഭയിൽ ഉന്നയിച്ച ഒരു ചോദ്യവും അതിനു കിട്ടിയ ഉത്തരവും വായിക്കാം. " സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രിയടക്കം എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് ഉണ്ട്? ഉത്തരം:- സംസ്ഥാന മന്ത്രിസഭയിലെ രണ്ടു മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്. 1. ശ്രീ. അടൂർ പ്രകാശ്, 2. ശ്രീ. പി. ജെ. ജോസഫ്. ഈ കാലയളവിൽ നാല് മന്ത്രിമാരുടെ പേരിൽ അന്വേഷണം നടത്തുവാൻ വിവിധ വിജിലൻസ് കോടതികളിൽ ഉത്തരവായിട്ടുണ്ട്. ശ്രീ. പി. കെ. അബ്ദു റബ്ബ്, ഡോ. എം. കെ. മുനീർ എന്നിവർക്കെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മൂന്ന് സമഗ്ര അന്വേഷണങ്ങൾ നടത്തി തുടർനടപടികൾ ആവശ്യമില്ലായെന്ന റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ശ്രീ. കെ. എം. മാണിക്കെതിരെ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടതിന്റെ

അടിസ്ഥാനത്തിൽ ആറ് സത്വരാന്വേഷണങ്ങൾ നടത്തി. റിപ്പോർട്ടിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് ശുപാർശയായി. ശ്രീ. അനൂപ് ജേക്കബിനെതിരെ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം മൂന്ന് സത്വരാന്വേണം നടത്തി". ഇതാണോ ഇവിടുത്തെ ക്രമസമാധാന നില; ഇനി ഏത് മന്ത്രിയുണ്ട് വിജിലൻസ് കേസിലെ പ്രതിയാകാൻ? അവർ കുറ്റം ചെയ്തോ ഇല്ലയോ എന്നുള്ളതല്ല. രാജ്യം ഭരിക്കുന്ന, ഫയലുകൾ ഒപ്പിടുന്ന, സംസ്ഥാനത്തിന്റെ നയരൂപീകരണത്തിൽ നിർണ്ണായക പങ്കുള്ള ആളുകൾ, മന്ത്രിമാർ ക്രിമിനലുകൾ ആണെന്നല്ലേ ഇതിന്റെ അർത്ഥം? ഞാൻ ആരോപണം ഉന്നയിക്കുകയാണ്. വെറുതെ റോഡിൽക്കൂടി നടന്നു പോകുന്നവരുടെ പേരിൽ വിജിലൻസ് കേസ് എടുക്കുമോ? പോലീസിന്റെ ഉന്നത അധികാരത്തിലുള്ളവർ ഇവിടെയുണ്ടല്ലോ; മറുപടി പറയട്ടെ. പ്രൈമറിയായിട്ടുള്ള കാര്യങ്ങളുള്ളതുകൊണ്ടാണ് കേസ്സെടുത്തത്. ഇവിടത്തെ ഞെട്ടിപ്പിക്കുന്ന അവസ്ഥ ഇതാണ്. കഴിഞ്ഞ നാല് വർഷമായി പോലീസ് ബ്യൂറോ പുറപ്പെടുവിച്ചിരിക്കുന്ന കണക്ക് പ്രകാരം 23,19,161 കുറ്റകൃത്യങ്ങൾ നടന്നു. അതിൽ 25,21,569 പ്രതികളുണ്ട്. 40,368 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. നൂറ്റി എൺപത്തിയഞ്ച് ദേവാലയങ്ങളിൽ മോഷണം നടന്നു. 3,346 കവർച്ച, 11,538 ഭവനഭേദനം, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ നേർക്കുണ്ടായ അതിക്രമത്തിൽ ഒരു

വർഷം 3,766 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 1,492 കൊലപാതകങ്ങൾ, ഒരു വർഷം 22,950 ലൈംഗിക പീഡനങ്ങൾ. ഇത് സൂചിപ്പിക്കുന്നത്, കേരളത്തിലെ പോലീസിന്റെ തന്നെ ക്രൈം റിക്കോർഡ് പുറത്തുകൊണ്ടുവന്നിരിക്കുന്നത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ത്രീ പീഡനം നടക്കുന്ന സ്റ്റേറ്റ് കേരളമാണെന്നാണ്. ഇത് ലജ്ജാകരമല്ലേ? ബീഹാറല്ല, യു.പി.യല്ല, ഡൽഹിയല്ല, കേരളമാണ് ഏറ്റവും കൂടുതൽ സ്ത്രീ പീഡനം നടക്കുന്ന സ്ഥലം. ഏറ്റവും കൂടുതൽ മനുഷ്യക്കടത്ത് നടക്കുന്നത് ഇവിടെയാണ്. ശ്രീമതി മേനകാ ഗാന്ധി പറഞ്ഞത്, വേണ്ടിവന്നാൽ കേരളത്തിലെ സംഭവങ്ങളിൽ സി.ബി.ഐ അന്വേഷണം നടത്തുമെന്നാണ്. വളരെ പ്രഗത്ഭനായ ആഭ്യന്തര വകുപ്പു മന്ത്രി, അദ്ദേഹംകൂടി ഇല്ലായിരുന്നുവെങ്കിൽ എന്തായിരുന്നേനെ ഇവിടുത്തെ സ്ഥിതി? അദ്ദേഹം ഓപ്പറേഷൻ കുബേരയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. അദ്ദേഹത്തിന്റെ ഇടത്തും വലത്തും ഇരിക്കുന്ന ആളുകളുടെ പേരിൽ എന്തുകൊണ്ട് ഈ ഓപ്പറേഷൻ നടക്കുന്നില്ല? പാലാഴി റബ്ബർ ഫാക്ടറിയുടെ പേരിൽ അഞ്ച് ഏക്കർ സ്ഥലം സമ്പാദിച്ച് ഏകദേശം നൂറു കോടി രൂപയുടെ ഷെയർ പിരിച്ചു. പിന്നീട് ആ കമ്പനിയുടെ സ്ഥലം പാലായിൽ അനുവദിച്ച ഐ.ഐ.റ്റി.ക്ക് കൊടുത്തു, അതിന് തറക്കല്ലിട്ടു. അപ്പോൾ കേന്ദ്രഗവൺമെന്റ് തടഞ്ഞു. സി ആന്റ് എ.ജി.യുടെ റിപ്പോർട്ട് വന്നു. ഇത് കുറ്റകൃത്യമല്ലേ? സാമ്പത്തിക കുറ്റമെന്നു പറയുന്നത്

പണം പലിശയ്ക്ക് കൊടുക്കുന്നത് മാത്രമാണോ; തന്റെ അധികാരം ഉപയോഗിച്ച് പണം സമ്പാദിക്കുന്നത് സാമ്പത്തിക തട്ടിപ്പല്ലേ; അവരുടെ കാര്യത്തിൽ നിയമം നിയമത്തിന്റെ വഴിക്ക് പോകുന്നുണ്ടോ? കഴിഞ്ഞ മൻമോഹൻ സിംഗ് ഗവൺമെന്റിന്റ കാലത്ത് കോമൺവെൽത്ത് അഴിമതിക്കേസുപോലും ധീരമായി നേരിട്ട് സുരേഷ് കൽമാഡിയെ തീഹാർ ജയിലിലേയ്ക്ക് അയച്ചത് ഞാനും നിങ്ങളും കണ്ടതല്ലേ ? കേന്ദ്ര മന്ത്രിമാരും എം.പി.മാരും രാജയും കനിമൊഴിയും പോയില്ലേ. അതും കോൺഗ്രസ്സാണ്, അവിടെയും കോൺഗ്രസ് ഗവൺമെന്റായിരുന്നു. ഞങ്ങൾ അടക്കി ആക്ഷേപിക്കുന്നതല്ല. ഇവിടെയോ? ബി.ജെ.പി.യിൽ ലളിത് മോദിയുടെ കേസ് വന്നപ്പോൾ ശ്രീ. അദ്വാനി എന്താണ് പറഞ്ഞത്? അദ്വാനിയുടെ സ്റ്റേറ്റ്മെന്റ് ഇതാണ് - " ആരോപണങ്ങൾ വന്നപ്പോൾ രാജിവച്ച മന്ത്രിയാണ് ഞാൻ" . അവിടെ വേട്ടയാടുകയാണ്. ലളിത് മോദിയുടെ സംഭവങ്ങൾ അഴിമതിയും പണാപഹരണവുമല്ല, അതിനേക്കാൾ ഗുരുതരമായ സ്ഥിതിയാണ്. നിങ്ങൾ ജയിച്ചു. അതിന്റെ കണക്കും ശാസ്ത്രവുമൊന്നും ഞാൻ പറയുന്നില്ല. വിജയിച്ചത് ഒരു വോട്ടിനാണെങ്കിലും വിജയം തന്നെയാണ്. തോൽവി, തോൽവി തന്നെയാണ്. നിങ്ങൾ ജയിച്ച് നന്നായി വരണം. നന്നായി വരുന്തോറും ഈ കേരളം കുളംതോണ്ടുകയാണ്. നിങ്ങൾക്ക് ഫ്രീ ലൈസൻസ് കിട്ടി. ഇനി ഇഷ്ടംപോലെ

ആകാം, അതിന് അംഗീകാരം കിട്ടിയിരിക്കുന്നുവെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ഇന്നല്ലെങ്കിൽ നാളെ രാജ്യത്തെ ജനങ്ങളോട് മറുപടി പറയേണ്ടി വരും. കേസുകൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് എന്തിനാണ്? ചാത്തന്നൂരിൽ പെരുവഴിയിൽ വച്ച് മണൽ മാഫിയക്കാർ, പരിശോധിക്കാനെത്തിയ പോലീസ് ഓഫീസറായ സി.ഐ.യെ വെട്ടി. മൂന്ന് വർഷമായി, എവിടെപോയി ആട് ആന്റണി? എന്തുകൊണ്ട് അയാളെ പിടിക്കുന്നില്ല? തൃശ്ശൂരിൽ പാവപ്പെട്ട ഒരു സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ നിഷാം എന്ന കോടീശ്വരൻ കൊന്ന് കൊലവിളി നടത്തി. നിഷാമിന്റെ ഭാര്യയുംകൂടി ചേർന്നാണ് ചെയ്തത്. കൊല്ലപ്പെട്ടയാൾ ഞങ്ങളുടെ പാർട്ടി പ്രവർത്തകനാണ്. നിഷാം ഇപ്പോൾ ജയിലിൽ ഫൈവ് സ്റ്റാർ ഹോട്ടലിൽ കഴിയുന്നതുപോലെ കഴിയുന്നുവെന്ന് പത്രവാർത്തകൾ വരുന്നു. രാജ്യത്തെ കോടതികൾ പണക്കാർക്കെല്ലാം ചിലപ്പോൾ ജാമ്യം അനുവദിക്കും. ആ പാവപ്പെട്ട കുടുംബത്തിന്റെ ഗതി എന്താണ്? അങ്ങയുടെ കാലത്തല്ലേ ഈ സംഭവം നടക്കുന്നത്.

പോലീസിന്റെ തലപ്പത്ത് അങ്ങ് വന്നതിനുശേഷം കുറേ നടപടികളെടുത്തു. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. ക്രിമിനലുകളുടെ കൂടാരമാണ് പോലീസെന്ന് ഞാൻ അടക്കി ആക്ഷേപിക്കുന്നില്ല. മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസിന്റെ കാലത്ത്

അദ്ദേഹം പുറപ്പെടുവിച്ച സ്റ്റേറ്റ്മെന്റിൽ പറയുന്നത് എണ്ണൂറ്റി പതിനെട്ടിൽപ്പരം കുറ്റവാളികൾ സർവ്വീസിൽ തുടരുകയാണെന്നാണ്.

രാഹുൽ ആർ. നായർ എന്ന ഐ.പി.എസ്.-കാരനെ കോഴ വാങ്ങിയതിന് നിങ്ങൾ സസ്പെന്റ് ചെയ്തെങ്കിലും തിരിച്ചെടുത്തു. എന്തിനാണെന്ന് ആളുകൾക്കറിയില്ല. പോലീസിന്റെ ക്രിമിനൽ കുറ്റം എല്ലാവർക്കും ബാധകമാണ്. ടി. ഒ. സൂരജ് എന്ന ഐ.എ.എസ്.-കാരനെ നിങ്ങൾ എന്തുചെയ്തു? സി.ബി.ഐ. ഇടപെടാൻ തുടങ്ങിയപ്പോൾ കേസ് വന്നു. കോഴവാങ്ങിച്ചതിന് അറസ്റ്റ് ചെയ്യാൻ ചെന്നപ്പോൾ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ നിന്ന് യൂണിഫോമിട്ട ഒരു സർക്കിൾ ഇൻസ്പെക്ടർ മതിൽ ചാടിക്കടന്ന് ഓടി. ക്രൈം ബ്രാഞ്ച് പിടിക്കാൻ പുറകേ ഓടി. ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്. എന്തു കഷ്ടമാണ്; ഈ ക്രിമിനലുകളെ പോലീസ് സേനയിൽ നിന്നും ഒഴിവാക്കേണ്ടേ.? ഇവിടെയെല്ലാം ഘനഗംഭീരമായി നടക്കുന്നുവെന്ന് ആരോ പ്രസംഗിക്കുന്നതുകേട്ടു. അങ്ങനെ നടക്കണമെന്ന് ഞങ്ങൾക്കും ആഗ്രഹമുണ്ട്. ഞങ്ങളതിനൊന്നും തടസ്സമല്ല. ഏതെങ്കിലും പോലീസ് കേസ്സിൽ ഞങ്ങൾ അവിഹിതമായി ഇടപെട്ടെങ്കിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയണം. ഏതെങ്കിലും ഒരു കൊലയാളിയെ ജയിലിൽ നിന്ന് വിടണമെന്ന് ഞങ്ങൾ ശിപാർശ ചെയ്തെങ്കിൽ പറയണം. നിങ്ങളുടെ നീതി

നിർവ്വഹണത്തിൽ ഞങ്ങൾ ഇടപെടുന്നേയില്ല. തികച്ചും സ്വതന്ത്രമായ നീതിനിർവ്വഹണം ഇവിടെയുണ്ടോ; നിയമങ്ങൾ ഇവിടെ നടപ്പിലാക്കുന്നുണ്ടോ? പുതിയ ഡി.ജി.പി. വന്നപ്പോൾ ഇറക്കിയ ധാരാളം സർക്കുലറുകൾ ഞാൻ കണ്ടു. 2011-ലെ കേരള പോലീസ് ആക്ടിലെ അഞ്ചാം അദ്ധ്യായത്തിലെ 29-ാം ഖണ്ഡികയിൽ പറയുന്നത് പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തെക്കുറിച്ചാണ്. അതിൽ പറയുന്നത് ഡ്യൂട്ടിയിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണമെന്നാണ്. അവരെ ഭീഷണിപ്പെടുത്താനോ അനാവശ്യം പറയാനോ ചീത്ത വിളിക്കാനോ പാടില്ല. ഇത് വല്ലതും ഇവിടെ നടക്കുന്നുണ്ടോ; ഇപ്പോൾ ലോക്കപ്പ് മർദ്ദനമില്ല. ഞങ്ങളുടെ സമരം കൊണ്ടാണ് ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ചത്. കാരണം ലോക്കപ്പ് മർദ്ദനം ഒരുപാട് അനുഭവിച്ചത് ഇപ്പുറത്തിരിക്കുന്നവരാണ്, അപ്പുറത്തിരിക്കുന്നവരല്ല. ലോക്കപ്പിനകത്ത് മൂത്രം കുടിപ്പിച്ചു, മലം തീറ്റിച്ചു. ഇതെല്ലാം ഇപ്പോൾ ചരിത്രമായില്ലേ? കേരളത്തിലെ കമ്മ്യൂണിസ്റ്റ്/ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നരകയാതനയാണ് ജയിലിൽ അനുഭവിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ ഞങ്ങൾ മന്ത്രിമാരായി വന്നപ്പോൾ ഇക്കാര്യങ്ങളിൽ കുറേ മാറ്റങ്ങൾ വരുത്തി. ആ മാറ്റങ്ങൾ കുറേക്കൂടി കാര്യമായി നിങ്ങൾ നടത്തണം.

അതിന് എന്തു പിന്തുണ വേണമെങ്കിലും നൽകാം. ഇപ്പോൾ ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തില്ലായെന്നേയുള്ളൂ. ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ വരുന്ന സമയത്ത് ധാരാളം തുക ഇതിനായി അനുവദിക്കാൻ പറയാം. ഈ സിസ്റ്റം നന്നാക്കണം. ജയിലുകൾ നന്നാവണം. ജയിലുകളിൽ ഇപ്പോൾ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ആളുകളെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ മന്ത്രിയായിരുന്ന കാലത്ത് ജയിലിലേയ്ക്ക് അവർ ആവശ്യപ്പെട്ടതനുസരിച്ച് മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഇഷ്ടംപോലെ പശുക്കളെ നൽകി. അവർ നല്ല ഡയറി ഫാമുകളുണ്ടാക്കി. പുതിയ മേഖലകളിലേയ്ക്ക് കടന്നു. ഇപ്പോൾ അവർ കേരളത്തിന്റെ ഭക്ഷ്യപ്രശ്നത്തിൽ ഇടപെട്ടു തുടങ്ങിയിരിക്കുന്നു. പാവപ്പെട്ട ആളുകൾക്ക് ചപ്പാത്തിയും കറിയും കിട്ടുന്ന അവസ്ഥയുണ്ടാക്കി. അങ്ങനെ ഹോട്ടലുകളിലെ ചൂഷണം അവസാനിപ്പിക്കുന്നു. അതിന് അവരെ പ്രോത്സാഹിപ്പിക്കണം. ഞങ്ങൾ അതിനെല്ലാം സഹായിക്കാം. പക്ഷേ ഇത് എത്ര ഭീകരമാണ്; പോലീസിന്റെ ഈ കാര്യങ്ങളിൽ എന്നാണ് ഇനി ഒരു മാറ്റം വരാൻ പോകുന്നത്? വർഗ്ഗീയ കലാപത്തിന് പ്രകോപനമുണ്ടാക്കുന്ന തരത്തിലുള്ള പ്രവീൺ തൊഗാഡിയയുടെ പ്രസംഗത്തിന്റെ പേരിൽ കേസ് ചാർജ് ചെയ്തത് പോലീസാണ്. മാറാടാണ് പശ്ചാത്തലം. കേരളത്തിലെ ജനങ്ങൾ മാറാടിനായി വലിയ വില

കൊടുത്തതാണ്. പല ഉദ്യോഗസ്ഥന്മാരും രക്തസാക്ഷികളായി, നിരവധി പേരുടെ ജീവൻ നഷ്ടപ്പെട്ടു. ആ മാറാട് വീണ്ടും ആവർത്തിക്കാനുള്ള പ്രസംഗം നടത്തി. കേസെടുക്കാൻ പറഞ്ഞത് പ്രതിപക്ഷമല്ല. തെളിവുകൾ ലഭിച്ചപ്പോൾ തൊഗാഡിയയുടെ പേരിൽ ആഭ്യന്തര വകുപ്പ് കേസെടുത്തു. തൊഗാഡിയയുടെ പേരിലുള്ള ആ കേസ് പിൻവലിക്കാൻ മന്ത്രിസഭയിൽ ആവശ്യം ഉന്നയിച്ചതാരാണ്; അതിനുവേണ്ടി പെറ്റീഷൻ തന്നതാരാണ്? കേസ് പിൻവലിക്കണമെങ്കിൽ പെറ്റീഷൻ വേണം. എം.ജി. കോളേജിൽ നടന്ന സംഭവം...., ഇനി ഏതെങ്കിലും കോളേജുകളിൽ പോലീസിന് കയറി ചെല്ലാൻ സാധിക്കുമോ? എം.ജി. കോളേജിൽ അക്രമം നടത്തിയ, തടയാനെത്തിയ പോലീസുകാരനെ കൈകാര്യം ചെയ്ത മുഴുവൻ പ്രതികളെയും (എല്ലാവരും ആർ.എസ്.എസ്. കാർ) വെറുതെ വിട്ടു. ഞാനും എട്ടുകേസുകളിലെ പ്രതിയാണ്. എന്നെ വെറുതേ വിടുമോ? സെക്രട്ടേറിയറ്റ് ഘെരാവോ നടത്തിയതിനും ജാഥ നടത്തിയതിനുമുള്ള കേസിൽ ഞാൻ ഇപ്പോഴും ജാമ്യം എടുത്തു. ആ കേസൊന്നും പിൻവലിച്ചിട്ടില്ല. ഇത് എങ്ങനെയാണ് പിൻവലിച്ചത്? അത് നൽകുന്ന മെസേജ് - പോലീസുകാർ മര്യാദയ്ക്കിരുന്നു കൊള്ളണം, തൊഗാഡിയയെയും ആർ.എസ്.എസ്.-നെയും തൊടരുതെന്നാണ്. കേന്ദ്രഭരണം മാറിയിരിക്കുകയാണ്. കേന്ദ്രം ഭരിക്കുന്നത് ഈ കാണുന്ന മന്ത്രിമാരല്ല.

അശോക് സിംഗാളും തൊഗാഡിയയുമാണ് ഇന്ത്യയുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. രാമക്ഷേത്രം പണിയുമെന്ന് ബി.ജെ.പി.- യുടെ എം.പി. മാർ പരസ്യമായി പറയുന്നു. എന്താണ് അതിന്റെ ഉദ്ദേശ്യം? മഹാത്മാ ഗാന്ധിയെ ഇവിടെ ആരോ ക്വാട്ട് ചെയ്യുന്നതു കേട്ടു. നിങ്ങൾക്ക് നാണമുണ്ടോ; മഹാത്മാഗാന്ധിയെ തമസ്കരിച്ച് അദ്ദേഹത്തെ വെടിവച്ചുകൊന്ന ഗോഡ്സെയ്ക്ക് പ്രതിമയുണ്ടാക്കുമ്പോൾ മിണ്ടാപ്രാണികളായി ഇരിക്കുന്ന നിങ്ങൾ ഗാന്ധിയെ ക്വാട്ട് ചെയ്യുന്നു. എവിടെ ഗാന്ധി; എവിടെ ജവഹർലാൽ നെഹ്റു? കേന്ദ്ര മന്ത്രിസഭയിൽ ഇവരെ ക്വാട്ട് ചെയ്യുന്ന ആരുണ്ട്? നെഹ്റു യുവസമാജിന്റെ പേരിൽ ഇപ്പോൾ നടത്തിയ ഒരു പരിപാടിക്ക് എനിക്കും ക്ഷണക്കത്തുണ്ടായിരുന്നു. അതിൽ നെഹ്റുവിന്റെ പടമില്ല, നരേന്ദ്ര മോഡിയുടെ പടം വച്ച് നെഹ്റു യുവകേന്ദ്രം. എന്ത് വിരോധാഭാസമാണിത്! നമ്മുടെ രാജ്യം അപകടത്തിലേയ്ക്കാണ് നീങ്ങുന്നത്. നിങ്ങൾ അത് കാണുന്നുണ്ടോ? അരുവിക്കരയിൽ ജയിച്ചതിൽ നിങ്ങൾ ലഡ്ഡു കൊടുക്കാത്തതെന്താണ്; ശ്രീ. കെ. എം. മാണിയുടെ വായ്ക്കകത്ത് ലഡ്ഡു കുത്തിക്കയറ്റിയവർ ഇന്ന് ലഡ്ഡു വിതരണം ചെയ്യാത്തതെന്താണ്; നിങ്ങൾ എവിടേയ്ക്കാണ് പോകുന്നത്? താത്ക്കാലികമായി നിങ്ങൾ വിജയം നേടിയിരിക്കാം, മന്ത്രിമാരായിരിക്കാം. പക്ഷേ രാജ്യം അത്യന്തം ഗുരുതരമായ അപകടത്തിലേയ്ക്കാണ്

നീങ്ങുന്നത്. ഒരു കാര്യവും ഇവിടെ നടക്കുന്നില്ല. വിലക്കയറ്റത്തിനെതിരെ നിങ്ങൾ മിണ്ടാത്തത് എന്താണ്? കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉല്പന്നത്തിന് ഇഷ്ടംപോലെ വില കൂട്ടുന്നത് അനാവശ്യമല്ലേ; വാസ്തവത്തിൽ കൊള്ളയല്ലേ നടക്കുന്നത്. ഇക്കാര്യത്തിൽ നിങ്ങൾ മിണ്ടുന്നുണ്ടോ; ഇവിടെ ചർച്ചകളിൽ പറയുന്നുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ നയം പല്ലും നഖവും ഉപയോഗിച്ച് എതിർക്കുമെന്ന് പറയാൻ നിങ്ങൾക്ക് ചുണയുണ്ടോ; നട്ടെല്ലുണ്ടോ; നിങ്ങൾ ആരെയാണ് ഭയക്കുന്നത്? നിങ്ങൾക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലല്ലോ, മോഡിയെ ഭയമാണോ; എന്തിനാണ് ഭയക്കുന്നത്? ആർ.എസ്.എസ്.-കാരുമായും മോഡിയുമായും ബി.ജെ.പി. യുമായും മല്ലിട്ടുകൊണ്ടല്ലാതെ ഈ കേരളത്തിൽ മതേതര ജനാധിപത്യം നടപ്പിലാകില്ല. മതേതരത്വം നിലനിൽക്കില്ല. നിങ്ങൾ എന്നും കമ്മ്യൂണിസ്റ്റ് വിരുദ്ധരാണ്. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു മുതൽ നിങ്ങൾ ആദ്യം പിടിച്ച് അകത്തിട്ടത് ആരെയാണ്? കമ്മ്യൂണിസ്റ്റുകാരെ. ഇപ്പോൾ നിങ്ങൾ എവിടെയെത്തി? എല്ലാ സംസ്ഥാനങ്ങളും കൈയിലെടുത്ത് അമ്മാനമാടിയ നിങ്ങൾ..... നിങ്ങൾ ഡൽഹിയിൽ പണ്ടുപോയിരുന്നതുപോലെ ഇപ്പോൾ പോയാലുള്ള അവസ്ഥയെന്താണ്? പണ്ട് രമേശ് ചെന്നിത്തല ഡൽഹി വിമാനത്താവളത്തിൽ ഇറങ്ങിയാൽ എന്ത് രാജകീയ **പ്രൗഢി**യായിരുന്നു; ഇപ്പോൾ

എന്താണ് അവസ്ഥ? അദ്ദേഹത്തിന്റെ നേതാവ് പ്രതിപക്ഷത്ത് ഒരു സ്ഥാനം കിട്ടാൻ ഭിക്ഷാപാത്രവുമായി നരേന്ദ്ര മോഡിയുടെ മുമ്പിൽ മുട്ടുകുത്തുകയാണ്. 44 സീറ്റുള്ള നിങ്ങൾക്ക് പ്രതിപക്ഷത്തിന്റെ അംഗീകാരമില്ല. 62 കൊല്ലം രാജ്യം ഭരിച്ച നിങ്ങൾ പ്രതിപക്ഷത്തെങ്കിലും ഇരിക്കേണ്ടേ? ഞങ്ങൾ ഇവിടെ പ്രതിപക്ഷത്തെങ്കിലും ഇരിക്കുന്നുണ്ട്. നിങ്ങൾക്ക് ഇരിക്കാൻ സാധിക്കുമോ; ഭരണഘടന അത് അംഗീകരിക്കുന്നുണ്ടോ; അതിനുപകരം നിങ്ങൾ നെഗോഷിയേറ്റ് ചെയ്യുകയല്ലേ? തൊഗാഡിയയുമായി നെഗോഷിയേറ്റ് ചെയ്യണം. അല്ലാതെ നരേന്ദ്ര മോഡിയുമായി നെഗോഷിയേറ്റ് ചെയ്താൽ കിട്ടില്ല. ഇതാണ് രാജ്യം. ഞങ്ങൾ നയപരമായ കാര്യങ്ങളിലും സാമ്പത്തിക നയങ്ങളിലുമാണ് കോൺഗ്രസിനെ എതിർത്തിട്ടുള്ളത്. കോൺഗ്രസ്സിനെയെന്നും ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട്. കോൺഗ്രസ് താരതമ്യേന മതേതരത്വത്തിന്റെ ആളുകളാണെന്ന കാര്യത്തിലൊന്നും ഞങ്ങൾക്ക് ഒരു അഭിപ്രായ വ്യത്യാസവുമില്ല. പക്ഷേ നിങ്ങളുടെ ഇന്നത്തെ പതനം..., എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്? നിങ്ങൾ ഇവിടെ ഞങ്ങളെ നേരിടാൻ നിൽക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, നിങ്ങളുടെ പോലീസ് ഈ കുറ്റവാളികളെ കൈകാര്യം ചെയ്യാനുള്ള തന്റേടം കാണിക്കണം. ഐ.പി.എസ്. കാരായാലും ഐ.എ.എസ് -കാരായാലും മന്ത്രിമാരായാലും ജയിലിലടയ്ക്കേണ്ടവരെ ജയിലിൽ

അടയ്ക്കണം. നിങ്ങൾ ഇന്നലെ പറഞ്ഞ കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. സമ്മർദ്ദമുണ്ടായിരുന്നുവെന്ന് നിങ്ങൾ ഫെയ്സ് ബുക്കിൽ എഴുതിയത് വായിച്ചപ്പോൾ ഞങ്ങളുടെ ഹൃദയം പൊടിഞ്ഞുപോയി. കാരണം, ആഭ്യന്തര വകുപ്പുമന്ത്രിയുടെ അവസ്ഥയാണിത്. ഞാൻ എന്റെ മണ്ഡലത്തിൽ എന്തെങ്കിലുമൊരു സംഭവം നടക്കുകയാണെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രിയെ വിളിക്കാമെന്ന് വിചാരിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് അദ്ദേഹത്തിന്റെ ഫെയ്സ് ബുക്കിൽ ഞാൻ സമ്മർദ്ദങ്ങൾക്കൊന്നും കീഴടങ്ങില്ലായെന്നുള്ള പോസ്റ്റ് കണ്ടത്. ആരാണ് സമ്മർദ്ദം ചെലുത്തുന്നതെന്ന് ഞങ്ങൾ ഇന്നലെ ചോദിച്ചതാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണോ? അദ്ദേഹം മന്ത്രിസഭയിലെ നമ്പർ 2 ആണല്ലോ; അതോ നമ്പർ 1 ആണോ സമ്മർദ്ദം ചെലുത്തിയത്; ആരാണ് സമ്മർദ്ദം ചെലുത്തുന്നത്? ഞങ്ങളുടെ സമ്മർദ്ദമാണോ സ്ത്രീകളുടെ സമ്മർദ്ദമാണോയെന്ന് തുറന്നു പറയണം. നിങ്ങൾ ആഭ്യന്തര വകുപ്പുമന്ത്രിയെ ഈ ഗതിയാക്കിയല്ലോ. എത്ര ഫണ്ട് കൊടുത്തിട്ടും കാര്യമില്ല, അദ്ദേഹം സമ്മർദ്ദത്തിൽപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന് ബി.പി. ഉണ്ടാകും. അങ്ങ് വളരെ സൂക്ഷിക്കണം. പല തരത്തിലുള്ള സമ്മർദ്ദങ്ങൾ വരും. കൊട്ടുംകൊള്ളയാണ് നടക്കുന്നത്. അതാണ് സമ്മർദ്ദമുണ്ടാകാൻ കാരണം. അല്ലെങ്കിൽ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് സമ്മർദ്ദത്തിന്റെ കാര്യം

എന്താണ്? സമ്മർദ്ദം ചെലുത്തി കൊള്ള നടത്തുകയാണ്. നിങ്ങളുടെ കൂടെയുള്ള വരാണ് കൊള്ള നടത്തുന്നത്, അവരെ കൈകാര്യം ചെയ്യണം. ഓപ്പറേഷൻ കുബേര 2-ൽ വിജിലൻസ് കേസിൽ പ്രതികളായ മന്ത്രിമാരെയെല്ലാം കൈകാര്യം ചെയ്യണം. അതിന് ഞങ്ങളുടെ മുഴുവൻ പിന്തുണയുമുണ്ട്. നിങ്ങൾ ഇതല്ലാതെ പുതിയ കാര്യങ്ങളൊന്നും ചെയ്തിട്ടില്ല. ഓപ്പറേഷൻ കുബേര നിങ്ങൾ കൊണ്ടുവന്നതാണ്. ജനമൈത്രി പോലീസ് എൽ.ഡി.എഫ്. ന്റെ സംഭാവനയാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ സംഭാവനയാണ്. സ്റ്റുഡന്റ്സ് പോലീസ് എൽ.ഡി.എഫ്. കൊണ്ടുവന്നതാണ്. അങ്ങ് അത് നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടെന്നാണ് ഞാനറിഞ്ഞത്. കാരണം എന്റെ മണ്ഡലത്തിൽ നല്ല രീതിയിൽ നടക്കുന്നുണ്ട്. അതുപോലെ കൊണ്ടുപോകണം. പോലീസും പുതിയ തലമുറയും തമ്മിലുള്ള ബന്ധത്തിൽ വലിയ മാറ്റം വേണം. പോലീസിനെ നവീകരിക്കണമെന്നുള്ള കാര്യത്തിൽ ഞാൻ പൂർണ്ണമായും യോജിക്കുന്നു. പോലീസിനെ വളരെ മോഡേണാക്കണം. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഇനി അവശേഷിക്കുന്ന കുറച്ച് മാസത്തിനുള്ളിൽ ബേസിക്കായിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ ചെയ്തുതീർക്കണം. അതിന് എല്ലാവിധ പിന്തുണയും ജനങ്ങളിൽ നിന്നുണ്ടാകും. ഇവിടെ ബഡ്ജറ്റില്ലാത്തതുകൊണ്ട് ധനാഭ്യർത്ഥനയെ പിന്തുണയ്ക്കേണ്ട കാര്യവുമില്ല

എതിർക്കേണ്ടതുമില്ല. രണ്ടും ഞാൻ ചെയ്യുന്നില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഒരു സർക്കാരിന്റെ മനോഭാവത്തിന്റെ പ്രതിഫലനം ആദ്യം പ്രകടമാവുക പോലീസ് സേനയിലൂടെയാണ്. കേരളത്തിൽ യു.ഡി.എഫ്. സർക്കാർ പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിൽ സജീവമായ ശ്രദ്ധ പതിപ്പിക്കുന്ന തിലെ ഗുണഫലം കണ്ടുതുടങ്ങിയിരിക്കുകയാണ്. ഈ ധനാഭ്യർത്ഥനയുടെ ചർച്ച നടക്കുന്നത് പ്രത്യേകമായ സാഹചര്യത്തിലാണ്. അരുവിക്കരയിലെ വിജയം ജനപക്ഷ സർക്കാരിന് ജനങ്ങൾ നൽകിയ വലിയ പിന്തുണയായി മാറിയിരിക്കുകയാണ്. തുടക്കം മുതൽ ഒടുക്കം വരെ അരുവിക്കരയിലെ ജനങ്ങളിൽ വിശ്വാസമർപ്പിച്ച ഒരു മുഖ്യമന്ത്രിയെ അവിടത്തെ ജനങ്ങളും വിശ്വസിച്ചുവെന്നുള്ളത് ഈ തെരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. യു.ഡി.എഫ്. ന്റെ കൂടെ നിൽക്കുന്ന ന്യൂനപക്ഷ വോട്ടുകൾ ഭിന്നിപ്പിക്കാൻ എല്ലാവിധ തന്ത്രവും നടന്ന തെരഞ്ഞെടുപ്പുകൂടിയായിരുന്നു ഇത്. പി.ഡി.പി.യുടെയും എസ്.ഡി.പി.ഐ.യുടെയും സ്ഥാനാർത്ഥികളെ നിർത്തി അവരെ പരിപോഷിപ്പിച്ച് യു.ഡി.എഫ്. നോടൊപ്പം നിൽക്കുന്ന ന്യൂനപക്ഷ വോട്ടുകൾ ഭിന്നിപ്പിക്കാനുള്ള വലിയ പരിശ്രമം അവിടെ നടന്നു. പക്ഷേ, തീവ്രവാദത്തോടൊപ്പം നിൽക്കുകയല്ല, മതേതര മുന്നേറ്റത്തിന്റെ

ശാക്തിക ചേരിയോടൊപ്പം നിൽക്കുക എന്ന ഹൈദരലി ശിഹാബ് തങ്ങളുടെയും മുസ്ലീം ലീഗിന്റെയും സമീപനമാണ് അവിടെ ന്യൂനപക്ഷങ്ങൾ അംഗീകരിച്ചതെന്ന യാഥാർത്ഥ്യം വിസ്മരിക്കാൻ കഴിയില്ല. തീവ്രവാദത്തെയും വർഗ്ഗീയതയെയും ചവറ്റുകുട്ടയിലെറിഞ്ഞ ന്യൂനപക്ഷങ്ങൾ അത്തരം ശക്തികളെ നോട്ടയുടെ പിന്നിലാണ് നിർത്തിയതെന്നത് ഈ തെരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ നേട്ടമായി കാണുകയാണ്. തെറിയഭിഷേകവും വ്യക്തിഹത്യയും പരിഹാസവുമാണ് രാഷ്ട്രീയ നേതൃഗുണമെന്ന് കരുതുന്നവരുടെ പിന്നിൽ സി.പി.ഐ.(എം) നിന്നതിന്റെ ശിക്ഷ കൂടിയാണിത്. ബംഗാളിൽ സി.പി.ഐ(എം) കോൺഗ്രസ്സിനോടൊപ്പം നിൽക്കാൻ ആഗ്രഹിക്കുകയാണ്. ദേശീയതലത്തിലെങ്കിലും ഈ അനുഭവത്തിന്റെ പാഠം നിങ്ങൾ ഉൾക്കൊള്ളണം. പൂട്ടിയ മദ്യഷാപ്പ് ഉടമകളുടെ ജല്പനങ്ങളോടൊപ്പമല്ല ബാറുകൾ പൂട്ടിയ സർക്കാരിനോടൊപ്പമാണ് ജനങ്ങൾ നിൽക്കുന്നതെന്നുകൂടി തെരഞ്ഞെടുപ്പ് ഫലം തെളിയിച്ചിരിക്കുകയാണ്. ഇന്ത്യയിലെ മതേതര വിശ്വാസികൾ ഗൗരവപൂർവ്വം കാണേണ്ട ചില പാഠങ്ങളുണ്ട്. വർഗ്ഗീയവത്ക്കരണവും ബി.ജെ.പി. സർക്കാർ അടിച്ചേൽപ്പിക്കുന്ന സാംസ്കാരിക അടിയന്തരാവസ്ഥ യുമൊന്നും ചർച്ച ചെയ്യാതെ വ്യക്തിഹത്യയും ദുരാരോപണവും നടത്താൻ ഗവേഷണം നടത്തുകയും എല്ലാ വക്കുപൊട്ടിയ പ്ലേറ്റുകളും കടമുറിഞ്ഞ കയിലും തങ്ങളുടെ

ചാക്കിലാക്കി തെരഞ്ഞെടുപ്പിന് ഒരുങ്ങുകയും ചെയ്യതിന് എൽ.ഡി.എഫ്. ന് കിട്ടിയ ഏറ്റവും വലിയ ശിക്ഷയാണ് ഈ പരാജയമെന്നുകൂടി നിങ്ങൾ തിരിച്ചറിയണം. ഈ തെരഞ്ഞെടുപ്പിൽനിന്ന് പാഠം ഉൾക്കൊള്ളേണ്ടത് ഇടതുപക്ഷമാണ്. ഇവിടെ ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രവർത്തനങ്ങൾക്ക് കിട്ടിയ അംഗീകാരം കൂടിയായി ഈ തെരഞ്ഞെടുപ്പുഫലം കാണേണ്ടിയിരിക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞകാലങ്ങളിലെ ഭരണത്തിൽനിന്ന് വ്യത്യസ്തമായി സാധാരണക്കാരായ ജനങ്ങൾക്ക് വിശ്വാസമർപ്പിക്കാൻ കഴിയുന്ന സർക്കാരായി ഈ ഗവൺമെന്റ് മാറിയിട്ടുണ്ട്.

ഇന്നിവിടെ 'പോലീസ് ' എന്ന ധനാഭ്യർത്ഥനയിൽ ചർച്ച നടക്കുകയാണ്. ഭരിക്കുന്നവന്റെ മർദ്ദനോപകരണമല്ല പോലീസ്. ജനങ്ങൾക്ക് സുരക്ഷയും നീതിയും കാരുണ്യവും നൽകാൻ കഴിയണം. 'മൃദുഭാവേ, ദൃഢകൃത്യേ'- അഥവാ 'മൃദുവായ പെരുമാറ്റം, ദൃഢമായ കർമ്മങ്ങൾ' - ഈ ആപ്തവാക്യമാണ് ഈ നാല് വർഷത്തിനിടയിൽ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തവരൊക്കെ സാർത്ഥകമാക്കിയത്. കേരളത്തിന്റെ തീരാശാപമായിരുന്ന രാഷ്ട്രീയ കൊലപാതകങ്ങൾക്ക് അറുതിവരുത്താൻ നടത്തിയ പരിശ്രമത്തിന്റെ ഗുണഫലങ്ങളാണ് ഇപ്പോൾ കണ്ടുതുടങ്ങിയത്. 2012-ൽ ഉണ്ടായ ടി.പി.

ചന്ദ്രശേഖരൻ വധക്കേസിൽ കെ. സി. രാമചന്ദ്രനും ട്രൗസർ മനോജും പി. കെ. കുഞ്ഞനന്തനും തുടങ്ങി അറിയപ്പെടുന്ന സി.പിഐ. (എം) നേതാക്കളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും പതിനൊന്ന് പേർക്ക് ജീവപര്യന്തം ശിക്ഷ വാങ്ങിച്ചുകൊടുക്കാനും കേരള പോലീസിന് സാധിച്ചുവെന്നത് എന്നും ഈ ഗവൺമെന്റിന്റെ ചരിത്രത്തിൽ ഒരദ്ധ്യായമായി കിടക്കും. നമുക്കറിയാം, സംസ്ഥാനം വലിയ വളർച്ചയുണ്ടാക്കുകയാണ്. കേരളമിപ്പോൾ രാജ്യത്തെ ഏറ്റവും വലിയ ഐ.ടി. ക്യാപിറ്റലായി മാറുകയാണ്. വളരെ വൈകാതെ ആ പ്രഖ്യാപനം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. വിവര സാങ്കേതിക വിദ്യ വളരെയേറെ വളർന്ന കാലഘട്ടത്തിൽ സൈബർ കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യാൻ ആധുനികമായ സംവിധാനങ്ങൾ ഒരുക്കുന്നതിൽ നാം വിജയം കൈവരിച്ചിരിക്കുന്നു. അന്യസംസ്ഥാന തൊഴിലാളികൾ ഏറെയുള്ള കേരളത്തിൽ പലപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിമിനലുകൾ കടന്നുവരാറുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള ഹോസ്റ്റലുകളിലും ലോഡ്ജുകളിലും താമസിക്കുന്നവർ ഏത് തരക്കാരാണെന്നും എവിടെയുള്ളവരാണെന്നും തിരിച്ചറിയാൻ കഴിയാത്ത സാഹചര്യത്തിൽ പോലീസിന്റെ ഉത്തരവാദിത്വം വളരെ വർദ്ധിക്കുകയാണ്. ക്രൈം ആന്റ് ക്രിമിനൽ നെറ്റ് വർക്ക് നിലവിൽ വന്നതോടെ ഒരു വലിയ പ്രതീക്ഷയ്ക്ക് വക

നൽകുകയാണ്. നമ്മുടെ രാജ്യത്തെ 14000 ത്തോളം പോലീസ് സ്റ്റേഷനുകളും 6000 ത്തിൽ അധികം ഓഫീസുകളുമായി ബന്ധപ്പെടാൻ അവസരം സൃഷ്ടിച്ച് കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്നെ സൈബർ ഡോം എന്ന പേരിൽ സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതി വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും. വിവര സാങ്കേതിക വിദ്യയുടെ വളർച്ചയോടൊപ്പം തന്നെ അവ ഉപയോഗപ്പെടുത്തി ക്കൊണ്ടുള്ള ക്രിമിനലിസവും നടന്നുവരുമ്പോൾ അതിനെ ചെറുക്കാനുള്ള വലിയ പദ്ധതികൾ ബുദ്ധിപരമായി ആലോചിക്കാനാണ് ഈ ഗവൺമെന്റ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. സാമൂഹ്യവിരുദ്ധ ശക്തികൾ നമ്മുടെ രാജ്യത്ത് വളരുകയാണ്. അവരെ കടിഞ്ഞാണിടാനും അതുപോലുള്ള സ്ഥിരം കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും നടപ്പാക്കിയ ഓപ്പറേഷൻ സുരക്ഷ അക്ഷരാർത്ഥത്തിൽ ഒരു സുരക്ഷിത ബോധം ഉളവാക്കുന്ന ഒന്നാണ്. കാരണം, കേരളത്തിൽ കുറ്റവാളികളെ പിടികൂടാൻ സർക്കാർ ആലോചിക്കുന്നുവെന്നും പോലീസ് സംവിധാനം അതിന് കാര്യക്ഷമമാണെന്നും കണ്ടെത്താൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമായി കാണുകയാണ്. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ ഗ്രാമങ്ങളുടെ സ്ഥിതി എന്താണ്? നമ്മുടെ ഗ്രാമങ്ങളിൽ എവിടെയും അന്യ സംസ്ഥാനക്കാരായ ഒരുപാട് വട്ടിപ്പലിശക്കാർ നടന്നിരുന്നത് കാണാൻ കഴിയും.

അവർ അധികവും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് സ്ത്രീകളിലേയ്ക്കാണ്. പാവപ്പെട്ട സ്ത്രീകൾക്ക് വട്ടിപ്പലിശയ്ക്ക് പണം കൊടുക്കുകയും അവരെ ഭീഷണിപ്പെടുത്തുകയും അവസാനം ഓരോ കുടുംബങ്ങളും ആത്മഹത്യയിലേയ്ക്കും വൻ നാശത്തിലേയ്ക്കും കുതിക്കുകയും ചെയ്തിരുന്ന അന്തരീക്ഷത്തിൽനിന്ന് ഇന്ന് കേരളം മാറിക്കഴിഞ്ഞു. സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് കൊള്ളപ്പലിശയും വട്ടിപ്പലിശയും നൽകി നമ്മുടെ ഗ്രാമങ്ങളിൽ അർബുദം പോലെ വികസിച്ചിരുന്ന പലിശക്കാരെ ഇപ്പോൾ കാണാനില്ല. കഴിഞ്ഞകാലങ്ങളിൽ കേരളത്തിലുടനീളം കാണുന്ന കൂട്ടരായിരുന്നു ഇവർ. ഇവർക്കെതിരെ 2066 കേസ്സുകൾ എടുത്തതിൽ 699 എണ്ണത്തിന്റെ കുറ്റപത്രം സമർപ്പിക്കപ്പെട്ടുകഴിഞ്ഞു. ഇപ്പോൾ ഇതിന്റെ രണ്ടാം ഘട്ടത്തിന്റെ തുടക്കം കുറിച്ച മന്ത്രിയുടെ ആത്മ ധൈര്യത്തെ അഭിനന്ദിക്കുകയാണ്. കാരണം കേരളത്തിൽ വളരെയേറെ ആലോചിച്ച് എടുക്കേണ്ട തീരുമാനമാണ്. അതോടൊപ്പം സാധാരണക്കാർക്ക് അത്യാവശ്യഘട്ടത്തിൽ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അംഗീകൃത ബാങ്കുകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും സമീപനം മൃദുവാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തന്നെ മുന്നിട്ടിറങ്ങി നടത്തുന്ന പരിശ്രമങ്ങളെയും അഭിനന്ദിക്കുകയാണ്.

'ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ്' പദ്ധതിയിലൂടെ കുറ്റകൃത്യങ്ങളോട് സലാംപറഞ്ഞ ഒരു പുതിയ തലമുറയെ നമ്മുടെ നാടിന് സമർപ്പിക്കാൻ പര്യാപ്തമാക്കും. മയക്കുമരുന്നിന് അടിമപ്പെട്ടവർ നമ്മുടെ ക്യാമ്പസുകളിൽ ഇന്ന് ശാപമാണ്. ഏത് ക്യാമ്പസുകളിലായാലും ആധുനിക രീതിയിലുള്ള ലഹരിമരുന്നുകൾ ഉപയോഗിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം പെരുകുകയാണ്. അടുത്തകാലത്ത് ഒരു പത്രംതന്നെ എഴുതിയത്, വേച്ച് വേച്ച് പോകുന്ന ഒരു ചെറുപ്പക്കാരന്റെ കൂടെപ്പോയ പത്രപ്രവർത്തകന് കാണാൻ കഴിഞ്ഞത് ആ ചെറുപ്പക്കാരൻ ഒരു കടയുടെമുന്നിൽ ചെന്നുനിന്നപ്പോൾ ആ കടക്കാരൻ ഒരു ഭരണി മേശപ്പുറത്തേയ്ക്കുവയ്ക്കുകയും അതിൽനിന്ന് ഒരു പാമ്പ് പുറത്തുവന്ന് നാവിൽ കൊത്തുകയും ചെയ്യുന്നതാണ്. ചൈനയിൽനിന്നും കൊണ്ടുവന്ന ഒരു ലക്ഷത്തോളം രൂപ വിലയുള്ള പാമ്പിന്റെ വിഷം ആന്റിബയോട്ടിക് മരുന്നായി ഊർജ്ജം നിലനിർത്തുന്നതിന് വേണ്ടി ഉപയോഗിക്കുന്ന കൗമാര പ്രായക്കാർ ക്യാമ്പസുകൾക്ക് ഒരു ശാപമാകുകയാണ്. പെൺകുട്ടികളുടെ ചോറ്റുപാത്രത്തിൽ നിന്നുവരെ കഞ്ചാവിന്റെയും ബ്രൗൺ ഷുഗറിന്റെയും പൊതികൾ പിടിച്ചെടുക്കുകയാണ്. ഇങ്ങനെയുള്ള ഒരവസ്ഥയിൽ ഇതിനെ ആരാണ് നിയന്ത്രിക്കേണ്ടത്? അത്തരമൊരു ഘട്ടത്തിലാണ് വലിയൊരു ചുമതല

ഏറ്റെടുത്തുകൊണ്ട് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന മുദ്രാവാക്യവുമായി ഈ സർക്കാർ മുന്നോട്ടിറങ്ങുന്നത്. 26624 റെയ്ഡുകളിലായി 5434 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 5295 അറസ്റ്റുകളാണ് നടന്നത്. കൗമാരത്തിന്റെ ചാപല്യങ്ങളെ തിന്മയുടെ വളമായി ഉപയോഗിക്കാൻ ദുഃശക്തികൾക്കെതിരെ കൊടുങ്കാറ്റായി മാറാൻ ആഭ്യന്തരവകുപ്പിന് സാധിച്ചിരിക്കുന്നുവെന്നത് വിസ്മരിക്കാനാവില്ല.

കേരളം റോഡപകടങ്ങളുടെ നാടാണ്. നമ്മുടെ നാട്ടിൽ റോഡപകടങ്ങളിലൂടെ 4000 പേർ പ്രതിവർഷം മരിക്കുകയും 35000 പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്നു. കേരള സംസ്ഥാനത്ത് ഇത്രയേറെ പേർ മരിക്കുകയും വാഹനാപകടങ്ങളിൽപ്പെടുകയും ചെയ്യുന്നുവെന്നുള്ളത് വളരെ ഗൗരവത്തിൽ കാണേണ്ട ഒരു വിഷയമാണ്. ഇതിൽ 25000-ഓളം അപകടങ്ങൾ വരുത്തുന്നത് ഇരുചക്ര വാഹനങ്ങളാണ്. 1964-ൽ ഈ കൊച്ചു സംസ്ഥാനത്ത് ഇരുപത്തിനാലായിരത്തോളം വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇപ്പോഴാകട്ടെ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനങ്ങളുടെ എണ്ണം ഒരു കോടിയിലധികമാണ്. നമ്മുടെ റോഡുകളിൽ വലിയ മാറ്റങ്ങളുണ്ടായിട്ടില്ല, സ്ഥലം വർദ്ധിച്ചിട്ടില്ല. എന്നാൽ വാഹനങ്ങളുടെ എണ്ണം പെരുകുന്നു, അപകടങ്ങൾ

വർദ്ധിക്കുന്നു. ഈ റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് 'ശുഭയാത്ര' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. ഹൈവേ പട്രോളിംഗ് നടത്തുന്ന പോലീസുകാർ അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തര ശുശ്രൂഷകൾ നടത്തി രക്ഷകരായി മാറുന്ന വിധത്തിലുള്ള ഒരു പോലീസ് സേനയായി മാറ്റിയിരിക്കുന്നു. അതൊരു ചെറിയ കാര്യമല്ല. 'സ്മൈൽ' എന്ന പേരിൽ ഈ സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണത്. ഒരപകടമുണ്ടായാൽ പോലീസുകാർ അവിടെയെത്തി നോക്കുകുത്തികളായി നിൽക്കുകയല്ല. ഫസ്റ്റ് എയ്ഡ് കൊടുത്ത് പരിക്കേറ്റവരെ സംരക്ഷിക്കാൻ കഴിയുന്ന വിതാനത്തിലേയ്ക്ക് മാറുകയെന്നത് അഭിനന്ദിക്കപ്പെടേണ്ട പദ്ധതിയാണ്. കുടുംബസമേതം യാത്രചെയ്യുന്നവരുടെ മുന്നിൽപ്പോലും സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കുന്ന പോലീസ് ഓഫീസർമാർക്ക് താക്കീത് നൽകാൻ ആഗ്രഹിക്കുന്നുവെന്നത് തീർച്ചയായും ഈ ഗവൺമെന്റിന്റെ ഒരു വലിയ മുന്നേറ്റമായി കാണേണ്ടിയിരിക്കുന്നു. 2011-ലെ പോലീസ് ആക്ടിൽ പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തെക്കുറിച്ച് പരാമർശങ്ങളുണ്ടെങ്കിലും ഇപ്പോഴും തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിലെ പോലീസ് ട്രെയിനിംഗ് ക്യാമ്പുകളിൽ തെറി പറയാനുള്ള പ്രത്യേക പരിശീലനം നൽകുന്നുവെന്നാണ് പറഞ്ഞ് കേൾക്കുന്നത്. പോലീസുകാർക്ക് തെറി പറയാനുള്ള പ്രത്യേക

പരിശീലനം ഇപ്പോഴും നൽകുന്നുവെന്നത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു പരിശീലനം നൽകുന്നുണ്ടെങ്കിൽ അത് അവസാനിപ്പിക്കേണ്ടതാണ്. കാരണം സമൂഹത്തിൽ വലിയ മാറ്റങ്ങളുണ്ട്. കേരള പോലീസ് ഇന്ന് ഏറെ മാറിയിട്ടുണ്ട്. ചേരഭരണ കാലത്തെ കോൽക്കാരനിൽനിന്ന് നമ്മുടെ പോലീസിന് വലിയ മാറ്റങ്ങളുണ്ടായി. നമ്മുടെ പോലീസ് സേന ഉന്നത വിദ്യാസമ്പന്നരുടെ വകുപ്പായി മാറിക്കൊണ്ടിരിക്കുകയാണ്. ഇരുപത്തി നാലോളം പിഎച്ച്.ഡി.ക്കാരും മൂവായിരത്തോളം പി.ജി. ക്കാരും പതിനൊന്നായിരത്തോളം ബിരുദധാരികളുമുള്ള കേരളത്തിന്റെ പോലീസ് സേന ഇന്ന് വളരെ സാംസ്കാരിക ബോധമുള്ള, ആരുടെ മുമ്പിലും ഉയർന്നു നിൽക്കാൻ പര്യാപ്തമാകുന്ന ഒരു സേനയായി മാറണം. പക്ഷേ ഖേദകരമെന്നുപറയട്ടെ അതിന് സാധിക്കാതെ വരുന്നുണ്ടെങ്കിൽ അതിന് ശക്തമായ ഇടപെടൽ ആവശ്യമാണ്. ലോകത്ത് വളർച്ചയുണ്ടായ വികസിത രാഷ്ട്രങ്ങളിലൊക്കെത്തന്നെ പോലീസ് സേന എന്നുപറയുന്നത് ആ രാജ്യത്തിന്റെ അന്തസ്സിന്റെ പ്രതീകമാണ്.  സ്കോട്ട് യാർഡ് പോലീസ്, ലണ്ടൻ റോയൽ പോലീസ് - ലോകത്തെവിടെയുമുള്ള വികസിത രാഷ്ട്രത്തിന്റെ അഭിമാനത്തിന്റെ ചിഹ്നമാണ് പോലീസ്.  കേരളത്തെപ്പോലെ സാക്ഷരതയുള്ള ഒരു സംസ്ഥാനത്ത് ആ രീതിയിൽ

പോലീസിനെ മാറ്റാൻ നമുക്ക് സാധിക്കണം. അരലക്ഷത്തോളം പോലീസുകാരാണ് നമ്മുടെ 496 - ഓളം പോലീസ് സ്റ്റേഷനുകളിലായുള്ളത്. പോലീസുകാരെ ഈ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാദ്ധ്യതയുള്ള, അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികളുള്ള ഈ സംസ്ഥാനത്ത് നമ്മുടെ പോലീസിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ കഴിയുംവിധം അതിനെ പരിഷ്കരിക്കാനുള്ള നീക്കങ്ങൾ ഏറെ ഗുണകരമാണ്.

ആഭ്യന്തര വകുപ്പിന്റെ സജീവമായ പദ്ധതിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്. അതിനെ പ്രത്യേകം എടുത്തുപറയാതിരിക്കാൻ കഴിയില്ല. സ്റ്റുഡന്റ്സ് പോലീസുകൾ ഇന്ന് കേവലം കാക്കി ഉടുപ്പിട്ട കുറെ കുട്ടികൾ മാത്രമല്ല. അതിനപ്പുറം അവർ വലിയ ഡ്യൂട്ടി നിർവ്വഹിക്കുകയാണ്. ഈ അടുത്തകാലത്ത് സംസ്ഥാന സ്കൂൾ യുവജനോത്സവം മലപ്പുറത്തും കോഴിക്കോട്ടും നടന്നപ്പോൾ ഈ സ്റ്റുഡന്റ് പോലീസായിരുന്നു അവിടെ നിയന്ത്രിച്ചിരുന്നത്. ഒരു പെറ്റി കേസുപോലും രജിസ്റ്റർ ചെയ്യാതെ ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത ആ മഹോത്സവങ്ങളെ അവർ കൈകാര്യം ചെയ്തത് അത്ഭുതകരമായി മാത്രമെ കാണാൻ കഴിയൂ. നമ്മുടെ കുട്ടികൾക്ക് അതിനുള്ള കഴിവുണ്ടെന്ന് തെളിയിച്ചിരിക്കുകയാണ്. പല വിദ്യാലയങ്ങളും സന്ദർശിച്ചാൽ കാണാൻ കഴിയുന്നത്, അവർ പഠിക്കുന്ന

വിദ്യാലയങ്ങളിൽ ആഭ്യന്തര വകുപ്പിന്റെ ഒരു പ്രത്യേക സംവിധാനം പോലെയാണ് ഈ കുട്ടികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികൾക്കിടയിലുള്ള എല്ലാ ദുഃശ്ശീലങ്ങളെയും ദുഷ്ചെയ്തികളെയുമൊക്കെ ബോധവൽക്കരണം വഴിയും അറിയിക്കേണ്ടവരെ അറിയിച്ചുമൊക്കെ നിയന്ത്രിക്കാൻ ഈ കുട്ടികൾക്ക് കഴിയുന്നുവെന്നത് എസ്.പി.സി. യുടെ ഏറ്റവും വലിയ നേട്ടമായി കാണാൻ സാധിക്കണം.

വിജിലൻസ് വകുപ്പിനെക്കുറിച്ചും ധാരാളം കേസ്സുകളുണ്ടെന്ന് ഇവിടെ പറഞ്ഞല്ലോ. കഴിഞ്ഞ കാലങ്ങളിൽ വിജിലൻസ് വകുപ്പും പോലീസും എങ്ങനെയാണ് ഇവിടെ കൈകാര്യം ചെയ്തതെന്ന് കൃത്യമായി തെളിയിക്കുന്നതാണ് ഇന്നലെ ഈ നിയമസഭയിൽ വന്ന രേഖകൾ. തങ്ങൾക്ക് തോന്നിയതുപോലെ ഓരോരുത്തർക്കെതിരെ കേസ്സെടുത്തിട്ട് ആ കേസ് ഈ രീതിയിലാണ് മുന്നോട്ടുകൊണ്ടുപോകേണ്ടതെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് നിർദ്ദേശം കൊടുക്കുന്ന രേഖകളുമായാണ് ഇന്നലെ ഈ സഭയിൽ ചർച്ചകൾ നടന്നത്. ആ രീതിയിലുള്ള ഇടപെടലുകളൊന്നുമു ണ്ടായില്ല. ഇവിടെ സഹമന്ത്രിമാർക്കെതിരെ ആരോപണം വന്നപ്പോഴും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എടുത്ത നിലപാട് എന്താണ്? സഹമന്ത്രിമാർക്കെതിരെ ആരോപണം വന്നപ്പോൾപ്പോലും ആർക്കും

വഴങ്ങില്ല, നിലപാടുകളുമായി മുന്നോട്ടുപോകുമെന്നാണ് അദ്ദേഹം ആവർത്തിച്ച് പറഞ്ഞത്. അതാണ് ഒരു ആഭ്യന്തര വകുപ്പുമന്ത്രി എടുക്കേണ്ട നിലപാട്. ആ നിലപാട് ആരുടെ മുമ്പിലും പറയാൻ സാധിക്കണം. കഴിഞ്ഞകാലത്ത് ഇടതുമുന്നണി സർക്കാറിന് അങ്ങനെ പറയാൻ കഴിയുമായിരുന്നോ. കേരളത്തെപ്പോലുള്ള സംസ്ഥാനത്തിന് പോലീസ് സേനയെ കൂടുതൽ കാര്യക്ഷമമാക്കി മാറ്റാൻ ആഭ്യന്തര വകുപ്പിന് സാധിക്കുന്നത് ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്ന ഘട്ടത്തിൽ ഏറെ ശ്രദ്ധേയമാണ്.

അതോടൊപ്പം ഒരു കാര്യംകൂടി പറയാനുള്ളത് പോസ്റ്റുമോർട്ടത്തെ കുറിച്ചാണ്. രാത്രിയിലും പോസ്റ്റുമോർട്ടം ചെയ്യാൻ സൗകര്യമൊരുക്ക ണമെന്നത് സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങളിലൊക്കെ പലതവണ ചർച്ച ചെയ്തതാണ്. ആധുനിക രീതിയിൽ എല്ലാ സൗകര്യങ്ങളുമുള്ള ഈ കാലത്ത് മറ്റു പല സംസ്ഥാനങ്ങളിലും കാര്യക്ഷമമായി നടപ്പിലാക്കിയതാണ്. എന്റെ സുഹൃത്ത് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പലപ്പോഴും സഭയിൽ എഴുന്നേറ്റുനിന്നാൽ പോസ്റ്റുമോർട്ടമാണോ പറയുന്നതെന്നുപോലും തോന്നിപ്പോകും. രാത്രികാലങ്ങളിൽ പോസ്റ്റുമോർട്ടം നടത്താൻ സംവിധാനമുണ്ടാകണമെന്നത് സംബന്ധിച്ച് കേരള നിയമസഭയിൽ അദ്ദേഹം അത്രയേറെ പ്രാവശ്യം സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്.

പോസ്റ്റുമോർട്ടം രാത്രി നടത്താൻ കഴിയുന്ന വിധത്തിലുള്ള സംവിധാനമൊരുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികളുണ്ടാകണമെന്ന് സാന്ദർഭികമായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

കേരളത്തിൽ സ്ത്രീ പീഡനം വർദ്ധിക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. ബോധപൂർവ്വമാണോ പറഞ്ഞതെന്ന് അറിയില്ല. എങ്ങനെയാണ് ഇത്തരം കേസുകൾ കൂടിവരുന്നതെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. കോടതികളിൽ ജീവനാംശത്തിനുവേണ്ടി വിവാഹ മോചിതരായ പെൺകുട്ടികൾ കേസ് കൊടുക്കുമ്പോൾ ആ കേസിന്റെ ഒരു ഭാഗമായി ഭർതൃവീട്ടിൽ പീഡനമുണ്ടായെന്ന് എഴുതി ച്ചേർക്കുന്ന കേസ്സുകളുടെ എണ്ണം പരിശോധിച്ച് അത് കിഴിച്ചെടുത്താൽ ബോധ്യമാകും കേരളം കഴിഞ്ഞ കാലത്തെ ഭരണത്തെക്കാൾ എത്ര ഭേദമാണെന്ന്.

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, പീഡനം കൊണ്ടായിരിക്കുമല്ലോ ആ പെൺകുട്ടികൾ ഈ വിവാഹം വേണ്ടെന്ന് തീരുമാനിച്ചത്. അതുംകൂടി ആലോചിക്കണം. ഞാൻ താങ്കളെ അപമാനിച്ചതല്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ഞാനും ബഹുമാനപ്പെട്ട

എം.എൽ.എ.യുമൊക്കെ ഇത്തരം കേസുകളിൽ സ്ഥിരമായി ഇടപെടുന്ന ആളുകളാണ്. അതുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടുമുള്ള ഒരു ചർച്ചയ്ക്ക് വഴിയൊരുക്കണ്ട. നിയമത്തിന്റെ കരുപിടിപ്പിച്ചുകൊണ്ട് കോടതിയിൽ കേസ് എത്തുന്നതിന് വേണ്ടി എടുക്കുന്ന സമീപനം പലയിടത്തുമുണ്ട്. നമ്മളൊക്കെ ഇതിൽ ഇടപെടുന്നവരായതുകൊണ്ട് എങ്ങനെയാണ് ഈ കേസുകളൊക്കെ രൂപം കൊള്ളുന്നതെന്ന് കൃത്യമായി അറിയുന്നുണ്ടാകും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ രീതിയിലുള്ള കേസ്സുകൾ ധാരാളമുണ്ട്. അതോടൊപ്പം ഈ രീതിയിലുള്ളതുമുണ്ട്. രണ്ടിനെയും ഒരുപോലെ കാണണം. സത്യസന്ധമായ കാര്യങ്ങളും അതോടൊപ്പം നിയമപരമായ പരിരക്ഷയ്ക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളുമുണ്ട്. സ്വാഭാവികമായും ആ ഒരു കാര്യം ഉയർത്തിക്കാണിച്ച് ഒരു ഗവൺമെന്റിന്റെ കാലത്ത് ഇവിടെയാകെ സ്ത്രീപീഡനം നടക്കുന്നുവെന്നുള്ള രീതിയിൽ ഒരു വ്യാഖ്യാനം ഉണ്ടാകാൻ പാടില്ല. കേരളത്തിലെ ഭരണ സംവിധാനത്തിന്റെ നേട്ടമായി ആഭ്യന്തര വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന സാഹചര്യം നിലനിർത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. ആ സാഹചര്യം തന്നെയാണ് അരുവിക്കരയിലും പ്രകടമായി കണ്ടത്. കഴിഞ്ഞകാലങ്ങളിലൊക്കെ പോലീസ് അതിക്രമങ്ങളിൽ വെടിയേറ്റ് മരിച്ചുകിടക്കുന്നവരുടെയോ, വെടിയേറ്റ് രക്തത്തിൽ കുളിച്ചുകിടക്കുന്നവരുടെയോ

ഫ്ലക്സ് ബോർഡുകളായിരുന്നെങ്കിൽ ഇത്തവണ അരുവിക്കരയിൽ കാണുന്ന ബോർഡുകളിൽ സ്വന്തം കയ്യിലിരുന്ന ബോംബ് പൊട്ടി ശരീരമാകെ തകർന്നുകിടക്കുന്ന ആളുകളുടെ ഫോട്ടോയാണ് പ്രദർശിപ്പിക്കപ്പെട്ടതെന്നത് കേരളത്തിലുണ്ടായ മാറ്റമാണ്. ആ മാറ്റം കേരളത്തിന്റെ പോലീസ് സംവിധാനം കാര്യക്ഷമമാകുന്നു എന്നതിന്റെ തെളിവാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ജമീലാ പ്രകാശം</u> : സർ, കിരാതമായിട്ടുള്ള അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിന്റെ നാല്പതാം വാർഷികമായിരുന്ന കഴിഞ്ഞ ദിവസം ആ കാലത്തെപ്പറ്റി നാം ഓർമ്മിക്കുകയുണ്ടായി. അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തിക്കൊണ്ട് അധികാരത്തിലേറിയ ജനതാ ഗവൺമെന്റിന്റെ ഒരു ഭാഗമായിരുന്നു ജനസംഘവും ആർ.എസ്.എസും. ആർ.എസ്.എസ്.-കാരനാണെന്നുള്ളതിൽ ഞാൻ അഭിമാനിക്കുന്നു എന്നുപറഞ്ഞ് ആർ.എസ്.എസ്.-ന്റെ നോമിനിയായി മന്ത്രിസഭയിലേയ്ക്ക് വന്നയാളാണ് ശ്രീ. എൽ. കെ. അദ്വാനി. മന്ത്രിയായിരിക്കുമ്പോൾത്തന്നെ നിക്കറിട്ട് ആർ.എസ്.എസ്. മാർച്ചിൽ പങ്കെടുത്തയാളാണ് അദ്ദേഹം. നമുക്ക് നാൽപ്പതു വർഷംകൂടി

ജനാധിപത്യം അനുഭവിക്കാൻ കഴിഞ്ഞു എന്നുള്ളത് ഓർമ്മിക്കുന്ന ഈ അവസരത്തിൽ, 'ഇന്ത്യാ മഹാരാജ്യത്ത് വീണ്ടും ഒരു അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടാനുള്ള സാഹചര്യങ്ങളുണ്ടെന്ന് എനിക്ക് ആശങ്കയുണ്ട്' എന്ന് അടിയന്തരാവസ്ഥയുടെ നാൽപ്പതാം വാർഷികത്തിൽ അദ്ദേഹമൊരു പ്രസ്താവനയിറക്കി. മുമ്പ് ഹോം മിനിസ്റ്ററായിരുന്ന ആളായതിനാൽ അദ്ദേഹത്തിന് ധാരാളം വിവരങ്ങൾ കിട്ടിക്കാണും. അങ്ങനെയുള്ളൊരു കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ കാര്യമെടുത്താൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ കീഴിലുള്ള വിജിലൻസ് വിഭാഗമാണ് ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണത്തെ സംബന്ധിച്ച് അതായത് ബാർ മുതലാളിമാരിൽനിന്ന് ധനകാര്യ വകുപ്പുമന്ത്രി കോഴ വാങ്ങി എന്ന ആരോപണത്തെക്കുറിച്ച് പ്രാഥമികമായിട്ടുള്ള അന്വേഷണം നടത്തിയതിനുശേഷം ധനകാര്യ വകുപ്പുമന്ത്രിയെ പ്രതിയാക്കി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. അടുത്ത ദിവസംതന്നെ തന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം രജിസ്റ്റർ ചെയ്ത കേസിന്റെ എഫ്.ഐ.ആർ.-ലെ പ്രതിയായ ശ്രീ. കെ. എം. മാണിയെ ആഭ്യന്തര വകുപ്പുമന്ത്രി നേരിൽ കാണുകയുണ്ടായി. ആ കൂടിക്കാഴ്ചയിൽ ഇരുവരും ചർച്ച ചെയ്തതെന്താണെന്ന് വ്യക്തമാക്കാൻ ഇനിയെങ്കിലും ആഭ്യന്തര വകുപ്പുമന്ത്രി

തയ്യാറാകുമോ; ധനകാര്യ വകുപ്പുമന്ത്രിയെ പ്രതിയാക്കി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് ശരിയായിരുന്നില്ലെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത്തരമൊരു പ്രസ്താവന നടത്താൻ മുഖ്യമന്ത്രിയെ പ്രേരിപ്പിച്ചത് എന്ത് ചേതോവികാരമായിരുന്നു; ധനകാര്യ വകുപ്പുമന്ത്രിയെ വിരട്ടിയും ഭീഷണിപ്പെടുത്തിയും വരുതിയിൽ നിർത്തുകയും അതോടൊപ്പം തലോടി ആശ്വസിപ്പിച്ച് കൂടെനിർത്തുകയും ചെയ്യുന്നതിന് മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പരസ്പരം മത്സരിക്കുന്നു എന്നുള്ള സംശയമാണ് നമ്മുടെ രാഷ്ട്രീയ ഭരണമണ്ഡലങ്ങളിലുള്ള നിരീക്ഷകർക്ക് ഉണ്ടായിക്കൊണ്ടിരിക്കു ന്നത്. ബാർ കോഴ കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥരെ എത്രതവണ മുഖ്യമന്ത്രി ഫോണിൽ വിളിച്ചിരുന്നുവെന്ന് പരിശോധിക്കാൻ ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ആറ് മാസം നീണ്ട ബാർകോഴ കേസ് അന്വേഷണം സംബന്ധിച്ച് നടന്ന ചരടുവലികളും ഇടപെടലുകളും പോലീസുകാരുടെ സ്ഥാനചലനങ്ങളും പ്രൊമോഷനുകളുമൊക്കെ സംബന്ധിച്ച് ഒരു ധവളപത്രമിറക്കാൻ ആഭ്യന്തരവകുപ്പ് തയ്യാറാകുമോ; ഞാൻ അത് ആവശ്യപ്പെടുകയാണ്. കുറ്റാന്വേഷണം നടത്തുന്നവർ കുറ്റപത്രം തയ്യാറാക്കിക്കഴിഞ്ഞാൽ അത് നേരിട്ട് കോടതിയിൽ സമർപ്പിക്കുന്നതാണ് പതിവ്. എന്നാൽ ബാർകോഴ കേസിൽ മാത്രം തയ്യാറാക്കപ്പെട്ട കുറ്റപത്രം അതിനുശേഷം

നിയമോപദേശങ്ങൾക്കും ഉയർന്ന പോലീസ് നിർദ്ദേശങ്ങൾക്കുമായി കാത്തുകെട്ടിക്കിടക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറയുമോ; കോഴക്കേസിന്റെ കാര്യത്തിൽ മാത്രം നിയമം നിയമത്തിന്റെ വഴിക്കുപോകാതെ ആരുടെയൊക്കെ വഴിക്കാണ് പോകുന്നതെന്നുള്ളത് എല്ലാവർക്കും വ്യക്തമായി അറിയാം. അതിന്റെ പേരിൽ നടന്ന കള്ളക്കളികളും നാടകങ്ങളും കേരളാ പോലീസിനും സർക്കാരിനും കേരളീയർക്കാകമാനം അപമാനകരമായിട്ടിരിക്കുകയാണ്. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന് സമീപമുള്ള ചെങ്കൽച്ചൂളയിലെ രാജാജി നഗറിലുള്ള ഒരു ദരിദ്രകുടുംബത്തിന്റെ അത്താണിയായിരുന്ന ജിത്തു എന്നുവിളിക്കുന്ന സുജിത്തിന്റെ നേർക്ക് കഴിഞ്ഞമാസം നടന്ന പോലീസ് അതിക്രമം പ്രബുദ്ധ കേരളത്തിന് അപമാനകരമാണ്. മേയ് മാസം 17-ാം തീയതി രാത്രി 8.30 ന് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ബേക്കറി ജംഗ്ഷനിൽവച്ച് സ്വന്തം ബൈക്ക് ഓടിച്ചുവന്ന സുജിത്തിനെയും കൂട്ടുകാരനെയും തടഞ്ഞുനിർത്തി പോലീസ് ജീപ്പിൽ കയറ്റി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അതിക്രൂരമായി മർദ്ദിച്ചു. ഇക്കാര്യം അന്വേഷിച്ചുവന്ന അദ്ദേഹത്തിന്റെ അമ്മയെയും ബന്ധുമിത്രാദികളെയും എ.എസ്.ഐ. അസഭ്യം വിളിച്ചു. അതിനുശേഷം രണ്ട് ആളുകളുടെ ജാമ്യത്തിലാണ്

അവരെ വിട്ടയച്ചത്. ഹെൽമെറ്റ് ഇല്ലാതെ വണ്ടിയോടിച്ചതാണ് അവർ ചെയ്ത കുറ്റം. ഈ പീഡനത്തിൽ മാനസികമായി തളർന്ന ചെറുപ്പക്കാരൻ തൊട്ടടുത്തുള്ള സഹകരണ ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിൽനിന്നും ചാടി ആത്മഹത്യ ചെയ്തു. മേയ് മാസം 21-ാം തീയതി ആഭ്യന്തര വകുപ്പുമന്ത്രിക്ക് നേരിട്ടാണ് സുജിത്തിന്റെ അച്ഛനും അമ്മയും പരാതി കൊടുത്തത്. അത് സ്വീകരിച്ചതല്ലാതെ കാര്യമായ നടപടിയൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഞാൻ താമസിക്കുന്ന കാഞ്ഞിരംകുളം പഞ്ചായത്തിലെ പോലീസ് സ്റ്റേഷനിൽ കഴിഞ്ഞ വർഷം ചാർജ്ജ് വഹിച്ചിരുന്ന ഒരു സബ് ഇൻസ്പെക്ടറുണ്ടായിരുന്നു. സാധുക്കളായ ആട്ടോറിക്ഷാ ഡ്രൈവർമാരെ പീഡിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കൃത്യനിർവ്വഹണം. ഒരു ആട്ടോ ഡ്രൈവറെ ആട്ടോറിക്ഷയിൽനിന്ന് പിടിച്ചിറക്കി സ്റ്റേഷനിൽ കൊണ്ടുപോയി നന്നായി ഭീഷണിപ്പെടുത്തി മർദ്ദിച്ചു. അച്ഛനമ്മമാരുടെ ഏക മകനായ പട്ടികജാതിക്കാരനായ ആ യുവാവ് പിന്നീട് ആത്മഹത്യചെയ്തു. അതിനുശേഷം 'അതുകൊണ്ടരിശം തീരാഞ്ഞവൻ' എന്നുതന്നെ പറയാം ആ എസ്.ഐ. അടുത്ത ദിവസം ഓടിക്കൊണ്ടിരുന്ന ഒരു ഓട്ടോറിക്ഷയിൽ ചാടിക്കയറി ഓട്ടോറിക്ഷാ ഡ്രൈവറുടെ കഴുത്തിലടിച്ചു. അപ്പോൾ ഓട്ടോറിക്ഷ നിയന്ത്രണംവിട്ട് ചെന്ന് ഇടിച്ചത് ബൈക്കിൽവന്ന ഒരു പാവപ്പെട്ട കുടുംബത്തെയാണ്. ബൈക്കിൽ

സഞ്ചരിച്ചിരുന്ന കൂലിവേലക്കാരനായ പിതാവിനും മാതാവിനും 4 വയസ്സും 7 വയസ്സുമായ രണ്ട് കുഞ്ഞുങ്ങൾക്കും ഫ്രാക്ചർ ഉണ്ടായി. ആട്ടോറിക്ഷയിൽനിന്നും തെറിച്ചുവീണ ഡ്രൈവർ അപ്പോൾത്തന്നെ മരിച്ചു. ആ പോലീസ് ഇൻസ്പെക്ടറുടെ കഴുത്തിന് ചെറിയൊരു ഉളുക്കുവന്നെന്നു പറഞ്ഞ് അന്നുമുതൽ ചികിത്സയിലാണ്. അദ്ദേഹത്തെ സസ്പെന്റുചെയ്തു. അന്വേഷണം പ്രഖ്യാപിച്ചു, ക്രൈം ബ്രാഞ്ചിന് വിട്ടു എന്നൊക്കെ പറയുന്നുണ്ട്. പക്ഷേ ക്രൈം ബ്രാഞ്ചിൽ അന്വേഷിക്കുമ്പോൾ ഇതുവരെ തെളിവുകളൊന്നും സ്വീകരിച്ചുതീർന്നില്ല എന്നാണ് അറിയുന്നത്. രാത്രി 8.30 ന് ധാരാളം നാട്ടുകാർ നോക്കിനിൽക്കേ എന്റെ സ്വന്തം നാട്ടിൽവച്ച് നടന്ന സംഭവമാണിത്. അതിന് ധനസഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ അത് ഇതുവരെ കിട്ടിയിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രാജ്യത്ത് നീതി നടന്നാൽ മാത്രം പോരാ നടക്കുന്നതായി നോക്കി നിൽക്കുന്ന സാധാരണക്കാരായ ജനങ്ങൾക്കും തോന്നണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മരണപ്പെട്ട ആളിന്റെ കുടുംബത്തിന് കാബിനറ്റ് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീമതി ജമീലാ പ്രകാശം: സർ, അനുവദിച്ചെങ്കിലും തുക ഇതുവരെ കിട്ടിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ സഭയിലെ ഒരു അംഗമായിട്ടുള്ള

ശ്രീമതി കെ. കെ. ലതിക, ഒരു കേസിൽ കൃത്രിമമായി പ്രതിചേർക്കപ്പെട്ട് വിചാരണത്തടവുകാരനായി ജയിലിൽ കഴിയേണ്ടിവന്ന തന്റെ ഭർത്താവിനെ കോടതിയിലേയ്ക്ക് കൊണ്ടുപോകുന്നതിനിടയിൽ കണ്ടുപോയി. അതിന്റെ പേരിൽ എന്തൊക്കെ കോലാഹലങ്ങൾ ഈ സംസ്ഥാനത്ത് നടന്നു; എന്നാൽ നിരവധി തട്ടിപ്പുകേസ്സുകളിൽ പ്രതികളായിട്ടുള്ളവരെ കോടതിയിലേയ്ക്ക് കൊണ്ടുപോകുന്നവഴി ജയിലിൽവച്ച് ആരൊക്കെ എപ്പോഴൊക്കെ കണ്ടു എന്നതിനെ സംബന്ധിച്ച് നീതിന്യായവ്യവസ്ഥ നിലനിർത്താൻ ബാധ്യതയുള്ള സർക്കാരിന് എന്തൊക്കെ പറയാൻ സാധിക്കും. ന്യായാധിപന്റെ മുമ്പിൽ ജയിൽ അധികൃതർ സമർപ്പിച്ച സന്ദർശക ഡയറിപോലും തിരുത്തലുകൾക്കും കൃത്രിമങ്ങൾക്കും വിധേയമായതായി കണ്ടുപിടിക്കേണ്ട സമയമാണ് വന്നിരിക്കുന്നത്. നിയമസഭാ ഹാളിൽവച്ച്, നിയമസഭാ സമ്മേളനം രാവിലെ ഔപചാരികമായി ആരംഭിക്കുന്നതിനുമുമ്പ് ഞാൻ ഉൾപ്പെടെയുള്ള വനിതാ എം.എൽ.എ.-മാർക്കുനേരെ നടന്ന ആക്രമണത്തെ സംബന്ധിച്ച് പോലിസിന് ഒന്നും ചെയ്യാനില്ലായെന്ന് പ്രസ്താവനയിറക്കിയ ആഭ്യന്തര വകുപ്പുമന്ത്രി താൻ നേതൃത്വം നൽകുന്ന ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ പ്രവർത്തിക്കണമെന്ന് ഉത്തരവ് കൊടുക്കുകയല്ലേ ചെയ്തത്. അടുത്ത കാലത്ത് മാവോവാദി പ്രവർത്തനം ആരോപിച്ചുകൊണ്ട് രൂപേഷിന്റെ മകൾ

ആമിയേയും കൂട്ടുകാരേയും പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. രാജ്യദ്രോഹകുറ്റം ചുമത്തിയാണ് പ്രായപൂർത്തിയാകാത്ത ആമി എന്ന പെൺകുട്ടിയെ പോലീസ് അറസ്റ്റ് ചെയ്തത് എന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇപ്രകാരം അടിസ്ഥാനമില്ലാതെ മാവോവാദി വേട്ടയുടെ പേരിൽ പൊതുപണം കയ്യും കണക്കുമില്ലാതെ ധൂർത്തടിക്കുന്നൊരു സാഹചര്യം ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അമ്പതിനായിരത്തിനുമുകളിൽ അംഗബലമുള്ള നമ്മുടെ പോലീസ് സേനയിൽ കേവലം മൂവായിരത്തിനടുത്തുമാത്രമേ വനിതകളുള്ളൂ എന്നത് പല തവണ ഈ സഭയ്ക്ക് അകത്തും പുറത്തുംവച്ച് ഞാൻ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങേയറ്റം അതിക്രമങ്ങൾ നടക്കുന്ന ഇക്കാലത്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 25 ശതമാനമെങ്കിലും വനിതകളെ കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് പുതിയതായി റിക്രൂട്ട് ചെയ്യാനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടത് ജനസംഖ്യയുടെ പകുതിയിലധികം വരുന്ന കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ സുരക്ഷിതത്വത്തിനും നിർഭയമായിട്ടുള്ള ജീവിത സാഹചര്യങ്ങൾക്കും അവർക്കുള്ള അവകാശത്തിനും അനിവാര്യമായ കാര്യമായി ഇപ്പോൾ തീർന്നിരിക്കുകയാണ്. 2010-ൽ എൽ.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ച സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

ആവേശകരമായ അനുഭവമായി മാറിക്കഴിഞ്ഞു. വർഷം അഞ്ച് കഴിഞ്ഞിട്ടും എല്ലാ ഹൈസ്കൂളുകളിലേയ്ക്കും അത് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് വലിയ പോരായ്മയാണ്. പോലീസ് കോൺസ്റ്റബിൾമാരുടെ ഇടയിൽ നേരത്തെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ 24 പി.എച്ച്.ഡി.-ക്കാരും മൂവായിരത്തിലധികം പി.ജി.-ക്കാരും പതിനൊന്നായിരത്തിൽപ്പരം ബിരുദധാരികളുമുണ്ട്. പ്രൊമോഷനുള്ള മാനദണ്ഡമായി സീനിയോറിറ്റി മാത്രം കർശനമായി കണക്കാക്കാതെ ഒരു നിശ്ചിത ശതമാനം ഒഴിവുകളിലെങ്കിലും മെറിറ്റ് അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരാൻ സർക്കാരിന് കഴിയില്ലേ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, ജയിലുകൾക്കുള്ളിൽ വധശിക്ഷ നടപ്പിലാക്കാതെ തന്നെ തടവുകാരുടെ മരണനിരക്ക് വർദ്ധിക്കുകയാണ്. പലരും ആത്മഹത്യ ചെയ്യുന്നു, കൊല്ലപ്പെടുന്നു, മർദ്ദനങ്ങൾ പെരുകുന്നു. ജയിൽ ഡി.ജി.പി. തന്നെ ഇതു തടയുവാൻ നിർദ്ദേശങ്ങളും കൊടുക്കുന്നു. തടവുകാരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളതിൽനിന്നും ആയിരത്തിൽപ്പരം കൂടുതലാണ്. ജയിലുകളെല്ലാം സാമ്പത്തിക ഞെരുക്കത്തിന്റെ പിടിയിലുമാണ്. ആരോപിക്കപ്പെട്ട കുറ്റങ്ങൾക്ക്

നിശ്ചയിച്ചിട്ടുള്ള ശിക്ഷാ കാലാവധിയിൽ കൂടുതൽ കാലയളവ് ജയിലിനകത്ത് വിചാരണ തടവുകാരായി കഴിഞ്ഞിട്ടുള്ളവരെ മോചിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു മർദ്ദന ഉപകരണമെന്ന റോളിൽനിന്നും ജനസേവകർ എന്ന സ്ഥാനത്ത് നിലയുറപ്പിക്കുവാൻ പോലീസ് സേനയ്ക്കും അവരെ അപ്രകാരം മാറ്റിയെടുക്കാൻ സർക്കാരിനും കഴിഞ്ഞേ മതിയാകൂ. ഇദംപര്യന്തമുള്ള കാര്യങ്ങൾ നോക്കുമ്പോൾ ഈ സർക്കാരിന് അതിന് കഴിയുമോയെന്ന് സംശയം തോന്നിപ്പോകുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നിയമപാലനത്തിലും സോഷ്യൽ സെക്യൂരിറ്റിയിലും ഇൻഡ്യയിൽ മുൻനിരയിൽ നിൽക്കുന്ന കേരള പോലീസ് രാജ്യത്തിന് തന്നെ അഭിമാനമാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് എല്ലാകാലത്തും നടത്തിയിട്ടുള്ളത്. എന്നാൽ പോലീസ് സേനയിൽ ആക്ഷേപങ്ങൾ ഉണ്ടാകുന്ന നിരവധി സാഹചര്യങ്ങളും നമ്മുടെ സംസ്ഥാനത്ത് ചർച്ച ചെയ്യപ്പെടുന്നുണ്ട്. കുറ്റമറ്റ രീതിയിൽ കേരളാ പോലീസ് സേനയെ മുന്നോട്ട് നയിക്കുവാനും കാര്യക്ഷമതയോടെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിപ്പിക്കുവാനും ഗവൺമെന്റ് എങ്ങനെ നേതൃത്വം കൊടുക്കുന്നുവെന്നതാണ് പ്രധാന പ്രശ്നം. ഇക്കാര്യത്തിൽ

യു.ഡി.എഫ്. സർക്കാർ അഭിമാനകരമായി പ്രവർത്തിക്കുന്നുവെന്ന് പറയുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന എല്ലാ കർമ്മപരിപാടികളും ഇന്ന് കേരളത്തിന്റെ പൊതുസമൂഹം സ്വാഗതം ചെയ്തിട്ടുള്ള നല്ല കാര്യങ്ങളാണ്. ജനങ്ങൾക്ക് ഉപകരിക്കുന്ന നല്ല കാര്യങ്ങൾ നടപ്പാക്കുവാൻ ആത്മാർത്ഥമായി ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നു. നിയമം കർശനമായി നടപ്പാക്കുവാനും ജനങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തുവാനും സാമൂഹ്യവിരുദ്ധ ശക്തികളെ അമർച്ച ചെയ്യാനുമാണ് ഗവൺമെന്റിന്റെ ഇച്ഛാശക്തി എന്ന മെസേജ് ഏറ്റവും കൂടുതൽ പ്രധാനപ്പെട്ടതാണ്. അത് അതിന്റെ പ്രാധാന്യത്തോടെ സമൂഹത്തിലേയ്ക്ക് കൈമാറാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അതുപോലെതന്നെ പുതിയ ഡി.ജി.പി. ചുമതലയേറ്റശേഷം ആഭ്യന്തര വകുപ്പിൽ നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നിലപാടും സ്വാഗതാർഹമാണ്. പോലീസ് സേനയിലാണെങ്കിൽ ഏത് രീതിയിൽ വേണമെങ്കിലും പോകാമെന്ന നിലയിലേക്ക് കാര്യങ്ങൾ വന്നാലുണ്ടാകുന്ന അവസ്ഥ ഒരു ഭയപ്പാട് ഉണ്ടാക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ല. എന്നാൽ കാര്യക്ഷമതയോടെയുള്ള ഇടപെടലുകളും ശ്രദ്ധാപൂർവ്വമുള്ള പ്രവർത്തനങ്ങളും

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മന്ത്രി എന്ന നിലയിലും ഡി.ജി.പി. മുതലുള്ള പ്രധാന പോലീസ് ഓഫീസേഴ്സും ആ നിലയിൽ പ്രവർത്തിക്കുവാൻ നേതൃത്വം കൊടുക്കുന്നുവെന്ന് വരുമ്പോൾ പോലീസ് സേന കൂടുതൽ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുവാൻ ശ്രദ്ധിക്കുന്നുവെന്നുള്ളത് പ്രത്യേകം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൈവരിക്കാൻ സാധിക്കും. ഇവിടെ ശ്രീമതി ജമീലാ പ്രകാശവും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും ചൂണ്ടിക്കാണിച്ചതുപോലെ ചെറിയ പ്രശ്നങ്ങൾക്കുപോലും അനാവശ്യമായി പോലീസുകാർ ജനങ്ങളുടെ നേരെ വലിയൊരു ഭീതി സൃഷ്ടിച്ചുകൊണ്ട് അപകടത്തിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങൾ നിത്യ സംഭവങ്ങളായി നമുക്ക് പലപ്പോഴും കാണാൻ സാധിക്കും. നീതി ലഭിക്കേണ്ട ആളുകൾക്ക് അത് ഉറപ്പുവരുത്തുവാൻ ശ്രമിക്കേണ്ടത് പോലീസാണ്. സംസ്ഥാനത്ത് നടപ്പാക്കുന്ന ജനമൈത്രി പോലീസ് അടക്കം പോലീസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു ഹിത പരിശോധന ആവശ്യമാണെന്നുള്ളതിൽ ഒരു സംശയവുമില്ല. കാരണം മാനദണ്ഡങ്ങൾ വിട്ട് പോലീസ് സേന അനാവശ്യമായി പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടാൻ കഴിയുന്ന വിധത്തിൽ ശ്രദ്ധാപൂർവ്വം ഗവൺമെന്റ് പരിശോധിക്കുന്നു, വിലയിരുത്തുന്നു എന്നുവരേണ്ടത്

ആവശ്യമാണ്. അതിന് കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഇതെല്ലാം ചെയ്യണമെങ്കിൽ, ഓരോ പോലീസ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന ആവശ്യങ്ങൾ വിലയിരുത്തിയാൽ ആവശ്യത്തിന് പോലീസുകാർ ഇല്ലായെന്നുള്ളത് ഒരു പ്രശ്നം തന്നെയാണ്. വനിതാ പോലീസ് അടക്കം നിരവധി പോസ്റ്റിംഗുകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അതെല്ലാം സ്വാഗതാർഹമാണ്. ട്രാഫിക് പോലീസ് അവരുടെ ജോലി നിർവ്വഹിക്കുന്ന സന്ദർഭത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രീ. വി.റ്റി. ബൽറാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ജോലിയിലേയ്ക്ക് പോകുന്ന ആളുകൾ അത്രയും സ്റ്റേഷനിൽ കുറഞ്ഞുവരികയാണ്. സ്റ്റേഷനിൽ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു നടപടി സംസ്ഥാനത്തിന് ആവശ്യമാണ്. പുരുഷ -വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മുൻഗണന കൊടുത്തുകൊണ്ട് ചെയ്യണമെന്നതാണ് ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ പുതിയ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് ആവശ്യമാണ്. പോലീസ് സ്റ്റേഷനുകൾ, സർക്കിൾ ഓഫീസുകൾ തുടങ്ങിയ വിവിധ ഓഫീസുകൾ സംസ്ഥാനത്ത് തുടങ്ങേണ്ടത് സംബന്ധിച്ച് ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുള്ളതും

നിയമസഭയിൽ പലപ്പോഴായി ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് മുൻഗണന കൊടുക്കുവാനും സമയബന്ധിതമായി അത് നടപ്പാക്കുവാനുമുള്ള സാഹചര്യം ഉണ്ടാകണം. മാനുഷിക പരിഗണനയോടെ പോലീസുകാരുടെ ഡ്യൂട്ടി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കേണ്ടതും ആവശ്യമാണ്. തൃപ്തികരമായി പോലീസുകാർക്ക് പ്രവർത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാകണം. അങ്ങനെ കഴിയണമെങ്കിൽ, അവർക്ക് ഇപ്പോഴുള്ള ഡ്യൂട്ടിയും കഷ്ടപ്പെട്ട് നിൽക്കേണ്ടി വരുമ്പോൾ മടുത്തുപോകുന്ന, പ്രയാസപ്പെട്ടുപോകുന്ന മനോവീര്യം തളർത്തുന്ന നിലയിലേയ്ക്ക് പോകാതിരിക്കുക. അതിന് മാറ്റംവരുത്തി കർമ്മനിരതമായി പോലീസ് സേനയെ പ്രവർത്തിപ്പിക്കേണ്ടത് ആവശ്യമാണ്. അത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ട ആത്മാർത്ഥത പ്രത്യേകമായി ഈ കാലഘട്ടത്തിൽ കാണിക്കുവാൻ കഴിയണമെന്നതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. സ്വാഗതാർഹമായിട്ടുള്ള നിരവധി കാര്യങ്ങൾ നടപ്പാക്കാൻ ഇതിനോടകം തന്നെ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയാകുന്ന വിധത്തിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC)

പ്രവർത്തിക്കുന്നത്. 247 സ്കൂളുകളിൽ എസ്.പി.സി. നടപ്പാക്കുന്നതിന് ഗവൺമെന്റിന് കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ എസ്.പി.സി. ഉണ്ടായിരുന്നില്ല. ഞങ്ങളെല്ലാം ആ ആവശ്യം ഉന്നയിക്കുകയും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല അക്കാര്യത്തിൽ അനുകൂലമായ നിലപാടെടുക്കുകയും ചെയ്തു. ഇന്ന് സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ കൂടി എസ്.പി.സി. നടപ്പാക്കുന്ന വിധത്തിലേയ്ക്ക് ഗവൺമെന്റ് മുന്നോട്ട് വരികയുണ്ടായി. എനിക്ക് ആവശ്യപ്പെടാനുള്ളത്, ഇതിന്റെയൊരു നന്മ ഇവിടെ ബഹുമാനപ്പെട്ട ഭരണകക്ഷി പ്രതിപക്ഷ ഭേദമന്യേ എല്ലാവരും ചൂണ്ടിക്കാണിച്ച കാര്യങ്ങളാണ്. മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലഘട്ടത്തിൽ ഇതിന് തുടക്കം കുറിക്കുകയും അതുപോലെ തന്നെ ഫലപ്രദമായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിന് നേതൃത്വം കൊടുക്കുകയും ചെയ്തു. ഇന്ന് ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ഇക്കാര്യങ്ങൾ മുന്നോട്ട് പോകുമ്പോൾ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും എസ്.പി.സി. വ്യാപിപ്പിക്കുന്ന നല്ലൊരു തീരുമാനം കേരളത്തിൽ ഉണ്ടാകുക എന്നുള്ളത് ഈ കാലഘട്ടത്തിൽ പൊതുസമൂഹം ആഗ്രഹിക്കുന്നതാണ്. സത്യത്തിൽ ആ കുട്ടികളുടെ നന്മനിറഞ്ഞ പ്രവർത്തനവും അതിലൂടെ നമുക്ക് കിട്ടുന്ന ഒരു

ചാരിതാർത്ഥ്യവും വിലയിരുത്തുമ്പോൾ അതിലേയ്ക്ക് ഗവൺമെന്റിന് വരാൻ കഴിയട്ടെ. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും എസ്.പി.സി. നടപ്പാക്കുന്ന വിധത്തിലേയ്ക്ക് ഈ പ്രവർത്തനങ്ങളെ മാറ്റാൻ കഴിയണമെന്ന് പ്രത്യേകം ആവശ്യപ്പെടുകയാണ്. അതുപോലെ ജനമൈത്രി പോലീസുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചെയ്യുന്ന നല്ലകാര്യങ്ങൾ വിലയിരുത്തുമ്പോൾ... 267 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി വന്നു. ജനമൈത്രി വരുമ്പോൾ, മറുവശത്ത് ശ്രദ്ധിക്കാനുള്ളത് ദാസൻമാരായി പോലീസ് ജനങ്ങൾക്കിടയിലേയ്ക്കിറങ്ങി എല്ലാവരും കൈകോർത്തുനിന്ന് സൗഹൃദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ പോലീസിന്റെ ഗൗരവവും നിയമം പാലിക്കുവാനുള്ള സാഹചര്യങ്ങളും വിട്ടുപോകുന്ന ഒരു സ്ഥിതി വിശേഷം പലപ്പോഴും സമൂഹത്തിൽ കാണുകയാണ്. ഇത്തരം കാര്യങ്ങൾകൂടി പരിശോധിച്ചുകൊണ്ട് ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ഇഫക്ടീവാക്കി മാറ്റാൻ കഴിയണം. ജനങ്ങൾക്ക് നന്മയുണ്ടാകണം ജനങ്ങൾക്ക് സൗഹൃദമുണ്ടാകണം എന്നുള്ളതോടൊപ്പം തന്നെ അത് ഫലപ്രദമാക്കിമാറ്റാനും നിയമപരമായി കർശനമായി കാര്യങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയുന്ന വിധത്തിൽ ഒരു പുനഃക്രമീകരണം ആവശ്യമാണ് എന്നു ഞാൻ കരുതുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ജനങ്ങളും പോലീസും തമ്മിലുള്ള അടുപ്പം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. ഒരു പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ പോലീസുമായി ജനങ്ങൾക്ക് ഉണ്ടായിരുന്ന ഏറ്റവും വലിയ ഇമോഷണൽ അറ്റാച്ച്മെന്റുകളിൽ ഒന്നായിരുന്ന കേരള പോലീസിന്റെ ഫുട്ബോൾ ടീം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ദേശീയ ഫുട്ബോൾ ടീമിലേയ്ക്ക് നിരവധി താരങ്ങളെ സംഭാവന ചെയ്തത് കേരള പോലീസിന്റെ ഫുട്ബോൾ ടീം ആയിരുന്നു. ഐ. എം. വിജയനും, പാപ്പച്ചനും, ചാക്കോയുമുൾപ്പെടെയുള്ള ആളുകൾ നമ്മുടെ ഫുട്ബോളിന്റെ, സ്പോർട്സിന്റെ മേൽവിലാസമായി മാറിയിട്ടുണ്ടായിരുന്നു. പക്ഷെ ആ നിലവാരത്തിലേയ്ക്ക് പൊലീസിന്റെ ടീമിനെ ഇപ്പോൾകൊണ്ടു പോകാൻ കഴിയുന്നില്ല. നല്ല താരങ്ങളെ കൊണ്ടുവന്ന് സ്പോർട്സ് ക്വാട്ടയിൽ നിയമനങ്ങൾ നടത്തി പഴയ പ്രതാപത്തിലേയ്ക്ക് കേരള പോലീസ് ഫുട്ബോൾ ടീമിനെ കൊണ്ടു വരുന്നതിനുവേണ്ട നടപടികൾക്ക് ഗവൺമെന്റ് നേതൃത്വം നൽകേണ്ടതാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ അതിനെ അനുകൂലിക്കുകയാണ്. കാരണം ഒരു കാലഘട്ടത്തിൽ ഫുട്ബോളിൽ കേരള

പോലീസ് ടീം ഇറങ്ങുന്നുവെന്ന് പറയുമ്പോൾ തന്നെ നമുക്ക് ആവേശം ഉണ്ടാകുന്നത് ഞാൻ ഓർക്കുകയാണ്. പ്രത്യേകിച്ച് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പോകുന്ന മുഴുവൻ പേരും അഭിമാനത്തോടെയാണ് അന്ന് അതെല്ലാം ഓർത്തിരുന്നത്. ആ ഒരു സ്ഥിതിയിലേയ്ക്ക് വരാൻ അതിന് മുൻഗണനന കൊടുക്കേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ വോളിബോൾ ടീം - ജിമ്മി ജോർജ്ജ്, ജോസ് ജോർജ്ജ്, ബ്ലസൻ ജോർജ്ജ്.... വോളിബോൾ രംഗത്ത് പോലീസിന്റെ അതികായകന്മാർ നിന്ന ഫുട്ബോൾ, വോളി ബോൾ എന്ന നിലയിൽ പോലീസ് ടീമിനെ ഏറ്റവും ഭംഗിയാക്കി മാറ്റാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ... അതിനുവേണ്ടി ഗവൺമെന്റ് ഒരു വിലയിരുത്തൽ നടത്തി സമയബന്ധിതമായി കുറെ ആളുകളെ പ്രത്യേകമായി റിക്രൂട്ട് ചെയ്യുന്ന വിധത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ ഏറ്റവും വലിയ കാര്യമായിരിക്കും. ഇത്രയും നല്ല നിലയിലുള്ള കാര്യങ്ങൾ ചെയ്യുന്ന ആഭ്യന്തര വകുപ്പുമന്ത്രിക്ക് ആ നിലയിൽ കൂടിയുള്ള ആത്മാർത്ഥമായ ഇടപെടൽ നടത്തുവാൻ കഴിയട്ടെയെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെ തന്നെ ഓപ്പറേഷൻ സുരക്ഷ, ക്ലീൻ കാമ്പസ് സേഫ് കാമ്പസ്, ഓപ്പറേഷൻ കുബേര എന്നിങ്ങനെയുള്ള നിരവധി കർമ്മപരിപാടികൾ ഈ കാലഘട്ടത്തിൽ കേരളം ഏറ്റവും കൂടുതൽ പ്രതീക്ഷയോടെ ഉറ്റുനോക്കിയ കാര്യങ്ങളാണ്. പാവപ്പെട്ട സാധാരണക്കാരായ

ജനങ്ങൾക്ക് സുരക്ഷ കൊടുക്കുവാനും അവരെ സഹായിക്കുവാനും കഴിയുന്ന വിധത്തിലുള്ള നടപടികളാണ് ഇതിലൂടെ നടത്തിയിട്ടുള്ളത്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസ് ചെയ്യുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെയും വളരെ പ്രാധാന്യത്തോടുകൂടി വളർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിയുന്നവിധത്തിലുള്ള ബോധവൽക്കരണവും അതിനാവശ്യമായ പോലീസിന്റെ എഫക്റ്റീവായ ഇടപെടലും ഏറ്റവും സജീവമാക്കി മാറ്റാൻ ഗവൺമെന്റിന് കഴിയണം. അത്തരത്തിലുള്ള പ്രവർത്തനങ്ങൾകൂടി മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ, ഇത്രയും നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുന്ന ഈ കാലഘട്ടത്തിൽ, ഇപ്പോൾ തെരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നു. തെരഞ്ഞെടുപ്പ് റിസൾട്ട് വന്ന അരുവിക്കരയിൽ ഐക്യജനാധിപത്യമുന്നണി തിളക്കമാർന്ന വിജയം കരസ്ഥമാക്കി. ആദരണീയനായ മുൻ സ്പീക്കർ ജി. കാർത്തികേയന്റെ മകൻ ശ്രീ. കെ. എസ്. ശബരീനാഥൻ യു.ഡി.എഫ്-ന്റെ സ്ഥാനാർത്ഥി എന്ന നിലയിൽ ഏറ്റവും

സ്വീകാര്യനായ സ്ഥാനാർത്ഥിയായി വരികയും ജനങ്ങൾക്കിടയിൽ നല്ല മതിപ്പോടെ തിളക്കമാർന്ന വിജയം കൈവരിക്കുകയും ചെയ്തു. ഇന്നത്തെ ദിവസവും ശ്രീമതി ജമീലാ പ്രകാശം ബാർ കോഴക്കേസ്സുമായി വീണ്ടും വരുന്നു എന്നുപറഞ്ഞാൽ ഇവർക്ക് ഒരു മാറ്റവും വരികയില്ല എന്നുള്ളതിന്റെ തെളിവായി മാത്രമേ നമുക്ക് ഇതിനെ കാണാൻ കഴിയുകയുള്ളൂ. നമ്മൾ രണ്ടുകൂട്ടരും അവിടെ പ്രവർത്തനരംഗത്തുണ്ടായിരുന്നു. എത്ര അപഹാസ്യമായ നിലയിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അവിടെ രാഷ്ട്രീയമായ കാര്യങ്ങൾ കൈകാര്യം ചെയ്തത് എന്ന് നിങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. യു.എഡി.എഫ്. നേതാക്കന്മാരെ മുഴുവൻ പരിഹസിക്കുന്നതിനും വ്യക്തിഹത്യ നടത്തുന്നതിനും പ്രസംഗങ്ങളിലൂടെയും ഗാനങ്ങളിലൂടെയും പ്രചരണം നടത്തിയ സമീപനങ്ങളെ ജനങ്ങൾ എങ്ങനെ വിലയിരുത്തി എന്നുള്ളത് എൽ.ഡി.എഫ്. പരിശോധിക്കേണ്ടതായിട്ടുണ്ട്. പതിനായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഐക്യജനാധിപത്യമുന്നണി സ്ഥാനാർത്ഥി വിജയിച്ചത് ഇതൊന്നും ജനങ്ങൾ അംഗീകരിക്കുന്നില്ല എന്നതിന്റെ വ്യക്തമായ തെളിവാണ്. ഇത്രയും വലിയ വിമർശനങ്ങളും പ്രതിസന്ധികളും നിറഞ്ഞുനിൽക്കുന്ന രാഷ്ട്രീയകേരളത്തിന്റെ കാലാവസ്ഥയിലും ഐക്യജനാധിപത്യമുന്നണിക്ക് തിളക്കമാർന്ന വിജയം ജനങ്ങൾ കൊടുത്തുവെന്ന്

പറഞ്ഞാൽ ജനങ്ങളുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുന്ന വിധിയെഴുത്തിനെ നിങ്ങൾ കണക്കാക്കണം. ബാർ കോഴക്കേസ് എന്നുപറഞ്ഞ് കെ. എം. മാണി സാറിനെയും ഐക്യജനാധിപത്യമുന്നണിയെയും അപമാനിക്കാൻ നടത്തിയ ശ്രമങ്ങളും നിയമസഭയിലും വെളിയിലും മറ്റ് വിവാദപരമായി ഉയർത്തിക്കൊണ്ടുവന്ന പ്രശ്നങ്ങളും വിമർശനങ്ങളും മുഴുവൻ ചർച്ച ചെയ്യാൻ കിട്ടിയ അവസരമാണ് അരുവിക്കര തെരഞ്ഞെടുപ്പ്. അതുകൊണ്ട് ഉന്നയിക്കപ്പെട്ട ഈ വിഷയങ്ങളെല്ലാം നിയമം നിയമത്തിന്റെ വഴിക്കുതന്നെ പോകട്ടെ, കാര്യങ്ങൾ പരിശോധിക്കട്ടെ, അതിന്റെ കാര്യങ്ങളെല്ലാം അതിന്റേതായ നിലയിൽത്തന്നെ തീരുമാനിക്കപ്പെടട്ടെ, പക്ഷേ നമുക്കെല്ലാം കാണാൻ കഴിയുന്ന വസ്തുതകളുണ്ട്. യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് ബഹളം സൃഷ്ടിക്കുവാൻ ശ്രമിക്കുമ്പോൾ ജനങ്ങൾ ഇതെല്ലാം വിലയിരുത്തിക്കൊണ്ട് അതൊന്നും അംഗീകരിക്കാൻ തയ്യാറാകില്ല എന്നുള്ള നിലപാട് എൽ.ഡി.എഫ്. കണക്കിലെടുക്കണം. ശ്രീ. കെ. എസ്. ശബരിനാഥന്റെ വിജയം യു.ഡി.എഫ്. സർക്കാരിന്റെ ജനക്ഷേമപ്രവർത്തനങ്ങൾക്കും വികസന പദ്ധതികൾക്കും ജനങ്ങൾ നൽകിയ പിന്തുണയാണ് എന്നുതന്നെ ഞങ്ങൾ കണക്കാക്കുകയാണ്. അത് അംഗീകരിക്കപ്പെടുന്നു എന്നുള്ളതിൽ തീർച്ചയായും ഞങ്ങൾക്ക് സന്തോഷമുണ്ട്

എന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. യു.ഡി.എഫ്-ന്റെ രാഷ്ട്രീയ വിജയമായി ഈ തെരഞ്ഞെടുപ്പിനെ കാണേണ്ടതായിട്ടുണ്ട്. അരുവിക്കരയിലെ വിജയം ആ നിലയിൽത്തന്നെ കാണുവാൻ കഴിയും. എൽ.ഡി.എഫ്.-ന് ഉണ്ടായിരിക്കുന്നത് കനത്ത പരാജയമാണ്. എൽ.ഡി.എഫ്.-ന്റെ പ്രവർത്തനരംഗത്തെ നിലപാട് ആത്മപരിശോധന നടത്തുവാനും അത് പുന:പരിശോധിക്കുവാനും ഇടവരുത്തുക എന്നുള്ളതും ഇന്ന് രാഷ്ട്രീയമായി നമുക്കാവശ്യമാണ്. നിയമസഭയിൽ ബഡ്ജറ്റുമായി ബന്ധപ്പെട്ടുണ്ടായ കാര്യങ്ങൾ പരിശോധിക്കുമ്പോൾ അത് ജനാധിപത്യപരമായിട്ടുള്ള നിലപാടുകൾക്കെതിരായി വരികയാണെങ്കിൽ അതിനെ ജനങ്ങൾ തള്ളിക്കളയുന്നുവെന്ന് നമുക്ക് കാണുവാൻ കഴിയും. ഞാൻ ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുകയാണ്. യു.ഡി.എഫ്-ൽ വിശ്വാസമർപ്പിച്ചിരിക്കുന്ന ജനങ്ങളുടെ വിശ്വാസംകൂടി കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കുക എന്നത് ഗവൺമെന്റിന്റെയും കടമയാണ്. ഗവൺമെന്റിന് ഇങ്ങനെയൊരു ഭൂരിപക്ഷത്തിലുള്ള വിജയം എന്നുപറഞ്ഞാൽ എന്തും ചെയ്യാനുള്ള ലൈസൻസായി ഒരിക്കലും നമുക്ക് കാണാൻ കഴിയില്ല എന്നുള്ള ഭാഗം കൂടി ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൂടുതൽ വിലയിരുത്തലോടുകൂടി, ജനഹിതത്തിന്റെ സ്വീകാര്യത പരിശോധിച്ചുകൊണ്ട് നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങൾ, ജനങ്ങൾക്ക്

കൊടുത്തിട്ടുള്ള വാഗ്ദാനങ്ങൾ എല്ലാം നിറവേറ്റുന്നതിന് ഏറ്റവും ആത്മാർത്ഥതയോടും കൂടുതൽ ഉത്തരവാദിത്വത്തോടും യു.ഡി.എഫ്. ഗവൺമെന്റിന് പ്രവർത്തിക്കാൻ അവശേഷിക്കുന്ന കാലഘട്ടം ഭംഗിയായി ഭരണരംഗത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു ചൂണ്ടുപലകയായി ഈ വിധിയെഴുത്തിനെ കണക്കിലെടുക്കുവാനും ആ നിലയിലുള്ള പ്രവർത്തനങ്ങൾ ഏറ്റവും മാന്യമായി ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാനുമുള്ള ഒരു വിധിയെഴുത്തായി യു.ഡി.എഫ്-ഉം സ്വീകരിക്കേണ്ടതായിട്ടുണ്ട്. തീർച്ചയായും കേരളത്തിലെ ജനങ്ങൾക്ക് കൂടുതൽ നന്മ ചെയ്ത് മുന്നോട്ടുപോകാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിയുന്ന ഒരു വിധിയെഴുത്തായി അത് മാറി എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ആഭ്യന്തരവകുപ്പിൽ സ്വീകരിച്ചിട്ടുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി നിർവ്വഹിക്കാനും ഇനിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി കൊണ്ടുപോകാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ ശക്തിപകരുവാനുമെല്ലാം ഈ ധനാഭ്യർത്ഥന സഹായകരമാകട്ടെ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഈ ഉപധനാഭ്യർത്ഥനകളുടെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തുനിന്ന് സംസാരിച്ച സുഹൃത്തുക്കളെല്ലാം അരുവിക്കരയിലെ ഉപതെരഞ്ഞെടുപ്പ് ഞങ്ങളുടെ എല്ലാ കുറ്റങ്ങളെയും കഴുകിക്കളയാനുള്ള ഒരവസരമാണ് എന്നുള്ള രൂപത്തിലാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ അരുവിക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ ഒരു വിജയം നേടിയതോടുകൂടി ഐക്യജനാധിപത്യമുന്നണിയുടെ നേതാക്കൾക്കും മന്ത്രിമാർക്കുമെതിരായി ഉയർന്നുവന്ന ആരോപണങ്ങളെല്ലാം അവസാനിച്ചിരിക്കുന്നു, ഇനി നിങ്ങളാരും അതിനെ സംബന്ധിച്ചൊന്നും പറയേണ്ടതില്ല എന്ന മട്ടിലാണ് പ്രസംഗിക്കുന്നത്. മാത്രമല്ല, ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന് മാധ്യമങ്ങളിലും പറഞ്ഞുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ മുന്നിൽ ഉയർന്നുവന്ന അഴിമതികളും തെറ്റും അനീതിയും കാണുമ്പോൾ അതിനെതിരായി പ്രതികരിക്കുക എന്ന ദൗത്യമാണ് പ്രതിപക്ഷം നിർവ്വഹിച്ചത്. ഇവിടെ ഉയർന്നുവന്ന ഒരു പ്രശ്നവും രാഷ്ട്രീയ പ്രേരിതമായി ഞങ്ങൾ ഉയർത്തിക്കൊണ്ടുവന്നതല്ല. മാധ്യമങ്ങളിലൂടെയും പൊതുസമൂഹത്തിന്റെ പരാതിയുടെയും അടിസ്ഥാനത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അന്തിമവിധികളുള്ള

സ്പെസിമെൻ ആയി ഉപതെരഞ്ഞെടുപ്പിനെ കാണാൻ പറ്റില്ല. ഇടതുപക്ഷം എന്നുപറയുന്നത് നിങ്ങൾ പറയുന്നതുപോലെ ഏതെങ്കിലുമൊരു പാർട്ടിയോ പാർട്ടികളുടെ മുന്നണിയോ മാത്രമല്ല. അതൊരു ദർശനമാണ്. ലോകത്താകമാനം ഇടതുപക്ഷത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന് പ്രചരിപ്പിക്കുന്നവരോട് ലോകപ്രസിദ്ധനായ ഒരു തത്വചിന്തകൻ പറയുകയുണ്ടായി. ഞങ്ങളുടെ ദർശനം കാലഹരണപ്പെടട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് അതിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ ഒരേയൊരു വിഭാഗമാണ് ഇടതുപക്ഷം. ഇടതുപക്ഷത്തിന്റെ പ്രസക്തി ഇല്ലാതാകണമെങ്കിൽ ഇടതുപക്ഷം ഉന്നയിക്കുന്ന ചൂഷണത്തിന്റെയും മനുഷ്യത്വരഹിതമായ അവസ്ഥകളുടെയും മാറ്റം കൂടി സംഭവിക്കണം. അതുകൊണ്ട് ലോകത്തെ ഒരേയൊരു സിദ്ധാന്തമാണ്, തങ്ങൾ വിശ്വസിക്കുന്ന സിദ്ധാന്തം കാലഹരണപ്പെടട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് അതിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ, ഇടതുപക്ഷക്കാർ. അതുകൊണ്ട് ഇതൊന്നും വലിയ വാദമായി ഉന്നയിച്ചുകൊണ്ടുവരേണ്ട കാര്യമില്ല. ഇവിടെ എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്; ഈ തെരഞ്ഞെടുപ്പിൽ ഒരു പരാജയം സംഭവിച്ചുവെന്നത് ഞങ്ങൾ അംഗീകരിക്കുകയാണ്. പക്ഷേ പരാജയം സംഭവിച്ചപ്പോൾ ഉണ്ടായ ചില കണക്കുകൾ ശ്രീ. എളമരം കരീം ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റിനെതിരായി എൺപത്തി ഏഴായിരത്തിലധികം ആളുകൾ വോട്ട് ചെയ്തു. 60 ശതമാനത്തിലധികം വോട്ടുകൾ ഈ ഗവൺമെന്റിനെതിരായിട്ടാണ് ചെയ്തത്. ഭരണപക്ഷവിരുദ്ധ വികാരം സ്പ്ലിറ്റ് ചെയ്യാനുള്ള സാദ്ധ്യതയുണ്ടെന്ന് ഇന്നലെ ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി മാധ്യമങ്ങളെ കണ്ടപ്പോൾ പറയുകയുണ്ടായി. അത് ഇവിടെ സംഭവിച്ചു. ആ സംഭവിച്ചതിനെ സംബന്ധിച്ച് അങ്ങനെ വിശകലനം ചെയ്യുന്നതിന് പകരം ഇത് അവസാനത്തെ തെരഞ്ഞെടുപ്പാണ് എന്നതുപോലെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 1957 -ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് 30 ലക്ഷം പാവപ്പെട്ട മനുഷ്യർക്ക് പട്ടയം നൽകുകയും ഭൂപരിഷ്കരണ ബിൽ, വിദ്യാഭ്യാസ ബിൽ എന്നിവ കൊണ്ടുവന്നിട്ടും 1959-ൽ പരാജയപ്പെടുകയുണ്ടായി. ഇത് ശവപ്പെട്ടിയിലെ അവസാനത്തെ ആണിയാണ്, ഇനി കമ്മ്യൂണിസം തിരിച്ചുവരാൻ പോകുന്നില്ല എന്ന് അന്ന് പല മാർക്സിസ്റ്റ് വിരുദ്ധന്മാരും പ്രചരിപ്പിച്ചു. അതല്ല കേരളത്തിൽ സംഭവിച്ചത്. 1975-ൽ അടിയന്തരാവസ്ഥ, ഇന്ദിരാഗാന്ധിവരെ ചിക്കമാംഗ്ലൂരിൽ തോറ്റു. 1977-ൽ കേരളത്തിൽ എൽ.ഡി.എഫ്. വിജയിച്ചു. അന്ന് പലരും ഇനി ഒരിക്കലും കമ്മ്യൂണിസം തിരിച്ചുവരില്ല എന്ന് പറയുകയുണ്ടായി. പക്ഷേ 1980-ൽ

എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. 1984-ൽ ഇന്ദിരാഗാന്ധിയുടെ മരണത്തിന്റെ പേരിൽ മാത്രം കേരളത്തിൽ കോൺഗ്രസ് അധികാരത്തിൽ വന്നു. 1987-ൽ എൽ.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നു. 1991-ൽ കേരളത്തിൽ കോൺഗ്രസ് വിജയിച്ചത് രാജീവ് ഗാന്ധിയുടെ മരണത്തെ ഉപയോഗിച്ചാണ്. പിന്നീടും ഇടതുപക്ഷം ഇവിടെ അധികാരത്തിൽ വരികയുണ്ടായി. തെരഞ്ഞെടുപ്പുകളിലെ വിജയവും പരാജയവും അന്തിമമാണെന്നുള്ള വ്യാമോഹത്തിൽ അഹങ്കാരത്തോടുകൂടിയുള്ള നിലപാടുകൾ സ്വീകരിക്കുന്നത് മര്യാദയല്ല, നിർഭാഗ്യകരമാണ്. അത് ജനാധിപത്യത്തിന്റെ ധാർമ്മികതയ്ക്കെതിരാണ്. ഇവിടെ സംഭവിച്ചത് സ്പെസിമെൻ ആയി എടുക്കാൻ പറ്റില്ല. ബഹുമാന്യനായ ഇന്നസെന്റ്, എം.പി. അദ്ദേഹത്തിന്റെ ചെറുപ്പകാലത്തെ ഒരനുഭവം മാധ്യമങ്ങളിൽ എഴുതുകയുണ്ടായി. അത് കള്ളൻ നമ്പിടിയുടെ കഥയാണ്. ഒരു പൂശാരി ഗോപാലൻ എന്നുപറയുന്ന ഒരാളുണ്ടായിരുന്നു. ഈ ദരിദ്രനായ മനുഷ്യൻ ഈയം പൂശാനുണ്ടോ എന്ന് ചോദിച്ച് നടന്ന് വീടുകളിൽ കിട്ടുന്ന ജോലി ചെയ്ത് ജീവിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ മടിക്കുത്തിൽ നിന്നും ഒരു നാണയം താഴെപ്പോയി. ആ നാണയത്തിനുമുകളിൽ ചവിട്ടി നിന്നുകൊണ്ട് കള്ളൻ നമ്പിടി അതിന്റെ ഉടമസ്ഥനാകാൻ ശ്രമിച്ചു. ഇത് എന്റെ നാണയമാണ്, എനിക്ക് കിട്ടണമെന്ന് ഈ

പാവം അദ്ദേഹത്തോട് ആവശ്യപ്പെട്ടു. കള്ളൻ നമ്പിടി ചോദിച്ചു തെളിവുണ്ടോ; കള്ളൻ നമ്പിടിയുടെ കാലിനടിയിൽ കിടക്കുന്ന നാണയം നിങ്ങളുടേതാണെന്നതിന് തെളിവുണ്ടോ? തെളിവുണ്ടെങ്കിൽ നമ്പർ പറയണം. എത്രയാണ് ഈ നാണയത്തിന്റെ നമ്പർ എന്ന് നിങ്ങൾ പറയണം. അങ്ങനെ തർക്കം വന്നു. തർക്കം വന്നപ്പോൾ തൊട്ടടുത്ത കടയിലിരുന്ന് വീക്ഷിച്ചുകൊണ്ടിരുന്ന കുഞ്ഞൻ നായർ ഇറങ്ങിവന്നപ്പോൾ നമ്പിടി ചോദിച്ചു. നിങ്ങൾ കണ്ടിട്ടുണ്ടോ; നമ്പിടി കള്ളനും ഗുണ്ടയുമായതുകൊണ്ടും ഭയപ്പെട്ട് നമ്പർ പറയണമെന്ന് അദ്ദേഹവും പറഞ്ഞു. അങ്ങനെ നിവൃത്തിയില്ലാതെ പൂശാരി ഗോപാലനെക്കൊണ്ട് ഒരു നമ്പർ പറയിപ്പിച്ചു. ആ നമ്പർ തെറ്റായിരുന്നു. തെളിവില്ലാത്തതുകൊണ്ട് ഈ നാണയം എന്റെ പോക്കറ്റിൽ കിടക്കട്ടെയെന്ന് കള്ളൻ നമ്പിടി പറഞ്ഞു. ഇതുപോലെ ഇവിടെ തെളിവുണ്ടോ എന്നുചോദിച്ചുകൊണ്ട് ഒരു അഭ്യാസം നടക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ഇരിങ്ങാലക്കുടയിലെ കള്ളൻ നമ്പിടിയെപ്പോലെ നാണയത്തിൽ ചവിട്ടിനിന്നുകൊണ്ട് തെളിവുണ്ടോ എന്നുചോദിച്ചുകൊണ്ട് ലയിപ്പിച്ചുകളഞ്ഞ കേസ്സുകളാണ് കേരളത്തിൽ ഉയർന്നുവന്നിട്ടുള്ളത്. ഏത് അന്വേഷണം വരുമ്പോഴും ഒന്നുമിവിടെ നടക്കുകയില്ല, ഒന്നും അന്വേഷിക്കാൻ പറ്റില്ല, ഒരു തെളിവും ഇവിടെ കിട്ടുന്നില്ല എന്നുള്ള അശരീരി പോലുള്ള മുഖ്യമന്ത്രിയുടെ അഭിപ്രായപ്രകടനങ്ങൾ

വരികയാണ്.

അദ്ദേഹത്തിനെതിരെ ഉയർന്നുവന്ന ആരോപണങ്ങളുടെ സന്ദർഭത്തിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമരത്തിന്റെകൂടി ഭാഗമായി ഒരു ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച വാർത്തയുടെ ചൂടാറുന്നതിന് മുമ്പ് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു, എന്റെ ഓഫീസിനെക്കുറിച്ചോ എന്റെ ഇടപെടലിനെക്കുറിച്ചോ ഒന്നും അന്വേഷിക്കാൻ പാടില്ല, ഒന്നും അന്വേഷിക്കാൻ പോകുന്നില്ല. എന്താണ് ഇപ്പോൾ ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ മുമ്പാകെ നടക്കുന്നത്; കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം മാത്രമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട തെളിവുകൾ മാത്രമാണ് അവിടെ കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നത്. പക്ഷെ അദ്ദേഹം പണ്ട് പറഞ്ഞതിൽ വീണ്ടും ഉറച്ചുനിൽക്കുകയാണ്, എന്നെക്കുറിച്ച് ഒന്നും അന്വേഷിക്കാൻ പാടില്ല. കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലുമില്ലാത്ത തരത്തിലുള്ള രാഷ്ട്രീയ അഴിമതികളുടെ ഉയർപ്പുകളാണ് വന്നത്. ഇവിടെ അന്വേഷണം പൂർത്തീകരിച്ചിട്ടുള്ള കേസുകൾ കുറ്റപത്രം കൊടുക്കുന്നതിന് മുമ്പ് അമ്മി കൊത്താനുണ്ടോ എന്ന് ചോദിച്ച് നടക്കുന്നതുപോലെ ചോദിച്ചുനടക്കുന്നതാണ് നമ്മൾ കാണുന്നത്. ഒരു അന്വേഷണ

ഉദ്യോഗസ്ഥൻ അന്വേഷിച്ച്, ക്വിക്ക് വെരിഫിക്കേഷൻ നടത്തി, 300 സാക്ഷികളെ വിസ്തരിച്ച്, അദ്ദേഹത്തിന്റെ ഉത്തമ ബോദ്ധ്യത്തിൽ കുറെ കാര്യങ്ങൾ ഉണ്ടാക്കി, കുറ്റപത്രം കൊടുക്കുന്ന സമയത്ത് ലീഗൽ അഡ്വൈസിന് വേണ്ടി നടക്കുകയാണ്. സോളിസിറ്റർ ജനറൽ തരുമോ; അറ്റോർണി ജനറലിൽ നിന്ന് കിട്ടുമോ; അങ്ങനെ അമ്മി കൊത്താനുണ്ടോ എന്ന് ചോദിക്കുന്നതുപോലെ അന്വേഷണത്തിന്റെ ഭാഗമായുള്ള കുറ്റപത്രം സമർപ്പിക്കുന്നതിന് മുമ്പ് അന്വേഷിച്ച് നടന്ന് പറ്റിയ ആളിൽ നിന്ന് ഒരു ലീഗൽ അഡ്വൈസ് വാങ്ങി അത് തേച്ചുമാച്ചു കളയുന്ന ഈ ദൗത്യങ്ങളൊന്നും നാട്ടുകാർക്ക് മനസ്സിലാകില്ല എന്ന നിലയിൽ ഇങ്ങനെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ജനങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇവിടെ വന്നിട്ടുള്ള ഒരു കാര്യമെന്താണ്; ഇന്നലെ ശ്രീ. ജി. സുധാകരൻ സംസാരിക്കുമ്പോൾ പറയുകയുണ്ടായി, മുഖ്യമന്ത്രിയും മന്ത്രിസഭയും അഴിമതിക്കും അക്രമങ്ങൾക്കും നേതൃത്വം കൊടുക്കുമ്പോൾ അതിന്റെ താഴെവരെ അത് നടന്നുകൊണ്ടിരിക്കും. ഇവിടെ മണ്ഡലികളെക്കുറിച്ച് നമ്മൾ പറഞ്ഞു, യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റുമാർ. ഇവർ നിയന്ത്രിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഇന്നലെ സഭയിൽ കിട്ടിയ ഒരു കണക്കിൽ, കൊലപാതകങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങൾ,

ഭവനഭേദനം, മോഷണം, കവർച്ച ഇതെല്ലാം കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1492 പേർ കൊല്ലപ്പെട്ടതിൽ 468 പേർ സ്ത്രീകളാണ്. 23,19,161 കുറ്റകൃത്യങ്ങളിൽ 40,368 പ്രതികളെ പോലീസ് അന്വേഷിക്കുന്നതേയില്ല, പിടിക്കുന്നില്ല. 53,692 സ്ത്രീ അക്രമം, പ്രതികളെ പിടിച്ചില്ല, 6000-ലധികം പ്രതികൾ വെറുതെ നടക്കുകയാണ്. 6,555 കേസുകളിൽ മോഷണ മുതലുകൾ പിടിച്ചിട്ടില്ല. 9 ഐ.എ.എസ്./ഐ.പി.എസുകാർ വിജിലൻസ് അന്വേഷണം നേരിടുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഇല്ലാത്ത രാഷ്ട്രീയ അഴിമതികളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ രാഷ്ട്രീയ അഴിമതികളോടെല്ലാം മുഖം തിരിഞ്ഞ് നിന്നും കള്ളൻ നമ്പിടിയുടെ കൗശലത്തോടെയും രക്ഷപെടാനുള്ള പരിശ്രമം മാത്രമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കേരള പോലീസ് നവീകരിക്കാൻ വേണ്ടിയുള്ള വലിയൊരു പരിശ്രമം നടന്നു. 1960 മുതലുള്ള കേരള പോലീസ് ആക്ട് മാറ്റി 2011-ൽ കേരള പോലീസ് ആക്ട് പുതിയതായി വന്നു. ആക്ട്, ഒരു സമൂഹത്തെയാകെ പ്രതിനിധാനം ചെയ്യുന്ന, സംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന ഒന്നായിരിക്കണം പോലീസിന്റെ രീതിയെന്ന് വിഭാവനം ചെയ്തു. എന്താണ് ഇവിടെ സംഭവിച്ചത്; ആഫ്രിക്കയിൽപോലും പോലീസുകാർ ബഹുജനങ്ങളെ വിളിക്കുന്നത് ബ്രദർ

എന്നാണ്, ബ്രോ എന്നാണ് വിളിക്കുന്നത്. കേരള പോലീസിനെ അടി മുതൽ മുടി വരെ മാറ്റുന്നതിനുവേണ്ടിയുണ്ടാക്കിയ കേരള പോലീസ് ആക്ട് ഏതെങ്കിലും നിലയിൽ പരിശോധനയ്ക്ക് വിധേയമാക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നത് ഇവിടെ നടക്കുന്നുണ്ടോ; ഉദാഹരണത്തിന്, പോലീസ് ആക്ടിന്റെ ഭാഗമായി ഡി.ജി.പി.യുടെ ഒരു സർക്കുലർ ഇറങ്ങി, നിങ്ങൾ സഹോദരാ എന്ന് വിളിക്കണമെന്ന്. ആരാണ് ഇവിടെ സഹോദരാ എന്ന് വിളിക്കുന്നത്. കേരള പോലീസ് ആക്ട് സെക്ഷൻ 97 പ്രകാരം, ഡി.ജി.പി., ഐ.ജി., എസ്.പി., സ്റ്റേഷൻ ഓഫീസർ, എസ്.ഐ. എന്നിവർക്ക് അവർ ജോലി ചെയ്യുന്ന സ്റ്റേഷനുകളിൽ രണ്ട് വർഷ കാലാവധിയുണ്ട്. ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥൻ രണ്ട് വർഷം തുടർച്ചയായി ഒരു സ്റ്റേഷനിൽ വർക്ക് ചെയ്തിട്ടുണ്ടോ; ഇപ്പോൾ വർക്ക് ചെയ്തുകൊണ്ടിരിക്കുന്നുണ്ടോ; അങ്ങനെ മാറ്റണമെങ്കിൽ സെക്ഷൻ 97 (A - F)-ൽ പറയുന്ന കുറെ കാര്യങ്ങളുണ്ട്. ഒന്നുകിൽ മാനസിക രോഗികളായിരിക്കണം, അല്ലെങ്കിൽ ശാരീരിക യോഗ്യതയില്ലാത്തവരായിരിക്കണം അല്ലെങ്കിൽ അക്രമോത്സുകരോ അസാന്മാർഗ്ഗികളോ ക്രിമിനലുകളോ ആകണം. അവരെ മാത്രമേ മാറ്റാൻ കഴിയൂ. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ ഏതെങ്കിലും തരത്തിൽ രണ്ട് വർഷം പൂർത്തീകരിക്കാൻ കഴിയാത്ത ആളുകളെല്ലാം അക്രമകാരികളും വഞ്ചകരും മാനസിക

രോഗികളും ശാരീരിക ശേഷിയില്ലാത്തവരുമാണോ; ഇതാണ് ഞങ്ങൾ പറയുന്നത്. കേരളത്തിലെ പോലീസ് സേനയെ ദുർബ്ബലപ്പെടുത്തുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം മണ്ഡലികളുടെ താൽപര്യത്തിനനുസരിച്ച് തോന്നുമ്പോലെ മാറ്റുകയാണ്. ഐ.പി.എസ്. അസോസിയേഷന്റെ തീരുമാനപ്രകാരം ശ്രീ. പുട്ട വിമലാദിത്യ, ശ്രീ. മഞ്ജുനാഥ്, ശ്രീ. രാജ്പാൽ മീണ എന്നിവരുടെ സ്ഥലംമാറ്റത്തിനെതിരായി കോടതിയിൽ പോയില്ലേ; ഈ കേരള പോലീസ് ആക്ട് ഇവിടെ ബാധകമാണോ; അതുതന്നെയാണോ, കേരള പോലീസ് ആക്ടിന്റെ ഭാഗമായി സെക്ഷൻ 110, ഒരു പോലീസ് കംപ്ലയിന്റ് അതോറിറ്റിയുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ അടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന പോലീസ് കംപ്ലയിന്റ് അതോറിറ്റി. പാവപ്പെട്ട ജനങ്ങളോട് മര്യാദയില്ലാതെ പെരുമാറുകയും ആക്ഷേപിക്കുകയും അക്രമിക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി കൊടുക്കുവാനുള്ള സംവിധാനമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റി. ആ പോലീസ് കംപ്ലയിന്റ് അതോറിറ്റി ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ടോ; അവർ ആക്ട് ചെയ്യുന്നുണ്ടോ; മൂന്ന് അംഗങ്ങൾ ഉൾപ്പെടുന്ന ആ സമിതിയുടെ ചെയർമാന്റെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങൾക്ക് ജനപ്രതിനിധികൾക്ക് പരാതി നൽകാനുള്ള അവസരങ്ങളുണ്ട്. എന്തെങ്കിലും നടന്നിട്ടുണ്ടോ; എന്തിനായിരുന്നു ജനമൈത്രി പോലീസ്

കൊണ്ടുവന്നത്. ജനമൈത്രി പോലീസ് ഇപ്പോൾ എവിടെയാണുള്ളത്. ആഭ്യന്തര മന്ത്രിയേയും പോലീസ് വകുപ്പിനേയും ഇങ്ങനെ പുകഴ്ത്തുമ്പോൾ കേരളത്തിലെ ജനമൈത്രി പോലീസിന് സംഭവിച്ചിട്ടുള്ള അകാല മരണത്തെ സംബന്ധിച്ച് ഒരു ധാരണ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇവിടെ പറയാൻ കഴിയണം. പോലീസുകാർ മദർ സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ല. പോലീസുകാരെ മദർ സ്റ്റേഷനിൽ ജോലി ചെയ്യിപ്പിക്കണമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചത്. എന്തുകൊണ്ടാണ്; സ്വന്തം നാട്ടിൽ പ്രവർത്തിക്കുമ്പോൾ പരിധി വിട്ട് അഴിമതിയും കൈക്കൂലിയും ഉണ്ടാകാൻ ഇടയില്ലെന്ന ഒരു സാമാന്യ ബോധത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ഒരു നിലപാട് സ്വീകരിച്ചത്. ഇപ്പോൾ ഡി.ജി.പി.യുടെ പ്രത്യേക സർക്കുലറിൽ പറയുന്നത് മദർ സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ലെന്നാണ്. അതായത്, പരസ്പര ബന്ധമില്ലാത്ത, ജനങ്ങളുമായി ഒരു അടുപ്പവുമില്ലാത്ത പോലീസ് ഉദ്യോഗസ്ഥരെ കുത്തി നിറച്ച് യു.ഡി.എഫ്.ന്റെയും മണ്ഡലികളുടെയും താൽപര്യത്തിന് വിധേയമായി പോലീസ് സ്റ്റേഷനുകളെ മാറ്റുന്നതിന്റെ ഭാഗമായി മാത്രമാണ് അത് നടന്നത്. കുബേര, എന്തായിരുന്നു കുബേരയുടെ ട്രാക്ക് റെക്കോർഡ്; കുബേര നടപ്പാക്കി പോലീസ് ഉദ്യോഗസ്ഥർ കുബേരന്മാരാകുന്ന അവസ്ഥയല്ലേ ഉണ്ടായത്. കുബേരയുമായി

ബന്ധപ്പെട്ട് പാലക്കാട് പോലീസ് മേധാവി ശ്രീ. സോമശേഖരനെ സ്ഥലംമാറ്റി. പാലക്കാട് കോട്ടായി പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു കുടുംബം ആത്മഹത്യ ചെയ്തു. ജനങ്ങൾ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തി. പ്രാദേശിക യു.ഡി.എഫ്. നേതാക്കന്മാർക്ക് ആരോടെങ്കിലും ശത്രുത ഉണ്ടായിരുന്നുവെങ്കിൽ അത് ഉപയോഗപ്പെടുത്തുവാനുള്ള ഏറ്റവും നല്ല അവസരമായി കുബേരയെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. കുബേരയുടെ ഭാഗമായി കോൺഗ്രസ്സുകാർക്കെതിരെ നടപടിയുമായി മുന്നോട്ടുപോയ തൃശ്ശൂർ എസ്.പി. ശ്രീ. പി. പ്രകാശ് ഐ.പി.എസ്., കൊല്ലം എസ്.പി. ശ്രീ. ദേബേഷ്കുമാർ ബെഹ്റ ഐ.പി.എസ്. എന്നിവരെ സ്ഥലം മാറ്റിയില്ലേ; തമിഴ്നാട്ടുകാരായ ബ്ലേഡ് മാഫിയക്കാരാണ് ഇവിടെ ഈ പണിയിലേർപ്പെട്ടുകൊണ്ടിരിക്കുന്നത്. അവർ പലതരത്തിലുള്ള കള്ളപ്പണം വെളുപ്പിക്കലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തമിഴ്നാട്ടുകാരായ ബ്ലേഡ് മാഫിയക്കാർ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരു നിവേദനം കൊടുത്തു. നിവേദനം മാത്രമല്ലായെന്നാണ് അണിയറയിൽ കേൾക്കുന്നത്. ആ നിവേദനത്തിന്റെ ഭാഗമായി തമിഴ്നാട്ടുകാരായ അവരെ തൊടരുതെന്ന് രഹസ്യ നിർദ്ദേശം കൊടുത്തു. ഇന്ന് തമിഴ്നാട്ടുകാരെ അറസ്റ്റ് ചെയ്യുന്നുണ്ടോ; കുബേരയുടെ ഭാഗമായി അന്വേഷിച്ച് ഭൂമി കൈമാറ്റം ഉൾപ്പെടുത്താൻ പാടില്ലെന്ന് അമന്റ് ചെയ്തു.

ഭൂമി കൈമാറ്റം സംബന്ധിച്ച് പരാതികൾ അതിൽ ഉണ്ടാകാൻ പാടില്ല. ഭൂമി ഈടുനൽകിയത് കുബേരയുമായി ബന്ധപ്പെടുത്തരുതെന്ന് നിർദ്ദേശം കൊടുത്തു. സംസ്ഥാനത്തിന് പുറത്ത് ചിട്ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തയാൾക്ക് ബ്ലേഡ് കമ്പനി നടത്താൻ അനുവാദം കൊടുക്കുന്ന സ്ഥിതിയുണ്ടായി. സംസ്ഥാനത്തിന് പുറത്തുപോയി രജിസ്റ്റർ ചെയ്യുന്ന ആളുകൾക്ക് ബ്ലേഡ് കമ്പനി നടത്താൻ അനുവാദം കൊടുക്കുന്നത് കുബേര എന്ന പദ്ധതിയെ നടപ്പാക്കാൻ വേണ്ടിയാണോ; ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽ, കേരളത്തിന്റെ ഹൈക്കോടതി നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ പോലീസ് സേന ഇൻഡ്യയിലെ നിയമവിധേയമായ ഒരു ക്രിമിനൽ സംഘമാണെന്ന് അലഹബാദ് ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് ആനന്ദ് നാരായൺ മുള്ള ഒരു വിധിന്യായത്തിൽ പറയുകയുണ്ടായി. അതിനെ ഓർമ്മപ്പെടുത്തുന്ന രീതിയിൽ സമീപകാലത്ത് കേരള ഹൈക്കോടതി പോലീസിനെപ്പറ്റി അഭിപ്രായം പറയാൻ തുടങ്ങി. പോലീസ് സാധാരണ ജനങ്ങളെ പീഡിപ്പിക്കുന്നു, സാധാരണക്കാർക്ക് നീതി നിഷേധിക്കുന്നു, ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം നഷ്ടപ്പെട്ടു, അവർ ഗുണ്ടകളെപ്പോലെ പെരുമാറുന്നു. അടുത്തകാലത്ത് പുനലൂരിലെ ഒരു അഡ്വക്കേറ്റിനെ കേസിൽ ഉൾപ്പെടുത്തിയതിന്റെ ഹർജിയിൽ കോടതി എ.ജി.യെ നേരിട്ട് വിളിച്ചു.

കഴിഞ്ഞദിവസം കേരളത്തിലെ വിജിലൻസിനെക്കുറിച്ച് ഹൈക്കോടതി നടത്തിയ കമന്റ്, വിജിലൻസ് ഒന്നും ചെയ്യുന്നില്ലെന്നാണ്. ഇതൊക്കെ ആരുടെ ഇടപെടലിന്റെ ഭാഗമായാണ്. പോലീസുകാർക്കിടയിൽ വരുന്ന ഏറ്റവും പ്രധാനപ്പെട്ട ജോലി എന്താണ്; ടൂ വീലറിൽ പോകുന്ന ആളുകളെ പരിശോധിക്കുന്ന വാഹന പരിശോധന. വാഹന പരിശോധനയാണ് കേരളത്തിലെ ഏറ്റവും വലിയ ആഭ്യന്തര പ്രശ്നമെന്ന നിലയിലാണ്. ഒരു ദിവസം 30 കേസെങ്കിലും എടുത്തിട്ടില്ലെങ്കിൽ സ്റ്റേഷൻ ഓഫീസർക്കെതിരെ എസ്.പി. മാരുടെ തെറിയഭിഷേകമാണ്. ആ 30 കേസെടുത്ത് കിട്ടുന്ന പണത്തിന്റെ ചെലവിൽ കേരളം ഭരിക്കാമെന്ന ധാരണയിലാണ്. വാഹന പരിശോധനയിൽ എന്താണ് ചെയ്യുന്നത്; ബൈക്ക് യാത്രക്കാരോട് ശത്രുക്കളെപ്പോലെയാണ് പെരുമാറുന്നത്. നേരത്തെ ശ്രീമതി ജമീലാ പ്രകാശം പറഞ്ഞതുപോലെ, ബൈക്ക് യാത്രക്കാരെ കടന്നാക്രമിക്കുന്നു. അവരെ കയ്യോടെ പിടികൂടി സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്നു. അങ്ങനെ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വഴിയാത്രക്കാരെ പീഡിപ്പിക്കുന്നത് പ്രധാനപ്പെട്ട ഒരു വർക്കായി മാറിയിരിക്കുകയാണ്. മദ്യപിച്ച് വാഹനമോടിപ്പിക്കാൻ പാടില്ല. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയോട് പറയുന്നത്, ഒരു വാഹനത്തിൽ മദ്യപിച്ച് ആറുപേർ യാത്ര ചെയ്താൽ ആറുപേർക്കെതിരെയും സെപ്പറേറ്റ് കേസെടുക്കുന്നത് എന്ത്

മര്യാദയുടെ അടിസ്ഥാനത്തിലാണ്; വാഹനം ഓടിക്കുന്നയാൾക്കെതിരെ എടുക്കേണ്ട കേസ്, കേസുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ടി തോന്നുന്നതുപോലെ നിലപാട് സ്വീകരിക്കുന്നു. പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കേരളത്തിൽ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും ആയിരക്കണക്കിന് വാഹനങ്ങൾ കുന്നുകൂടി കിടക്കുകയാണ്. ഇത് എന്തൊരു ദേശീയ നഷ്ടമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു തീരുമാനം ഈ ഗവൺമെന്റ് എടുക്കണ്ടേ; എന്താണ് ഈ ഗവൺമെന്റിന്റെ ഇതിലുള്ള അഭിപ്രായം; കേരള പോലീസ് ആക്ടിൽ സെക്ഷൻ 55-ൽ പ്രത്യേകം പറയുന്നുണ്ട്, പോലീസ് സ്റ്റേഷനിൽ പിടിച്ചെടുത്ത വസ്തുക്കൾ സൂക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ അത് ലേലം ചെയ്യുവാനുള്ള അധികാരം പോലീസ് സ്റ്റേഷനുകൾക്കുണ്ട്. ലേലം ചെയ്യാൻ പറ്റില്ലെങ്കിൽ കോടതിയെ അറിയിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ തെരുവുകളിൽ മുഴുവൻ കൂടിക്കിടക്കുന്ന ആയിരക്കണക്കിന് വരുന്ന വാഹനങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നത്തെ സംബന്ധിച്ച് കണ്ണടച്ച് ആഭ്യന്തര വകുപ്പുമന്ത്രി ഇങ്ങനെ പോയാൽ മതിയോ;

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇവിടെ പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു

കമ്മിറ്റി വെച്ചിട്ടുണ്ട്. അയ്യായിരത്തോളം വാഹനങ്ങൾ ഡിസ്പോസ് ചെയ്തുകഴിഞ്ഞു. ചില കേസുകൾ കോടതിയിലായതുകൊണ്ടാണ് അത് ഡിസ്പോസ് ചെയ്യാൻ കഴിയാതെ വന്നിട്ടുള്ളത്. അതും കോടതിയിൽ കൊടുത്ത് പെട്ടെന്ന് ഡിസ്പോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇവിടെ പറഞ്ഞത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അങ്ങയുടെ ശ്രദ്ധയിൽ അതുണ്ടായത് നന്നായി. പക്ഷേ പോലീസ് സ്റ്റേഷനുകളിൽനിന്ന് ലേലം ചെയ്യാൻ പറ്റിയില്ലെങ്കിൽ കോടതിയെ അറിയിച്ച് കോടതിക്ക് ചെയ്യാവുന്നതാണെന്നാണ് നമ്മുടെ ആക്ടിൽ പറയുന്നത്. ഇന്ന് കേരളത്തിൽ എല്ലാ ജനപ്രതിനിധികൾക്കും അറിയാം, അവരുടെയൊക്കെ മണ്ഡലങ്ങളിൽ റോഡ് പണി നടത്താൻ പറ്റില്ല. ഒഴിഞ്ഞുകിടക്കുന്ന ഒരു സ്ഥലവും ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയാണ്. സ്വകാര്യ സ്ഥലങ്ങളിലേയ്ക്ക് കയ്യേറി ഈ വാഹനങ്ങളും അതിന്റെ ഭാഗമായിട്ടുണ്ടാകുന്ന കാടുകളും ഒരു വലിയ സാമൂഹ്യ പ്രശ്നമായിട്ട് വളർന്നിരിക്കുകയാണ്. ഇതിൽ അടിയന്തരമായിട്ട് ഇടപെടാൻ സാധിക്കണം.

കേരളാ പോലീസിന്റെ മോഡേണൈസേഷനുവേണ്ടിയുള്ള ഫണ്ട് കിട്ടിയിട്ട് അത് നിർവ്വഹിക്കുന്നുണ്ടോ; ഇതിനുള്ള ഫണ്ടിന്റെ 65 ശതമാനം കേന്ദ്രഗവൺമെന്റും

35 ശതമാനം കേരള ഗവൺമെന്റുമാണ് കൊടുക്കേണ്ടത്. കേരള പോലീസിനെ മോഡേണൈസ് ചെയ്യാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഫണ്ട് കഴിഞ്ഞ 4 വർഷവും ഉപയോഗിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം പോലീസിനെ മോഡേണൈസ് ചെയ്യാനും നവീകരിക്കുന്നതിനും വേണ്ടി കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്ന ഫണ്ട് ഉപയോഗപ്പെടുത്താതെ യഥാർത്ഥത്തിൽ ഈ പോലീസ് സേനയെ ശിഥിലമാക്കുന്ന രീതിയാണോ ഉപയോഗിക്കുന്നതെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയൊന്ന് പറയണം.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഇതിന്റെയൊക്കെ ഭാഗമായിട്ട് നിരവധിയായ കേസുകൾ പുറത്തുവരികയാണ്. പോലീസിന്റെ രീതിയെ സംബന്ധിച്ച് ചില കേസുകൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണം. കുടപ്പനക്കുന്ന് കിഴക്കേ മുക്കോലക്കുട്ടത്തെ ആത്മഹത്യക്കേസും അതിനുപിന്നാലെയുണ്ടായ നാലാഞ്ചിറ ആത്മഹത്യാശ്രമക്കേസും പോലീസ് അട്ടിമറിച്ചു. പാലക്കാട് ബ്ലേഡ് മാഫിയ ഭീഷണിപ്പെടുത്തിയ ഒരു കുടുംബം ആത്മഹത്യ ചെയ്തു, വാർത്താ സമ്മേളനമല്ലാതെ ഒരു നടപടിയും ഉണ്ടായില്ല. എറണാകുളത്ത് മുഖ്യമന്ത്രിയുമായി അടുത്ത ബന്ധമുള്ള

കോട്ടയം സ്വദേശിക്കെതിരെയുള്ള കേസ് തുമ്പില്ലാതെയായി. കണ്ണൂരും കോഴിക്കോട്ടും കോൺഗ്രസ് നേതാക്കളാണ് ബ്ലേഡ് തലവൻമാർ എന്നുവന്നതോടുകൂടി പദ്ധതി തന്നെ അകാലചരമമടഞ്ഞു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് ക്യാമ്പസിൽ പോലീസ് രാജ് നടപ്പാക്കി. ക്യാമ്പസിനകത്ത് കൺട്രോൾ റൂം തുറന്ന് കെ.എസ്.യു., എം.എസ്.എഫ്.-നുവേണ്ടി വിടുപണി ചെയ്തു. അനീഷ് മാസ്റ്റർ ആത്മഹത്യ ചെയ്ത ഒരു അധ്യാപകനാണ്. ഇന്നാണ് അതിന്റെ വാർത്ത പുറത്തുവന്നത്. അനീഷ് മാസ്റ്ററുടെ പേരിലെടുത്ത കേസ് പൂർണ്ണമായും കള്ളമായിരുന്നു എന്ന് ഇന്ന് പുറത്തുവരികയാണ്. ആ കേസിന്റെ ഭാഗമായി കള്ള സർട്ടിഫിക്കറ്റ് കൊടുത്ത ബേപ്പൂരിലെ കോയാസ് ഹോസ്പിറ്റലിലെ ഉടമസ്ഥനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ആ അധ്യാപകനെ ആത്മഹത്യക്ക് പ്രേരിപ്പിച്ച സ്കൂൾ മാനേജർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആ മാനേജരെ സംരക്ഷിക്കുന്നത് മുസ്ലീം ലീഗല്ലേ;

<u>മി. സ്പീക്കർ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്. 7 മിനുട്ട് കൂടുതലായി.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, കെ. കെ. അനീഷ് മാസ്റ്ററെ ആത്മഹത്യയിലേയ്ക്ക് നയിച്ച പ്രതിയെ അറസ്റ്റ് ചെയ്യാൻ കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് എന്താണ് തടസ്സം. കുനിയിൽ കൊലപാതകം. പരാതിക്കാരെ

പരിഗണിക്കാൻ പോലും ആദ്യഘട്ടത്തിൽ തയ്യാറായിരുന്നില്ല. രക്ഷപ്പെടേണ്ടവർക്ക് അതിനെല്ലാം സൗകര്യമൊരുക്കി. ഒരുപാട് ഉദാഹരണങ്ങൾ പറയാൻ സാധിക്കും. ഈ ഉദാഹരണങ്ങളെല്ലാം വ്യക്തമാക്കുന്നത് ശിഥിലീകരിക്കപ്പെട്ട, രാഷ്ട്രീയവൽക്കരിക്കപ്പെട്ട പോലീസ് സേനയെയാണ്. ഈ പോലീസ് സേനയുടെ പോലീസ് അസോസിയേഷന്റെ മലപ്പുറം ജില്ലാ സമ്മേളനത്തിൽ ഒരു പ്രമേയം പാസ്സാക്കി. അച്ചടിച്ചു കൊടുത്തു. ജില്ലയിൽ നമ്മുടെ കൂടെ നിൽക്കാത്ത എതിരാളികളെ തല്ലിക്കൊന്ന് കെട്ടിത്തൂക്കേണ്ടവരാണ് എന്നാണ് പോലീസ് അസോസിയേഷന്റെ ജില്ലാ സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി ശ്രീ. ശ്രീപതി അവതരിപ്പിച്ച റിപ്പോർട്ടിലുള്ളത്. നിങ്ങൾ എന്തു നടപടി സ്വീകരിച്ചു. പോലീസ് അസോസിയേഷനെ ഇത്രയധികം രാഷ്ട്രീയവൽക്കരിച്ച് വലിയ തോതിൽ കേരളത്തിൽ ഖദറിട്ടവരുടെ കൂട്ടമായി മാറ്റിയിട്ട് ഈ മാതിരി തോന്ന്യവാസങ്ങൾ സമ്മേളന റിപ്പോർട്ടിൽ എഴുതിവയ്ക്കാൻ വരെ ധൈര്യം കാണിച്ച ആളുകൾക്കെതിരെ നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറായോ; ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ നിലയിൽ കേരളത്തിന്റെ പോലീസ് സേനയെ രാഷ്ട്രീയവൽക്കരിച്ച് ശിഥിലീകരിച്ച ഈ ഗവൺമെന്റിനോടുള്ള നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, 2015-16 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഇന്ന് അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ഉജ്ജ്വല വിജയം നേടി. ചില മുടന്തൻ ന്യായങ്ങളും കണക്കുകളുടെ കാര്യവുമൊക്കെ പറഞ്ഞുകൊണ്ട് ഇടതുപക്ഷം അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നതാണ് നമുക്ക് കാണാൻ സാധിച്ചത്. അരുവിക്കര നിയോജക മണ്ഡലത്തിലെ എന്നല്ല കേരളത്തിലെതന്നെ ചെറുപ്പക്കാർ യു.ഡി.എഫ്-ന്റെയും പ്രത്യേകിച്ച് കോൺഗ്രസിന്റെയും ഒപ്പമാണ്. കാരണം യു.ഡി.എഫ്-ഉം കോൺഗ്രസുമാണ് ചെറുപ്പക്കാർക്കുവേണ്ടി തൊഴിലവസരങ്ങളുണ്ടാക്കുവാനും തൊഴിൽ നയങ്ങൾ രൂപീകരിക്കുവാനും എക്കാലത്തും മുന്നിൽ നിന്നിരുന്നത്. അതുകൊണ്ട് ചെറുപ്പക്കാരുടെ ഇടയിൽ........... എനിക്കുതോന്നുന്നത് അരുവിക്കര നിയോജകമണ്ഡലത്തിൽ പതിനായിരത്തോളം വോട്ടുകൾ ചെറുപ്പക്കാരുടെ, പുതിയ തലമുറയുടെ വോട്ടുകളുണ്ടായിരുന്നു. യുവതലമുറയുടെ വോട്ടുകൾ യു.ഡി.എഫ്.-ന് കിട്ടിയെന്നുള്ള പൂർണ്ണ വിശ്വാസമാണ് ഈ തെരഞ്ഞെടുപ്പ് റിസൾട്ട് വന്നപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കാരണം, ഞാൻ ആര്യനാട് പഞ്ചായത്തിൽ ചാർജ് ഉണ്ടായിരുന്ന ഒരാളാണ്. അവിടത്തെ ചെറുപ്പക്കാരുടെയൊരു വികാരം മനസ്സിലാക്കിയതിൽനിന്ന്......

അങ്ങനെ അസ്വസ്ഥരായിട്ട് കാര്യമില്ല. ഞാനിത് പറയാൻ കാരണം, ചെറുപ്പക്കാരുടെ വോട്ട് കിട്ടാൻ കാരണം, നിങ്ങൾക്കറിയാം 1982-84 കാലഘട്ടത്തിൽ ഇവിടെ കമ്പ്യൂട്ടർ കൊണ്ടുവന്നു. അന്ന് കെ. കരുണാകരനായിരുന്നു മുഖ്യമന്ത്രി. അന്ന് കമ്പ്യൂട്ടർ കൊണ്ടുവന്നപ്പോൾ ശ്രീ. എം. വിജയകുമാർ എന്ന ഇന്നത്തെ അരുവിക്കരയിലെ സ്ഥാനാർത്ഥി ഡി.വൈ.എഫ്.ഐ.യുടെ നേതാവ് ആയിരുന്നു. അദ്ദേഹം ആ കമ്പ്യൂട്ടറിനെ തല്ലിത്തകർത്തു. ഡി.വൈ.എഫ്.ഐ.-യും സി.പി.എം-ഉം എടുത്ത ആ തീരുമാനം അന്നത്തെ ചെറുപ്പക്കാർക്ക് നിരാശാജനകമായിരുന്നു. ഈ ഇലക്ഷനിൽ ആ ഒരു കാമ്പയിൽ നടത്തിയിരുന്നു.

സ്മാർട്ട് സിറ്റി പദ്ധതി വന്നപ്പോൾ റിയൽ എസ്റ്റേറ്റ് ലോബി എന്നുപറഞ്ഞുകൊണ്ട് അതിനെ തല്ലിത്തകർക്കുവാനായിരുന്നു ഇടതുപക്ഷ ഗവൺമെന്റ് ശ്രമിച്ചത്. അന്നും ചെറുപ്പക്കാരെ നിരാശരാക്കി. അങ്ങനെ വിവിധ കാര്യങ്ങളെടുക്കുമ്പോൾ ചെറുപ്പക്കാരെ നിരാശരാക്കിയിട്ടുള്ള പ്രവർത്തന രീതിയാണ് ഇടതുപക്ഷ ഗവൺമെന്റും ഇടതുപക്ഷ പ്രസ്ഥാനങ്ങളും സ്വീകരിച്ചുപോന്നിട്ടുള്ളത്. അവരുടെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി.......... ഇത് നാടിനും സമൂഹത്തിനും പുതിയ തലമുറയ്ക്കും ഉപകാരപ്രദമാകുമെന്ന് അവർക്ക് അറിയുമെങ്കിൽത്തന്നെ അതിനെ കണ്ടില്ല എന്ന് നടിച്ചുകൊണ്ട് ഇങ്ങനെ മുന്നോട്ടുപോകുമ്പോൾ സ്വാഭാവികമായും

ചെറുപ്പക്കാർ തിരിഞ്ഞുവരും. അതാണ് ഞാൻ ഇവിടെ സൂചിപ്പിക്കാനുണ്ടായ കാരണം.

അതുപോലെ ഏറ്റവും ഒടുവിലായി ബോംബ് ഉണ്ടാക്കാനായി പ്രേരിപ്പിച്ചുകൊണ്ട് രണ്ട് ചെറുപ്പക്കാരെ കൊലയ്ക്ക് കൊടുത്തില്ലേ. അവർ ബോംബ് ഉണ്ടാക്കിയപ്പോൾ അവരെ രണ്ടുപേരെയും കൊലയ്ക്ക് കൊടുക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യം കേരളത്തിലുണ്ടായപ്പോൾ അവിടെയും ചെറുപ്പക്കാർ ചിന്തിച്ചു. ഇവിടെ അരുവിക്കരയിലും ചെറുപ്പക്കാർ യു.ഡി.എഫ്.-ന് ശബരീനാഥിന്...... മൂന്ന് തലമുറകൾ തമ്മിലുള്ള മത്സരമായിരുന്നു അവിടെ നടന്നത്. ചെറുപ്പക്കാരുടെ പ്രതിനിധിയായിട്ട് ശ്രീ. കെ. എസ്. ശബരീനാഥൻ അവിടെ മത്സരിച്ചപ്പോൾ ചെറുപ്പക്കാർക്ക് എങ്ങനെ മാറിനിൽക്കാൻ സാധിക്കും. ചെറുപ്പക്കാരുടെ വോട്ട് പുറത്തല്ല അകത്ത് തന്നെയാണ് വീണത്. അതിൽ യാതൊരു സംശയവുമില്ല. ഒരു ചെറുപ്പക്കാരനായ എം.എൽ.എ.യെ തരണമെന്ന് ഞങ്ങൾ പറഞ്ഞു. ഏറ്റവും ചെറുപ്പക്കാരനായ ഒരു എം.എൽ.എ.യെ ഈ നിയമസഭയിലേയ്ക്ക് അരുവിക്കരയിലെ യുവസുഹൃത്തുക്കൾ തരണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ കേരളത്തിലെയും അതുപോലെത്തന്നെ അരുവിക്കരയിലേയും ചെറുപ്പക്കാർ അത് തെരഞ്ഞെടുത്തു. ഇന്ന് കേരള നിയമസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ ഒരു എം.എൽ.എ. ആയി

ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ സത്യപ്രതിജ്ഞ ചെയ്യാൻ പോവുകയാണ്. അങ്ങനെയുള്ള ഒരു സാഹചര്യമാണ് ഇന്ന് നമ്മുടെ കേരളത്തിൽ ഉണ്ടായിരിക്കുന്നത്.

ബഹുമാന്യനായ എം.എൽ.എ. ശ്രീ. എളമരം കരീം ഇവിടെ സൂചിപ്പിച്ചതിൽ ഇനി മക്കൾ പിതാക്കൻമാരെ കൊല്ലുമെന്നുള്ള ഒരു ധ്വനിയുണ്ടായി. സത്യം പറഞ്ഞാൽ അദ്ദേഹത്തെപ്പോലൊരു സീനിയർ നേതാവ് ഇങ്ങനെ പറയുന്നത് കേട്ടപ്പോൾ ഞങ്ങൾക്ക്... വലിയൊരു പ്രതിഷേധമെന്ന് പറയാൻ പറ്റില്ല. അങ്ങനെയൊരു കാര്യം പറയാൻ അദ്ദേഹത്തിന് എങ്ങനെയാണ് പ്രേരണയുണ്ടായത്. ഇവിടെ ഒരു പിതാവ് മരിച്ചു, ഒരു പുത്രൻ ജയിച്ചു എന്നുകണ്ടപ്പോൾ സി.പി.എം.ന്റെ ഒരു അടവുനയത്തിന്റെ ഭാഗമായി അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ അതിനുമുന്നോടിയായിട്ട് ഒരുപക്ഷേ സി.പി.എം.-ന്റെ നേതാക്കൻമാരെ വകവരുത്തിക്കൊണ്ട് അവരുടെ മക്കളെ മത്സരിപ്പിച്ച് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടാമെന്നുള്ള വ്യാമോഹത്തിന്റെ ഭാഗമായായാണോ നമ്മുടെ പ്രിയപ്പെട്ട ശ്രീ. എളമരം കരീം ഈയൊരു പ്രസ്താവന നിയമസഭയിൽ ഇന്നിവിടെ അവതരിപ്പിച്ചതെന്ന് ഞാൻ സംശയിക്കുന്നു. കാരണം സി.പി.എം. എന്നും ഏതു മുഖേനയും അധികാരത്തിലേറുവാൻവേണ്ടി എന്തു തരംതാഴ്ന്ന രാഷ്ട്രീയവും കാണിക്കാൻ മടിക്കില്ല എന്നുള്ളതിന്റെ ഒരു ധ്വനിയാണ്

അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. അതുപോലെത്തന്നെ നിങ്ങളൊരു കാര്യം മനസ്സിലാക്കണം. കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാൻ സി.പി.എം. ഇനിയെങ്കിലും തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്. കാരണം ഈ തെരഞ്ഞെടുപ്പിന്റെ ഫലം തെളിയിക്കുന്നത് ബംഗാളിലെപ്പോലെ നിങ്ങളുടെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇന്നിവിടെ കാണുന്നത്. സി.പി.എം. അതൊന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും എന്നാണ് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്. സി.പി.എം.-ഉം ഇടതുപക്ഷവും നശിച്ചുപോയി ബി.ജെ.പി. വളർന്നു വരണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. കാരണം, മതേതരത്വ നിലപാടുള്ള ഒരു പ്രസ്ഥാനമാണ് സി.പി.എം.-ഉം ഇടതുപക്ഷവും. അത് ഒരിക്കലും ക്ഷീണിക്കണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. ബി.ജെ.പി. വളരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ നിങ്ങൾ ഇത് കണ്ടില്ലായെന്ന് നടിച്ചുപോയാൽ നിങ്ങളുടെ കാലിനടിയിലെ മണ്ണ് ചോർന്നുപോകുമെന്നതിൽ യാതൊരു തർക്കവുമില്ല. സി.പി.എം.-ഉം ഇടതുപക്ഷവും ഈ പോക്ക് പോയാൽ വംശനാശം വരുന്ന ഒരു സാഹചര്യത്തിലേയ്ക്ക്, ബംഗാളിലെ അവസ്ഥയിലേയ്ക്ക് പോകുന്നൊരു സാഹചര്യമുണ്ടാകും. ദർശനമാണ് ഞങ്ങളുടെ കാഴ്ചപ്പാടെന്ന് ഇവിടെ

ബഹുമാന്യനായ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു, ആ ദർശനത്തിന് മങ്ങലേറ്റിരിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇന്നിവിടെ ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം വ്യക്തമായ ദിശാബോധത്തോടുകൂടി ഫലപ്രാപ്തിയിൽ എത്തുന്ന വിധത്തിലായിരുന്നു. ഇത് രാജ്യത്തിന് ആകെ മാതൃകയാണ് എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികൾ മുന്നിൽ കണ്ടുകൊണ്ട് നിയമലംഘനത്തിനും, പൊതുജന സുരക്ഷയ്ക്കും ആധുനിക രീതികൾ അവലംബിച്ചുകൊണ്ടുള്ള നവീകരണ പദ്ധതികൾ സംസ്ഥാന പോലീസ് സംവിധാനത്തിന് ജനകീയ മുഖം നൽകി. ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായതിനുശേഷം ഒത്തിരി കാര്യങ്ങളിൽ കൂടുതൽ ജനങ്ങളെ അടുപ്പിച്ചുകൊണ്ട് ആഭ്യന്തര വകുപ്പിനെ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസ് പദ്ധതി നടപ്പിലാക്കിയ ദക്ഷിണേഷ്യയിലെ ആദ്യത്തെ പ്രദേശമാണ് കേരളം. സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ സുരക്ഷ ഉറപ്പുവരുത്തുന്ന, സാമൂഹ്യ വിരുദ്ധ ശക്തികളെ അമർച്ച ചെയ്തുകൊണ്ട് സമാധാനം നിലനിർത്തുവാനും നമ്മുടെ പോലീസ് സംവിധാനത്തിന് കഴിയുന്നത് വളരെയധികം അഭിനന്ദനാർഹമാണ്. റോഡ് അപകടങ്ങൾ ഏറ്റവും കൂടുതൽ സംഭവിക്കുന്ന സംസ്ഥാനം എന്ന നിലയിൽ, അത്

കുറച്ചു കൊണ്ടുവരുന്നതിന് അടിയന്തര നടപടികൾ പോലീസ് കൈക്കൊള്ളുന്നുണ്ട് എന്ന കാര്യവും, 'സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്' പദ്ധതിയിലൂടെ കുട്ടികളെ നിയമ ബോധമുള്ള പൗരന്മാരായി തീർക്കുവാനുള്ള ശ്രമങ്ങൾ ആഭ്യന്തര വകുപ്പിന്റെ കർമ്മശേഷിയുടെ സാക്ഷ്യപത്രമാണ്. സ്റ്റുഡന്റ്സ് പോലീസ് എന്റെ നിയോജകമണ്ഡലത്തിലായാലും, അവരുടെ പ്രവർത്തനങ്ങൾ വലിയ രീതിയിൽ ജനങ്ങൾക്കും, പൊതുസമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ മാറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ബ്ലേഡ്, കൊള്ളപ്പലിശ മാഫിയകളുടെ അടിവേര് അറുക്കാൻ ആഭ്യന്തര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര ഒന്നാം ഘട്ടം വിജയകരമായി പര്യവസാനിച്ചു. സംസ്ഥാനത്തിന്റെ ചിലഭാഗങ്ങളിൽ ബ്ലേഡ് മാഫിയ വീണ്ടും തലപൊക്കിയതായി കണ്ടപ്പോൾ ഓപ്പറേഷൻ കുബേര രണ്ടാം ഘട്ടം ആരംഭിക്കുവാൻ ആഭ്യന്തര വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. ഇവിടെ കണക്കുകൾ പറയുന്നത്, 13960 കേസ്സുകൾ എടുത്തു കഴിഞ്ഞു, റെയ്ഡുകൾ നടത്തി 3086 കേസ്സുകളെടുത്തു, 2073 പേരെ അറസ്റ്റു ചെയ്തു. റെയ്ഡിൽ 4 കോടി 63 ലക്ഷത്തിൽ അധികം തുക കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ബ്ലേഡ് മാഫിയയ്ക്ക് എതിരെ വ്യാപകമായി പോലീസ് നടപടികൾ ഉണ്ടായത്. ചില ആളുകൾക്ക്

വലിയ കമ്പനികളിൽ റെയ്ഡ് നടത്തുന്നില്ലയെന്ന ആക്ഷേപമുണ്ടായിരുന്നു. മുത്തൂറ്റ്, കൊശമറ്റം, മണപ്പുറം, ഗോകുലം എന്നീ ഫിനാൻസ് കമ്പനികളിൽ റെയ്ഡ് നടത്തി അവരെ നിയന്ത്രിക്കുവാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഓപ്പറേഷൻ കുബേര രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ജനപ്രതിനിധികളുടേയും, സന്നദ്ധ സംഘടനാപ്രവർത്തകരുടേയും സഹായത്തോടെ ബ്ലേഡ് മാഫിയക്കെതിരെ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. ചില പോലീസ് ഉദ്യോഗസ്ഥൻമാർ ഇത് മറയാക്കിക്കൊണ്ട് സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കിയതായി പരാതികൾ ഉണ്ടായി, അതുകൊണ്ട് ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. പരാതികൾ വരുമ്പോൾ അത് മോണിറ്ററിംഗ് നടത്തുവാൻ, സ്പെഷ്യൽ ബ്രാഞ്ചിനെ ചുമതലപ്പെടുത്തിയ സാഹചര്യമുണ്ടായി. ഇതെല്ലാം സ്വാഗതാർഹമായ കാര്യങ്ങളാണ്, കാരണം നമ്മുടെ എല്ലാ വിഭാഗങ്ങളിലും ചില പുഴക്കുത്തുകൾ ഉണ്ട്, പോലീസിലും ഉണ്ട് അത് തിരിച്ചറിയാൻ, ഗവൺമെന്റ് അതു മനസ്സിലാക്കിക്കൊണ്ട് കർശന നടപടികൾ എടുത്തു. ഗവൺമെന്റ് കൊണ്ടുവരുന്ന നല്ല പദ്ധതികളെ മോശമാക്കാൻ രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി ചില ആളുകൾ പ്രവർത്തിക്കുന്നുണ്ട്, അത് മനസ്സിലാക്കിക്കൊണ്ട് അവരെ തിരിച്ചറിയാൻ ഈ ഗവൺമെന്റിന് സാധിക്കണം എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

സാധാരണക്കാർക്ക് വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കുവാനുള്ള അവസരങ്ങൾ ഒരുക്കാൻ സഹകരണ ബാങ്കുകൾക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയതും വളരെയധികം സ്വാഗതാർഹമാണ്. കുബേര എന്ന നല്ല പദ്ധതി മുന്നോട്ടുപോകുമ്പോൾ പാവപ്പെട്ട ജനതയെ സഹായിക്കുവാൻ സഹകരണ ബാങ്കുകൾ രംഗത്തിറങ്ങിയപ്പോൾ, ചില നാഷണലൈസ്ഡ് ബാങ്കുകൾ മുഖം തിരിഞ്ഞ് നിൽക്കുകയാണ്. അതിനെതിരെ ശക്തമായ നിലപാട് എടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഗവൺമെന്റിനോട് പറയുവാനുള്ളത്. നമ്മുടെ വിദ്യാലയങ്ങളെ മയക്കുമരുന്ന് മാഫിയകളുടെ പിടിയിൽ നിന്നും മോചിപ്പിക്കുവാൻ, നമ്മുടെ കുട്ടികളെ ലഹരി മരുന്നിന്റെ വലയത്തിൽ നിന്നും മോചിപ്പിക്കുവാൻ ആഭ്യന്തര വകുപ്പ് ആവിഷ്കരിച്ച 'ക്ലീൻ ക്യാമ്പസ്സ് സേഫ് ക്യാമ്പസ്സ്' എന്ന പദ്ധതി വലിയ ജന പിന്തുണ പിടിച്ചുപറ്റിയ കാര്യം നമുക്ക് എല്ലാപേർക്കും അറിയാം. 2014 മെയ് മാസം മുതൽ 2015 ജൂൺ മാസം വരെ സ്കൂൾ പരിസരങ്ങളിലുള്ള കടകളിൽ നിന്നും 37110 റെയ്ഡുകൾ നടത്തുകയും പുകയില പോലുള്ള ലഹരി പദാർത്ഥങ്ങൾ വില്പന നടത്തിയതിന് 8903 പേരെ അറസ്റ്റ് ചെയ്യുകയും, 9134 കേസ്സുകൾ എടുക്കുകയും ചെയ്തു. ലഹരി മാഫിയകൾക്കെതിരെ ഇനിയും റെയ്ഡുകൾ നടത്തേണ്ടതും, കേസ്സുകളെടുക്കേണ്ടതും വളരെയധികം അത്യാവശ്യമാണ്. പഴയ

തലമുറയെ കാർന്നു തിന്നുന്നതാണ് മദ്യവും മയക്കുമരുന്നുമെല്ലാം. ഇന്ന് പുതിയ തലമുറയെ കാർന്നു തിന്നുന്ന ഏറ്റവും വലിയ വിപത്താണ് മയക്കു മരുന്ന് മാഫിയ. ആ മാഫിയയ്ക്കെതിരെ ശക്തമായ നിലപാട് എടുത്ത് മുന്നോട്ടു പോകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്. 2016-ഓടു കൂടി കേരളത്തിലെ എല്ലാ സ്കൂൾ, കോളേജ് പരിസരവും മയക്കുമരുന്ന്, പുകയില വിമുക്ത മേഖലയാക്കി മാറ്റണമെന്നതാണ് ആഭ്യന്തര വകുപ്പിന്റെ ലക്ഷ്യം. ആ ലക്ഷ്യം കൈവരിക്കുവാൻ പ്രതിപക്ഷത്തിന്റേയും എല്ലാ വിഭാഗം ജനങ്ങളുടേയും പൂർണ്ണമായ പിൻതുണ അനിവാര്യമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. സംസ്ഥാനത്തെ എല്ലാ സ്ത്രീകൾക്കും, കുട്ടികൾക്കും നിർഭയമായി ജീവിക്കുന്ന സാഹചര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആഭ്യന്തര വകുപ്പ് നടപ്പിലാക്കി വരുന്ന 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതി സമൂഹത്തിൽ പുതിയ ചലനങ്ങൾ ഉണ്ടാക്കുവാൻ പര്യാപ്തമാണ്. സാമൂഹ്യരംഗത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരിടേണ്ടി വരുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന് ഈ വിഭാഗക്കാരെ ബോധവൽക്കരിക്കുകയും, സജ്ജരാക്കുകയും ചെയ്യുക എന്ന ദൗത്യമാണ് ഈ പദ്ധതിയിൽ ഉള്ളത്. എറണാകുളം ജില്ലയിലാണ് ഇതിന്റെ പൈലറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇത് മറ്റു ജില്ലകളിലേയ്ക്കും വ്യാപിപിക്കുകയും, ആവശ്യമായ കൂടുതൽ

ഫണ്ട് വകയിരുത്തുകയും വേണം. ഇൻഡ്യയിൽ കേരളത്തിലാണ് ഏറ്റവുമധികം വാഹനാപകടങ്ങൾ ഉണ്ടാകുന്നത്. ഓരോ വർഷവും 4000-ത്തിൽ അധികം പേർ മരിക്കുകയും ഏകദേശം 40,000-ത്തിൽ അധികം പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്ന സാഹചര്യം കേരളത്തിൽ ഉണ്ട്. ഇത് അതീവ ഉത്കണ്ഠ ഉളവാക്കുന്ന കാര്യമാണ്. റോഡു ഗതാഗത, സുരക്ഷിത ഗതാഗത നിയമങ്ങൾ കർശനമാക്കി നടപ്പിലാക്കുന്നതിന് കേരള സർക്കാരും പോലീസും സംയോജിച്ചുകൊണ്ട് 'ശുഭയാത്ര 2015' എന്ന പേരിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ നാനാ തുറയിലുമുള്ള വ്യക്തികളുടേയും സംഘടനകളുടേയും സഹകരണത്തോടെ ട്രാഫിക്ക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും, ട്രാഫിക്ക് ബോധവൽക്കരണം ഊർജ്ജിതമാക്കുവാനും 'ശുഭയാത്ര 2015' ലക്ഷ്യമിടുന്നു. ഇതിലൂടെ അപകടരഹിതമായ റോഡ് ഗതാഗതം എന്ന ലക്ഷ്യം നേടുവാൻ സർക്കാർ ആഗ്രഹിക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടേ ഇപ്പോഴും അപകടങ്ങൾ നിർബാധം വർദ്ധിക്കുകയാണ്. നമ്മുടെ റോഡുകളുടെ ശോചനീയമായ അവസ്ഥയും, റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലെ ബുദ്ധിമുട്ടുകളും, പൊതുഗതാഗത സംവിധാനത്തിലെ പാകപ്പിഴകളും, മത്സരഓട്ടങ്ങളും, ട്രാഫിക്ക് നിയമങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം ലഭിക്കാത്തതും, റോഡ്

അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു. പല ആളുകൾക്കും ട്രാഫിക്ക് സംവിധാനങ്ങളെക്കുറിച്ച് അറിയാം, പക്ഷേ കണ്ടിട്ടും കണ്ടില്ലാ എന്നു നടിച്ചുകൊണ്ട്, അറിഞ്ഞിട്ടും അറിയില്ലാ എന്നു നടിച്ചുകൊണ്ട്, ട്രാഫിക്ക് സംവിധാനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ബസ്സുകൾ മത്സര ഓട്ടങ്ങൾ നടത്തുമ്പോൾ വലിയ അപകടങ്ങൾ വിളിച്ചു വരുത്തുന്ന ഒരു സാഹചര്യം ഉണ്ട്. ഈ പ്രോജക്ടിനു വേണ്ടി റോഡു സുരക്ഷാ അതോറിറ്റി ഒരു കോടി രൂപ അനുവദിച്ചു, ഇത് വളരെ കുറവാണ്, ഇതിനായി കൂടുതൽ തുക അനുവദിക്കണം. റോഡ് വികസനത്തിന്റെ, ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്ന് സർക്കാർ ശ്രദ്ധിക്കണം. മദ്യപിച്ച് വാഹനമോടിക്കുന്നത് ഏതൊരു കാരണവശാലും അംഗീകരിക്കുവാൻ സാധിക്കുകയില്ല. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദു ചെയ്യുക തന്നെ വേണം, കാരണം മദ്യപിച്ച് വാഹനമോടിക്കുമ്പോൾ മിക്കവാറും അപകടത്തിൽ മരണപ്പെടുന്ന സാഹചര്യമുണ്ട്, ഇവരുടെ വാഹനമിടിച്ച് നിരപരാധികളായ യാത്രക്കാർ മരണപ്പെടുന്നത് കേരളത്തിൽ നിത്യ സംഭവമാണ്. യാതൊരു വിട്ടുവീഴ്ചയും കൂടാതെ തന്നെ മദ്യപിച്ച് വാഹനമോടിക്കുന്നതിന് എതിരെ പോലീസ് കർക്കശ നിലപാടെടുത്ത് മുന്നോട്ടുപോകണം. സർക്കാർ ഈ കാര്യത്തിൽ കർശന നിലപാട് എടുക്കേണ്ടതാണ്. അക്രമികളേയും,

സാമൂഹ്യവിരുദ്ധരേയും പൂർണ്ണമായും അമർച്ച ചെയ്യാൻ വേണ്ടി ആഭ്യന്തര വകുപ്പ് ആവിഷ്കരിച്ച 'ഓപ്പറേഷൻ സുരക്ഷ' തീർച്ചയായും നല്ല ഒരു കാര്യം തന്നെയാണ്. അങ്ങനെ സമസ്ത മേഖലകളിലും പോലീസിനെ ജനങ്ങളോട് കൂടുതൽ അടുപ്പിച്ചുകൊണ്ട്, ജനങ്ങൾക്കുവേണ്ടി നിൽക്കുന്ന ഒരു പോലീസ് സംവിധാനം ഇന്ന് കേരളത്തിൽ ഉണ്ട്. അതുകൊണ്ട് 2015-16-ലെ സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ശ്രീ. അൻവർ സാദത്തും, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും പറഞ്ഞത് നരിക്കാട്ടിലെ അഞ്ച് ചെറുപ്പക്കാർ സ്വന്തം കയ്യിൽ നിന്നും ബോംബ് പൊട്ടി അതിഭീകരമായി മരിച്ച ആ കേസ്, ഇപ്പോൾ എവിടെ എത്തിയെന്ന് പോലും അറിയില്ല. അതിന്റെ ചിത്രം പ്രദർശിപ്പിച്ചത് എവിടെയും കണ്ടിട്ടില്ല, അതിനെക്കുറിച്ചാണോ അവർ പറയുന്നത് എന്നും എനിക്ക് അറിയില്ല. അത്തരം സംഭവം ഉണ്ടായത് ദാരുണമാണെങ്കിലും അക്കാര്യങ്ങളെക്കുറിച്ചൊക്കെ ഓർമ്മിക്കുന്നത് നല്ലതാണെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ജൂൺ 25 അടിയന്തരാവസ്ഥയുടെ 40-ാം വാർഷികമാണ്. അതെല്ലാപേർക്കും ഓർമ്മയുണ്ടാകുമല്ലോ? പോലീസ് ഭീകരതയുടെ ഒരു താണ്ഡവ

ന്ത്തം തന്നെയായിരുന്നു ആ കാലത്തുണ്ടായിരുന്നത്. ഇടുക്കിയിലെ തങ്കമണി ഗ്രാമത്തിൽ സ്ത്രീകളെ കൂട്ടത്തോടെ ബലാത്സംഗം ചെയ്തതും അതിനുശേഷമുള്ള ഉരുട്ടിക്കൊല, തടവുകാരെ മലം തീറ്റിച്ചത്... ഇതിനെല്ലാം കിട്ടിയ ഒരു അംഗീകാരമായാണ് അരുവിക്കര വിധിയെ നിങ്ങൾ വിലയിരുത്തുന്നത്. മുഖ്യമന്ത്രിയുടെ ചിത്രത്തോടൊപ്പമുണ്ടായിരുന്ന രണ്ട് ചെറുപ്പക്കാരുടെ ഒരു ചിത്രം ഉണ്ടായിരുന്നു. കുട പിടിച്ച് ഒരാൾ ഇടതുഭാഗത്തും മറ്റൊരാൾ വലതു ഭാഗത്തുമായി രണ്ടാളുകൾ. ഒരു ഭാഗത്ത് ജോപ്പൻ മറുഭാഗത്ത് സലിം രാജ്. ഇവിടെ ആ സലിം രാജ് എന്നുപറയുന്ന പോലീസുകാരൻ മുഖ്യമന്ത്രിയുടെ എല്ലാ ആശ്രിതത്വവും പറ്റിക്കൊണ്ട് വലിയ രീതിയിലുള്ള തട്ടിപ്പിന് നേതൃത്വം കൊടുത്തിട്ടുള്ള സ്ഥിതി നമ്മൾ കണ്ടിട്ടുണ്ട്. ഇവിടെ പഴയ ആഭ്യന്തര മന്ത്രിതന്നെ തട്ടിപ്പ് കേസ്സിൽ പ്രതിയായ സ്ത്രീയുടെ വീട്ടിൽ പോയി കരിക്ക് വെള്ളം കുടിച്ച സംഭവവും നമ്മൾ മറന്നിട്ടില്ല. ഇതിനൊക്കെയുള്ള അനുമതിയാണ് ഇപ്പോൾ അരുവിക്കര കൊടുത്തതെങ്കിൽ... എന്റെ നാട്ടിൽ ഒരു ചെറിയ കുട്ടി വഴിയിൽക്കൂടി പോകുന്നവരെയൊക്കെ ചീത്ത വിളിക്കുമായിരുന്നു. അങ്ങനെ ചീത്ത വിളിക്കുമ്പോൾ ആൾക്കാർ അയ്യഞ്ച് പൈസയും ഓരോ രൂപയൊക്കെ കൊടുക്കും. അവസാനം തടിമിടുക്കുള്ള ഒരാളെ ചീത്ത വിളിച്ചതിന് ഒരടിക്ക് രണ്ട് പല്ലും താഴെ പോയി.

അതുപോലെ ഇവർക്ക് കിട്ടുന്നതെല്ലാം ഒരു നല്ല കാര്യമാണെന്ന് വിചാരിച്ച് നിൽക്കുകയാണെങ്കിൽ അതിനൊന്നും പറഞ്ഞിട്ട് കാര്യമില്ല, ഇങ്ങനെ എന്ത് ഉണ്ടായാലും അതും... ആല് മുളച്ചാൽ അതും തണലാണെന്ന് വിചാരിക്കുന്നത് എന്തിന്റെ ഭാഗമാണ് എന്ന് അറിയില്ല. എന്തായാലും ഈ തെരഞ്ഞെടുപ്പിനെ നമ്മൾ വിലയിരുത്തുമല്ലോ. ഏതായാലും ഈ ഭരണത്തിൽ എല്ലാം നല്ലതെന്ന് പറയുമ്പോൾ ഒറ്റ വർഷംകൊണ്ട് 13850 സ്ത്രീകൾക്കെതിരെ പീഡനം നടന്നു. അതിൽ Rape-ന് വിധേയമായത് 1283 സ്ത്രീകളാണ്. അതുപോലെ ഭർത്താവിനാലും ബന്ധുക്കളാലും ആക്രമിക്കപ്പെട്ടത് 4810 സ്ത്രീകളാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ ഇതൊന്നും വലിയ അത്ഭുതത്തോടുകൂടി കെട്ടിച്ചമച്ച കഥയൊന്നും അല്ല. അങ്ങനെ പറയുന്നവർ അത് അറിവില്ലാത്തതുകൊണ്ട് പറയുന്നതാണ്. ഞാനത് പറയുന്നത് എന്തുകൊണ്ടെന്നാൽ നിയമസഭയിലെ സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയിൽ അംഗങ്ങളായിട്ടുള്ള ഞങ്ങൾക്ക് അറിയാം. ഞങ്ങൾ തെളിവെടുപ്പ് നടത്തിയപ്പോൾ യഥാർത്ഥത്തിൽ ഇരയുടെ ഭാഗത്ത് അല്ല പോലീസ് നിൽക്കുന്നത്. അക്രമത്തിനിരയായ സ്ത്രീയുടെ എതിരായി പണം ഉള്ളവന്റെ കൂടെ നിൽക്കുന്ന ഒരു പോലീസിനെയാണ് കാണാൻ സാധിക്കുന്നത്. അത് പോലീസിന്റെ ഏറ്റവും ഉയർന്ന തലങ്ങളിലുള്ളവർക്ക്

കൃത്യമായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അവർക്ക് എത്രത്തോളം അതിനെതിരെ എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് എനിക്കറിയില്ല. ഇതേ അവസ്ഥയാണ് കുട്ടികളുടെയും കാര്യത്തിൽ. കേരളത്തിലെ പോലീസിന്റെ മിടുക്ക് കൊണ്ട് നമ്മുടെ നാട്ടിലെ കുട്ടികൾ കാണാതാവുകയും അതുപോലെ പീഡനം അനുഭവിക്കുകയും ഒക്കെ ചെയ്യുന്നു. ഇത് ഒരു വർഷത്തെ കണക്കാണ് ഞാൻ പറയുന്നത്, ഈ ഗവൺമെന്റ് ഭരിച്ച നാല് കൊല്ലത്തെ കണക്കല്ല. അതുപോലെ അതിക്രമത്തിന് വിധേയരായ കുട്ടികളുടെ കണക്കെടുത്താൽ നമ്മുടെ നാട്ടിൽ നടക്കുന്ന എല്ലാ സംഭവങ്ങളും ഈ കണക്കിൽ വരുന്നില്ല. വളരെ അപൂർവ്വം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് തികച്ചും വ്യത്യസ്തമായിട്ടാണ്. സ്ത്രീകൾക്കെതിരായി നടക്കുന്ന അക്രമത്തിൽ പത്തിലൊന്നോ അല്ലെങ്കിൽ നൂറിലൊന്നോ മാത്രമേ പോലീസ് സ്റ്റേഷനിലേയ്ക്കും പൊതുസ്ഥലത്തേയ്ക്കും പരാതികളായി എത്തുന്നുള്ളൂ. ഇവിടെയെല്ലാം പീഡനത്തിനിരയാകുന്നത് സ്ത്രീകളാണ്. അപമാനിക്കപ്പെടുമെന്ന ധാരണയിൽ ആരോടും പറയാതിരിക്കുകയാണ് ചെയ്യുന്നത്. എന്നിട്ടും ഒരു വർഷത്തെ കണക്കാണ് ഞാൻ ഇവിടെ വച്ചത്. 2286 കുട്ടികളെ കാണാതാവുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇത് കേരളം പോലെയുള്ള നാട്ടിൽ അംഗീകരിക്കാൻ കഴിയുന്ന അല്ലെങ്കിൽ നടന്നു പോകട്ടെ എന്ന് കരുതുന്ന ഒരു

കണക്കല്ല. അതുകൊണ്ട് ഇവിടത്തെ ഭരണത്തേയും പോലീസിന്റെ നിലപാടിനേയും നമുക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. അതുപോലെ പോലീസ് സേന, 50 ശതമാനത്തിലേറെ സ്ത്രീകളുള്ള ഒരു സംസ്ഥാനത്ത്, അമ്പതിനായിരത്തോളമുള്ള പോലീസ് സേനയിൽ സ്ത്രീകളുടെ പ്രാതിനിധ്യം 3000 മാത്രമെയുള്ളൂ എന്നുപറയുന്നത് വളരെ ശരിയല്ലാത്ത ഒരു കാര്യമാണ്. അത് തിരുത്തപ്പെടാൻ എന്തൊക്കെ നടപടികൾ വേണമെന്ന് പരിശോധിക്കേണ്ടതാണ്. ഞാൻ അടിയന്തരാവസ്ഥയെക്കുറിച്ചാണ് പറഞ്ഞുവന്നത്. അടിയന്തരാവസ്ഥ കാലത്ത് പോലീസ് രാജിന് സമാനമായ ഒരവസ്ഥയാണ്, ഇത് കേരളത്തിൽ മുഴവൻ എന്ന് ഞാൻ പറയുന്നില്ല. അതേ സമയത്ത് കോഴിക്കോട് ജില്ലയിലും വടകര താലൂക്കിലും അതിന് സമാനമായിട്ടുള്ള ഒരു അവസ്ഥയാണ് നിലനിൽക്കുന്നത്. അവിടെ അക്രമിക്കുന്ന ആളുകൾ അതുപോലെ തന്നെ 'കാപ്പ' ചുമത്തപ്പെടേണ്ട ആളുകൾ അവരൊക്കെ പോലീസിന്റെ നല്ലപിള്ളയായി എല്ലാ ര്രൂപത്തിലും അവർക്ക് സംരക്ഷണം കൊടുക്കുന്ന ആളുകളാണ്. എന്റ നാട്ടിൽ പെൺകുട്ടികളെ തട്ടിക്കൊണ്ട് പോകുന്ന കുറെ കാര്യങ്ങൾ നടക്കുന്നുണ്ട്. ബിൽക്കുസ് അബ്ദുള്ള എന്ന് പറയുന്ന ഒരാളുണ്ട്, അയാൾക്കെതിരായിട്ട് പുറമേലി പഞ്ചായത്തിലെ ജനപ്രതിനിധികളും നാട്ടുകാരൊക്കെ ചേർന്ന് പോലീസ് സ്റ്റേഷനിൽ സമരങ്ങളും അതുപോലെ തന്നെ

സന്ധ്യാനേരത്ത് വിളക്ക് കത്തിച്ചുകൊണ്ട് നാട്ടു മുഴുവൻ സമരങ്ങളും നടത്തി. പക്ഷേ പോലീസ് അയാൾക്ക് എല്ലാ വിവരങ്ങളും കൊടുക്കുന്ന... ഇത് ഒരാളുടെ മാത്രം കഥയല്ല. പോലീസിന്റെ ഏറ്റവും മുകളിൽ പിടിപാടുള്ളവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കുന്നവരാണ് പോലീസ് സേനയിലെ അംഗങ്ങളിൽ ബഹുഭൂരിപക്ഷവും. എല്ലാ പോലീസുകാരേയും ഞാൻ അതിൽപ്പെടുത്തുന്നില്ല. 'കോലീബി' സഖ്യമാണ് എന്റെ താലൂക്കായ വടകരയിൽ നിലനിൽക്കുന്നത്. അവിടെ കഴിഞ്ഞ ദിവസം വികാസ് എന്നുപറയുന്ന ഒരു ചെറുപ്പക്കാരനെ 'കാപ്പ' നിയമപ്രകാരം അറസ്റ്റ് ചെയ്തു. പുതിയ രീതിയിലാണ് ഇപ്പോഴത്തെ അറസ്റ്റ് എന്നുപറയുന്നത്. മജിസ്ട്രേട്ടിന്റെ അധികാരം ഉപയോഗിച്ചുകൊണ്ട് നേരെ കളക്ടർക്ക് പോലീസ് വളരെ സ്വകാര്യമായി റിപ്പോർട്ട് കൊടുക്കുകയും പോലീസ് വന്ന് അറസ്റ്റ് ചെയ്തു കൊണ്ടുപോവുകയുമാണ്. വലിയ ഗുണ്ടകൾക്കു നേരെ മാത്രം പ്രയോഗിക്കാനുള്ള ഈ നിയമം കൊണ്ടുവന്നത് ഇടതു ജനാതിപത്യമുന്നണി സർക്കാരിന്റെ കാലത്താണ്. വളരെ കൃത്യമായിട്ടുതന്നെ ക്രിമിനലുകളും ഏറ്റവും വലിയ സാമൂഹ്യ വിരുദ്ധരും തലപൊക്കാതിരിക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നതെങ്കിൽ ഇന്ന് ക്രിമിനലുകളെ ഓരോ രീതിയിലും.... ആ ഗവൺമെന്റിന്റെ കാലത്ത് ഒരിക്കൽപ്പോലും 'കാപ്പ' ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിക്കാർക്കെതിരെ പ്രയോഗിച്ചിട്ടില്ല. സി.പി.ഐ.

(എം.)-ന്റെയും ഇടതുപക്ഷത്തിന്റെയും രാഷ്ട്രീയ എതിരാളികൾ ഈ നാട്ടിൽ ഇല്ലാഞ്ഞിട്ടാണോ? ഒരു രാഷ്ട്രീയ പാർട്ടിക്കാരൻപോലും 'കാപ്പ' ഉപയോഗിച്ച് ആ ഗവൺമെന്റ് എന്തെങ്കിലും ചെയ്തുവെന്ന് പറയാൻ തയ്യാറായിട്ടില്ല. പക്ഷേ ഞങ്ങളുടെ നാട്ടിൽ ഇപ്പോൾ നടക്കുന്ന ഒരു സംഭവം എന്തെന്ന് പറഞ്ഞാൽ ഇവിടെ 'കോലീബി'ക്കാർ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ആളുകൾക്കെതിരായി പോലീസ് ഏതെങ്കിലും രൂപത്തിലുള്ള കേസ്സുകൾ കെട്ടിച്ചമയ്ക്കുകയാണ്. ആ കേസ്സിന്റെ അടിസ്ഥാനത്തിൽ പോലീസ് അവർക്കെതിരെ നീങ്ങുകയാണ്. അങ്ങനെയുള്ളവരുടെ കേസ് ഇപ്പോൾ പരിശോധിച്ചാൽ ഒരുപാടുണ്ടാകും. കാരണം പോലീസ് ഒരാളിനെ ലക്ഷ്യമിടുകയാണ്. എ. എം. റഷീദ് എന്നുപറയുന്ന ഡി.വൈ.എഫ്.ഐ.-യുടെ ഒരു ജില്ലാ ട്രഷറർ ഉണ്ട്. അയാളുടെ പേരിൽ നേരത്തെ കുറെ കേസ്സുകൾ ഉണ്ടായിരുന്നു. അതൊക്കെതന്നെ ജാഥ നടത്തിയതുമായി ബന്ധപ്പെട്ട കേസ്സുകളായിരുന്നു. അതിന്റെ പേരിൽ 107-ാം വകുപ്പ് ചാർജ്ജ് ചെയ്തു. അത് ഒഴിവായതിനുശേഷം പുതിയതായി ഒരു കേസ് പോലും അയാളുടെ പേരിൽ ഇല്ലാതിരുന്നിട്ടും ഇപ്പോൾ വീണ്ടും അയാളുടെ പേരിൽ 107-ാം വകുപ്പ് പ്രകാരം കേസ് ചാർജ്ജ് ചെയ്തിരിക്കുകയാണ്. അയാളുടെ പേരിൽ മാത്രമല്ല അടുത്ത ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വരുമ്പോൾ അവിടെയുള്ള പാർട്ടിയുടേയും

ഡി.വൈ.എഫ്.ഐ.-യുടെയും ഇടതുപക്ഷത്തിന്റെയും സജീവ പ്രവർത്തകരെല്ലാം ജയിലിലായിരക്കണമെന്ന കൃത്യമായ ഉദ്ദേശ്യത്തോടുകൂടി അതിനു വേണ്ടിയിട്ടുള്ള തയ്യാറെടുപ്പുകൾ ഒരു എസ്.പി.-യുടെ നേതൃത്വത്തിൽ നടക്കുകയാണ്. വളരെ കൃത്യമായി തന്നെ ഇത്തരം ആളുകൾക്കെതിരെ 107-ഉം 307-ഉം 308-ഉം വകുപ്പുകൾ അനുസരിച്ചുള്ള കേസ്സുകൾ ചാർജ് ചെയ്യുകയാണ്. ഒരു കേസ്സുണ്ടായിക്കഴിഞ്ഞാൽ അടിക്കുന്നത് കോൺഗ്രസ്സ്കാരനോ ലീഗോ ആരെങ്കിലുമാണെങ്കിൽ അയാൾക്ക് 307-ഉം 308-ഉം ഒന്നുമുണ്ടാവില്ല. വെറും പെറ്റിക്കേസ്സായിരിക്കും ചാർജ്ജ് ചെയ്യുന്നത്. സ്റ്റേഷനിൽ നിന്ന് ഇറങ്ങിപ്പോരുകയും ചെയ്യാം. അതേസമയത്ത് അത് ഒരു ഇടതുപക്ഷജനാതിപത്യ മുന്നണിയുടെ പ്രവർത്തകനാണെങ്കിൽ 307-ഉം 308-ഉം പ്രകാരമുള്ള വകുപ്പുകൾ ചുമത്തി അവർക്കെതിരെ കേസ്സെടുക്കും. അങ്ങനെ ഒന്നോ രണ്ടോ 107, 307, 308 വകുപ്പുകൾ വന്നിട്ടുണ്ടെങ്കിൽ അവർക്കെതിരെ 'കാപ്പ' പ്രകാരമുള്ള കേസ് ചാർജ്ജ് ചെയ്ത് അറസ്റ്റ് ചെയ്യുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഞങ്ങൾക്ക് ഒരു കാര്യം മാത്രമെ പറയാനുള്ളൂ. രാഷ്ട്രീയ പ്രവർത്തനത്തെ ഇങ്ങനെ ജയിലറ ഉപയോഗിച്ച് തടയാം എന്ന മിഥ്യാധാരണയുണ്ടെങ്കിൽ അതിനെ അതിശക്തിയായി.. നിങ്ങൾ കണ്ടതാണല്ലോ തകർക്കാൻ ഒരുപാട് ശ്രമം നടത്തിയിട്ടും റബ്ബർ പന്തുപോലെ കുതിച്ചുയർന്ന്

പോകുന്നത് നിങ്ങൾ കണ്ടതാണല്ലോ. അത് വടകര താലൂക്കിൽ വീണ്ടും 'കോലീബി' സഖ്യം ഇപ്പോൾ ബി.ജെ.പി. കൂടി ചേർന്നുകൊണ്ടാണ് ഈ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. അത് നിരവധി ആളുകൾക്കെതിരെ നടത്താൻ പോകുന്ന ഒരവസ്ഥയാണുള്ളത്. സമാധാനത്തിന് ഭംഗം വരുത്തുന്ന ആളുകൾക്കെതിരായി കൊണ്ടുവന്ന നിയമം വച്ചുകൊണ്ടുതന്നെ ഒരു പ്രദേശത്തെ പൊതുപ്രവർത്തകരെ ആകെ വേട്ടയാടുന്ന ഒരു സമീപനമാണ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. പോലീസിനു നേരെ അക്രമം നടത്തിയ കേസ്സുകളിൽപ്പെട്ടവരുടെ കേസ്സുകൾ പിൻവലിക്കുകയും അവിടെത്തന്നെ ജവാന്റെ നേരെ അക്രമം നടത്തി ആ ജവാനെ ആക്രമിച്ച് കൊല്ലാൻ പുറപ്പെട്ട പ്രതിയെ കേസ്സിൽ നിന്ന് രക്ഷപ്പെടുത്താൻ വേണ്ടി ഇപ്പോൾ അവിടെ ഉണ്ടായിട്ടുള്ള കുറെ സംഭവങ്ങളുമായി ബന്ധപ്പെട്ട് കുറെ കേസ്സുകൾ വെള്ളൂരും നാഥാപുരം മേഖലയിലുമുണ്ട്. ആ മേഖലയിൽ, ഒരു കേസിൽ ജവാനെ ആക്രമിക്കുന്നത്, കൊല്ലാൻ ശ്രമിക്കുന്നത് കണ്ടു എന്ന് സാക്ഷി പറഞ്ഞ ഒരാളെ പോലീസ് പിടിച്ചുകൊണ്ട് വന്നപ്പോൾ 'നീ ഈ കേസ്സിൽ സാക്ഷി പറയുമോ' എന്ന് അവിടത്തെ എസ്.ഐ. ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'ഞാൻ സാക്ഷി പറയും' എന്ന്. 'സാക്ഷി പറഞ്ഞില്ലെങ്കിൽ നിന്നെ ഈ കേസ്സിൽനിന്നു ഒഴിവാക്കും; സാക്ഷി

പറയുകയാണെങ്കിൽ നിന്നെ കേസ്സിൽ ഉൾപ്പെടുത്തും' എന്നാണ് പോലീസ് പറഞ്ഞത്. വീടുകൾ ആക്രമിച്ച, വീടുകൾ കൊള്ളയടിച്ച കേസ്സിലുൾപ്പെടുത്തും അല്ലെങ്കിൽ സാക്ഷി പറയാതിരിക്കണം. 'നിങ്ങൾ ഇനി എന്നെ എങ്ങനെ കേസ്സിൽ ഉൾപ്പെടുത്തിയാലും ഞാൻ ഇത് കണ്ടു എന്നല്ലാതെ എനിക്ക് കള്ളം പറയാൻ പറ്റില്ല' എന്ന് അയാൾ പറഞ്ഞു. ഈ രൂപത്തിലുള്ള പോലീസിന്റെ ഏറ്റവും മര്യാദകെട്ടൊരു സമീപനമാണ് അവിടെ ഉണ്ടായിരിക്കുന്നത്. ഈ സഭയിലെ തന്നെ എം.എൽ.എ.-മാർ ഏതൊക്കെ രൂപത്തിലാണെന്നുള്ളത് നമ്മൾ കണ്ടതാണല്ലോ? ഒരു വനിതാ വാച്ച് ആന്റ് വാർഡിനെ ആക്രമിച്ചുവെന്ന് പറഞ്ഞാണ് രണ്ട് എം.എൽ.എ.-മാരെ സസ്പെന്റ് ചെയ്തത്. ഇല്ലാത്തൊരു കഥയാണ് പറഞ്ഞുണ്ടാക്കിയത്. ഈ സഭയുടെ ചരിത്രത്തിലാദ്യമായാണ് ഇങ്ങനെ ഉണ്ടായിട്ടുള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതുകൊണ്ടാണ് അവരെ സസ്പെന്റ് ചെയ്തത്. വനിതാ എം.എൽ.എ.-മാരെ ആക്രമിച്ചപ്പോൾ ഇവിടത്തെ മുഖ്യമന്ത്രിക്കും ഭരണാധികാരികൾക്കും ഒന്നും പറയാനില്ലായിരുന്നു. ഇതുസംബന്ധിച്ച് ഞങ്ങൾ അന്ന് സ്പീക്കറോട് പരാതി പറഞ്ഞു. അന്ന് സഭ നടന്നത് എങ്ങനെയാണ്? അഞ്ച് ആളുകൾ മാത്രമേ സീറ്റിൽ ഉണ്ടായിരുന്നുള്ളൂ. ഞാൻ എന്റെ സീറ്റിലല്ലാതെ അപ്പുറത്തു പോയി പ്രസംഗിച്ചാൽ സ്പീക്കർ അത് അംഗീകരിക്കുമോ? അഞ്ച് ആളുകൾ മാത്രം സീറ്റിലുണ്ടായിരുന്ന

സമയത്ത്, ഇന്ന് ബഡ്ജറ്റ് ആണ് എന്ന് ഏതോ മൂലയിൽ നിന്ന് എന്തോ പറഞ്ഞപ്പോൾ അതിനെ അംഗീകരിച്ചുവെന്ന് പറയുമ്പോൾ എത്ര പേർ സീറ്റിലുണ്ടായിരുന്നുവെന്നുള്ളത് പരിശോധിക്കുമോ? അന്ന് സ്ത്രീകൾക്കുനേരെ അക്രമം നടത്തി. ആ അക്രമത്തിന് പോലീസും സ്പീക്കറും കേസ്സെടുക്കാൻ തയ്യാറായില്ല. ആ കേസിൽ കോടതി ഞങ്ങളുടെ മൊഴി രേഖപ്പെടുത്താൻ തയ്യാറായിട്ടുണ്ട്. അതിനെ അത്രത്തോളം അംഗീകരിക്കാമെന്നുള്ളതല്ലാതെ വേറൊന്നും പറയാനില്ല. നാദാപുരം എന്നുപറയുന്ന ഒരു പ്രദേശത്ത് എന്തെങ്കിലുമൊരു പ്രശ്നമുണ്ടായിക്കഴിഞ്ഞാൽ അത് ആളിപ്പടരുന്നൊരു പ്രദേശമാണ്. ഒരുപാട് കാലമായി അവിടത്തെ രാഷ്ട്രീയ പാർട്ടികൾ എല്ലാവരും വളരെ വലിയ ശ്രമത്തിന്റെ ഭാഗമായി ഒരു പ്രശ്നമില്ലാത്ത പ്രദേശത്താണ് 19 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ നിഷ്ഠൂരമായി കൊലപ്പെടുത്തിയത്. അങ്ങനെ നിഷ്ഠൂരമായി കൊലപ്പെടുത്തിയ പ്രതികൾ, ആ നിഷ്ഠൂരമായ കൊലപാതകം നടന്ന അവിടെ ബഹുമാന്യനായ മുഖ്യമന്ത്രിയും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയും ഈ മന്ത്രിസഭയിലെ ബഹുഭൂരിപക്ഷം മന്ത്രിമാരും സന്ദർശിച്ചു. എന്റെ മകനെ നിഷ്ഠൂരമായി വെട്ടികൊന്നതാണെന്ന് 19 വയസ്സുകാരന്റെ അച്ഛൻ ഭാസ്കരൻ പറഞ്ഞു. എന്റെ മകനെ തിരിച്ചു തരികയാണെങ്കിൽ ഞാൻ എന്തുവേണമെങ്കിലും തരാം,

നിങ്ങൾ ഒരു സ്പെഷ്യൽ പ്രോസിക്യൂഷനെ വയ്ക്കാനുള്ള അനുവാദം തരണം. അപേക്ഷ കൊടുക്കാൻ പറഞ്ഞു, ആ അപേക്ഷയിൽ ആഭ്യന്തര വകുപ്പുമന്ത്രി ഒപ്പിട്ടു. ഈ പ്രതികൾക്ക് ജാമ്യം കിട്ടുന്നതുവരെ ആ സ്പെഷ്യൽ പ്രോസിക്യൂഷന് അനുവാദം കൊടുത്തില്ല. കാരണം ഈ അക്രമികൾക്ക്, അവർക്ക് കൃത്യമായി ജാമ്യം കിട്ടുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുകയായിരുന്നു. ആർ.എസ്.എസ്.-കാരെയും എൻ.ഡിഎഫ്.-കാരെയും ഈ തീവ്രവാദ പ്രവർത്തനം നടത്തുന്നത് ആരൊക്കെയാണോ അവരെയൊക്കെ സംരക്ഷിക്കപ്പെടുന്നൊരു സമീപനമല്ലേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ആ കേസിലെ പ്രതികളായ ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുമ്പോൾ നമ്മുടെ പോലീസ് പ്രതികൾക്കാണ് നഷ്ടപരിഹാരം കൊടുക്കുന്നതെന്ന് അറിഞ്ഞതേയില്ല. ഈ സംഭവം നടക്കുമ്പോൾ, വല്ലാത്ത വേദന തോന്നിയിട്ട് ഒരു വീട്ടിലേയ്ക്ക് ഓടിക്കയറിയ ചെറുപ്പക്കാരന് നഷ്ടപരിഹാരം കൊടുത്തപ്പോൾ പോലീസ് പറഞ്ഞു, ഇവൻ അക്രമിയാണ് അതുകൊണ്ട് നഷ്ടപരിഹാരം കൊടുക്കാൻ പറ്റില്ലെന്ന്. അതേ സമയം ഈ കേസ്സിലെ പ്രതികൾക്ക് 10-18 ലക്ഷം രൂപ കൊടുക്കാൻ പോയപ്പോൾ പോലീസ് മിണ്ടാതെയിരുന്നു. പോലീസ് എന്നു പറയുന്നത് എന്താണ്? ഇവിടത്തെ അക്രമികൾക്ക് എല്ലാ രൂപത്തിലുമുള്ള ഒത്താശ ചെയ്യുന്ന അല്ലെങ്കിൽ

ഭരണത്തിനനുകൂലമായ രൂപത്തിലേയ്ക്ക് അക്രമികൾക്ക് ഒത്താശ ചെയ്യുന്ന ഒരു സംവിധാനമാണ് ഇവിടെ നടക്കുന്നത്. യു.ഡി.എഫ്. വന്നതിനുശേഷം പോലീസിൽ എത്ര കുറ്റവാളികളാണുള്ളത്? കൊച്ചുകുട്ടികളെപ്പോലും നാണിപ്പിക്കുന്ന രൂപത്തിലേയ്ക്ക് കോപ്പിയടിക്കുന്ന പോലീസ്. മുഖ്യമന്ത്രിയും ചില എം.എൽ.എ.-മാരുമായിട്ടുള്ള കുടുംബബന്ധം വച്ച് ഭൂമി തട്ടിപ്പറിക്കുന്ന സലീംരാജാണ് ഇവിടെ പോലീസ്. സരിതയുടെ 22 പേജുള്ള കത്ത് മായാവിയെപോലെ മൂന്ന് പേജാക്കുന്ന, അതിന് അടിമപ്പണിയെടുക്കുന്ന പോലീസ്. ഇങ്ങനെ പോലീസ് സേന എന്നു പറഞ്ഞാൽ നമ്മുടെ നാടിന് അഭിമാനമായി മാറേണ്ട, നമ്മുടെ നാടിന് ക്രമസാമധാനം സംരക്ഷിക്കേണ്ട പോലീസ് ഇന്ന് ഒരു നാട്ടിന് അപമാനകരമായ അവസ്ഥയിലേയ്ക്കാണ് പോകുന്നത്. എന്റെ നാട്ടിലൊരു പോലീസുണ്ട്, ജെയ്സൺ എബ്രഹാം എന്നു പറയുന്ന ഒരു ഡിവൈ.എസ്.പി. ആണ്. അയാളുടെ സ്ഥിരം ജോലി പെൺവാണിഭ കേസ്, അയാളുടെ ഭാര്യക്ക് ലീഗുകാരുടെ ഒരു സ്കൂളിലാണ് ജോലി കിട്ടിയിരിക്കുന്നത്. ആവശ്യമായ പണവും സംവിധാനങ്ങളും കിട്ടുമെന്ന് പറയുന്നു. ഇത് ശരിയാണോ എന്നുള്ള കാര്യം എനിക്കറിയില്ല. നാദാപുരത്തെ പാറക്കടവിലെ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ പീഡിപ്പിച്ച കേസ്സുണ്ടായി. ആ സംഭവമുണ്ടായപ്പോൾ താമരശ്ശേരിയിൽനിന്നും നാദാപുരത്തേയ്ക്ക്

ഡിവൈ.എസ്.പി. ഓടിയെത്തുകയാണ്. ഒരു ദിവസത്തേയ്ക്ക് അവിടത്തെ ഡിവൈ.എസ്.പി. ലീവെടുക്കുകയാണെങ്കിൽ താമരശ്ശേരിയിൽനിന്നും ഈ പെൺവാണിഭ കേസ് ഒതുക്കിത്തീർക്കാൻവേണ്ടി ഓടി എത്തുകയാണ്. ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ മണ്ഡലമാണ്. ഞാനും അവിടത്തെ മഹിളാ അസോസിയേഷൻ ഉൾപ്പെടെയുള്ള സംഘടനകളൊക്കെ അതിശക്തമായി ഇടപെട്ടതുകൊണ്ട്, ആ സമയത്ത് ആ കേസ് മുക്കാൻ പറ്റിയില്ല. പക്ഷേ, ജെയ്സൺ എബ്രഹാമും അദ്ദേഹത്തിന്റെ പിന്നിലുള്ള ലോബിയും ഇടപെട്ടതുകൊണ്ട് പിന്നീട് അദ്ദേഹം ഉദ്ദേശിച്ചതുപോലെതന്നെ കാര്യങ്ങൾ, ഒരു പ്രതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രതിയുടെ ആവശ്യപ്രകാരം കേസിന് അന്വേഷണം നിശ്ചയിക്കുകയും കേസ് അട്ടിമറിക്കുകയും ചെയ്തു. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയെ വെല്ലുവിളിക്കുകയാണ്. അദ്ദേഹത്തിന് ഞാനൊരു പരാതി കൊടുത്തിട്ടുണ്ട്. ആ പരാതി ശരിയായ രൂപത്തിൽ അന്വേഷണം നടത്തിക്കഴിഞ്ഞാൽ, പ്രായപൂർത്തിയാകാത്ത ഈ പെൺകുട്ടിയെ പീഡിപ്പിച്ച ആളുകളെ കൃത്യമായി പിടിക്കുവാനും അവർക്കെതിരായി കൃത്യമായി കേസ് കൊണ്ടു പോകാനും കഴിയും. പക്ഷേ, എന്തിനാണ് ആഭ്യന്തര വകുപ്പുമന്ത്രിയും പോലീസും അത് ചെയ്യാതിരുന്നത്? കൃത്യമായി, മുകളിൽ നിന്നുള്ള ഏതോ ഉത്തരവിന്റെ ഭാഗത്തുനിന്നുകൊണ്ടാണ്

അവർ ആ സമീപനം സ്വീകരിച്ചത്. അതിനെക്കുറിച്ച് വളരെ കൃത്യമായി തന്നെ പറയാം. പന്തീരിക്കര പെൺവാണിഭം, അപ്പാർട്ടുമെന്റ് പെൺവാണിഭം, ബംഗ്ലാദേശിൽ നിന്ന് കടന്നുവരുന്ന ആളുകളെ ബംഗാളിന്റെ അതിർത്തിയിൽ വച്ച് കോഴിക്കോട് ഉൾപ്പെടെയുള്ള നഗരങ്ങളിൽ കൊണ്ടുപോയി, ആ നഗരങ്ങളിൽ ഇവരെ മറ്റു രൂപങ്ങളിലുള്ള പ്രവർത്തനങ്ങളിൽ പ്രേരിപ്പിക്കുക, പിടിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അന്വേഷണങ്ങളൊക്കെ എവിടെ എത്തിനിൽക്കുന്നു? അന്വേഷണങ്ങളൊക്കെ കൃത്യമായി കൊണ്ടുപോകാനുള്ള ഒരു നട്ടെല്ല്, ഒരു ഗഡ്സ് ഈ പോലീസുകാർക്കുണ്ടോ? ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ ചെയ്യാൻ ഈ പോലീസിന് കഴിയും? പെൺവാണിഭ സംഘങ്ങൾക്ക് ഒത്താശ ചെയ്യുന്ന, ഒരു നാടിനെ രക്ഷിക്കാൻ പറ്റിയില്ലെങ്കിൽ പിന്നെ എന്തിനാണ് അങ്ങനെയൊരു പോലീസ്? എന്തിനാണ് ഇങ്ങനെയൊരു പോലീസിന്റെ ആവശ്യം? അവസാനം നോക്കുമ്പോൾ ഒരു വടവൃക്ഷം പൊലിഞ്ഞു പോയതുപോലെ, വിൻസൻ എം. പോൾ, അദ്ദേഹത്തെക്കുറിച്ച് എന്ത് രൂപത്തിലുള്ള കഥകളായിരുന്നു കെട്ടിച്ചമച്ചത്? അങ്ങനെ നോക്കുമ്പോൾ കേരളത്തിന്റെ ക്രെഡിബിലിറ്റി ഉണ്ടായിരുന്ന ഈ ഉദ്യോഗസ്ഥൻ ബാർകോഴ കേസ് അട്ടിമറിക്കുന്ന ഒരു കാർമ്മികത്വം വഹിച്ചു. അതിന് എന്ത് കിട്ടിയെന്ന് എനിക്കറിയില്ല. ഒരു കാര്യം കേരളത്തിനറിയാം. 916

കാരറ്റുള്ള അത് സ്വർണ്ണമായിരുന്നില്ല, മുക്കുപണ്ടമായിരുന്നു എന്നു കൃത്യമായി..... എന്തു കിട്ടി, എങ്ങനെ കിട്ടി എന്നൊന്നും എനിക്ക് അറിയില്ല. അത് കൃത്യമായി മനസ്സിലാക്കാൻ കഴിയും. ഇവിടെ എന്തെങ്കിലും നല്ലത് ഈ ഗവൺമെന്റിനെക്കുറിച്ച് പറയാൻ സാധിക്കുമോ? ഞാൻ ഒരിക്കൽ കൂടി പറയുന്നു, എന്തിന്റെ ബലത്തിലാണ് എന്നുള്ളത് ആലോചിക്കേണ്ടതാണ് അല്ലെങ്കിൽ വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. പക്ഷേ, നിങ്ങളുടെ തോന്ന്യാസത്തിനുള്ള അംഗീകാരമാണ് അരുവിക്കരയിലെ വിജയമെന്നു പറഞ്ഞാൽ അതിനെ അംഗീകരിച്ചുതരാൻ പറ്റില്ല. വിജയം അംഗീകരിക്കാം. പക്ഷേ, ആ തോന്ന്യാസത്തിനൊക്കെയുള്ള ഒരു അംഗീകാരമാണ്. നിങ്ങൾ ചെയ്യുന്ന തോന്ന്യാസത്തെക്കുറിച്ചൊന്നും ഒന്നും പറയരുത് എന്ന് പറയുകയാണെങ്കിൽ ഞങ്ങൾ അത് ഒരായിരംവട്ടം പറയും. ആയിരംവട്ടം പറയും എന്നുമാത്രമല്ല ഈ നാടിന് അത് കൃത്യമായി ബോധ്യമുണ്ടാകയും ചെയ്യും. ഇനി വരുന്ന സമയത്ത് ജനങ്ങൾക്ക് കൃത്യമായി ബോധ്യം വരും. എന്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ നടന്നതെന്ന് ബോധ്യപ്പെടും. അതൊക്കെ വരാൻ പോകുന്ന കാലത്ത് മനസ്സിലാകുന്നതേയുള്ളൂ. അതിന് തർക്കമൊന്നുമില്ല. ഞങ്ങൾ അരുവിക്കരയിലെ തെരഞ്ഞെടുപ്പിൽ തോറ്റു എന്നുള്ളതുകൊണ്ട് ഞങ്ങൾ ഇനി നിങ്ങൾ പറയുന്ന എല്ലാ കാര്യങ്ങളും അംഗീകരിച്ച

തരും എന്ന് വിചാരിക്കുകയാണെങ്കിൽ ഇല്ല എന്നു മാത്രമല്ല അതിശക്തമായി ആർ.എസ്.എസ്. ഉൾപ്പെടെ, ബി.ജെ.പി. ഉൾപ്പെടെയുള്ള വർഗ്ഗീയതയ്ക്കെതിരായി, നിങ്ങൾ താലോലിക്കുന്ന വർഗ്ഗീയതയ്ക്ക് എതിരായും, നിങ്ങൾ ഇവിടെ നടത്തുന്ന നെറികെട്ട പ്രചാരണങ്ങൾക്കും നെറികെട്ട നിലപാടുകൾക്കും എതിരായി അതിശക്തമായ പോരാട്ടം നടത്തും. ഇവിടെ ബഡ്ജറ്റല്ല അവതരിപ്പിച്ചത്. ഞാനുൾപ്പെടെയുള്ള സ്ത്രീകളായിട്ടുള്ള എം.എൽ.എ.-മാർ ഈ നാട്ടിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി, ഓടിനടക്കുന്ന ഞങ്ങൾക്കെതിരായ അക്രമം ഇവിടെ നടന്നിട്ടുള്ളത് അതിനെ അംഗീകരിക്കാൻ കഴിയില്ല. പക്ഷേ, ഈ ഗവൺമെന്റിനെതിരായി ഒരു വാചകം പറയാനുള്ള അവസരം കിട്ടുകയാണെങ്കിൽ അവസരമെല്ലാം ഉപയോഗപ്പെടുത്തും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇവിടെ അരുവിക്കര തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് സജീവമായ ചർച്ചകളാണ് നടന്നു കൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം അരുവിക്കര തെരഞ്ഞെടുപ്പിനു മുമ്പുതന്നെ രാഷ്ട്രീയമായി അവർ പരാജയപ്പെട്ടിരുന്നു. ഇതുവരെ അവർ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ നിന്നുള്ള ഒരു വലിയ

വ്യതിയാനം ആ ഭാഗത്തു നിന്നുണ്ടായി. മാത്രമല്ല, എന്തെല്ലാം സംഗതികളോടാണ് അവർ കോംപ്രമൈസ് ചെയ്തത്? അവരെടുത്ത നിലപാടിൽ തന്നെ വളരെ വ്യത്യസ്തമായ സമീപനമാണ് അവർ തെരഞ്ഞെടുപ്പിനെടുത്തത്. തെരഞ്ഞെടുപ്പിന്റെ നാലു ദിവസം മുമ്പ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ കൊള്ളാത്തവനാണ്, പാർട്ടി അച്ചടക്കം ലംഘിച്ച ആളാണ് എന്നുപറഞ്ഞ് പാർട്ടി സെക്രട്ടറി തന്നെ മാധ്യമങ്ങളിൽ പരസ്യമായി ശാസിച്ച ആളെ കൊണ്ടുപോയിട്ടാണ് മെഗാസ്റ്റാർ ആയി തെരഞ്ഞെടുപ്പിന് നിർത്തിയത്. എങ്ങനെയാണ് ജനങ്ങൾ നിങ്ങളെ വിശ്വസിക്കുന്നത്? നിങ്ങൾ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത് എന്താണ്? ഈ ഗവൺമെന്റിനെതിരായി പറഞ്ഞുകൊണ്ടിരുന്ന പ്രചരണങ്ങളൊക്കെ വളരെ ദുർബ്ബലമായ വാദഗതികളാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും യു.ഡി.എഫ്. നേതാക്കന്മാരും കഴിഞ്ഞ നാലുവർഷക്കാലത്തെ ഭരണ നേട്ടങ്ങൾ അക്കമിട്ട് ജനങ്ങളുടെ മുമ്പാകെ നിരത്തിവച്ചപ്പോൾ നിങ്ങൾ പറഞ്ഞതും യു.ഡി.എഫ്. പറഞ്ഞതും താരതമ്യം ചെയ്യണ്ടേ? നിങ്ങൾ പറയുന്നത് കൺസിസ്റ്റൻസിയില്ല, സ്ഥിരതയില്ല. വി.എസ്.-ന്റെ കാര്യത്തിൽതന്നെ പറഞ്ഞു. യഥാർത്ഥത്തിൽ പിണറായി വിജയനാണ് നയിക്കേണ്ടതെങ്കിൽ അദ്ദേഹം അന്ന് ഒളിവിലായിരുന്നു. ഒളിവിൽ നിന്ന് അദ്ദേഹം പ്രത്യക്ഷപ്പെട്ട് നടത്തിയ ഒറ്റ

ദിവസത്തെ ഒറ്റ പ്രസംഗം കൊണ്ട് 2000 വോട്ട് പോയി എന്ന് എന്നോട് പല ആളുകളും പറഞ്ഞു. അവിടെയുള്ള മന്ത്രിമാരെ സംബന്ധിച്ചും സ്വതസിദ്ധമായ ശൈലിയിൽ അദ്ദേഹം മോശമായി പറഞ്ഞു. അതേ സമയം സി.പി.ഐ (എം)-നെപ്പോലെയുള്ള ഒരു പാർട്ടി എടുത്ത തീരുമാനങ്ങൾ, ആ പാർട്ടി സുചിന്തിതമായി താഴെത്തലം മുതൽ പോളിറ്റ്ബ്യൂറോ വരെയെടുത്ത തീരുമാനങ്ങളുണ്ടായിരുന്നുവെങ്കിൽ മെഗാസ്റ്റാറായി ഇറക്കേണ്ടിയിരുന്നത് ശ്രീ. പിണറായി വിജയനേയോ ശ്രീ. കോടിയേരി ബാലകൃഷ്ണനേയോ ആയിരുന്നില്ലേ. ഇത്ര ദുർബ്ബലനായ, പാർട്ടിക്കെതിരെ തിരിഞ്ഞ ഒരാളെ ഇറക്കിയപ്പോൾത്തന്നെ നിഷ്പക്ഷമതികളായ ജനങ്ങൾക്ക് നിങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെട്ടു എന്നുള്ളതാണ്. അവിടെ തുടങ്ങി നിങ്ങളുടെ പരാജയം. ഇപ്പോൾ ഇവിടെ ബഹുമാന്യയായ കെ. കെ. ലതിക 'നിങ്ങൾ പറയുന്നതൊന്നും ഞങ്ങൾ കേൾക്കില്ലാ'യെന്ന് പറഞ്ഞു. അങ്ങനെതന്നെ പോകണമെന്നാണ് ഞങ്ങൾ പറയുന്നത്. നിങ്ങളിപ്പോൾ പോകുന്നത് ശരിയായ മാർഗ്ഗത്തിലാണ്. അങ്ങനെതന്നെ പോയാൽ മതി. വോട്ടിന്റെ കാര്യം പറയാം "ആന പറക്കുന്ന കാറ്റത്ത് അമ്മാളുവിന്റെ ആട് എവിടെ" എന്നാണ് ചോദിക്കുന്നത്. പത്ത് പതിനായിരം വോട്ടിന്

തോറ്റുനിൽക്കുന്നവരാണ് ഞങ്ങളുടെ വോട്ട് എവിടെ എന്നുചോദിക്കുന്നത്. പതിനായിരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചാൽ പോരേ; പാർലമെന്റ് ഇലക്ഷനിൽ അരുവിക്കരയിൽ നിങ്ങളുടെ വോട്ട് എവിടെപ്പോയി; അത് നിങ്ങൾ നോക്കിയോ; പിന്നെ നിങ്ങൾ പറയുന്നത് കുട്ടികൾ കവുലാമ്മ കളിക്കുന്നതുപോലെയാണ്. ഈ കളിയിൽ അരയ്ക്കുതാഴെ തല്ലാൻ പാടില്ല. ഇലക്ഷന് അത് പറ്റുമോ; പ്രതിപക്ഷത്തിന്റെ വോട്ട് ഭിന്നിച്ചുപോയി, പ്രതിപക്ഷത്തിന്റെ വോട്ട് ഭിന്നിച്ചുപോയത് നോക്കൽ ഞങ്ങളുടെ പണിയാണോ; എന്നാൽപിന്നെ ബി.ജെ.പി.-യുടെ ഓഫീസിൽ വോട്ട് ഭിന്നിപ്പിക്കരുത് നമുക്കൊന്നാകാം എന്നുപറഞ്ഞ് ഒരു കത്ത് കൊടുത്തുകൂടായിരുന്നോ; എന്നാൽ വോട്ട് ഭിന്നിക്കില്ലായിരുന്നു. ഞങ്ങൾക്കിടയിൽ അതിലേറെ ഭിന്നതകളുണ്ടായിട്ടുണ്ട്. ഞങ്ങളുടെ മെഗാസ്റ്റാറായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ പുന്നാരപുത്രനും അപ്പുറത്ത് പോയില്ലേ; ഞങ്ങളാകെ ബേജാറിലായിരുന്നു. ഞങ്ങൾക്കാണ് ചോർച്ചയുണ്ടായത്. ഞങ്ങളുടെ വോട്ട് വാങ്ങി വിജയിച്ചുവന്ന ഞങ്ങളുടെ എം.എൽ.എ.-മാരെ നിങ്ങൾ അങ്ങോട്ടുകൊണ്ടുപോയി. അവിടെയും നിങ്ങൾ compromise ചെയ്തു. എന്തായിരുന്നു നിങ്ങൾ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത്.

ഇവിടെയിപ്പോൾ അഴിമതി ആരോപണം പറഞ്ഞുവെന്നല്ലാതെ കേരളത്തിൽ ...... ബഹുമാനപ്പെട്ട എ.കെ. ബാലൻ ഞാനൊന്ന് പറഞ്ഞോട്ടെ, ആകെ അഞ്ചുമിനിറ്റ് സമയമേയുള്ളൂ. അപ്പോൾ നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് നയപരമായ പാളിച്ച ഓരോ കാര്യത്തിലുമുണ്ടായി. നിങ്ങൾക്ക് ശത്രു ഏത്, മിത്രമേത് എന്നറിയില്ല. എല്ലാ സഖാക്കളും ഒളിവിലെ ഓർമ്മകൾ എഴുതാറുണ്ട്. ശ്രീ. പിണറായി വിജയനും അരുവിക്കരയിലെ ഒളിവിലെ ഓർമ്മകൾ എഴുതാം എന്നല്ലാതെ ഈ തെരഞ്ഞെടുപ്പിൽ എന്ത് നേട്ടമാണുണ്ടായത്; ശ്രീ. വി. എസ്. അച്ചുതാനന്ദൻ അല്ല നേതാവെങ്കിൽ അന്തസ്സായി പറയാമായിരുന്നില്ലേ; നേതാവിനെ മുൻപിൽ നിർത്തി പോരാടാമായിരുന്നു. ജനങ്ങൾ അത് മനസ്സിലാക്കിയെന്നുള്ളതാണ്. ബി.ജെ.പി.-യെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ; ബി.ജെ.പി.-യിലേയ്ക്കും ആർ.എസ്.എസ്സിലേയ്ക്കും കിട്ടാവുന്നിടത്തേയ്ക്കുമെല്ലാം നിങ്ങളുടെ വോട്ടുകൾ പോകും. നിങ്ങൾക്കൊപ്പം ആളുകളെ നിർത്തണമെങ്കിൽ അതിന് convincing ആയ കാര്യങ്ങൾ നിങ്ങൾ ജനങ്ങളോട് പറയണം. സി.പി.ഐ. (എം)-നെപ്പോലെയുള്ള പാർട്ടിക്ക് ഇത്ര വലിയൊരു തെരഞ്ഞെടുപ്പ് പരാജയമുണ്ടായിട്ടുപോലും നിങ്ങൾ യാഥാർത്ഥ്യം കാണാതെ പോകുകയാണ്.

അതുപോലെ നിങ്ങൾ പറഞ്ഞു കൊണ്ടിരുന്നതാരെയാണ്; മാർക്സിനെയോ ഏംഗൽസിനെയോ ഇ.എം.എസ്-നെയോ ക്വാട്ട് ചെയ്തുപറഞ്ഞാൽ മനസ്സിലാക്കാം. അതിനുപകരം നിങ്ങൾ സരിത പറഞ്ഞതിനെയാണ് ക്വാട്ട് ചെയ്തു പറയുന്നത്. ശ്രീമതി കെ. കെ. ലതിക പറഞ്ഞുനിർത്തിയത് സരിതയുടെ കത്തിനെക്കുറിച്ചാണ്. സി.പി.ഐ.(എം).-നെപ്പോലെയുള്ള ഒരു പാർട്ടിക്ക് എത്രകാലം സരിതയുടെ കത്തും ബിജു രാധാകൃഷ്ണന്റേയും ബിജു രമേശിന്റെയും കത്ത് തോളിലേറ്റിക്കൊണ്ട് നടക്കാൻ കഴിയും; ഇതുപോലെ shady personality ആളുകളെ മുന്നിൽനിർത്തി അവരുടെ വാദഗതികൾ ഏറ്റെടുത്ത് നിങ്ങൾ നടക്കേണ്ടിയിരുന്നില്ല. ഇതുവരെ നിങ്ങൾ ഒരുപാട് മന്ത്രിമാരെക്കുറിച്ച് അഴിമതിയാരോപണം പറഞ്ഞല്ലോ, നിങ്ങൾ പറയേണ്ടിയിരുന്നത് പഠനത്തിനും അതല്ലെങ്കിൽ നിരീക്ഷണത്തിനുംശേഷം നിങ്ങൾക്ക് കിട്ടിയ രേഖകളുടെ അടിസ്ഥാനത്തിൽ ആയിരുന്നു. നിങ്ങൾ ആകെ പറഞ്ഞത് ബിജു രമേശിന്റെ അല്ലെങ്കിൽ ബിജു രാധാകൃഷ്ണന്റെ കാര്യമാണ്. ശ്രീ. കെ. എം. മാണി സാറിനെ സംബന്ധിച്ച് നിങ്ങളെടുത്ത നിലപാടെന്തായിരുന്നു; നിങ്ങളുടെ പാർട്ടി പ്ലീനത്തിനുവേണ്ടി പാലക്കാട്ടേയ്ക്ക് നിങ്ങൾ എഴുന്നള്ളിച്ചുകൊണ്ടുപോയില്ലേ; രാജ്യത്ത് വേറെ ആരുമുണ്ടായിരുന്നില്ലേ;

അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കാമെന്ന് രാജ്യത്താകെ കൊട്ടിനടന്നുപറഞ്ഞില്ലേ; അവസാനം ബിജു രമേശ് എന്ന ബാർ കോഴക്കാരനായ മുതലാളി പറഞ്ഞപ്പോൾ നിങ്ങൾക്ക് മാണി സാറിനെക്കാൾ വിശ്വാസം അദ്ദേഹത്തെയായി. ആരെങ്കിലും എന്തെങ്കിലും വിളിച്ചുപറയുന്നത് കേൾക്കാൻ സി.പി.ഐ.(എം)-നെപ്പോലെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പോയാൽ ഇതിനെക്കാൾ വലിയ പരാജയത്തിന്റെ അഗാധഗർത്തത്തിലേയ്ക്കുപോകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതാണിപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അദ്ദേഹം കെട്ടിപ്പൊക്കിയ വലിയൊരു വ്യക്തിത്വം ഉണ്ടായിരുന്നു. അദ്ദേഹം അഴിമതിവിരുദ്ധനാണ്, സ്ത്രീപീഡനത്തിനെതിരാണ്, അഴിമതിക്കാരുമായി അദ്ദേഹത്തിന് ചങ്ങാത്തമില്ല, സംസാരമില്ല എന്നുള്ളത് അവസാനിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞു എന്നുള്ളൊരു സന്തോഷമുണ്ട്. അദ്ദേഹത്തിന് ആ ഒരു ഇമേജ് ഇനിയുണ്ടാകില്ല. ആ ഒരു കാര്യം നേടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളതല്ലാതെ വേറെ എന്താണുണ്ടായത്; രമയുടെ വീട്ടിൽ പോയി നിങ്ങളെ തോൽപ്പിക്കുമെന്ന് പേടിച്ചാണ് അദ്ദേഹത്തെ മുൻപിൽ നിർത്തിയത്. മുൻപൊരു തെരഞ്ഞെടുപ്പ് നടന്നപ്പോൾ

തെരഞ്ഞെടുപ്പിന്റെ തലേദിവസം സാന്ത്വനത്തിനുവേണ്ടി അദ്ദേഹം നേരെപോയത് രമയുടെ വീട്ടിലേയ്ക്കാണ്. അപ്പോൾ അതും തടയാൻ നിങ്ങൾക്ക് കഴിഞ്ഞുയെന്നുള്ളതല്ലാതെ അദ്ദേഹത്തിന്റെ പേരിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെട്ടു. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ജയിലിൽ ആക്കുന്നതിനുവേണ്ടി 14 വർഷം അദ്ദേഹം നടത്തിയ ധീരോദാത്തമായ പോരാട്ടം...... പക്ഷേ ഒപ്പം ചെന്നപ്പോൾ അദ്ദേഹത്തെ ഏറ്റി നടക്കുകയായിരുന്നു. സിന്ദ്ബാദിന്റെ കപ്പൽയാത്രയിൽ കടൽകിഴവന്മാർ സിന്ദ്ബാദിന്റെ കഴുത്തിലിരിക്കുന്നതുപോലെ പിള്ളയേയും മകനേയും ചുമന്നുനടന്നതിന്റെ ഫലമാണ് നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം മനസ്സിലാക്കണം. ഇതുപോലെയുള്ള shady character ആയിട്ടുള്ള ആളുകളെ ചുമന്നുനടക്കുമ്പോൾ നിങ്ങൾ ആലോചിക്കണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കപ്പലിലെ അമിതഭാരം ഒഴിഞ്ഞുകിട്ടിയതിന്റെ ആശ്വാസത്തിലാണ്. അമിതഭാരവുമായി നിൽക്കുന്ന ഒരു കപ്പലിൽനിന്നും ഒരു ഭാരം ഒഴിവാക്കിയ സന്തോഷവും അഭിമാനവുമുണ്ട്. യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്ന അതിസന്തോഷകരമായ, ആഹ്ലാദകരമായ ഒരു തെരഞ്ഞെടുപ്പാണ്. തെരഞ്ഞെടുപ്പിൽ പരാജയം എല്ലാവർക്കുമുണ്ടാകും. എന്റെ

പാർട്ടിയുൾപ്പെടെയുള്ള പല പാർട്ടികളും തോറ്റിട്ടുണ്ട്. പക്ഷേ തെരഞ്ഞെടുപ്പ് പരാജയത്തിന്റെ യാഥാർത്ഥ്യത്തിലേയ്ക്ക് കടന്നുചെല്ലാൻ, അത് വിശകലനം ചെയ്യാൻ തയ്യാറാകണ്ടേ; നിങ്ങൾ ഇപ്പോൾ ആകെ കണ്ടത് പ്രതിപക്ഷം ഭിന്നിച്ചുയെന്നുള്ളതാണ്. പ്രതിപക്ഷം ഭിന്നിച്ചോട്ടെ, പി.ഡി.പി നിങ്ങൾക്കൊപ്പം വരുമോ; വന്നാൽ എത്ര വോട്ടാണ് ലഭിക്കുന്നത്; 150 വോട്ട് ലഭിച്ചാൽ നിങ്ങൾ ജയിക്കുമോ; ബി.ജെ.പി.-യെ നിങ്ങൾക്കൊപ്പം നിർത്താൻ കത്ത് കൊടുത്ത് ക്ഷണിക്കണ്ടായിരുന്നോ; അപ്പോൾ തെരഞ്ഞെടുപ്പിന്റെ പരാജയത്തെ സംബന്ധിച്ച് ശരിയായി വിലയിരുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇന്നിവിടെ നടന്ന ചർച്ചയിൽ ആഭ്യന്തര വകുപ്പിനാണ് ഏറ്റവും വലിയ കോംപ്ലിമെന്റ് ലഭിച്ചത്. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ഇന്നിവിടെ നടന്ന ചർച്ച കത്തിപ്പടരുമെന്നാണ് ഞാൻ വിചാരിച്ചത്. പോലീസിന്റെ അതിക്രമങ്ങൾ, നിങ്ങളുടെ ഫ്ലക്സ് തകർത്തു, ഓഫീസ് അക്രമിച്ചു എന്നിങ്ങനെ ഒരുപാട് കേസ്സുകളുണ്ടാകുമെന്നാണ്. പക്ഷേ ഒരു പെറ്റികേസുപോലും അരുവിക്കരയിൽ ഉണ്ടായിട്ടില്ലെന്നാണ്. ഇതിലും വലിയ എന്ത് കോംപ്ലിമെന്റാണ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് നൽകാനുള്ളത്; അപ്പോൾ നിർഭയം നിഷ്പക്ഷമായ തെരഞ്ഞെടുപ്പ് നടത്തി. ഞാൻ പ്രതിപക്ഷത്തുള്ള

പ്രമുഖ നേതാക്കളുടെ പ്രസംഗം ശ്രദ്ധിക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാര ദുർവിനിയോഗം നടത്തിയതായി ഒരാൾപോലും പറഞ്ഞിട്ടില്ല. സാധാരണ തെരഞ്ഞെടുപ്പുണ്ടായാൽ മന്ത്രിമാർ അധികാര ദുർവിനിയോഗം നടത്തിയെന്നാണ് പറയുന്നത്. അതിനെക്കുറിച്ച് ഒരാളും ഇതുവരെ പറഞ്ഞിട്ടില്ല. നാളെ പറയുമോ എന്നുള്ളതിനെക്കുറിച്ച് അറിയില്ല. മന്ത്രിമാരുടെ അധികാര ദുർവിനിയോഗമോ, പോലീസിന്റെ അതിക്രമമോ ഉണ്ടായിട്ടില്ല. നിർഭയം നിഷ്പക്ഷമായി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അവസരമുണ്ടായപ്പോൾ ഏത് മഴയേയും അവഗണിച്ച് ജനങ്ങൾ മുന്നോട്ടുപോയി വോട്ടുചെയ്തപ്പോൾ ഞങ്ങൾ അർഹിക്കുന്ന, യു.ഡി.എഫ്. അംഗീകരിക്കുന്ന ഒരു വിജയം ഉണ്ടായി എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു.ഡി.എഫ്- ന്റെ നായകൻ ജനങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. ജനങ്ങളുടെ ഇടയിൽ ജീവിക്കുന്നതുകൊണ്ട് ജനങ്ങളുടെ മനസ്സ് അദ്ദേഹത്തിനറിയാം. അദ്ദേഹം തലച്ചോറുകൊണ്ട് ചിന്തിക്കുമ്പോൾ നിങ്ങൾ മുട്ടുകാൽകൊണ്ട് ചിന്തിക്കുന്നു എന്നുള്ളതാണ് വ്യത്യാസം. മുട്ടുകാൽകൊണ്ടുള്ള ചിന്ത നിൽക്കക്കള്ളിക്കുവേണ്ടിയുള്ള ചിന്തയാണ്. പിണറായി വിജയന് എവിടെ നിൽക്കണമെന്നുള്ള ചിന്ത, വി.എസ്. അച്ചുതാനന്ദന് എവിടെ

നിൽക്കണമെന്നുള്ള ചിന്ത, സി.പി.ഐ-ക്ക് എവിടെ നിൽക്കണമെന്നുള്ള ചിന്ത, ഇങ്ങനെയുള്ള ചിന്തകൾക്കിടയിൽ നിങ്ങൾക്ക് ചിന്തിക്കുവാനോ സിപി.ഐ.(എം)-ന്റെ പരമ്പരാഗതമായ രീതിയിൽ, ഒരു തെരഞ്ഞെടുപ്പ് പരാജയത്തിനുശേഷമെങ്കിലും ഇതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കാനോ കഴിയുന്നില്ലെന്നുള്ളത് നിരാശാജനകമാണ്. സി.പി.ഐ.(എം)- നെപ്പോലെയുള്ള ഒരു പാർട്ടി ഇത്തരത്തിലൊരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ എത്രമാത്രം ആലോചനകൾ നടത്തിക്കാണും. പക്ഷേ ആ ആലോചനയുടെ എന്തെങ്കിലും ഫലം തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞോ; ഒരു വോട്ട് വർദ്ധിപ്പിക്കുക എന്നുള്ളതല്ല, കേന്ദ്രം ഭരിക്കുന്ന പാർട്ടിയും ഇവിടത്തെ പ്രതിപക്ഷപാർട്ടിയും എല്ലാ വിധത്തിലുമുള്ള 'കൃമി'കളേയും കൂട്ടുപിടിച്ച് എല്ലാവിധ സന്നാഹത്തോടെയും ഇത്രയധികം കള്ളപ്രചരണങ്ങൾ നടത്തിയിട്ടും പതിനായിരത്തിലേറെ വോട്ടിന് വിജയിച്ചത് നിസ്സാര കാര്യമാണോ. നിങ്ങളുടെ വോട്ട് എവിടെപ്പോയി എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണ്ടേ; ഞങ്ങളുടെ വോട്ട് ഒരിടത്തും പോയിട്ടില്ല. നിങ്ങളുടെ വോട്ട് പോയതിനെ സംബന്ധിച്ച് ഇനിയെങ്കിലുമാലോചിക്കണം. നിങ്ങൾ ബി.ജെ.പി.-ക്കാർ തയ്യാറാക്കുന്ന പ്രസംഗമല്ലേ അവിടെ നടത്തിയിരുന്നത്. ബഡ്ജറ്റ്

അവതരിപ്പിച്ച സമയത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗം ഇപ്പോഴും ഓർക്കുകയാണ്. പാലാ-പാണക്കാട് ബഡ്ജറ്റ് എന്നാണ് അദ്ദേഹം ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഒരു ബഡ്ജറ്റിനെ വിശേഷിപ്പിച്ചത്. പാലാ-പാണക്കാട് ബഡ്ജറ്റ് എന്നുപറഞ്ഞാൽ അതിവിടത്തെ മുസ്ലീങ്ങളേയും ക്രിസ്ത്യാനികളേയും പ്രീണിപ്പിക്കുന്ന ബഡ്ജറ്റ് എന്ന രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കാതെ നിങ്ങൾ പ്രതികരിച്ചു. ഇവിടെ നടക്കുന്ന ഓരോ പ്രതികരണങ്ങളും ബി.ജെ.പി.-ക്ക് ആളെ ഉണ്ടാക്കിക്കൊടുക്കുന്ന പ്രവർത്തനങ്ങളാണ്. നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രസംഗങ്ങൾ അപകടകരമാണെന്ന് അന്ന് ഞങ്ങൾ പറഞ്ഞു. മുസ്ലീംലീഗിന്റെ മന്ത്രിമാർ ഏതെങ്കിലും സമുദായത്തിനുവേണ്ടി പ്രത്യേകമായി എന്തെങ്കിലും ചെയ്തു എന്നുപറയാൻ കഴിയുമോ; ഒരിക്കലും പറയാൻ കഴിയില്ല. യു.ഡി.എഫ്-ന്റെ മുഖ്യമന്ത്രിയുടെ പോളിസിയുടെ അടിസ്ഥാനത്തിലുള്ള കാര്യങ്ങൾ മാത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു കമ്മ്യൂണിറ്റിക്കുവേണ്ടി അവിഹിതമായി ഒന്നും ചെയ്തിട്ടില്ല. പക്ഷേ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ട്രെന്റ് എക്കാലത്തും ന്യൂനപക്ഷങ്ങളോടൊപ്പം പ്രതിജ്ഞാബദ്ധമായി നിൽക്കാറുള്ള എൽ.ഡി.എഫ്. ഇടക്കാലത്ത് ഭൂരിപക്ഷത്തിന്റെ വോട്ട് പിടിക്കാമെന്നുള്ള

വ്യാമോഹത്തിൽ ന്യൂനപക്ഷ സമുദായങ്ങളേയും പിന്നോക്ക സമുദായങ്ങളേയൊക്കെത്തന്നെയും തള്ളിപ്പറഞ്ഞതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ഇവിടെ ജയിലിനെ സംബന്ധിച്ച് പറയുകയുണ്ടായി. ജയിലുകളിൽ ഒട്ടനവധി പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നതിന് ശ്രീ. സി. ദിവാകരൻതന്നെ കോംപ്ലിമെന്റ് പറയുകയുണ്ടായി. ജയിലിൽ ഇപ്പോൾ പഴയ കാലത്തേതുപോലെയല്ല, ചപ്പാത്തി കൊടുക്കുന്നു, ഫോൺ ചെയ്യുന്നതിന് കോയിൻ ബൂത്തുകൾ അനുവദിച്ചു, പുസ്തകങ്ങൾ നൽകുന്നു എന്നിങ്ങനെ ഒട്ടനവധി പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലത്ത് കുറെനല്ല കാര്യങ്ങൾ നടത്തിയിട്ടുണ്ട്. അന്നത്തെ ഒരു പത്രം എന്റെ കയ്യിലുണ്ട്. കണ്ണൂർ സെൻട്രൽ ജയിൽ ആയുധപ്പുരകളായിരുന്നു. അന്നത്തെ ആ പത്രത്തിന്റെ എഡിറ്റോറിയലിന്റെ രണ്ടുവരിമാത്രം ഞാൻ വായിക്കാം. "കണ്ണൂർ സെൻട്രൽ ജയിൽ ആയുധപ്പുരയോ തടവറയോ?" 6 മൊബൈൽ ഫോണുകൾ, 27 ചാർജറുകൾ, സിം കാർഡുകൾ, മൊബൈൽ ബാറ്ററികൾ, ഇയർ ഫോണുകൾ, പേനാക്കത്തി, ചിരവ, കഞ്ചാവുപൊതികൾ, മൂർച്ചയേറിയ മറ്റായുധങ്ങൾ, ഇരുമ്പ് പൈപ്പുകൾ തുടങ്ങി നാല് ലോഡ് സാധനങ്ങളാണ് ജയിൽ വളപ്പിൽനിന്നും മീഡിയകളും ജനപ്രതിനിധികളും

കണ്ടുനിന്നപ്പോൾ കൊണ്ടുപോയത്. ആരെയും ഞെട്ടിപ്പിക്കുന്ന സംഭവമാണ്. ജെമിനി സർക്കസ്സിന്റെ കൂടാരം അഴിച്ചുകൊണ്ടുപോകുന്നതുപോലെയാണ് കണ്ണൂർ സെൻട്രൽ ജയിലിലെ അന്തേവാസികളിൽനിന്നും കണ്ടെടുത്ത സാധനങ്ങൾ കൊണ്ടുപോയത്. ഇന്ന് അത്തരത്തിലുള്ള എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ; ഓപ്പറേഷൻ കുബേരയെക്കുറിച്ച് പറയുകയുണ്ടായി, സാധാരണക്കാരന് ആശ്വാസം നൽകുന്ന കാര്യമാണ്. വട്ടിപ്പലിശക്കാരെ പിടികൂടുന്നതിനുള്ള ശക്തമായ നടപടികളെടുത്തു. മാത്രമല്ല ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ നേരിട്ട് ഫോൺ ചെയ്താൽ ഹോട്ട് ലൈനിൽ കിട്ടുന്നതുപോലെ സഡൻ തീരുമാനങ്ങളെടുത്തു. ഓപ്പറേഷൻ കുബേരയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ കാലത്ത് തുടങ്ങിയ നല്ല ഒരു പദ്ധതിയാണ് സ്റ്റുഡന്റ്സ് പോലീസ്. നല്ല പ്രവർത്തനമാണ്. ഞങ്ങൾ നിങ്ങളെപ്പോലെയല്ല, നിങ്ങളാണെങ്കിൽ വേറെ ആരെങ്കിലും തുടങ്ങിയത് നല്ല പ്രവർത്തമാണെങ്കിൽപ്പോലും അത് അവസാനിപ്പിക്കും, ഞങ്ങളാണെങ്കിൽ കുറവുകളുണ്ടെങ്കിൽ അവ പരിഹരിച്ച് അത് മുന്നോട്ടുകൊണ്ടുപോകും. അതുപോലെ സ്റ്റുഡന്റ്സ് പോലീസ് പദ്ധതിക്കുവേണ്ടി ഓരോ എം.എൽ.എ.-

മാരും എം.എൽ.എ. ഫണ്ടിൽനിന്നും പണം കൊടുക്കണമെന്ന് പറഞ്ഞു കൊണ്ടുള്ള ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ ഒരു കത്ത് എനിക്കുണ്ടായിരുന്നു, എല്ലാ എം.എൽ.എ. മാർക്കും ലഭിച്ചുവെന്നാണ് ഞാൻ കരുതുന്നത്. എല്ലാവരും പണം കൊടുത്തുവെന്ന് ഞാൻ വിചാരിക്കുകയാണ്. സ്റ്റുഡന്റ്സ് പോലീസിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തയാളാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി.

ശ്രീ. സി. കെ. നാണു: നിയമസഭയിൽ നമ്മൾ പറയുമ്പോൾ, വിജയിച്ചതിനെ സംബന്ധിച്ചാണ് മറ്റുള്ളവർ പറയുന്നത്. പക്ഷേ ബഹുമാനപ്പെട്ട അംഗം ഈ തെരഞ്ഞെടുപ്പിലെ കണക്ക് പരിശോധിക്കുകയാണെങ്കിൽ മുൻപ് അരുവിക്കരയിൽ മത്സരിച്ച മുൻ സ്പീക്കർ ജി. കാർത്തികേയന് ലഭിച്ച വോട്ടും ഇന്നത്തെ യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് ലഭിച്ച വോട്ടും എൽ.ഡി.എഫ്.-ന് ലഭിച്ച വോട്ടും തമ്മിൽ താരതമ്യം ചെയ്യണം. നിങ്ങൾക്ക് ഗംഭീരമായ ജനകീയ അംഗീകാരം ലഭിച്ചെന്ന് പറയുമ്പോഴും നല്ലൊരു ശതമാനം വോട്ട് വേറെയാൾ കൊണ്ടുപോയി. എൽ.ഡി.എഫ്. ആലോചിക്കേണ്ടത് എൽ.ഡി.എഫ്.ഉം യു.ഡി.എഫ്. ആലോചിക്കേണ്ടത് യു.ഡി.എഫ്.-ഉം ആലോചിക്കും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു.

അധിക സമയത്താണ് അങ്ങ് ശ്രീ. സി. കെ. നാണുവിന് വഴങ്ങിയത്.

ശ്രീ. എം. ഉമ്മർ: ബഹുമാനപ്പെട്ട അങ്ങ് നേരത്തെ ഇവിടെ ഇല്ലാത്തതുകൊണ്ടാണ്. ഇവിടത്തെ ട്രെന്റ് എന്ന് പറയുന്നത് പത്ത് മിനിട്ട് ഉള്ളവർ ഏഴ് മിനിട്ടധികം എടുത്തിട്ടുണ്ട്. നേരത്തെ ചെയറിലിരുന്നവരൊക്കെ കുറച്ചുസമയം കൂടി അനുവദിച്ചുകൊടുത്തിട്ടുള്ളതാണ്. ഞാൻ തർക്കിക്കുന്നില്ല. അധികസമയമാണെന്ന് പറഞ്ഞാൽ ഞാൻ ഉടൻ അവസാനിപ്പിക്കും. മൂന്നുമിനിട്ടുമാത്രമേ അധികമായിട്ടുള്ളൂ. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം.

ഈ ഗവൺമെന്റിന്റെ കാലത്ത് എവിടെയെങ്കിലും പോലീസ് വെടിവെയ്പ്പ് ഉണ്ടായിട്ടുണ്ടോ? ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ എൽ.ഡി.എഫ്.-ന്റെ ജാജ്ജ്വല്യതാരമാണ്, അദ്ദേഹം ഒരു സുവിശേഷ പ്രസംഗം മാതിരി പ്രസംഗം നടത്തിപ്പോകുകയാണ് ചെയ്തത്. ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് ആർക്കും ഒന്നും പറയാനില്ല. അത്രമാത്രം നല്ല കാര്യങ്ങളാണ് ആഭ്യന്തര വകുപ്പ് ചെയ്തിട്ടുള്ളത്. മനസ്സിന്റെ ഉള്ളിൽ ആഭ്യന്തര വകുപ്പിന് കോംപ്ലിമെന്റ് കൊടുക്കുന്ന ഒരുപാട് സംഗതികളുണ്ട്. പരസ്യമായി ചിലരൊക്കെയത് പറഞ്ഞത് വളരെ സന്തോഷമുള്ള കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

തിരുവനന്തപുരം പട്ടണത്തിനോടടുത്ത് ചെറിയതുറ വെടിവയ്പ്പിൽ ആറുപേരാണ് മരിച്ചത്. കാസർഗോഡ് ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന നേതാവിന് സ്വീകരണം കൊടുത്തുപോകുമ്പോൾ അവിടെ എസ്.പി. രാംദാസ് പോത്തനാണ് റിവോൾവറെടുത്ത് വെടിവെച്ചത്. ഞാനൊരുപാട് മുൻകാലത്തെ കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. തൊട്ടുമുമ്പുള്ള കാലത്തെ സംബന്ധിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. അതിൽ മാറാട് വെടിവെയ്പ്പും ഉണ്ടാകും. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു വർഗ്ഗീയ ലഹളയുണ്ടായിട്ടില്ല. രാഷ്ട്രീയ സംഘട്ടനങ്ങൾ കുറഞ്ഞുവരികയാണ്. ഇങ്ങനെയുള്ള കാര്യങ്ങളും നിങ്ങൾ ഓർക്കണം. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ജനാധിപത്യ ഗവൺമെന്റ് ജനാധിപത്യ സംവിധാനത്തിൽ, ആ ഗവൺമെന്റിന്റെ പ്രാഥമികമായ ഉത്തരവദിത്വമാണ് ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുക എന്നത്. ആ ഗവൺമെന്റ് ജീവനും സ്വത്തിനും സംരക്ഷണം കൊടുത്തുവെന്ന് തെളിയിക്കപ്പെടുന്നത് ജനങ്ങളുടെ അഭിപ്രായത്തിലൂടെയാണ്. ഈ ഗവൺമെന്റ്

ആ രംഗത്ത് അതിന്റെ പ്രാഥമിക ഉത്തരവാദിത്വത്തിൽ വിജയിച്ചു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ഇലക്ഷൻ റിസൾട്ട്. എന്റെ പ്രസംഗത്തിന്റെ അവസാനം ഇലക്ഷൻ റിസൾട്ടിലേയ്ക്ക് കടക്കാമെന്നതുകൊണ്ട് ആദ്യം അതിനെക്കുറിച്ച് പറയുന്നില്ല. ഇവിടെ ആഭ്യന്തര വകുപ്പിനെക്കുറിച്ചുള്ള ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ത്യയിൽ ക്രമസമാധാനരംഗത്ത് ഏറ്റവും നല്ല നിലവാരം പുലർത്തിയ സംസ്ഥാനം കേരളമാണെന്ന് പല സർവ്വേയിലും തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യാ ടുഡേ കോൺഗ്രസ്സിന്റെ മുഖപത്രമോ, പലപ്പോഴും കോൺഗ്രസ്സിനെ എതിർക്കുന്ന പത്രമോ ആണ്. ഇന്ത്യാ ടുഡേ നടത്തിയ ഒരു സർവ്വേയിൽ ഏറ്റവും കൂടുതൽ ക്രമസമാധാനരംഗത്ത് ഏറ്റവും സുരക്ഷിതമായ സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തി. പലയവസരത്തിലും പല ഗവൺമെന്റിന്റെയും ആഭ്യന്തര വകുപ്പിനെ ന്യായീകരിക്കുന്നതിനും വിമർശിക്കുന്നതിനും നമ്മൾ എടുത്തിട്ടുള്ള ആധികാരിക രേഖ എന്നുപറയുന്നത് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ്. അതിന്റെ കണക്കനുസരിച്ച് ഗവൺമെന്റിനെ വിലയിരുത്തിയാലും ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഏറ്റവും കൂടുതൽ

കുറ്റകൃത്യങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ള സംസ്ഥാനവും കേരളമാണ്. ഒരു സംസ്ഥാന ഗവൺമെന്റിന്റെ ആഭ്യന്തരരംഗത്ത്, പോലീസ് വകുപ്പിൽ ഒരു ഗവൺമെന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നതിനെക്കുറിച്ച് ഇനിയും തെളിവുകൾ വേണോ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു, നമ്മുടെ സംസ്ഥാനത്ത് പല തലത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഈ ഗവൺമെന്റിന്റെ, ആഭ്യന്തര വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളേയുംക്കുറിച്ച് സമയപരിമിതികൊണ്ട് ദീർഘമായി സംസാരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എടുത്തുപറയേണ്ട കാര്യങ്ങളുണ്ട്. അത് ഇവിടെ പലരും സൂചിപ്പിച്ചതാണ്. അതിലൊന്ന്, ബ്ലേഡ് മാഫിയ നടത്തിയ ശക്തമായ തേരോട്ടമാണ്. ഈ സമൂഹത്തെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്തുകൊണ്ടിരുന്ന, ചൂഷണം എന്നുപറയുമ്പോൾ ഗുണ്ടകളും ക്രിമിനലുകളും മാത്രമല്ല ആളുകളെ ഭയപ്പെടുത്തിക്കൊണ്ടിരുന്നത് അതിനേക്കാൾ ശക്തമായി നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരായ ജനങ്ങളെ സാമ്പത്തികമായും ശാരീരികമായും പീഡിപ്പിക്കുകയും ചൂഷണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒന്നായിരുന്നു ഇവിടത്തെ ബ്ലേഡ് മാഫിയ സംഘം. നമ്മുടെ കാലഘട്ടത്തിൽത്തന്നെ പല ഗവൺമെന്റുകൾ ഭരിച്ചപ്പോഴും അവരുടെ

പ്രവർത്തനത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. വളരെ സംതൃപ്തിയോടുകൂടി പറയാം, ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അദ്ദേഹമെടുത്ത intensive ആയിട്ടുള്ള പ്രവർത്തനങ്ങളിലൂടെ അവരെ നിയന്ത്രിക്കാനും കൽത്തുറുങ്കിൽ അടയ്ക്കാനും സാധിച്ചു. അക്കാര്യം നിങ്ങൾ പോലും സമ്മതിക്കുന്നു.

ഒരു സംസ്ഥാനത്ത് ക്രമസമാധാന രംഗത്ത് ഏറ്റവും കൂടുതൽ തകർച്ചയുണ്ടാക്കുന്നത്, വെല്ലുവിളിക്കപ്പെടുന്നത്, പ്രശ്നങ്ങളുണ്ടാക്കുന്നത് മയക്കുമരുന്നു ലോബിയാണ്. അവരെ നിയന്ത്രിക്കണം. പലപ്പോഴും അവരെ നിയന്ത്രിക്കണമെന്ന് നമ്മൾ പറയുന്നതല്ലാതെ, ശക്തമായ രീതിയിൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ചു.

ക്ലീൻ കാമ്പസ്സിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാവപ്പെട്ട കുട്ടികൾ, എട്ടുംപൊട്ടും തിരിയാത്ത കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ മയക്കുമരുന്നിന്റെ ഏറ്റവും വലിയ സങ്കേത സ്ഥലമാക്കി മാറ്റി, അവരെ അതിന്റെ ഏജന്റുകളാക്കി മാറ്റി, അവരെ ചൂഷണം ചെയ്തുകൊണ്ടിരുന്ന മയക്കുമരുന്ന് മാഫിയയെ, ലിക്വർ മാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടി

സ്വീകരിച്ചു. അതിന്റെ കണക്കുകളുണ്ട്. ക്ലീൻ കാമ്പസ്സിലൂടെ ഇവിടെ നടത്തിയ റെയ്ഡുകളുടെ എണ്ണം - 37,304, കേസ്സുകളുടെ എണ്ണം - 9193, അറസ്റ്റ് - 8961, ഇത് നേട്ടമല്ലെന്ന് നിങ്ങൾ പറയുന്നതിൽ കാര്യമുണ്ടോ? അതുപോലെ ഏറ്റവും കൂടുതൽ സ്ത്രീ സുരക്ഷയുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഇതെല്ലാം തെരഞ്ഞെടുപ്പിലും പ്രതിഫലിക്കുകയാണ്. അരുവിക്കരയിൽ ഏറ്റവും കൂടുതൽ വോട്ട് രേഖപ്പെടുത്തിയത് സ്ത്രീകളാണ്. ആ സ്ത്രീകളുടെ വോട്ട് കിട്ടാൻ ഒരു കാരണം അവർക്ക് സംരക്ഷണമുണ്ടെന്നൊരു തോന്നലാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ അവർക്ക് സംരക്ഷണമുണ്ടെന്നുള്ള തോന്നലുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നതാണ് പ്രധാനം.

സൈബർ കുറ്റകൃത്യങ്ങൾ - പുതിയ ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ വളർച്ചയുടെ പശ്ചാത്തലത്തിൽ പലപ്പോഴും സൈബർ കുറ്റകൃത്യങ്ങളാണ് ഇന്ന് പെരുകിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു. അതിനുവേണ്ടിയുള്ള പോലീസ് സ്റ്റേഷൻ ആരംഭിച്ചു. അത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്ര സാങ്കേതിക അറിവ് പോലീസ് സേനയ്ക്ക് പകർന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള ട്രെയിനിംഗ് ക്യാമ്പുകൾ

നടത്തുന്നു.

ഇവിടെ പുതിയ പേ കമ്മീഷൻ വരാൻ പോകുന്നു. ഈ പേ കമ്മീഷനിൽ പോലീസുകാർക്ക് കുറച്ചുകൂടി പരിഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പേ കമ്മീഷന്റെ മാനദണ്ഡത്തിൽ പലപ്പോഴും വിദ്യാഭ്യാസ യോഗ്യത കടന്നുവരാറുണ്ട്. വിദ്യാഭ്യാസ യോഗ്യത മാത്രമല്ല, പോലീസുകാരുടെ വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ അവർക്കാവശ്യമായ പരിഗണന പേ കമ്മീഷനിൽ നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ആഭ്യന്തര വകുപ്പിനെതിരെ നിങ്ങൾ ഉന്നയിച്ച ചില ആരോപണങ്ങളിൽ ഈ ഗവൺമെന്റ് കൈക്കൊണ്ട സമീപനരീതിയെക്കുറിച്ചാണ് നിങ്ങൾക്ക് പരാതിയുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷമുന്നയിച്ച എല്ലാ ആരോപണങ്ങളെക്കുറിച്ചും അന്വേഷിക്കാൻ തയ്യാറായ ഗവൺമെന്റാണിതെന്ന് ഞാൻ വളരെ അഭിമാനത്തോടെ പറയുന്നു. നിങ്ങളുടെ ഭരണകാലത്ത് ഇങ്ങനെ അന്വേഷിക്കാൻ തയ്യാറായിട്ടില്ല. നിങ്ങൾ വളരെ ആവേശത്തോടെ ഉന്നയിച്ച ഒന്നായിരുന്നു സോളാർ കേസ്. പ്രതിപക്ഷം ആവശ്യപ്പെട്ടതുപോലെ സോളാർ കേസിൽ ജുഡീഷ്യൽ അന്വേഷണം നടത്തി, അതിന്റെ ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചു. നിങ്ങൾ

വിചാരിച്ചതിനെക്കാൾ കൂടുതൽ, നിയമസഭയ്ക്കകത്തും പുറത്തും ഈ വിഷയവുമായി ബന്ധപ്പെട്ട് പറഞ്ഞ എല്ലാ കാര്യങ്ങളും ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തി. ശ്രീ. കെ. എം. മാണിക്കെതിരെ ബാർ കോഴ വിഷയവുമായി ബന്ധപ്പെട്ട് നിങ്ങൾ ആരോപണമുന്നയിച്ചു. ഇപ്പോൾ നിങ്ങൾ പ്രതിപക്ഷ നേതാവിനെ അംഗീകരിക്കുമോ ഇല്ലയോ എന്നത് വേറെ പ്രശ്നം. എന്നാൽ ഒരു നിയമസഭയിൽ പ്രതിപക്ഷനേതാവിന് അതിന്റേതായ സ്ഥാനവും മാനവും അംഗീകാരവുമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബാർ കോഴ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തപ്പോൾ തന്നെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. ഇപ്പോൾ ആ വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് വരാൻപോകുന്നു എന്ന് പറഞ്ഞ് നിങ്ങൾ ഇവിടെ പുകപടലമുണ്ടാക്കി. ഞാൻ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുന്നു, എൽ.ഡി.എഫ്. ഭരണകാലത്ത് ഈ നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള ഏതെങ്കിലും ആരോപണത്തെക്കുറിച്ച് നിങ്ങളുടെ ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ? ഫാരിസ് അബൂബേക്കറിന്റെ കേസ്, ലിസ് ചാക്കോച്ചന്റെ കേസ്, പൊൻമുടി ഭൂമി

തട്ടിപ്പുമായി ബന്ധപ്പെട്ട് സേവി മനോ മാത്യുവിന്റെ കേസ് തുടങ്ങിയവയിലൊന്നും നിങ്ങൾ അന്വേഷണം നടത്തിയില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സേവി മനോ മാത്യുവിന്റെ ഭൂമി തട്ടിപ്പുകേസിൽ അന്വേഷണം ആവശ്യപ്പെട്ട് നിയമസഭാ കവാടത്തിനുമുന്നിൽ നിരാഹാര സത്യാഗ്രഹം നടത്തിയിരുന്നു. എന്നിട്ടുപോലും നിങ്ങൾ അന്വേഷിക്കാൻ തയ്യാറായില്ല. ടോട്ടൽ ഫോർ യു തട്ടിപ്പുകേസിൽ ശ്രീമതി ശ്രീമതി ടീച്ചറിന്റെ മകനുൾപ്പെടെ പ്രതിയായിരുന്നു. ആ കേസ് നിങ്ങൾ അന്വേഷിച്ചിരുന്നോ? ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. പി. സി. വിഷ്ണുനാഥിനെക്കുറിച്ച് എന്തൊക്കെ ആക്ഷേപങ്ങളാണ് ഇവിടെ പറഞ്ഞത്. ബാർ കോഴ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കത്ത് കൊടുത്തപ്പോൾത്തന്നെ വിജിലൻസ് അന്വേഷണത്തിന് ഈ ഗവൺമെന്റ് തയ്യാറായി. എന്നാൽ ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻചാണ്ടി പ്രതിപക്ഷനേതാവായിരുന്നപ്പോൾ ശ്രീ. വി.എസ്. അച്യുതാനന്ദനെക്കുറിച്ചും അദ്ദേഹത്തിന്റെ ഓഫീസിനെക്കുറിച്ചും അദ്ദേഹത്തിന്റെ മകനെക്കുറിച്ചും പത്ത് ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു കത്ത് കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് ചെയ്തത് അദ്ദേഹത്തെ ഒഴിവാക്കി അദ്ദേഹത്തിന്റെ

മകനെതിരെ ലോക് ആയുക്തയെക്കൊണ്ട് അന്വേഷിക്കാൻ പറഞ്ഞു. വളരെ ബുദ്ധിമാനാണ് ശ്രീ. വി.എസ്. അച്യുതാനന്ദൻ കാരണം അദ്ദേഹത്തിന്റെ മകൻ ജോലി ചെയ്തിരുന്ന സ്ഥാപനം അന്ന് ലോക് ആയുക്തയുടെ പരിധിയിൽപ്പെട്ടിരുന്നില്ല. സ്വാഭാവികമായും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇത് സംബന്ധിച്ച് അന്വേഷിക്കാൻ കഴിയില്ല. മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ ഓഫീസിനെയും അദ്ദേഹത്തിന്റെ മകനെയും കുറിച്ച് അന്വേഷിക്കാൻ ആവശ്യപ്പെട്ടപ്പോൾ ലോക് ആയുക്തയുടെ അധികാരപരിധിയിൽപ്പെടാത്ത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന മകനെക്കുറിച്ച് ലോക് ആയുക്തയെക്കൊണ്ട് അന്വേഷിപ്പിക്കാൻ പറഞ്ഞു. അദ്ദേഹത്തെക്കുറിച്ചോ അദ്ദേഹത്തിന്റെ ഓഫീസിനെക്കുറിച്ചോ ഒന്നും പറഞ്ഞില്ല. എഴുതിക്കൊടുത്ത ആക്ഷേപങ്ങളെല്ലാം നിരസിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് ഇപ്പോൾ ആക്ഷേപം പറയുന്നത്. ആ വിഷയത്തെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. ഒരു ചെറുപ്പക്കാരനായ ശ്രീ. പി. സി. വിഷ്ണുനാഥിനെക്കുറിച്ച് ഇന്നലെ എന്തൊക്കെ ആക്ഷേപങ്ങളാണ് തലമുതിർന്ന, വയോവൃദ്ധനായി ഞങ്ങൾ അംഗീകരിക്കുന്ന പ്രതിപക്ഷനേതാവ് പറഞ്ഞത്. ശ്രീ. പി. സി. വിഷ്ണുനാനാഥ് ഈ വിഷയം വീണ്ടും നിയമസഭയിൽ

അവതരിപ്പിച്ചതുകൊണ്ടാണ് അദ്ദേഹത്തെ ഇങ്ങനെ ആക്ഷേപിച്ചത്. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ വച്ചു. നിയമസഭാ കമ്മിറ്റി അന്വേഷിച്ച് കണ്ടെത്തിയ ആ കേസിനെക്കുറിച്ച് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറാകണം. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുന്നു, നിങ്ങൾ ഇന്ന് മാത്രമല്ല, ഏതെങ്കിലും കാലഘട്ടത്തിൽ നിയമസഭയിൽ വന്ന അന്വേഷണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ. കേരളത്തിൽ ഇ.എം.എസ്.- ന്റെ കാലഘട്ടത്തിൽ അന്വേഷണം നടന്നിട്ടുണ്ട്, ആന്ധ്ര അരി കുംഭകോണം, ഞാനത് വീണ്ടും ആവർത്തിക്കണോ? നിങ്ങൾ ഇപ്പോൾ വിൻസന്റ് എം. പോളിനെ എതിർക്കുന്നു, ആഭ്യന്തര വകുപ്പുമന്ത്രിക്കെതിരെ പറയുന്നു. കേരളത്തിൽ ആന്ധ്ര അരി കുംഭകോണത്തെക്കുറിച്ച് ജസ്റ്റിസ് പി. ടി. രാമൻ നായർ ജുഡിഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകി. ഇ.എം.എസ്. ആ റിപ്പോർട്ട് അംഗീകരിച്ചില്ല, മന്ത്രിസഭ കൂടി തീരുമാനിക്കാമെന്ന് പറഞ്ഞു. ആ റിപ്പോർട്ട് തള്ളിക്കളയാൻ തീരുമാനിച്ചവരാണ് നിങ്ങൾ. ചരിത്രം പറയുമ്പോൾ നിങ്ങൾക്ക് എതിർപ്പുണ്ടാകും. ബഹുമാനപ്പെട്ട സി. ദിവാകരൻ, നിങ്ങൾ ഇവിടെ ചോദ്യം

ചെയ്യുന്നത് കേട്ടു, നിങ്ങളുടെ പ്രിയപ്പെട്ട നേതാക്കൻമാരായിരുന്ന എം. എൻ. ഗോവിന്ദൻ നായരും ടി.വി. തോമസും മന്ത്രിസഭയിലിരുന്ന് അന്നത്തെ ചില മന്ത്രിമാർക്കെതിരെ ആരോപണങ്ങൾ ഇ.എം.എസ്-ന് എഴുതിക്കൊടുത്തു. ആരോപണങ്ങൾ അന്വേഷിക്കാൻ സാധ്യമല്ലെന്ന് പറഞ്ഞ് ആരോപണം ഉന്നയിച്ച എം.എൻ. ഗോവിന്ദൻ നായരെയും ടി.വി. തോമസിനെയും മന്ത്രിസഭയിൽനിന്ന് പുറത്താക്കുകയാണ് ഇ.എം.എസ്. ചെയ്തത്.

ശ്രീ. സി. ദിവാകരൻ: സർ, എം.എൻ. ഗോവിന്ദൻ നായരും ടി.വി. തോമസും ആ നിമിഷം രാജിവയ്ക്കുകയാണ് ചെയ്തത്.

ശ്രീ. ബെന്നി ബെഹനാൻ: പുറത്താക്കുകയാണ് ചെയ്തത്, എന്നിട്ടാണ് മുന്നണി ഉണ്ടാക്കിയത്. ഇന്നലെ ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ അദ്ദേഹത്തിന്റെ സ്കൂളിനെക്കുറിച്ചാണ് പറഞ്ഞത്. ഒരുവന്റെ ഭാഷയിൽനിന്നും അവന്റെ മഹിമ മനസ്സിലാക്കാൻ കഴിയും. ഒരുവന്റെ ഭാഷയിൽനിന്ന് അവന്റെ സംസ്കാരത്തെ മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ടാണ് ഹനുമാന്റെ യോഗ്യതയെ രാമൻ അംഗീകരിച്ചത്. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ ഭാഷയെ വിലയിരുത്തിയാൽ കേരള സമൂഹത്തിന് മാത്രമല്ല ലോകത്തിനുതന്നെ അപമാനമാണ്. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുന്നു,

നിങ്ങൾ അദ്ദേഹത്തിന് പ്രസംഗം എഴുതിക്കൊടുക്കുന്നവരല്ലേ; നിങ്ങൾ അതിനുവേണ്ടി എഡിറ്റോറിയൽ വച്ചിട്ടില്ലേ? പണ്ട് അദ്ദേഹം സ്പൊണ്ടേനിയസായി സംസാരിക്കുമായിരുന്നു. അദ്ദേഹത്തെ ആരെതിർത്താലും അദ്ദേഹം വളരെ മ്ലേച്ഛമായ ഭാഷയിൽ സംസാരിക്കും. ശ്രീ. പിണറായി വിജയൻ എതിർത്തപ്പോൾ അദ്ദേഹത്തിനെതിരെയും ശ്രീ. കോടിയേരിക്കെതിരെയും അദ്ദേഹം മ്ലേച്ഛമായ ഭാഷയിൽ സംസാരിച്ചിട്ടുണ്ട്. നിങ്ങളുടെ സംസ്ഥാന സമ്മേളനം കഴിഞ്ഞതിനുശേഷം പറഞ്ഞ ഓരോ കാര്യങ്ങളെക്കുറിച്ചുമുള്ള റിക്കോർഡ് എന്റെ കൈവശമുണ്ട്. അദ്ദേഹത്തിന്റെ സ്കൂളിൽ പഠിച്ചയാളാണല്ലോ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ജി. സുധാകരൻ. ശ്രീ. വി. എസ്. അച്ചുതാനന്ദന് മുദ്രാവാക്യം വിളിച്ചവർ കള്ളുകുടിയൻമാരാണെന്നാണ് ശ്രീ. ജി. സുധാകരൻ പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്കൂളിൽ പഠിച്ചവർ നൽകിയ മറുപടിയാണ്. അദ്ദേഹത്തിന്റെ സ്കൂളിൽ പഠിച്ച ചില നിയമജ്ഞൻമാർ അദ്ദേഹത്തിന് ക്യാപ്പിറ്റൽ പണിഷ്മെന്റ് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തെ പാർട്ടിയിൽനിന്ന് അടിച്ചിറക്കണം, അദ്ദേഹത്തിന്റെ പ്രായാധിക്യം ബഹുമാനിക്കണം അല്ലെങ്കിൽ അദ്ദേഹത്തെ ഏത് രീതിയിൽ

കൈകാര്യം ചെയ്യണം എന്നറിയാമായിരുന്നു എന്നൊക്കെ പറഞ്ഞവരാണ്. കൊടുത്താൽ എവിടെയും കിട്ടും. ഇപ്പോൾ ശ്രീ. എ.കെ. ആന്റണിയുടെ സ്കൂളിനെക്കുറിച്ചാണ് പറയുന്നത്. ശ്രീ. എ. കെ. ആന്റണിയുടെ സ്കൂളിൽ... അദ്ദേഹം സ്വന്തം മകനും ബന്ധുക്കൾക്കുംവേണ്ടി വ്യാജഭ്രമി നൽകിയിട്ടില്ല, സ്വന്തം മക്കൾക്കുവേണ്ടി ജോലി നൽകിയിട്ടില്ല, സ്വന്തം മക്കൾക്ക് ശമ്പളം കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടില്ല, മകനുവേണ്ടി പിഎച്ച്.ഡി സംഘടിപ്പിക്കാനായി ശിപാർശ ചെയ്തിട്ടില്ല. ഇതൊക്കെ ഞങ്ങൾ പരസ്യമായി പറയാത്തത് ഞങ്ങളുടെ സംസ്കാരം അനുവദിക്കാത്തതുകൊണ്ടും ആന്റണിയുടെ സ്കൂളിൽ പഠിച്ചതുകൊണ്ടും ഞങ്ങൾക്ക് മാന്യതയുള്ളതു കൊണ്ടുമാണ്. എന്റെ ബഹുമാന്യ സ്നേഹിതൻ പി. ശ്രീരാമകൃഷ്ണൻ ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് പറഞ്ഞു. ആ കാഴ്ചപ്പാടിൽനിന്ന് നിങ്ങൾ മാറിയതാണ് നിങ്ങളുടെ കുഴപ്പം. പണ്ട് നിങ്ങൾ പറഞ്ഞത് കാറൽ മാർക്സിനെക്കുറിച്ചും ഏംഗൽസിനെക്കുറിച്ചുമാണ്. എന്നാൽ ഇപ്പോൾ നിങ്ങൾ ക്വാറിയെക്കുറിച്ചും ബാറിനെക്കുറിച്ചുമാണ് പറയുന്നത്. ഇവിടെ അഴിമതിക്കാരന്റെ കൈയിൽ കൈയാമം വച്ചു എന്ന് ഊറ്റം കൊണ്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആ കൈയിൽ ചുംബനം നൽകി സംതൃപ്തിയടയുകയാണ്. സെക്രട്ടേറിയറ്റ് പടിക്കൽ

നടക്കുന്ന സമരത്തിൽ തലയിൽ കെട്ടുംകെട്ടി ഇരിക്കുന്ന ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മുന്നിലേയ്ക്ക് ഒരു കൈ നീണ്ടു വന്നു, ആ കൈയിൽ പിടിച്ച് അച്യുതാനന്ദൻ ലാൽ സലാം സഖാവേ എന്നു പറയുന്നു. അഴിമതി വിരുദ്ധ പടയോട്ടത്തിന് നേതൃത്വം ഏറ്റെടുക്കുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ കൈ ആയിരുന്നു അത്. നിങ്ങൾക്കും ഞങ്ങൾക്കും ഇതിൽ സംതൃപ്തിയുണ്ട്. അദ്ദേഹം ഈ മുന്നണിയിൽനിന്ന് പോയതുകൊണ്ടാണ് ഈ മുന്നണിക്ക് ഇത്രയും ശക്തമായ വിജയമുണ്ടാക്കാൻ കഴിഞ്ഞത്. ഇവിടെ ഞങ്ങളെ എതിർത്തവരുണ്ട്. ഞാൻ അങ്ങയെ തൊഴുതുകൊണ്ട് പറയുന്നു, എനിക്ക് സഹതാപമുണ്ട് ശ്രീ. പി. സി. ജോർജ്. അങ്ങ് ഞങ്ങളെ എതിർത്തു. എതിർക്കുന്നവരോട് ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ അരുവിക്കര തെരഞ്ഞെടുപ്പിൽ അങ്ങയുടെ സ്ഥാനം നോട്ടയെക്കാൾ താഴെയാണ്. ശ്രീ. പി. സി. ജോർജിന് ഈ അവസ്ഥ വരാൻ പാടില്ലായിരുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. ബെന്നി ബെഹനാൻ ഒരു കാര്യം മനസ്സിലാക്കണം. ഞാൻ പിന്തുണ കൊടുത്തത് നാടാർ സമുദായത്തിന്റെ സ്ഥാനാർത്ഥിക്കാണ്. ബി.ജെ.പി. യിൽ മെമ്പർഷിപ്പില്ലാത്ത ഒരു സമൂഹമുണ്ടെങ്കിൽ അത് നാടാർ സമൂഹമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ബി.ജെ.പി. ജയിക്കാൻ പോകുന്നു എന്ന് പറഞ്ഞപ്പോൾ എന്റെ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യേണ്ടവരെല്ലാംകൂടി നിങ്ങളുടെ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്തു...... ഞാൻ പറയുന്നത് സത്യമല്ലെന്ന് സ്പീക്കർ പറയട്ടെ ......

മി. സ്പീക്കർ: സ്പീക്കറെ കക്ഷിയാക്കരുത്.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. പി. സി. ജോർജ്, 'നോട്ട' നാലാം സ്ഥാനത്താണ്. തെരഞ്ഞെടുപ്പിൽ ജയിച്ചത് ഏതാണ്ട് കുറ്റമായിട്ടാണ് ഇവിടെ പറയുന്നത്. ഇന്നലെ മുതൽ മഹാദുരന്തമുണ്ടാകുമെന്നാണ് പറഞ്ഞിരുന്നത്. ശ്രീ. ഇ. പി. ജയരാജൻ, ഞാൻ അങ്ങയെ ബഹുമാനിക്കുന്നു. ഉണ്ടായ ദുരന്തം തിരിച്ചറിയാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ഇവിടെയല്ല, അവിടെയാണ് ദുരന്തമുണ്ടായത്. ആ ദുരന്തത്തിൽ കിടക്കുകയാണ് നിങ്ങൾ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബുദ്ധിമാനാണ്. അദ്ദേഹം ഇന്നലെത്തന്നെ മുൻകൂർ ജാമ്യമെടുത്തു. പ്രതിപക്ഷ വോട്ടുകൾ വിഭജിച്ചുപോകുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതുകേട്ടാൽ തോന്നും ഞങ്ങളാണ് പ്രതിപക്ഷ വോട്ടുകൾ യോജിപ്പിച്ചു കൊടുക്കേണ്ടതെന്ന്, ഞങ്ങളാണോ യോജിപ്പിക്കേണ്ടത്? ഇപ്പോൾ നിങ്ങൾ കണക്കുകൾ പറയുന്നു. 24 വർഷം ജി. കാർത്തികേയൻ കൊണ്ടുനടന്ന മണ്ഡലമാണെന്നാണ് ഇന്നലെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത്. 24 വർഷം ജി. കാർത്തികേയൻ കൊണ്ടുനടന്ന

നിയോജകമണ്ഡലത്തിലാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം വിജയിച്ചത്. ആ വിജയിച്ച സ്ഥലത്തുനിന്നാണ് ഞങ്ങൾ ഇപ്പോൾ വിജയം നേടിയത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ മൂന്ന് പഞ്ചായത്ത് ഒഴികെ എല്ലാ പഞ്ചായത്തുകളിലും ഇടതുപക്ഷത്തിനായിരുന്നു വോട്ട് കൂടുതൽ. ഇപ്പോൾ അരുവിക്കര പഞ്ചായത്ത് ഒഴികെ ബാക്കി 7 പഞ്ചായത്തിലും യു.ഡി.എഫ്. വിജയം നേടി. വോട്ട് കുറഞ്ഞുവെന്നാണ് നിങ്ങൾ പറയുന്നത്. നാല് വർഷം മുമ്പ് നടന്ന അസംബ്ലി തെരഞ്ഞെടുപ്പിനേക്കാൾ ഒരു ശതമാനം വോട്ട് കുറഞ്ഞുവെന്നാണ് പറയുന്നത്. ഒരു വർഷം മുമ്പ് നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ജയിച്ചപ്പോൾ അരുവിക്കരയിൽ ഞങ്ങൾക്ക് കിട്ടിയ വോട്ട് 44375 ആയിരുന്നെങ്കിൽ ഇപ്പോൾ കിട്ടിയത് 56448 വോട്ടുകളാണ്. കണക്ക് പറയുമ്പോൾ ഇത് വിട്ടുപോകരുത്. അരുവിക്കര തെരഞ്ഞെടുപ്പിൽ ഒരു വ്യക്തിയല്ല വിജയിച്ചത്. വിജയിച്ച വ്യക്തി ശ്രീ. കെ. എസ്. ശബരീനാഥനെ ഞാൻ അഭിനന്ദിക്കുന്നു. കേരള രാഷ്ട്രീയത്തിൽ ഇതൊരു തിരുത്തലാണ്, അതംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. 1957 മുതൽ കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയെക്കുറിച്ചും രാഷ്ട്രീയ പാരമ്പര്യത്തെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചും സാക്ഷരതയെക്കുറിച്ചും അഭിമാനത്തോടെ പറയുമായിരുന്നു. പക്ഷേ, ആ വിദ്യാഭ്യാസ യോഗ്യതയും

പ്രബുദ്ധതയും പലപ്പോഴും നിഷേധാത്മകവും നെഗറ്റീവുമായ രാഷ്ട്രീയത്തിനാണ് വഴിതെളിച്ചത്. അതുകൊണ്ട് നമുക്കൊപ്പം സാക്ഷരതയും വിദ്യാഭ്യാസവും ബുദ്ധിശക്തിയുമില്ലാത്ത അയൽ സംസ്ഥാനങ്ങൾ നമ്മേക്കാൾ മുന്നോട്ട് പോയി. അത് തിരിച്ചറിയാനുള്ള വിവേകം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് ഉണ്ടായി. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് സംതൃപ്തിയുണ്ട്. കാരണം വികസനത്തിന്റെ, മാന്യതയുടെ, കരുതലിന്റെ പുതിയ രാഷ്ട്രീയ സംസ്കാരം ഞങ്ങൾ കൊണ്ടുവന്നു. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് കിട്ടിയ അംഗീകാരം ആ വികസനത്തിന്റെയും കരുതലിന്റെയും രാഷ്ട്രീയത്തിന് വേണ്ടിയാണ്. നിങ്ങൾ ഇപ്പോഴും നിൽക്കുന്നത് അക്രമ രാഷ്ട്രീയത്തിലാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, താങ്കൾ പാർട്ടി സെക്രട്ടറിയാണ്. നിങ്ങൾ നന്നാവാൻ തീരുമാനിക്കണം. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പ് ഒരു മുന്നറിയിപ്പായിരുന്നു. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ നമ്മുടെ മുഖ്യ അജണ്ട ടി. പി. ചന്ദ്രശേഖരൻ കൊലപാതകമായിരുന്നു. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ പൊളിറ്റിക്കൽ അജണ്ടയായി ചന്ദ്രശേഖരൻ കൊലപാതകത്തെക്കുറിച്ച് ഇരുഭാഗവും വാദിച്ച് വോട്ട് പിടിച്ചപ്പോൾ, കൊലപാതകത്തെ എതിർത്തുകൊണ്ട് സമാധാനത്തിനും സൗഹാർദ്ദത്തിനുമുള്ള

വോട്ടുകൾ യു.ഡി.എഫ്.-ന് കിട്ടി. നിങ്ങൾ നന്നാകുമെന്ന് വിചാരിച്ചെങ്കിലും നന്നായിട്ടില്ല. 'കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പ് ശമിപ്പതുണ്ടോ' എന്ന് കവി ചോദിച്ചതുപോലെ നിങ്ങൾ നന്നാകാൻ തയ്യാറല്ല. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചത് വിഴിഞ്ഞത്തേയ്ക്കാണ്. തിരുവിതാംകൂർ മഹാരാജാവ് ഭരിച്ചപ്പോൾ സർ സി.പി. കണ്ട സ്വപ്നമാണത്. ആ സ്വപ്നം കുറച്ചെങ്കിലും മുന്നോട്ട് പോയത് കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ്. കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം പദ്ധതിയുമായി മുന്നോട്ട് പോയപ്പോൾ നിങ്ങൾ വിരൽ ചൂണ്ടിയത് താനൂരിൽ കുട്ടികളെ ബോംബ് ഉണ്ടാക്കാൻ പഠിപ്പിക്കുന്നതിലേയ്ക്കാണ്. അക്രമ രാഷ്ട്രീയത്തിന്റെയും കൊലപാതക രാഷ്ട്രീയത്തിന്റെയും പിന്നാലെ നിങ്ങൾ പോവുകയാണ്. എന്നിട്ട് നിങ്ങൾ യു.ഡി.എഫ്.-നെ ആക്ഷേപിക്കുകയാണ്. ശ്രീ. എളമരം കരീം ബി.ജെ.പി. യുടെ വളർച്ചയെക്കുറിച്ച് പറഞ്ഞു. ബി.ജെ.പി. നിങ്ങളേക്കാൾ കൂടുതൽ വളരുന്നു. ബി.ജെ.പി. യുടെ വളർച്ചയിൽ പ്രതിപക്ഷത്തെ പ്പോലെ ഞങ്ങളും സംതൃപ്തരല്ല. പക്ഷേ, ബി.ജെ.പി. യെ എതിർക്കാൻ ആർക്ക് കഴിയും ? എൽ.ഡി.എഫ്.-നോ, യു.ഡി.എഫ്-നോ കഴിയുമോയെന്നാണ് ആലോചിക്കേണ്ടത്. ബി.ജെ.പി. യെ എതിർക്കാൻ കോൺഗ്രസ്സിന്റെ കൈപിടിച്ച്

മുന്നോട്ട് പോകണമെന്ന് ബംഗാളിലെ നിങ്ങളുടെ പാർട്ടി നേതൃത്വം തീരുമാനിച്ചിരിക്കുന്നു, പോളിറ്റ് ബ്യൂറോ ചർച്ച ചെയ്യാൻ പോകുന്നു. കഴിഞ്ഞ കുറച്ചുകാലമായി നിങ്ങൾ വച്ചുപുലർത്തുന്ന അന്ധമായ രാഷ്ട്രീയ വിരോധത്തിനും നിഷേധാത്മകമായ രാഷ്ട്രീയ സമീപനത്തിനും പുറകേ പോയാൽ കേരളത്തിലും ബംഗാൾ ആവർത്തിക്കുമെന്ന് വന്നിരിക്കുന്നു. അതുകൊണ്ട് ബി.ജെ.പി. യെ നമുക്ക് എതിർക്കാം. വർഗ്ഗീയ ശക്തികളെ നമുക്ക് എതിർക്കണം. ഇന്ത്യയുടെ മതേതരത്വത്തെ കശാപ്പ് ചെയ്യുന്ന വർഗ്ഗീയവാദികളെ നമുക്ക് പരാജയപ്പെടുത്തണം. അതിന് നിങ്ങൾക്ക് കോൺഗ്രസ്സിന്റെ കൈ പിടിക്കേണ്ടിവരും. ഈ വിജയത്തിൽ ഞങ്ങൾക്ക് സംതൃപ്തിയുണ്ട്. ഞങ്ങളുടെ ഈ വിജയം ജനങ്ങളുടെ വിജയമാണ്. ഒരുകാര്യത്തിൽ നന്ദി പറയാതെ പോകുന്നത് ശരിയല്ല. ശ്രീ. ഇ. പി. ജയരാജനോടും ശ്രീ. വി. ശിവൻകുട്ടിയോടും ഡോ. കെ. ടി. ജലീലിനോടും നന്ദിയുണ്ട്. നിങ്ങൾ സ്പീക്കറുടെ പരിപാവനമായ കസേര തള്ളിയിട്ടില്ലേ. അതിനും ഞങ്ങൾക്ക് വോട്ട് കിട്ടി. ഡസ്കിൽ നിന്നും ചാടിച്ചാടി പോയ ശ്രീ. വി. ശിവൻകുട്ടിയുടെ അഭ്യാസപ്രകടത്തിനും കസേര മറിക്കുന്നതിന് കൈത്താങ്ങ് നൽകിയ ഡോ. കെ. ടി. ജലീലിന്റെ സമീപനത്തിനും ഞങ്ങൾക്ക് വോട്ട് കിട്ടി. എന്റെ അടുത്തിരിക്കുന്ന ശ്രീ. കെ. ശിവദാസൻ നായർക്ക് കടി കിട്ടിയപ്പോൾ വേദന

ഉണ്ടായെങ്കിലും ആ കടിക്കും വോട്ട് കിട്ടി. അതുകൊണ്ടാണ് ഐക്യജനാധിപത്യ മുന്നണി ഇത്രയും മുന്നോട്ട് പോകുന്നത്. പാർലമെന്ററി ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന രീതിയിൽ ഒരിക്കലും പെരുമാറരുത്. ഇന്നലെ ശ്രീ. ഇ. പി. ജയരാജൻ പ്രസംഗിച്ചപ്പോൾ ശ്രീ. എ. കെ. ബാലൻ പറഞ്ഞത്, യേശുക്രിസ്തു അടിച്ചിറക്കിയില്ലേയെന്നാണ്. പരീശന്മാരേയും കള്ളന്മാരേയും ദേവാലയത്തിൽ നിന്ന് അടിച്ചിറക്കിയ യേശുക്രിസ്തുവിനെ പോലെയാണ് ശ്രീ. ഇ. പി. ജയരാജനും ഡോ. കെ. ടി. ജലീലും ഇവിടെ കാണിച്ച അഭ്യാസപ്രകടനത്തെ ശ്രീ. എ. കെ. ബാലൻ വിലയിരുത്തിയതെങ്കിൽ, ഈ പ്രസംഗം അരുവിക്കരയിൽ ഒരാഴ്ച മുമ്പ് നടത്തിയിരുന്നെങ്കിൽ യു.ഡി.എഫ്.-ന്റെ ഭൂരിപക്ഷം 20000 ആയി വർദ്ധിക്കുമായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോഴും നിങ്ങളുടെ പ്രവർത്തനങ്ങളെ നിങ്ങൾ ന്യായീകരിക്കുകയാണ്. ഈ തെരഞ്ഞെടുപ്പിലൂടെ നിങ്ങളുടെ കണ്ണ് തുറക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി ഈ തെരഞ്ഞെടുപ്പ് ഫലവുമായിത്തന്നെ മുന്നോട്ട് പോകുന്നു. ഇത് കേരള രാഷ്ട്രീയത്തിൽ ഗുണപരമായ മാറ്റമാണ്. 8 മാസത്തെ തെരഞ്ഞെടുപ്പ് വിജയമല്ല. വരാൻ പോകുന്ന കേരള രാഷ്ട്രീയത്തിൽ ....... (ബഹളം)..... ഞാൻ വഴങ്ങുന്നില്ല. ശ്രീ. ജി. സുധാകരൻ, താങ്കൾ കവിത

ഇഷ്ടപ്പെടുന്ന ആളല്ലേ.  വയലാറിന്റെ അശ്വമേധമെന്ന കവിതയുണ്ട്.

*"ആരൊരാളെൻ കുതിരയെ കെട്ടുവാൻ*

*ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ*

*ദിഗ്വിജയത്തിന്റെ സർഗ്ഗശക്തിയാ-*

*മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ*

*വിശ്വസംസ്കാര വേദിയിൽ പുത്തനാ-*

*മശ്വമേധം നടത്തുകയാണ് ഞാൻ*

*നിങ്ങൾ കണ്ടോ, ശിരസ്സുയർത്തിപ്പായു-*

*മെൻ കുതിരയെ, ചെമ്പൻ കുതിരയെ?*

*എന്തൊരുന്മേഷമാണതിൻ കൺകളിൽ,*

*എന്തൊരുത്സാഹമാണതിൻ കാൽകളിൽ  "*

ഐക്യജനാധിപത്യ മുന്നണിയും ശ്രീ. ഉമ്മൻ ചാണ്ടിയും അഴിച്ചുവിട്ടിരിക്കുന്ന കുതിരയുടെ കൺകളിൽ കാണുന്ന ഉന്മേഷം. കുഞ്ചിരോമങ്ങൾ തുള്ളിച്ചുതുള്ളിച്ച് സഞ്ചരിക്കുകയാണ് ആ ചെമ്പൻകുതിര. വികസനത്തിന്റെയും കരുതലിന്റെയും മുദ്രാവാക്യം വിളിച്ച് ജനഹൃദയങ്ങളിലേയ്ക്ക് കുതിച്ചുപായുന്ന ഐക്യജനാധിപത്യ മുന്നണിയുടെ അശ്വമേധത്തിനെ കെട്ടുവാനും മാർഗ്ഗം മുടക്കുവാനും ആരുണ്ട്?   ആ

കുതിരയുടെ ഓട്ടവുമായി ഞങ്ങൾ വരുന്നത് 8 മാസത്തേയ്ക്കല്ല. വരാൻ പോകുന്ന പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പിലും അതിനപ്പുറത്ത് വരാൻ പോകുന്ന അസംബ്ലി തെരഞ്ഞെടുപ്പിലും വില്ലാളി വീരന്മാരായി വീരാർജ്ജുനനായി ഞങ്ങൾ തിരിച്ചുവരും. നിങ്ങളുടെ എല്ലാ കണക്കുകളും തെറ്റുകയാണ്. നിങ്ങൾ എത്ര കണക്കുകൾ കൂട്ടിയതാണ്? നിങ്ങളുടെ എല്ലാ കണക്കുകളും തെറ്റുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, രണ്ടാഴ്ചത്തെ കാലാവധിയാണ് നിങ്ങൾ പറഞ്ഞത്. പിറവം, നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ അതു കഴിയുമ്പോൾ തീരുമെന്ന് പറഞ്ഞു. അതു കഴിഞ്ഞ് പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്റെ സ്നേഹിതൻ ശ്രീ. പിണറായി വിജയൻ പറഞ്ഞത് ഒരു സീറ്റും യു.ഡി.എഫ്.-ന് കിട്ടില്ലെന്നാണ്. അതുംകഴിഞ്ഞു. അരുവിക്കര തെരഞ്ഞെടുപ്പ് വന്നപ്പോൾ പറഞ്ഞത്, കര കടക്കില്ലെന്നാണ്, അരുവിക്കര കടന്നു. ഈ മാസം 8-ാം തീയതി സഭ കൂടി പിരിഞ്ഞതാണ്. അന്ന്, അരുവിക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സഭാ സമ്മേളനം 28-ാം തീയതിവരെ മാറ്റിവയ്ക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത്, വരാൻ പറഞ്ഞു, വന്നു; പോകാൻ പറഞ്ഞു, പോകുന്നു; നമുക്ക് അരുവിക്കര കഴിഞ്ഞ് കാണാം എന്നാണ്. അരുവിക്കര കഴിഞ്ഞ് കാണാൻ

പോകുന്നത്, കെ. എസ്. ശബരീനാഥ് എന്ന ചെറുപ്പക്കാരനെ നാളെ ഇവിടെ സത്യപ്രതിജ്ഞ ചെയ്യിപ്പിക്കുന്നതാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു തോന്നലുണ്ടായിരുന്നു - നിങ്ങൾക്കൊരു തെരഞ്ഞെടുപ്പ് തന്ത്രമുണ്ടെന്നും നിങ്ങളുടെ കണക്കുകൂട്ടലുകൾ ശരിയാകുമെന്നും. ശ്രീ. എ. കെ. ബാലൻ, നിങ്ങളുടെ കണക്കുകൂട്ടലുകൾ തെറ്റുകയാണ്. തോറ്റപ്പോൾ വോട്ട് വിലയ്ക്ക് വാങ്ങിയെന്ന് പറയുന്നതിൽ എന്തുകാര്യമാണുള്ളത്? ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് പറയുന്നു, വിതുര പാവപ്പെട്ട ആദിവാസി കളുടെയും റബ്ബർ തൊഴിലാളികളുടെയും നാടാണ്. വോട്ട് വിലയ്ക്ക് വാങ്ങിയെങ്കിൽ ഞങ്ങൾക്ക് കിട്ടിയത് പാവപ്പെട്ട തൊഴിലാളികളുടെ വോട്ടാണ്. നിങ്ങൾ തെരഞ്ഞെടുപ്പിൽ വർഗ്ഗീയത പറയുകയാണോ? നിങ്ങൾക്കോരോരുത്തർക്കും ചുമതല ഉണ്ടായിരുന്ന ഓരോ തെരഞ്ഞെടുപ്പും പരിശോധിക്കാം. കണക്ക് തെറ്റി, പാളം തെറ്റി, താളം തെറ്റി നടക്കുന്ന മാർക്സിസ്റ്റ് പാർട്ടി ഇനിയും പാഠം പഠിച്ചില്ലെങ്കിൽ ചവറ്റുകുട്ടയിലായിരിക്കും നിങ്ങളുടെ സ്ഥാനമെന്ന് പറഞ്ഞുകൊണ്ട്, അഭിമാനത്തോടെ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജയിച്ചു. സാങ്കേതികമായാണ് യു.ഡി.എഫ്. ജയിച്ചത്. ഈ ജനവിധി

ഞങ്ങൾ അംഗീകരിക്കുന്നു. വിജയിച്ച ശ്രീ. കെ. എസ്. ശബരീനാഥനെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. കെ. എസ്. ശബരീനാഥൻ ഈ വിജയത്തെക്കുറിച്ച് വിലയിരുത്തിയത് 'അച്ഛന്റെ വിജയം' എന്നാണ്, യു.ഡി.എഫ്.ന്റെ വിജയമെന്ന് ജയിച്ച സ്ഥാനാർത്ഥിപോലും അവകാശപ്പെടുന്നില്ല. അപ്പുറത്തുനിന്ന് പ്രസംഗിച്ച ശ്രീ. ബെന്നി ബെഹനാൻവരെയുള്ളവർ നടത്തിയ പ്രസംഗം കേട്ടപ്പോൾ ഈ ഇലക്ഷൻ വിജയം കോൺഗ്രസ് (എ) ഗ്രൂപ്പിന് ആവേശം നൽകിയ ഒരു വിജയമായിരുന്നുവെന്നാണ് തോന്നിയത്. അപ്പുറത്തുനിന്ന് പ്രസംഗിച്ചവർ അവകാശപ്പെട്ടതുപോലെ ഈ ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾക്കുള്ള അംഗീകാരമാണെങ്കിൽ എന്തുകൊണ്ടാണ് നിങ്ങൾക്ക് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കിട്ടിയതിനെക്കാൾ 349 വോട്ട് കുറഞ്ഞുപോയത്? ഈ നിയമസഭയിൽ നടന്ന സംഭവങ്ങളെല്ലാം വിലയിരുത്തിക്കൊണ്ടാണ് അവിടെ ആളുകൾ വോട്ട് ചെയ്തതെങ്കിൽ നിങ്ങൾക്കെന്തുകൊണ്ടാണ് വോട്ട് കുറഞ്ഞുപോയത്? നിങ്ങൾക്ക് യഥാർത്ഥത്തിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉള്ള ജനവിധി ഇപ്പോൾ നിലനിൽക്കുന്നില്ലായെന്നാണ് അരുവിക്കരയിലെ ഉപതെരഞ്ഞെടുപ്പ് ഫലം തെളിയിച്ചത്. ഇടതുപക്ഷ മുന്നണിക്ക് 197 വോട്ട് വർദ്ധിച്ചു. ഞങ്ങൾ പരാജയപ്പെട്ടു, ഞങ്ങളത് അംഗീകരിക്കുന്നു. ഈ തെരഞ്ഞെടുപ്പിൽ വോട്ട് വർദ്ധിച്ചതാർക്കാണ്,

ഈ തെരഞ്ഞെടുപ്പിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെക്കാൾ 26450 വോട്ട് വർദ്ധിച്ചത് ബി.ജെ.പി.ക്കാണ്. ഇത് ഞങ്ങളെ ദുഃഖിപ്പിക്കുന്ന ഒരു കാര്യമാണ്. അവിടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ ഇരുപത്തി അയ്യായിരത്തിലധികം ആളുകൾ വോട്ട് ചെയ്തപ്പോൾ അതിൽ 26,000 വോട്ട് ലഭിച്ചത് ബി.ജെ.പി.ക്കാണ് എന്നത് ഗൗരവമായി ചിന്തിക്കണം. ബി.ജെ.പി.ക്ക് വോട്ട് കിട്ടിയതിൽ അപ്പുറത്തുള്ള ആളുകൾ ആഹ്ലാദം പ്രകടിപ്പിക്കുകയാണ്. അതിൽ ശ്രീ. സി. പി. മുഹമ്മദ് ആഹ്ലാദം പ്രകടിപ്പിക്കാൻ പാടില്ല. ഇവിടെ യു.ഡി.എഫ്, എൽ.ഡി.എഫ്, ബി.ജെ.പി. എന്നുള്ള നിലയിൽ പരിശോധിച്ചാൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെക്കാൾ യു.ഡി.എഫ്.ന് 9% വോട്ട് കുറയുകയാണ് ചെയ്തത്. എൽ.ഡി.എഫ്.ന് 7% വോട്ട് കുറഞ്ഞിട്ടുണ്ട്. ഞങ്ങളത് വിലയിരുത്തുന്നു. ബി.ജെ.പി.ക്ക് വർദ്ധിച്ചത് 18% വോട്ടാണ്. ഇത് വ്യക്തമാക്കുന്നത് അവിടെ നടന്ന വോട്ടെടുപ്പിൽ 60 ശതമാനത്തിലധികം ആളുകൾ ഗവൺമെന്റിനെതിരായിട്ടാണ് വോട്ട് ചെയ്തത് എന്നാണ്. മുഖ്യമന്ത്രി അവകാശപ്പെടുന്നതുപോലെ യു.ഡി.എഫ്. ഭരണത്തിനുള്ള ഒരു അംഗീകാരമല്ല ഈ ജനവിധി. ഈ തെരഞ്ഞെടുപ്പിൽ സാങ്കേതികമായി നിങ്ങൾ ജയിച്ചുവെന്ന് മാത്രമേയുള്ളൂ. ബി.ജെ.പി.ക്ക് ഇത്തരമൊരു വോട്ട് കിട്ടാനിടയാക്കിയത് മുഖ്യമന്ത്രി

നടത്തിയ പ്രചാരവേലയാണ്. ബി.ജെ.പി.യെ കേരള രാഷ്ട്രീയത്തിൽ രണ്ടാം സ്ഥാനത്തെത്തിച്ച് യു.ഡി.എഫ്.ഉം ബി.ജെ.പി.യും തമ്മിലുള്ള മത്സരമായി കേരള രാഷ്ട്രീയം മാറ്റി. ഇടതുപക്ഷത്തെ അപ്രസക്തമാക്കുക എന്ന രാഷ്ട്രീയ ഉദ്ദേശ്യം വച്ചുകൊണ്ടുള്ള ഒരു പ്രചരണമാണ് മുഖ്യമന്ത്രി നടത്തിയത്. മുഖ്യമന്ത്രി നടത്തിയ പ്രചാരവേലയ്ക്ക് തിരിച്ചടിയേറ്റുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി അവിടെ രണ്ടാം സ്ഥാനത്തുവന്നു. കഴിഞ്ഞതവണ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുവേണ്ടി അവിടെ മത്സരിച്ചത് ആർ.എസ്.പി. ആയിരുന്നു. ആർ.എസ്.പി. ശക്തമായ പാർട്ടിയാണെന്നാണല്ലോ നിങ്ങൾ അവകാശപ്പെടുന്നത്. ആ ശക്തമായ പാർട്ടി ഞങ്ങളുടെ മുന്നണിയിൽനിന്ന് വിട്ടുപോയിട്ടും ഞങ്ങൾക്ക് വോട്ട് വർദ്ധിക്കുകയാണ് ചെയ്തത്. ഈ ജനവിധി സൂക്ഷ്മമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കാൻ ഞങ്ങൾ തയ്യാറാണ്. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി തകരട്ടെ, ബി.ജെ.പി. ശക്തിപ്പെടട്ടെ എന്നുള്ള നിലപാട് കോൺഗ്രസ് സ്വീകരിച്ചതിനെക്കുറിച്ച് യു.ഡി.എഫ്.-ലെ ഘടകകക്ഷികൾ ആലോചിക്കണം. മതന്യൂനപക്ഷങ്ങളിൽ ആശങ്കയുണ്ടാക്കുന്ന ഒരു വിധിയാണ് അരുവിക്കരയിലുണ്ടായിട്ടുള്ള ഈ വിധി. മതന്യൂനപക്ഷങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി നടത്തിയ പ്രചരണം അവിടെ വിജയിച്ചു. അതിന്റെ ഫലമായി നിങ്ങൾ നേടിയിട്ടുള്ള ഒരു

താൽക്കാലിക വിജയമാണിത്. ഈ മണ്ഡലം 25 കൊല്ലമായി തുടർച്ചയായി യു.ഡി.എഫ്. ജയിച്ചുവരുന്ന ഒരു മണ്ഡലമാണ്. നിങ്ങൾ നടത്തിയിട്ടുള്ള എല്ലാ പ്രചാരവേലകൾക്കും അനുസരിച്ചുള്ള ബഹുജനസമ്മതി ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രി എപ്പോഴും അവകാശപ്പെടുന്നതുപോലെ വികസനം, കരുതൽ, ജനസമ്പർക്ക പരിപാടി ഇതിനൊക്കെയുള്ള ഒരു വോട്ട് ലഭിക്കേണ്ടതല്ലേ; എന്തുകൊണ്ട് കിട്ടിയില്ല എന്ന് വേണമെങ്കിൽ നിങ്ങൾ ആലോചിച്ചുകൊള്ളൂ. ഇവിടെ രണ്ട് ചേരിയായി നിന്നുകൊണ്ടുള്ള വർഗ്ഗീയമായ ഒരു ധ്രുവീകരണത്തിലേയ്ക്ക് കേരളം ചെന്നെത്തിയിരിക്കുകയാണ് എന്നതാണ് ഇവിടെ വരുന്നൊരു പ്രശ്നം. ഒരു ഭാഗത്ത് ഹിന്ദുത്വ വർഗ്ഗീയവാദികളുടെ നേതൃത്വത്തിലുള്ള ഒരു ധ്രുവീകരണം കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു. വേറൊരു ഭാഗത്ത് മതന്യൂനപക്ഷ വർഗ്ഗീയവാദികളുടെ നേതൃത്വത്തിലുള്ള മറ്റൊരു ധ്രുവീകരണം ഇവിടെ നടക്കുന്നു. ഇതിന്റെ ഫലമായി കേരളം വർഗ്ഗീയമായ ചേരിതിരിവിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അപകടകരമായ ഒരു സ്ഥിതിയിലേയ്ക്കാണ് കേരളം പോകുന്നത്. തൽക്കാലം സാങ്കേതികമായി ജയിച്ചതിന്റെ പേരിൽ നിങ്ങൾക്ക് ആശ്വാസം കൊള്ളാം, എന്നാൽ സൂക്ഷ്മമായി വിലയിരുത്തിയാൽ നമുക്ക് രണ്ട് കൂട്ടർക്കും അഭിമാനിക്കാൻ കഴിയുന്ന ഒരു വിധിയല്ല അവിടെയുണ്ടായത്. ഇതിന്റെയടിസ്ഥാനത്തിലൊരു

പരിശോധന നടത്താൻ ഇടതുപക്ഷ മുന്നണി തയ്യാറാണ്. സി.പി.ഐ. (എം) ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കും, ഞങ്ങൾ ഈ ജനവിധിയിൽനിന്ന് പാഠം പഠിച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകും. മതമേലധ്യക്ഷന്മാർ, ജാതിമത മേധാവികൾ എന്നിവരെല്ലാം ഇടപെട്ട് നിങ്ങൾക്ക് താൽക്കാലികമായി നേടാൻ കഴിഞ്ഞ വിജയമാണ് അരുവിക്കരയിലുണ്ടായതെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണാൻ സാധിക്കും. ഇതിന്റെ പിന്നിൽ നടന്ന കളികളെല്ലാംതന്നെ ഇന്ന് ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഈ തിരിച്ചടി നേരിടാനാവശ്യമായ വിധത്തിലുള്ള പുതിയ രാഷ്ട്രീയ നയസമീപനത്തെക്കുറിച്ച് ഇടതുപക്ഷ മുന്നണി ആലോചിക്കും. ഈ ജനവിധി ക്ഷമാപൂർവ്വം പരിശോധിച്ചുകൊണ്ട് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ രൂപംകൊടുക്കും. ഞങ്ങൾ നിരാശരായി ഇരിക്കാനൊന്നും പോകുന്നില്ല. ഒരു ജനവിധിയിൽ ഞങ്ങൾ പരാജയപ്പെട്ടതുകൊണ്ട് ഈ കേരള രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തെ എഴുതിത്തള്ളാൻ സാധിക്കില്ല. അതുകൊണ്ട് തോൽവിയിൽപ്പോലും ഞങ്ങൾ ധീരത പ്രകടിപ്പിക്കുകയാണ്. തോൽവിയിൽ ധീരത കാട്ടുന്നവർ ഒരിക്കൽ അന്തസ്സായി ജയിക്കുമെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഈ പരാജയം അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് അനുകൂലമായ സാഹചര്യം കേരളത്തിൽ സൃഷ്ടിക്കും. അതിന് സഹായകമായ വിധത്തിലുള്ള പ്രവർത്തന പരിപാടികളുമായി

ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ട് പോകും. ഇവിടെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ഓരോരുത്തരായി ഈ ജനവിധിയെ സംബന്ധിച്ച് ഊറ്റം കൊണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന ബി.ജെ.പി.ക്ക് വന്നിട്ടുള്ള മുന്നേറ്റം എന്തുകൊണ്ടുണ്ടായി, അതിൽ കഴിഞ്ഞ നാലുവർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ പങ്ക് പരിശോധിക്കുന്ന വരാരെങ്കിലും കോൺഗ്രസിനകത്തുണ്ടെങ്കിൽ പരിശോധിക്കാം. ഇവിടെ ആർ.എസ്.എസ്.-മായി നിങ്ങൾ സ്വീകരിച്ചുവന്ന സമീപനമെന്താണ്? എല്ലാ പ്രശ്നത്തിലും ആർ.എസ്.എസ്.-നോട് മൃദുസമീപനമല്ലേ സ്വീകരിച്ചുകൊണ്ടിരി ക്കുന്നത്. ഈ കഴിഞ്ഞ ദിവസം എൻ.എസ്.എസ്.-ന്റെ യോഗം കോവളത്ത് ചേർന്നപ്പോൾ ആർ.എസ്.എസ്.കാർ ആ യോഗം കയ്യേറിയില്ലേ; എന്തെങ്കിലുമൊരു നടപടി സ്വീകരിക്കാൻ ശ്രീ. രമേശ് ചെന്നിത്തലയ്ക്കോ അദ്ദേഹത്തിന്റെ പോലീസിനോ കഴിഞ്ഞോ? പാസ്റ്റർമാരുടെ....

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ദേശീയ രംഗത്ത് ആർ.എസ്.എസ്.-ന് എതിരായും ബി.ജെ.പി.-ക്ക് എതിരായും ശക്തമായ നിലപാട് സ്വീകരിക്കുന്ന കോൺഗ്രസിനെ ദുർബ്ബലപ്പെടുത്തുന്ന അങ്ങയുടെ സമീപനം ചെന്നെത്തുന്നത്

ബി.ജെ.പി.യെ സഹായിക്കുന്നതിലാണ്. നിങ്ങളുടെ സമീപനമാണ് അരുവിക്കര തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് വോട്ട് നേടിക്കൊടുത്തത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ആർ.എസ്.എസ്-നേയും ബി.ജെ.പി.യേയും അധികാരത്തിൽകൊണ്ടുവന്നത് കോൺഗ്രസിന്റെ സമീപനമാണ്. നിങ്ങൾ പത്തുവർഷക്കാലം സ്വീകരിച്ച ഉദാരവത്ക്കരണ നയമാണ് അഴിമതി, തൊഴിലില്ലായ്മ, വിലക്കയറ്റം എന്നിവ. ശ്രീ. കെ. സി. ജോസഫ്, ഇവയൊക്കെ രാജ്യത്ത് വർദ്ധിച്ചുവന്നപ്പോൾ അതുപയോഗിച്ചുകൊണ്ട് ആർ.എസ്.എസ്-കാർക്ക് ഇന്ത്യയുടെ ഭരണം പിടിച്ചെടുക്കാൻ അവസരം ചെയ്തുകൊടുത്ത നിങ്ങൾക്ക് ഈ ചോദ്യം എന്നോട് ചോദിക്കാൻ നാണമില്ലേ? ഇവിടെ ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം വ്യക്തമാണ്. പാസ്റ്റർമാർ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ആറ്റിങ്ങലിൽ അവർ കയ്യേറ്റം ചെയ്യപ്പെട്ടത്. എന്തെങ്കിലും നടപടി സ്വീകരിക്കാൻ പോലീസിന് സാധിച്ചോ? ആർ.എസ്.എസ്. കാർ പ്രതികളായ കേസ്സുകളൊക്കെ പിൻവലിച്ചുകൊടുക്കുന്നു. അത് അവർക്ക് മാന്യതയുണ്ടാക്കിക്കൊടുക്കാനല്ലേ; സി.പി.ഐ.(എം) കാർ പ്രതികളായ ഏതെങ്കിലുമൊരു കേസ് നിങ്ങൾ പിൻവലിച്ചിട്ടുണ്ടോ; ശ്രീ. സി. ദിവാകരന്റെ പേരിലുള്ള ഒരു കേസെങ്കിലും നിങ്ങൾ പിൻവലിച്ചുകൊടുത്തോ?

ഇവിടത്തെ ചീഫ് സെക്രട്ടറി ആയിരുന്ന ശ്രീ. സി. പി. നായരെ വധിക്കാൻ ശ്രമിച്ച കേസ് നിങ്ങൾ പിൻവലിച്ചുകൊടുത്തു. ഒരു അഴിമതി തടയാൻ ശ്രമിച്ചതിന്റെ പേരിലാണ് ഐ.എ.എസ്. ഓഫീസറായ ശ്രീ. സി. പി. നായരെ വധിക്കാൻ ശ്രമിച്ചത്. ഇവിടത്തെ ചീഫ് സെക്രട്ടറിയായിരുന്ന ഒരാളെ വധിക്കാൻ ശ്രമിച്ചൊരു കേസുപോലും പിൻവലിച്ചുകൊടുത്തുവെങ്കിൽ അതിന്റെ സന്ദേശമെന്താണ്; ഇന്നത്തെ ചീഫ് സെക്രട്ടറിയേയും ആർക്കെങ്കിലും വേണമെങ്കിൽ ആക്രമിക്കാം, നാളെ ആ കേസ് പിൻവലിച്ചുതരും എന്ന് പ്രഖ്യാപിക്കുകയല്ലേ? ഐ.എ.എസ്. ഓഫീസറായ ശ്രീ. കേശവേന്ദ്രൻ ഓഫീസിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് കരി ഓയിൽ ഒഴിച്ചു, ആ കേസും പിൻവലിച്ചുകൊടുത്തു. ഏത് കേസും പിൻവലിച്ചുകൊടുക്കും. ഇത്തരക്കാർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാൻ ഇവർ തയ്യാറല്ല. പ്രവീൺ തൊഗാഡിയുടെ കാര്യം നേരത്തെ ഇവിടെ പറഞ്ഞു. ഏറ്റവും നല്ല സംസ്ഥാനമായി പ്രവീൺ തൊഗാഡിയ കാണുന്നത് കോൺഗ്രസ് ഭരിക്കുന്ന കേരളമാണ്. ഇവിടെയാണ് പ്രവീൺ തൊഗാഡിയയ്ക്ക് ഏറ്റവും കൂടുതൽ സുരക്ഷിതത്വം കിട്ടുന്നത്. പ്രവീൺ തൊഗാഡിയയ്ക്കെതിരായിട്ട് ചാർജ് ചെയ്ത കേസ്സുപോലും പിൻവലിച്ചുകൊടുക്കാൻ ഇവിടെ തയ്യാറായില്ലേ? ഇതാണ് ആർ.എസ്.എസ്.നോടുള്ള സമീപനം. എം.ജി. കോളേജിൽ ഒരു

ഡിവൈ. എസ്.പി.യെ ആക്രമിച്ച കേസ് പിൻവലിച്ചുകൊടുത്തില്ലേ? കേരളത്തെ സംബന്ധിച്ച് ഒരു സന്ദേശം ഈ ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. നിങ്ങൾ ആർ.എസ്.എസ്-ന് അനുകൂലമാണ് എന്നുള്ള നിലപാടെടുത്തതിന്റെ ഫലമായാണ് കേരള രാഷ്ട്രീയത്തിൽ ആർ.എസ്.എസ്. അവരുടെ ശക്തി വർദ്ധിപ്പിക്കുന്നത്. അതാണ് അരുവിക്കരയിൽ പ്രതിഫലിച്ചതെന്ന കാര്യം ഇനിയെങ്കിലും മനസ്സിലാക്കണം. പക്ഷെ ഈ തെരഞ്ഞെടുപ്പുവിധി നിങ്ങളെ അഹങ്കാരികളാക്കി മാറ്റിയിരിക്കുകയാണ്. ഇന്നുതന്നെ അതിന് തുടക്കംകുറിച്ചു. തിരുവനന്തപുരത്ത് സംഗീത കോളേജിനുമുമ്പിൽ റിപ്പോർട്ടർ ടി.വി.യുടെ നികേഷ് എന്ന വ്യക്തി ആക്രമിക്കപ്പെട്ടിരിക്കുകയാണ്. സംഗീത കോളേജിന്റെ മുമ്പിൽവച്ച് ശ്രീ. ബെന്നി ബെഹനാന്റെ യൂത്ത് കോൺഗ്രസ്സുകാർ നികേഷിന്റെ മുഖത്ത് കുത്തുകയും ആക്രമിക്കുകയും ചെയ്തു. റിപ്പോർട്ടർ ചാനലിന്റെ ഒരു തലവൻ ഈ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ പ്രതികരിച്ചു എന്നതിന്റെ പേരിൽ അദ്ദേഹത്തെ ആക്രമിച്ച നിങ്ങളുടെ ഈ സമീപനം കേരളത്തിൽ കടന്നുവരാൻ പോകുന്ന അമിതാധികാര പ്രവണതയുടെ തുടക്കമാണ്. ഒരു ഉപതെരഞ്ഞെടുപ്പിൽ ജയിച്ചതോടുകൂടി നിങ്ങൾക്ക് എന്തും ചെയ്യാമെന്നായി. ഇവിടത്തെ ചാനൽ പ്രവർത്തകരെപ്പോലും സ്വതന്ത്രമായി പത്രപ്രവർത്തനം നടത്താൻ അനുവദിക്കില്ലായെന്ന നിലയിലേയ്ക്കെത്തിയില്ലേ?

നിങ്ങൾ നേരത്തെ രണ്ട് ഉപതെരഞ്ഞെടുപ്പിൽ ജയിച്ചു. ഒന്ന് പിറവത്തും മറ്റൊന്ന് നെയ്യാറ്റിൻകരയിലും. ആ ഉപതെരഞ്ഞെടുപ്പുകൾ ജയിച്ചതിനുശേഷമാണ് ഇവിടെ സോളാർ കുംഭകോണവും ബാർ കുംഭകോണവുമുണ്ടായത്. ഓരോ ഉപതെരഞ്ഞെടുപ്പ് ജയിക്കുമ്പോഴും നിങ്ങൾ കരുതുന്നത് അഴിമതി നടത്താൻ കിട്ടിയ അംഗീകാരമാണെന്നാണ്. കേരളത്തിൽ രണ്ട് ഉപതെരഞ്ഞെടുപ്പ് വിജയിച്ചതിന്റെയും ഫലം കേരളം അനുഭവിച്ചുകഴിഞ്ഞു. ഈ തെരഞ്ഞെടുപ്പിൽക്കൂടി ജയിച്ചതിന്റെ ഫലമായി ഇനി നാളെ മുതൽ ഇവിടെ എന്തൊക്കെയാണ് നടക്കാൻ പോകുന്നത് എന്ന് കണ്ടറിയേണ്ട ഒരവസ്ഥയാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുള്ളത്. അപ്പുറത്തുനിന്ന് അവസാനം പ്രസംഗിച്ച ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞു ആരോപണങ്ങളെല്ലാം അന്വേഷിച്ചൊരു ഗവൺമെന്റാണിതെന്ന്. സലീംരാജിന്റെ ഭൂമി കുംഭകോണം സംബന്ധിച്ച് ഇവിടെ എത്രപ്രാവശ്യം അടിയന്തരപ്രമേയം കൊണ്ടുവന്നു; നിങ്ങൾ അന്വേഷിച്ചോ; കോടതിയിൽ പോയതുകൊണ്ടല്ലേ ആ കേസ് സി.ബി.ഐ. യ്ക്ക് വിട്ടത്? പാറ്റൂർ ഭൂമി തട്ടിപ്പ് നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? പാമോയിൽ കേസ് പിൻവലിക്കാൻ തീരുമാനിച്ചവരാണ് നിങ്ങൾ. അതിനെതിരെ ഇന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ തന്നെ പറഞ്ഞത്, പാമോയിൽ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം തെറ്റായിരുന്നുവെന്ന് ഞാൻ

നോട്ടെഴുതിയിരുന്നു, അത് വകവയ്ക്കാതെ അന്നത്തെ ഗവൺമെന്റ് ഇറക്കുമതി ചെയ്തതാണെന്നും കുംഭകോണം നടന്നിട്ടുണ്ടെന്നുമാണ്. ആ കേസ് പിൻവലിക്കാൻവേണ്ടി തീരുമാനമെടുത്ത നിങ്ങൾ ഇവിടെ ഏത് അന്വേഷണമാണ് നിഷ്പക്ഷമായി നടത്താൻ അനുവദിച്ചത്? ഇവിടത്തെ ആറ് മന്ത്രിമാർ വിജിലൻസ് കേസിൽ പ്രതികളാണ്, അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയൊരു ഗവൺമെന്റ് കേരളത്തിൽ മുമ്പ് എപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ? ക്രമസമാധാനത്തെക്കുറിച്ച് പറഞ്ഞാൽ, നമ്മുടെ സംസ്ഥാനത്ത് ഇന്ന് എവിടെയാണ് ക്രമമുള്ളത്; എവിടെയാണ് സമാധാനമുള്ളത്? കേരളത്തിൽ ഇന്ന് ഭൂമിയിൽ സഞ്ചരിക്കാൻ കഴിയുമോ; കടലിലൂടെ സഞ്ചരിക്കാൻ കഴിയുമോ; വിമാനത്തിൽ യാത്ര ചെയ്യാൻ സാധിക്കുമോ? കേരളത്തിൽ ഭൂമിയിലും ആകാശത്തും കടലിലും സുരക്ഷിതത്വമില്ല. ഭൂമിയിൽ ജീവിക്കുന്നവർക്ക് കവർച്ച, ഭവനഭേദനം, ഗുണ്ടാമാഫിയ ആക്രമണം, ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾ, വർദ്ധിച്ചുവരുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ, ലൈംഗിക പീഡനങ്ങൾ. കൊലപാതകങ്ങൾ -1492, ബലാൽസംഗം - 614. ഇതൊക്കെയാണ് ഭൂമിയിൽ ജീവിക്കുന്നവർക്കുള്ള അവസ്ഥ. കടലിൽപോയാൽ ഇറ്റാലിയൻ നാവികൻമാരുടെ ശല്യം. അവർ രണ്ടാളെ വെടിവച്ചുകൊന്നു. വിമാനത്തിൽ സഞ്ചരിക്കാമെന്നുവച്ചാൽ, കരിപ്പൂർ

വിമാനത്താവളത്തിൽ നടന്ന സംഭവമോർത്താൽ ആർക്കെങ്കിലും വിമാനത്താവളത്തിൽ പോകാൻ കഴിയുമോ? ഇന്ത്യയിൽ ഒരു സംസ്ഥാനത്ത് ആദ്യമായിട്ടാണ് വിമാനത്താവളത്തിൽ വെടിവയ്പുനടന്നത്. ഒരു സി.ഐ.എസ്.എഫ്.കാരൻ കൊലചെയ്യപ്പെട്ടു. 12 മണിക്കൂർ നേരം വിമാനത്താവളത്തിൽ നാഥനുണ്ടായില്ല. ഇവിടെയൊരു സംസ്ഥാന ഗവൺമെന്റുണ്ടായോ? CrPC-യിൽ അതിനുള്ള വകുപ്പില്ലേ? ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വിമാനത്താവളത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കളക്ടർക്ക് അധികാരം നൽകുന്ന നിയമങ്ങൾ നമ്മുടെ രാജ്യത്ത് ഇല്ലേ; അതുപയോഗിച്ചുകൊണ്ട് നടപടി സ്വീകരിക്കാൻ ഇവിടെയൊരു ആഭ്യന്തര വകുപ്പുണ്ടായോ; ഒരു ഗവൺമെന്റുണ്ടായോ? വിമാനത്താവളത്തിൽ 12 മണിക്കൂർ നേരം നാഥനില്ലാതെ ആളുകൾ ഏറ്റുമുട്ടിക്കൊണ്ടിരുന്നു. യാത്രക്കാർ ഭയവിഹ്വലരായി ഓടിനടക്കുന്ന കാഴ്ച കോഴിക്കോടല്ലാതെ ഇന്ത്യയിൽ ഏതെങ്കിലുമൊരു വിമാനത്താവളത്തിൽ ഉണ്ടായിട്ടുണ്ടോ? ഇവിടെ പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ? ആരെയെങ്കിലും അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയാൽ ഉടൻതന്നെ അവരെ ഇറക്കിക്കൊണ്ടുപോകുന്നു. കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ കോൺഗ്രസുകാരെ

പിടിച്ചുകൊണ്ടുപോയി. രണ്ട് എം.എൽ.എ.മാർ കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ചെന്ന് പ്രതികളെ ഇറക്കിക്കൊണ്ടുപോയി. വളപട്ടണം പോലീസ് സ്റ്റേഷനിൽ മണൽ മാഫിയക്കാരെ പിടിച്ചുകൊണ്ടുപോയി. അവരേയും കോൺഗ്രസ്സുകാർ ഇറക്കിക്കൊണ്ടുപോയി. പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇന്ന് സുരക്ഷിതത്വമുണ്ടോ? മണൽ കടത്തിക്കൊണ്ടുപോകുമ്പോൾ പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ മണൽ ലോറി തടഞ്ഞു. മണൽ കടത്തിക്കൊണ്ടുപോകുന്ന സംഘം ആ എസ്.ഐ.യെ വിജനമായ ഒരു സ്ഥലത്തുകൊണ്ടുപോയി മൃഗീയമായി തല്ലി കയ്യും കാലും ഒടിച്ച് മൃതപ്രായനാക്കി റോഡിലേയ്ക്ക് വലിച്ചെറിഞ്ഞു. ദിവസങ്ങളോളം ബോധരഹിതനായി അദ്ദേഹം കോഴിക്കോട് ആശുപത്രിയിൽ കഴിഞ്ഞു. ഞാൻ ആശുപത്രിയിൽ പോയി അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹത്തിന് ഒരു വാചകം പോലും സംസാരിക്കാൻ കഴിയുമായിരുന്നില്ല. ഒരു എസ്.ഐ. ക്ക് അബോധാവസ്ഥയിൽ ദിവസങ്ങളോളം കിടക്കേണ്ടിവന്നതെന്തുകൊണ്ടാണ്? കൃത്യനിർവ്വഹണത്തിലേർപ്പെട്ട ഒരു പോലീസ് ഓഫീസർക്കുണ്ടായ അനുഭവമാണിത്. ഈ സംഭവം നടത്തിയ ക്രിമിനലുകളെ പിടികൂടാൻ ഇവിടെയൊരു പോലീസുണ്ടോ? അവരെ ഇതുവരെ പ്രതികളാക്കാൻ കഴിഞ്ഞില്ല. കാപ്പാ നിയമപ്രകാരം പിടിക്കപ്പെടേണ്ട അതിലെ പ്രധാനപ്പെട്ട പ്രതിക്ക് സംരക്ഷണം

കൊടുത്ത ഗവൺമെന്റാണിത്. മൂന്നുവർഷം മുമ്പാണ് കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ മണിയൻപിള്ള എന്ന ഒരു പോലീസുകാരൻ കൊലചെയ്യപ്പെട്ടത്. ആട് ആന്റണിയാണ് പ്രതി. ആ കള്ളനെ പിടിക്കാൻ മൂന്നുവർഷമായിട്ട് കഴിഞ്ഞോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കുറേ ശ്രമിച്ചു, അദ്ദേഹത്തിന് ആന്റണിയെക്കിട്ടിയില്ല. നമ്മുടെ ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും ശ്രമിക്കുന്നുണ്ട്. മുൻ ഡി.ജി.പി ആയിരുന്ന ശ്രീ. ജേക്കബ് പുന്നൂസ് വിരമിക്കുമ്പോൾ പറഞ്ഞത് അദ്ദേഹത്തിന്റെ സർവ്വീസ് ജീവിതത്തിലെ ഒരു ദുഃഖമാണ് ആട് ആന്റണിയെ പിടിക്കാൻ കഴിയാത്തതെന്നാണ്. പിന്നീട് മറ്റൊരു ഡി.ജി.പി. വന്നു, ഇപ്പോൾ വേറൊരു ഡി.ജി.പി. വന്നു. ആർക്കെങ്കിലും പിടിക്കാൻ കഴിഞ്ഞോ? ഒരു പോലീസ് ഓഫീസർ കൊലചെയ്യപ്പെട്ട കേസിൽ ഇതാണ് സ്ഥിതിയെങ്കിൽ ഇവിടെ സാധാരണക്കാരന് എന്ത് സുരക്ഷയാണുള്ളത്? കേരള പോലീസിന്റെ സംരക്ഷണം പട്ടാളത്തെ ഏൽപ്പിക്കണം. സാധാരണ പോലീസുകാർക്ക് മാനംമര്യാദയ്ക്ക് ജോലി ചെയ്യാൻ കഴിയാത്ത ഒരു സ്റ്റേറ്റായി കേരളം മാറി. അവർക്കിവിടെ സുരക്ഷിതത്വമില്ല. കേരളത്തിൽ ക്രമസമാധാനമൊക്കെ ഭദ്രമാണ് എന്നുപറഞ്ഞാൽ ആരു വിശ്വസിക്കും? കഴിഞ്ഞ കുറേ ദിവസങ്ങളിൽ തിരുവനന്തപുരത്തുള്ള പത്രങ്ങളിൽ വന്ന വാർത്തകൾ ആഭ്യന്തര വകുപ്പുമന്ത്രി വായിച്ചിട്ടുണ്ടാകുമല്ലോ. എന്തൊക്കെയാണ്

വാർത്ത വരുന്നത്. എന്റെ കയ്യിലിരിക്കുന്നത് കേരള കൗമുദി പത്രമാണ്. അതിൽ പറഞ്ഞിരിക്കുന്നത് ' സൂക്ഷിക്കണേ മാല മോഷ്ടാക്കൾ കാറിലും വരും'. മുഴുവൻ വായിച്ച് ഞാൻ സമയം കളയുന്നില്ല. ' തലസ്ഥാനം കൊള്ളയടിക്കാൻ തിരുട്ടു ഗ്രാമം'. രാത്രികാലങ്ങളിൽ തിരുട്ട് ഗ്രാമക്കാരുടെ കയ്യിലാണ് തിരുവനന്തപുരം നഗരം. 'തസ്കര ഭീതിയിൽ നഗരം' - സിറ്റി കൗമുദി. മലയാളമനോരമ പത്രത്തോടൊപ്പം എല്ലാ ദിവസവും പ്രസിദ്ധീകരിക്കുന്ന മെട്രോയിൽ ഈ നഗരത്തിൽ നടക്കുന്ന പിടിച്ചുപറി, സ്ത്രീ സുരക്ഷയില്ലായ്മ തുടങ്ങിയ സംഭവങ്ങൾ ദിവസേന റിപ്പോർട്ടു ചെയ്യുകയാണ്. ബൈക്കിൽ വന്ന ഒരാൾ ഒരു സ്ത്രീയുടെ കഴുത്തിൽ നിന്ന് ഒൻപത് പവന്റെ മാല തട്ടിപ്പറിച്ചുവെന്ന റിപ്പോർട്ട് ഈ പത്രത്തിൽ കാണാം. ഇവിടെ ആർക്ക് സുരക്ഷിതത്വം കിട്ടുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം കൊടുക്കുന്നതിൽ പരാജയപ്പെട്ട സർക്കാർ ക്രമസമാധാനം ഭദ്രമാണെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? പോലീസിൽ ഡി.ജി.പി. പോലും സുരക്ഷിതത്വം ചോദിക്കുന്നു. ശ്രീ. ജേക്കബ് തോമസ് തനിക്ക് സുരക്ഷിതത്വം വേണമെന്ന് ആവശ്യപ്പെടുന്ന ഒരു സ്ഥിതി ഇവിടെയുണ്ടായില്ലേ? ഡി.ജി.പി.യ്ക്കുപോലും സുരക്ഷിതത്വം ഇല്ലാത്ത ഒരു സ്റ്റേറ്റായി കേരളം മാറിയില്ലേ? ഒഞ്ചിയത്ത് ഒരു കൊലപാതകം നടന്നപ്പോൾ നിങ്ങളുടെ ഏറ്റവും വലിയ

അവകാശവാദം ഇനി കേരളത്തിൽ ഒറ്റ കൊലപാതകം നടക്കില്ലെന്നായിരുന്നു. സി.പി.ഐ.(എം) ന്റെ 25 പേർ കേരളത്തിൽ കൊല്ലപ്പെട്ടു. തൃശ്ശൂരിൽ രണ്ട് കോൺഗ്രസ്സുകാരെ കോൺഗ്രസ്സുകാർ വെട്ടിക്കൊന്നു. മണലൂരിൽ ജനാതാദൾ (യു)-ന്റെ പ്രവർത്തകനെ, ശ്രീ. കെ. പി. മോഹനന്റെ പാർട്ടിക്കാരനെ കൊന്നു. ഇവിടെ എന്ത് ചെയ്യാൻ സാധിച്ചു? കേരളത്തിൽ ബോംബ് നിർമ്മിക്കാൻ അവസരം ഉണ്ടാക്കികൊടുക്കുകയാണ്. കേരളത്തിൽ ആർക്കും എവിടെയും ബോംബ് നിർമ്മിക്കാം. ഇവിടെ ഒരു പോലീസ് ഉണ്ടോ? ഇന്റലിജൻസ് ഉണ്ടോ? നാദാപുരത്തെ നരിക്കാട്ടിരിയിൽ അഞ്ച് മുസ്ലീംലീഗുകാരാണ് ബോംബ് നിർമ്മാണത്തിൽ മരിച്ചത്. ആർക്കും കേരളത്തിൽ ബോംബ് നിർമ്മിക്കാം. ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുമ്പോൾ നോക്കിനിന്ന് ഇവിടെ ബോംബ് നിർമ്മിക്കുന്നുണ്ടെന്ന് പറഞ്ഞാൽ മതിയോ? ഇവിടെ പോലീസ്/ഇന്റലിജൻസ് ശക്തമാണെങ്കിൽ ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നതെങ്ങനെ? ഈ സംസ്ഥാനത്ത് പോലീസിന്റെ ഇത്തരം നിരീക്ഷണങ്ങൾ സമ്പൂർണ്ണ പരാജയമാണ്. ആർക്കും എന്തും ചെയ്യാമെന്ന അവസ്ഥയിൽ അരാജകത്വത്തിലേയ്ക്ക് ഈ കേരളത്തെ തള്ളിവിട്ടു എന്നതാണ് ഈ കഴിഞ്ഞ നാല് വർഷക്കാലത്തെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനമെന്ന് ഇവിടെ നടന്നു വരുന്ന ഓരോ സംഭവങ്ങൾ പരിശോധിച്ച

നോക്കിയാൽ നമുക്ക് കാണാൻ സാധിക്കും. ബാർകോഴ കേസ് അന്വേഷിച്ച അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞു, ഞാൻ ആത്മഹത്യ ചെയ്യാൻ ആലോചിച്ചുവെന്ന്. ഒരു അന്വേഷണ ഉദ്യോഗസ്ഥന് ആത്മഹത്യയെക്കുറിച്ച് ചിന്തിക്കേണ്ടി വരുന്ന ഒരു സ്റ്റേറ്റായി കേരളം മാറി. ഇത്തരത്തിലുള്ള ഒരു പോലീസ് സേനയ്ക്ക് എങ്ങനെയാണ് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുക. ഇവിടെ ആർ.എസ്.എസ്.കാർ നിർബന്ധിതമായ മതപരിവർത്തനം (ഘർ വാപസി) നടത്തുന്നു. ഒരു കേസുപോലും എടുക്കുന്നില്ല. ആഭ്യന്തര വകുപ്പ് അതിന് പറഞ്ഞത് കേസെടുക്കാൻ പരാതിയില്ലെന്നാണ്, പരാതിയുണ്ടായി കേസെടുക്കേണ്ട ഒരു കുറ്റകൃത്യമല്ല, സംഘടിതമായ കുറ്റകൃത്യമാണ്. കൊഗ്നൈസബിൾ ഒഫൻസ് നടന്നിട്ട് നിങ്ങൾ ബോധപൂർവ്വം നോക്കി നിൽക്കുന്നു. നിർബന്ധിതമായ മതപരിവർത്തനം നടത്തുന്ന ആർ.എസ്.എസ്.കാർക്ക് കൂട്ടു നിൽക്കുകയല്ലേ ചെയ്യുന്നത്.

ഓപ്പറേഷൻ കുബേര- ഞാൻ അതിനെ സ്വാഗതം ചെയ്തതാണ്. ഇന്ന് എന്താണ് അനുഭവം. ഇന്നും ഇവിടെ കുബേരൻമാർ വിലസുകയാണ്. മന്ത്രിമാർ തന്നെ കുബേരൻമാരായി മാറി. ഇവിടെ ഏത് കുബേരനെയാണ് നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ സാധിച്ചത്. പുതിയ കുബേരൻമാരെ നിങ്ങൾ സൃഷ്ടിച്ചു. ബ്ലേഡ്

മാഫിയയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് ജനങ്ങൾക്ക് മോചനം കിട്ടിയിട്ടില്ല എന്നതല്ലേ അനുഭവം. പോലീസ് അപമാനിതമായില്ലേ. പോലീസ് ഐ.ജി.യെയാണ് കോപ്പിയടിച്ചതിന് പിടിച്ചത്. ഐ.ജി.മാർ കോപ്പിയടിക്കുന്ന സ്റ്റേറ്റായി കേരളം മാറി. മറ്റേതെങ്കിലും ഒരു സ്റ്റേറ്റിൽ ഇത് കേട്ടിട്ടുണ്ടോ? എൽ.എൽ.എം.-നുവേണ്ടി പരീക്ഷയെഴുതാൻ പോയിട്ടാണ് കോപ്പിയടിച്ചത്. അദ്ദേഹത്തിന്റെ എൽ.എൽ.ബി ബിരുദം പരിശോധിച്ചിട്ടുണ്ടോ? ഇങ്ങനെയാണ് നമ്മുടെ നാട്ടിലെ പോലീസ് ഉദ്യോഗസ്ഥരെന്ന് പറഞ്ഞാൽ ആരാണ് പോലീസ് ഉദ്യോഗസ്ഥർക്ക് വില കൽപ്പിക്കുന്നത്. ഇവരല്ലേ ഇത്തരത്തിലുള്ള കേസുകൾ അന്വേഷിക്കാൻ പോകേണ്ട ഓഫീസർമാർ. അതിനും യാതൊരു നടപടിയും ആഭ്യന്തര വകുപ്പുമന്ത്രി എടുത്തില്ല. ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു ഐ.ജി.യല്ലേ കുറച്ച് കോപ്പിയടിച്ചോട്ടേയെന്ന്. ഇങ്ങനെയാണോ ഇത്തരം പ്രശ്നങ്ങൾ കേരളത്തിൽ കൈകാര്യം ചെയ്യേണ്ടത്. 63 ലക്ഷത്തിന്റെ കുഴൽപണം ഒതുക്കിയ ആൾക്ക് എസ്.പി നിയമനം കൊടുത്തു എന്ന ആക്ഷേപം വന്നില്ലേ. ഇത്തരത്തിലുള്ള ആളുകളെ ഇതുപോലുള്ള സ്ഥാനത്തേയ്ക്ക് നിയമിക്കുന്നുവെന്ന് വന്നാൽ പോലീസിനെക്കുറിച്ചുള്ള പ്രതിച്ഛായ എന്തായിരിക്കും. അത്തരക്കാർക്ക് ഐ.പി.എസ്. കൊടുക്കുന്നു. ഇങ്ങനെ ഐ.പി.എസ് കിട്ടുന്ന ആളുകളുടെ ചിത്രം

നോക്കുമ്പോൾ ഏതെല്ലാം കേസിൽപ്പെട്ട ആളുകൾക്കാണ് കേരളത്തിൽ ഐ.പി.എസ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതെല്ലാം കേരളാ പോലീസിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കാനാണോ സഹായകമായിട്ടുള്ളതെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കണം. പോലീസിൽ നിയമനങ്ങൾ എന്താണ് നടത്താത്തത്? പോലീസിൽ 12,000 ഒഴിവുകളുണ്ട് എന്നാണ് റിപ്പോർട്ട്. ഐ.ആർ ബറ്റാലിയൻ- പുതിയ ഒരൊറ്റ ഐ.ആർ ബറ്റാലിയൻ വാങ്ങാൻ നിങ്ങൾക്ക് കഴിഞ്ഞോ? എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് ശ്രീ. ചിദംബരം ആഭ്യന്തരവകുപ്പ് മന്ത്രിയായിരുന്ന കാലത്ത് ഒരു ഐ.ആർ ബറ്റാലിയൻ തന്നു. അന്ന് ശ്രീ. ചിദംബരം പറഞ്ഞു, നിങ്ങൾ കേരളാ പോലീസിൽ സീറോ വേക്കൻസിയാക്കിയാൽ ഒരു ബറ്റാലിയൻകൂടി തരും. അതിനുവേണ്ടി ആവശ്യപ്പെട്ടു, തരാമെന്ന് സമ്മതിച്ചു, എന്നാൽ നാല് കൊല്ലമായി എന്തുകൊണ്ട് നിങ്ങൾക്ക് വാങ്ങാൻ സാധിച്ചില്ല. ഇത്തരം കാര്യങ്ങളിൽ ശ്രമിച്ച് കേരളാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം നടത്താൻ കഴിയാതെ വരുന്നതിന്റെ ഫലമായി പട്രോളിംഗ് നടത്തുന്നതിനും ക്രമസമാധാനപാലനത്തിനും ആവശ്യത്തിന് പോലീസിനെ നിയോഗിക്കാൻ കഴിയാതെ എങ്ങനെയാണ് ജനങ്ങളുടെ ജീവന് സുരക്ഷിതത്വം കൊടുക്കുന്നത്.

മദ്യനയം വിജയിച്ചുവെന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്നാൽ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ വന്നപ്പോൾ പറഞ്ഞു. കേരളത്തിലെ മുപ്പത് ശതമാനം വീടുകൾ ബാറുകളായി മാറിയെന്ന്. വളരെ ഗൗരവകരമായ പ്രശ്നമാണിത്. ബാറുകളിൽ പോയി കുടിച്ചിരുന്ന മദ്യപാനികൾ ഇപ്പോൾ ശ്രീ. കെ. ബാബുവിന്റെ ഓഫീസിൽ കയറി, ബിവറേജസ് കോർപ്പറേഷന്റെ ഓഫീസിൽ കയറി മദ്യം വാങ്ങി വീട്ടിൽ കൊണ്ടുപോയി കുടിക്കുകയാണ്. ഇവിടെ സ്പിരിറ്റ് കള്ളക്കടത്ത് വ്യാപകമാണ്. കേരളത്തിൽ വ്യാജമദ്യം ഒഴുകിക്കൊണ്ടിരിക്കുകയാണ്. പോലീസ് എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോ? ഇപ്പോൾ സ്പിരിറ്റ് കള്ളക്കടത്തിനെക്കുറിച്ചുള്ള വാർത്തപോലും കേൾക്കുന്നില്ല. ഇവർക്കെല്ലാം ഏറ്റവും നല്ല സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി അതിർത്തിയിൽ ചെക്ക് പോസ്റ്റുള്ള പോലീസ് സ്റ്റേഷനിലേയ്ക്കാണ് പോലീസ് എസ്.ഐ.മാർക്കും ഉദ്യോഗസ്ഥർക്കും ഏറ്റവും കൂടുതൽ ഡിമാന്റ്. അവിടെ നിയമിക്കുന്ന ഓഫീസർമാരുടെ ചിത്രം നോക്കിയാലും അവിടേയ്ക്ക് പോകുന്നവരുടെ ചിത്രം നോക്കിയാലും വ്യക്തമാകുന്നത് കേരളത്തിൽ സ്പിരിറ്റിന്റെ ഒഴുക്ക് വളരെ പ്രകടമാണെന്നതാണ്. കേരളത്തിൽ പോലീസാണ് ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ട സേന. പോലീസിനകത്തുതന്നെ ഇത്തരത്തിലുള്ള

പ്രശ്നങ്ങളുണ്ടായാൽ നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് സുരക്ഷിതത്വമുണ്ടാകില്ല. കേരളത്തെ സംബന്ധിച്ച് ഇക്കഴിഞ്ഞ നാല് വർഷമായി തുടർന്നുവരുന്ന യു.ഡി.എഫ്-ന്റെ ഭരണത്തിൽ സാധാരണക്കാരായ ജനങ്ങൾക്ക് സ്വൈര്യമായി ജീവിക്കാൻ കഴിയാത്ത ഒരു സ്റ്റേറ്റായി കേരളം മാറി. എരിവട്ടിയിൽ, സരോജനിയമ്മ എന്ന സ്ത്രീയെ വീട്ടിൽ കിടന്നുറങ്ങുന്ന സമയത്ത് വീട്ടിൽ കയറി ബോംബെറിഞ്ഞു കൊന്നു. വീട്ടിൽ സ്വൈര്യമായി കിടന്നുറങ്ങുന്ന സ്ത്രീക്ക് ബോംബേറിൽ മരണപ്പെടേണ്ടിവരുന്ന സാഹചര്യം എന്തുകൊണ്ട് കേരളത്തിൽ ഉണ്ടായി. കോൺഗ്രസ് ഓഫീസിൽ ജോലിക്ക് പോകുന്ന സ്ത്രീക്ക് സുരക്ഷിതത്വമില്ല. നിലമ്പൂരിലെ കോൺഗ്രസ് ആഫീസിൽ ജോലി ചെയ്തിരുന്ന രാധ എന്ന സ്ത്രീ ബലാത്സംഗം ചെയ്യപ്പെട്ട് മൃഗീയമായി കൊല്ലപ്പെട്ടു. കോൺഗ്രസ് ആഫീസിൽ സ്ത്രീക്ക് സുരക്ഷിതത്വം കൊടുക്കാൻ കഴിയാത്ത നിങ്ങൾക്ക് ഏത് സ്ത്രീക്കാണ് കേരളത്തിൽ സുരക്ഷിതത്വം കൊടുക്കാൻ സാധിക്കുക. ഇത്തരത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമില്ല. പോലീസുകാർക്ക് സുരക്ഷിതത്വമില്ല. കേരളത്തിലുടനീളം അരാജകത്വം ഉണ്ടാക്കിയെന്നതാണ് നാല് വർഷത്തെ ഭരണത്തിൽ സംസ്ഥാനത്ത് സംഭവിച്ചിട്ടുള്ളത്. പോലീസ് സേനയെ നവീകരിക്കണം. അതിന് ആവശ്യമായ സംവിധാനങ്ങൾ പോലീസിൽ ഉണ്ടാകണം.

ജയിൽ വകുപ്പിനെക്കുറിച്ച് ഒരു കാര്യം സൂചിപ്പിക്കുകയാണ്. ജയിൽ വകുപ്പിൽ വളരെയധികം മാറ്റങ്ങൾ പുതിയ നിയമം ഉണ്ടാക്കിയശേഷം വന്നിട്ടുണ്ട്. ഇടതുപക്ഷ മുന്നണി മന്ത്രിസഭയുടെ കാലത്ത് ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞവരുടെ കാര്യം പരിശോധിച്ചുകൊണ്ട് എട്ട് വർഷം പൂർത്തിയാക്കിയവരെയൊക്കെ മോചിപ്പിച്ചു. പന്ത്രണ്ടും, പതിനാലും, ഇരുപതും വർഷം കഴിഞ്ഞവർ ഇപ്പോഴും ജയിലിൽ കഴിയുന്നു. ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ എന്തെങ്കിലും പരിഗണന കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ, അക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. ഈ ഗവൺമെന്റ് കഴിഞ്ഞകാലങ്ങളിൽ ചെയ്തിട്ടുള്ള നടപടികൾ പരിശോധിച്ചാൽ ബഡ്ജറ്റിന് യാതൊരു പ്രസക്തിയുമില്ല, ബഡ്ജറ്റ് തന്നെയില്ല, ബഡ്ജറ്റ് അവതരിപ്പിക്കുന്നില്ല. ഒരു മാജിക്ക് കളിച്ച് ബഡ്ജറ്റാണെന്നു പറയുക, ഇങ്ങനെയെല്ലാമുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ ബഡ്ജറ്റിനെ അംഗീകരിക്കാത്തത്. അതുകൊണ്ട് ധനാഭ്യർത്ഥന എന്ന പ്രക്രിയ ഞങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. അതുകൊണ്ട് ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ബഡ്ജറ്റിന്റെ വോട്ടെടുപ്പിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല. വോട്ടെടുപ്പും മന്ത്രിയുടെ പ്രസംഗവും അതിന്റെ അടിസ്ഥാനത്തിൽ ബഹിഷ്കരിക്കുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ

നിർത്തുന്നു.

(ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗം ബഹിഷ്കരിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ട് പുറത്തുപോയി)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ആഭ്യന്തരം, ജയിലുകൾ എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളിൽ പങ്കെടുത്ത എല്ലാവരോടും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അരുവിക്കര തെരഞ്ഞെടുപ്പിനു ശേഷവും ശ്രീ. കോടിയേരി ബാലകൃഷ്ണന് ഇങ്ങനെയൊക്കെ പ്രസംഗിക്കാൻ കഴിയുന്നല്ലോ എന്നോർത്ത് ഞാൻ തലകുനിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ അരാജകത്വമാണ് കേരളത്തിലെങ്കിൽ 10000 വോട്ടിന് ശബരീനാഥൻ വിജയിക്കുമോ? മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു മാറ്റവുമുണ്ടാകാൻ പോകുന്നില്ലെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും വ്യക്തമാകുന്നത്. 2006 മുതൽ കേരളത്തിൽ നടന്ന ഒരു തെരഞ്ഞെടുപ്പിൽപോലും വിജയിക്കാൻ ഇടതുമുന്നണിക്ക് കഴിഞ്ഞിട്ടില്ല. ഇനി ഇവരെ കാത്തിരിക്കുന്നത് അതിഭീകരമായ പരാജയങ്ങൾ മാത്രമായിരിക്കും. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-നെ കാത്തിരിക്കുന്നത് വൻപരാജയമാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണതുടർച്ചയുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. ബംഗാളിലെപ്പോലെ

മാർക്സിസ്റ്റ് പാർട്ടി തകർന്ന് തരിപ്പണമാകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ജനങ്ങളോട് ഉത്തരവാദിത്വമില്ല. ഈ നിയമസഭയ്ക്കകത്ത് കാട്ടികൂട്ടിയ സംഭവങ്ങൾ ശ്രീ. ബെന്നി ബെഹനാൻ ഇവിടെ പറഞ്ഞു. ഇതെല്ലാം കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തെ ജനങ്ങളോട് യാതൊരു ഉത്തരവാദിത്വമില്ലാത്ത ഒരു പ്രതിപക്ഷം. ഈ തെരഞ്ഞെടുപ്പ് ഫലം സർക്കാരിന്റെ മാത്രം വിലയിരുത്തലല്ല, പ്രതിപക്ഷത്തിന്റെ കൂടി വിലയിരുത്തലാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഈ സംസ്ഥാനത്തെ ഇത്ര നിർജ്ജീവമായ ഒരു പ്രതിപക്ഷത്തിനെതിരെ കൂടിയാണ് അരുവിക്കരയിലെ ജനങ്ങൾ വോട്ട് ചെയ്തിരിക്കുന്നത്. ഇതിനേക്കാൾ വലിയ പരാജയം അവർക്കുണ്ടാകുമോ? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 4000 വോട്ടിന് ഭൂരിപക്ഷം കിട്ടിയവരാണവർ. ആ സ്ഥാനത്ത് 10,000 വോട്ടിലധികം ഭൂരിപക്ഷത്തിന് ശ്രീ. ശബരീനാഥൻ അവിടെ വിജയിച്ചു. അങ്ങിരിക്കുന്ന കസേരയിൽ ഇരുന്നിരുന്ന ജി. കാർത്തികേയൻ എന്റെ പ്രിയപ്പെട്ട സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ 24 വർഷക്കാലത്തെ പ്രവർത്തനങ്ങളെ ഇകഴ്ത്തികാണിക്കുകയും വിമർശിക്കുകയും ചെയ്തവരാണിവർ. അത് ആ നാട്ടിലെ ജനങ്ങളുടെ മനസ്സിൽ ഏൽപ്പിച്ചത് കനത്ത പോറലായിരുന്നു. കാർത്തികേയനെ ഓർമ്മിച്ചുകൊണ്ട്; ഈ സംസ്ഥാന സർക്കാർ ചെയ്ത നല്ല

കാര്യങ്ങളെ ഓർത്തുകൊണ്ട് ശബരീനാഥൻ എന്ന ചെറുപ്പക്കാരന് വമ്പിച്ച ഭൂരിപക്ഷം നൽകിയ അരുവിക്കരയിലെ ജനങ്ങളോട് നന്ദി പറയാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ പിന്തുണയാണിത്. ഇതിൽ ഞങ്ങൾ അഹങ്കരിക്കുന്നില്ല. ഈ ജനവിധിയെ മാനിക്കുന്നു. തെറ്റുകളുണ്ടെങ്കിൽ അത് തിരുത്തികൊണ്ട് കേരളത്തിൽ യു.ഡി.എഫ്. കൂടുതൽ ശക്തിയോടെ ഒറ്റക്കെട്ടായി മുന്നോട്ടുപോകും. വരുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും വൻഭൂരിപക്ഷം നേടാനുള്ള പ്രവർത്തനങ്ങളുമായി യു.ഡി.എഫ്. മുന്നോട്ടുപോകും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്തുകാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. തെരഞ്ഞെടുപ്പിലെ ചില കണക്കുകൾ അദ്ദേഹം പറഞ്ഞു. മത-ജാതീയ ശക്തികളുടെ ഏകീകരണം മൂലവും മദ്യമൊഴുക്കിയും പണമൊഴുക്കിയിട്ടുമാണ് ഞങ്ങൾ ജയിച്ചതെന്നാണ് പറഞ്ഞത്. യു.ഡി.എഫും കോൺഗ്രസും ജയിക്കുമ്പോഴെല്ലാം ഇ.എം.എസ്.-ന്റെ കാലം മുതൽ ഇവർ പറയുന്ന സ്ഥിരം പല്ലവിയാണിത്. അരുവിക്കരയിലെ ജനങ്ങളെ അപമാനിക്കുകയല്ലേ ഇതിലൂടെ ചെയ്യുന്നത്. അവർ നൽകിയ ജനാധിപത്യപരമായ വിധിയെഴുത്ത് മദ്യത്തിന്റെയും പണത്തിന്റെയും സ്വാധീനത്തിലാണെന്ന് പറയുന്നത് ആ നാട്ടിലെ ജനങ്ങളെ അപമാനിക്കുന്നതിന് തുല്യമല്ലേ? ജനങ്ങൾ ശരിയായ വിധിയെഴുത്ത്

നടത്തിയിട്ടുണ്ട്. ബി.ജെ.പി.-യുടെ വോട്ട് വർദ്ധിച്ചതിൽ ഞങ്ങൾക്ക് ഉത്കണ്ഠയുണ്ട്. ഇവിടെ ശ്രീ. എം. ഉമ്മർ പറഞ്ഞതാണ് ശരി, ഇവിടെ ബി.ജെ.പി.-യുടെ വോട്ട് വർദ്ധിപ്പിച്ചതിൽ പ്രധാന പങ്ക് സി.പി.ഐ.(എം) നാണ്. സി.പി.ഐ.(എം)-ന്റെ കൈയിൽ നിന്നാണ് കൂടുതൽ വോട്ടുകൾ പോയിട്ടുള്ളത്. കേരളത്തിൽ ബി.ജെ.പി. വളരുന്നതിനോട് യു.ഡി.എഫ്-നോ കോൺഗ്രസിനോ താല്പര്യമില്ല. ഞങ്ങൾ അതിനെപ്പറ്റി പരിശോധിക്കുകയും ശക്തമായി നേരിടുകയും ചെയ്യും. ഈ രാജ്യത്തെ മതേതര-ജനാധിപത്യ വിശ്വാസികളുടെ ഏകീകരണത്തിലൂടെ മുന്നോട്ടുപോകുക എന്നതാണ് ഞങ്ങളുടെ സമീപനം. ദേശീയതലത്തിൽ ബി.ജെ.പി.-യെ എതിർക്കാൻ കഴിയുന്ന ഏക കക്ഷി കോൺഗ്രസാണ്, കേരളത്തിൽ യു.ഡി.എഫാണ്. ഞങ്ങളുള്ളതുകൊണ്ടാണ് ഇവിടെ ബി.ജെ.പി. വളരാത്തത്. ഞങ്ങളുള്ളതുകൊണ്ടാണ് ദേശീയതലത്തിൽ ശക്തമായ ഒരു ബദലുണ്ടാക്കാൻ കഴിയുന്നത്. സി.പി.ഐ.(എം)-ന് ദേശീയ തലത്തിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല. ബംഗാളിലെ സ്ഥിതി എന്താണ്? അനുദിനം ബംഗാളിൽ സി.പി.ഐ.(എം) ക്ഷീണിക്കുന്നു. തെറ്റായ നയങ്ങളിലൂടെ അക്രമ രാഷ്ട്രീയത്തിലൂടെ കേരളത്തെ കൊലക്കളമാക്കി മാറ്റാൻ സി.പി.ഐ.(എം) ശ്രമിക്കുന്നു. അരുവിക്കര തെരഞ്ഞെടുപ്പ് വേളയിൽ സി.പി.ഐ.(എം)-ന്റെ കണ്ണൂർ ജില്ലാ നേതൃത്വം അവിടെ

ബോംബുണ്ടാക്കുകയായിരുന്നു. എന്തിനുവേണ്ടിയായിരുന്നു ബോംബുണ്ടാക്കിയത്. ഇപ്പോൾ പറയുന്നത് ഇന്റലിജൻസിന്റെ പരാജയമാണെന്ന്. രഹസ്യമായി വീടുകളിൽ ഒളിപ്പിച്ചുവച്ച് പാറമടകളിൽ ബോംബുണ്ടാക്കാൻ നിർദ്ദേശം കൊടുക്കുന്ന ആളുകളാണ് ഇവർ. വേണ്ടിവന്നാൽ പോലീസ് സ്റ്റേഷന്റെ മുമ്പിലും ബോംബുണ്ടാക്കുമെന്ന് പറഞ്ഞ മുൻ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനിൽ നിന്നും അതിലപ്പുറം ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇവർ ജീവിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. ഇവിടെ അക്രമങ്ങൾ അവസാനിപ്പിക്കണം. കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞല്ലോ, കൊലപാതക രാഷ്ട്രീയം അവസാനിക്കണമെങ്കിൽ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം)-ഉം കൊലപാതക രാഷ്ട്രീയത്തിന് ഫുൾസ്റ്റോപ്പിടാൻ തീരുമാനിക്കണം. ഇവർ രണ്ടുപേരുമാണ് ഇവിടെ കൊലപാതകം നടത്തുന്നത്. 25 പേർ മരിച്ചു എന്നു പറഞ്ഞു. ആരാണ് കൊന്നത്? ഇവരെത്ര പേരെ കൊന്നു. പരസ്പരം കൊല്ലുകയും തിന്നുകയും ചെയ്യുന്ന രാഷ്ട്രീയമാണ് ഇവരെ ഒറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടി ഊരിയ വാൾ ഉറയിലിടണം, അക്രമരാഷ്ട്രീയത്തിൽ നിന്ന് പിന്തിരിയണം, വികസനവിരുദ്ധ സമീപനം അവസാനിപ്പിക്കണം. ഈ നാട്ടിൽ കലാപങ്ങളിലൂടെ വോട്ട് നേടാമെന്ന് കരുതിയാൽ അത് വിജയിക്കാൻ പോകുന്നില്ല.

2006 മുതൽ 2015 വരെയുള്ള ഒമ്പത് വർഷക്കാലം ഒരു തെരഞ്ഞെടുപ്പിലും ജയിക്കാത്ത ആളുകൾ ഇനി എന്ത് തിരുത്തുമെന്നാണ് പറയുന്നത്. സി.പി.ഐ.(എം) അനുദിനം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും ദുർബലമാകുന്നതിൽ സന്തോഷിക്കുന്ന ഒരാളല്ല ഞാൻ. കെ.പി.സി.സി. പ്രസിഡന്റായിരുന്നപ്പോഴും ഞാൻ പറഞ്ഞ കാര്യമാണിത്. പക്ഷേ, സ്വയംകൃതാനർത്ഥം അവർ നശിച്ചുകൊണ്ടിരിക്കുന്നു. ഇവരുടെ നയങ്ങളിലും പരിപാടികളിലും മാറ്റമില്ല. സി.പി.ഐ.(എം)-ലെ കടുത്ത വിഭാഗീയതയും ആഭ്യന്തരസംഘർഷവും ഈ തെരഞ്ഞെടുപ്പിൽ അവർക്ക് ഏറ്റവും വലിയ വിനയായി. ഞാൻ തെരഞ്ഞെടുപ്പുവേളയിൽ ഒരു കാര്യം പറഞ്ഞു. പാർട്ടി സെക്രട്ടറിയായിരുന്നുകൊണ്ട് തെരഞ്ഞെടുപ്പ് നേരിട്ടുനയിച്ച ശ്രീ. പിണറായി വിജയന് ജയിക്കാൻ കഴിഞ്ഞില്ല, പിന്നെയാണോ അദ്ദേഹം മായാവി ആയിരുന്നുകൊണ്ട് തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കാൻ കഴിയുന്നത്. ഒരു മാസക്കാലം അദ്ദേഹത്തെ ആരും കണ്ടില്ല. അദ്ദേഹം കണ്ടിരുന്നെങ്കിൽ, പ്രസംഗിച്ചിരുന്നെങ്കിൽ കൊല്ലത്ത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ജയിച്ചതുപോലെ കൂടുതൽ ഭൂരിപക്ഷം ശബരീനാഥന് കിട്ടുമായിരുന്നുവെന്നാണ് എന്റെ വിലയിരുത്തൽ. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി നയങ്ങൾ തിരുത്തണം, പ്രവർത്തനങ്ങളിൽ മാറ്റം

വരുത്തണം, അക്രമത്തിന്റെയും കൊലപാതകത്തിന്റെയും രാഷ്ട്രീയം അവസാനിപ്പിക്കണം. ഇല്ലെങ്കിൽ ഇനിയും പരാജയങ്ങളായിരിക്കും നിങ്ങളെ കാത്തിരിക്കുന്നത്. ഇവിടെ ക്രമസമാധാനനിലയെക്കുറിച്ച് പറഞ്ഞു. കേരളം ഇന്ന് ഏറ്റവും ഭദ്രമായ സംസ്ഥാനമാണ്. ക്രമസമാധാനരംഗത്ത് കേരളം വലിയ തോതിലുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു. ഇന്ത്യാ ടുഡെ നടത്തിയ സർവ്വേ മാത്രം മതി അത് മനസ്സിലാക്കാൻ. ക്രമസമാധാനരംഗത്ത് കേരളത്തിന് ഒന്നാം സ്ഥാനം, കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ ഒന്നാം സ്ഥാനം. ഇന്ത്യയിലെ പോലീസിന് മാതൃകയാണ് കേരളാ പോലീസ്, പ്രഗല്ഭമായ പോലീസ്. കേരള പോലീസിന്റെ കുറ്റാന്വേഷണ ചാതുര്യവും പ്രവർത്തനശൈലിയും ഇന്ത്യൻ പോലീസ് സേനയ്ക്ക് തന്നെ മാതൃകയായിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് ഇത്രയും സുരക്ഷിതമായൊരു കാലഘട്ടം ഉണ്ടായിട്ടില്ലെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ലക്ഷ്യം ക്രൈം ഫ്രീ കേരളയാണ്, കുറ്റകൃത്യങ്ങളില്ലാത്ത ഒരു കേരളം. നാളെ രാവിലെ അതുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ, പോലീസിന്റെ ശക്തമായ നടപടികളിലൂടെ മൂന്നര കോടി ജനങ്ങൾക്ക് സുരക്ഷിതത്വം നൽകികൊണ്ട് കുറ്റകൃത്യങ്ങളില്ലാത്ത കേരളമാണ് നമ്മുടെ ലക്ഷ്യം. കുട്ടികൾക്കും സ്ത്രീകൾക്കും ഏറ്റവും കൂടുതൽ സുരക്ഷിതമായ സംസ്ഥാനമാണ് കേരളം.

ഭരണകൂടത്തിന്റെ മർദ്ദനോപകരണമല്ല, ജനസേവനത്തിന്റെ ഉത്തമ മാതൃകകളാണ് പോലീസ്. ആ രീതിയിലാണ് പോലീസിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ പോലീസുമായി താരതമ്യപ്പെടുത്തിയാൽ കേരള പോലീസ് മാതൃകയാണെന്ന് പറയാൻ കഴിയും. പോലീസിന് പൗരാവകാശങ്ങളെക്കുറിച്ച് ശരിയായ ബോധ്യമുണ്ട്. പൗരാവകാശങ്ങൾ ലംഘിക്കാൻ പാടില്ലായെന്ന് ശരിയായ നിർദ്ദേശം നൽകിയിട്ടുണ്ട്. മാന്യമായി പെരുമാറാനുള്ള നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. നിയമപരമായും ഭരണഘടനാപരമായും വേണം പോലീസ് പ്രവർത്തിക്കാനെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള പോലീസ് സേനയെ വാർത്തെടുക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. കുറ്റങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല. പോലീസിന്റെ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ പലപ്പോഴും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തിയാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ മാറ്റം ശരിക്കും വെളിവാകുകയാണ്. ഗൗരവതരമായ കുറ്റകൃത്യങ്ങളായ കൊലപാതകം, കവർച്ച, റോബറി, രാത്രിയിലും പകലുമുള്ള ഭവനഭേദനം മുതലായ കാര്യങ്ങളിൽ പോലീസിന്റെ ക്രിയാത്മകമായ ഇടപെടലുകൾ

കൊണ്ട് ഗണ്യമായ കുറവുള്ളതായി കാണാൻ കഴിയുന്നു. എൽ.ഡി.എഫ്.ന്റെ കാലത്ത് അഞ്ചുവർഷം കൊണ്ട് 1436 കൊലപാതകം നടന്നപ്പോൾ 1426 എണ്ണമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. Dacoity 456 എണ്ണം എൽ.ഡി.എഫ്.ന്റെ കാലത്ത് നടന്നപ്പോൾ 315 എണ്ണമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. Robbery 3246 എണ്ണം എൽ.ഡി.എഫ്.ന്റെ കാലത്ത് നടന്നപ്പോൾ 2073 എണ്ണമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. HP theft day 2054 എണ്ണം എൽ.ഡി.എഫ്.ന്റെ കാലത്ത് നടന്നപ്പോൾ 2458 എണ്ണമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. Theft 22343 എണ്ണം എൽ.ഡി.എഫ്.ന്റെ കാലത്ത് നടന്നപ്പോൾ 17463 എണ്ണമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന പ്രധാന കാര്യം റോഡപകടങ്ങളാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഫലപ്രദമായ പദ്ധതി ആവിഷ്കരിക്കുകയാണ്. അതിന് ട്രാൻസ്പോർട്ട്, പി.ഡബ്ല്യൂ.ഡി., വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നാണ് ശുഭയാത്രയെന്ന പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇന്ത്യയിൽ റോഡപകടങ്ങളിൽ ഒന്നാം സ്ഥാനം മഹാരാഷ്ട്രയ്ക്കും രണ്ടാം സ്ഥാനം തമിഴ്നാടിനും മൂന്നാം സ്ഥാനം കേരളത്തിനുമാണുള്ളത്. കേരളത്തിലെ റോഡപകടങ്ങൾ കുറയ്ക്കാൻ

നമ്മൾ ശ്രമിക്കുന്നുണ്ട്. അതിനാവശ്യമായ പദ്ധതികളും ട്രാഫിക് നിയമങ്ങളും അതോടൊപ്പം തന്നെ അതിനാവശ്യമായ പരിശീലനവും പോലീസിന് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ട്രാഫിക് നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് 8000-ൽ അധികം കേസ്സുകളെടുക്കാൻ കേരള പോലീസിന് കഴിഞ്ഞു. ഹെൽമെറ്റില്ലാതെ ആളുകൾ യാത്ര ചെയ്യുമ്പോൾ പരിശോധിക്കുന്നത് അപകടങ്ങൾ കുറയ്ക്കാനാണ്. മദ്യപിച്ച് വണ്ടിയോടിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നത് അപകടങ്ങൾ ഒഴിവാക്കാനാണ്. സ്ഫോടകവസ്തുക്കൾ കൊണ്ടുപോകുന്നുണ്ടോ, കള്ളനോട്ട് കൊണ്ടുപോകുന്നുണ്ടോ, മറ്റേതെങ്കിലും തെറ്റായ മാർഗ്ഗങ്ങളിലൂടെയുള്ള കള്ളക്കടത്ത് നടക്കുന്നുണ്ടോ ഇതെല്ലം തടയുന്നതിന് വാഹനപരിശോധന ആവശ്യമാണ്. വാഹനപരിശോധനാ വേളയിൽ വളരെ നല്ല നിലയിൽ ആയിരിക്കണം അവരോട് പെരുമാറേണ്ടതെന്ന് ഡി.ജി.പി.യുടെ സർക്കുലർ ഇറക്കിയിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കാൻ ബാധ്യതയുള്ള പോലീസിന് ഇത്തരം കാര്യങ്ങൾ രാത്രിയിലും പകലും ചെയ്യേണ്ടി വരും. ഇല്ലെങ്കിൽ കൂടുതൽ കുറ്റകൃത്യങ്ങൾ ആവർത്തിക്കാനുള്ള സാധ്യതയുണ്ട്. സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേകിച്ചും കൂടുതൽ ശക്തമായ നടപടികൾ നമ്മൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഫലമായി സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങൾ കുറഞ്ഞുവരുന്നുണ്ട്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് 8066 കേസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ ഈ സർക്കാരിന്റെ കാലത്ത് 16512 കേസ്സുകൾ രജിസ്റ്റർ ചെയ്തു. പോലീസിന്റെ ജാഗ്രതയാണ് ഇത് ചൂണ്ടികാണിക്കുന്നത്. വ്യാജമദ്യത്തെ പറ്റിപറഞ്ഞു, വ്യാജമദ്യ നിർമ്മാണത്തിനും വിപണനത്തിനും എതിരായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 53611 കേസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ 2,02,193 കേസ്സുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇതുകാണിക്കുന്നത് പോലീസിന്റെ ജാഗ്രതയാണ്. കേസ്സുകൾ കൂടുതൽ രജിസ്റ്റർ ചെയ്തുകൊണ്ട് വ്യാജമദ്യം തടയാനുള്ള നടപടികളാണ് നമ്മൾ സ്വീകരിച്ചത്. അതുപോലെ തന്നെ വിദ്യാർത്ഥികളിൽ വളർന്നുവരുന്ന മയക്കമരുന്നിന്റെ സ്വാധീനം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശക്തമായ നടപടിയുണ്ടായിട്ടുണ്ട്. ഇവിടെ കേരളത്തിൽ 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' എന്ന പരിപാടി വളരെ ഫലപ്രദമാണ്. നമ്മുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെയും കോളേജിന്റെയും മുമ്പിൽ പുകയില ഉത്പന്നങ്ങൾ, മാരകമായ മയക്കമരുന്നുകൾ ഇവയെല്ലാം വിൽക്കുന്ന ആളുകളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കണക്കുകൾ ഇവിടെ പലതവണ പറഞ്ഞതുകൊണ്ട് ഞാനിവിടെ ആവർത്തിക്കുന്നില്ല. പഞ്ചനക്ഷത്ര ഹോട്ടലുകളിലും നൗകകളിലും നടക്കുന്ന ഡിജെ പാർട്ടികളിൽ

മയക്കുമരുന്നിന്റെ ഉപയോഗം ഉണ്ടോയെന്ന് കണ്ടെത്തി ശക്തമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ സംതൃപ്തമായ പോലീസ് സേനയെ ആവശ്യമാണ്. സംതൃപ്തമായ പോലീസ് സേനയ്ക്കുവേണ്ടി പോലീസുകാരുടെ ദീർഘകാലത്തിലുള്ള നിരവധി ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ദീർഘകാലമായി നിലനിന്നിരുന്ന സീനിയോറിറ്റി തർക്കം പരിഹരിച്ചു. 4000 ത്തോളം പോലീസുകാർക്ക് പ്രൊമോഷൻ കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പോലീസുകാരുടെ യൂണിഫോം അലവൻസ് 2750 രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിച്ചു. പോലീസുകാർക്ക് നാലാം ഗ്രേഡും ക്യാന്റീൻ സൗകര്യവും അനുവദിച്ചു. ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഓണക്കാലത്ത് സ്പെഷ്യൽ അലവൻസ് കൊടുത്തു. കഠിന ഡ്യൂട്ടിയിലുള്ള കമാൻഡോകൾക്ക് സപെഷ്യൽ അലവൻസ് നൽകി. ശബരിമലയിൽ ഡ്യൂട്ടിയിൽ പോകുന്നവർക്ക് മെസ്സ് അലവൻസും ലഗേജ് അലവൻസും അനുവദിച്ചു. അന്യസംസ്ഥാനങ്ങളിൽ ഡ്യൂട്ടിയിൽ പോകുന്നവർക്ക് വിന്റർ ക്ലോത്ത് അലവൻസ് അനുവദിച്ചു. എ.ഡി.ജി.പി. തലവനായി പോലീസ് വെൽഫെയർ ബ്യൂറോ ആരംഭിച്ചു. ട്രെയിനിംഗ് പിരീഡ് ഡ്യൂട്ടിയാക്കി അഡീഷണൽ ഇൻക്രിമെന്റ് ഗ്രാന്റ് ചെയ്തു. കേരളാ പോലീസിൽ അവർ ആവശ്യപ്പെട്ട എല്ലാ

ആവശ്യങ്ങളും അംഗീകരിച്ച ഗവൺമെന്റാണ് ഇവിടെയുള്ളത്. മോഡേണൈസേഷന്റെ കാര്യത്തിൽ ഗവൺമെന്റ് അതീവ താൽപ്പര്യം കാണിക്കുന്നുണ്ട്. കേന്ദ്ര ഫണ്ട് ഉണ്ടായിരുന്നത് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. CCTNS -ന് (Crime and Criminal Tracking Network & Systems) കേന്ദ്ര ഫണ്ടുണ്ടായിരുന്നത് നിർത്തലാക്കി. എന്നാൽ പോലും സംസ്ഥാന ഗവൺമെന്റ് കിട്ടിയ പണം ഉപയോഗിച്ചുകൊണ്ട് പോലീസ് സ്റ്റേഷനെയും പോലീസ് സംവിധാനത്തെയും ആധുനികവത്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ മാവോയിസ്റ്റുകൾ നമ്മുടെ നാടിന്റെ സമാധാന ജീവിതത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്. അത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആന്ധ്രാപ്രദേശ്, കേരളം, കർണ്ണാടക പോലീസിന്റെ സഹായത്തോടെയാണ് രൂപേഷ്, ഷൈനി അടക്കമുള്ള നിരവധി ആളുകളെ പോലീസ് പിടികൂടിയത്. അവരുടെ പേരിൽ നിരവധി കേസ്സുകൾ ചുമത്തിയിട്ടുണ്ട്. ആയിരക്കണക്കിന് ആളുകളാണ് മാവോയിസ്റ്റുകളുടെ പേരിൽ ഇന്ത്യയൊട്ടാകെ കൊലചെയ്യപ്പെട്ടത്. കേരളം മാവോയിസ്റ്റുകളുടെ പറുദീസയായി മാറാതിരുന്നത് കേരള പോലീസിന്റെ സമർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായാണ്. മാവോയിസ്റ്റ് ലഘുലേഖകളും

സാഹിത്യവും കൈയ്യിൽ വയ്ക്കുന്ന ആരേയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. പക്ഷേ മാവോയിസ്റ്റുകൾക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുകയും അവർക്ക് വേണ്ട ഒത്താശകളും ചെയ്യുന്ന ആളുകളെ പിടികൂടേണ്ടത് പോലീസിന്റെ കടമയാണ്, കർത്തവ്യമാണ്. അത്തരം നടപടികളുമായി മുന്നോട്ട് തന്നെ പോകും. കേരളത്തിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടെന്ന് മനസ്സിലാക്കികൊണ്ടാണ് കേരള പോലീസ് ആന്റി ടെററിസ്റ്റ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ശക്തമായ നടപടികളുമായി മുന്നോട്ട് പോകുന്നത്. അത് മനുഷ്യാവകാശങ്ങളെന്ന് പറഞ്ഞു ആളുകളെ പറ്റിക്കാൻ നോക്കണ്ട. കഴിഞ്ഞ ദിവസം അവർ എനിക്കെതിരെ ഭീഷണി മുഴക്കുകയുണ്ടായി. ആഭ്യന്തര മന്ത്രിക്കെതിരെ ഓപ്പൺ കത്തെഴുതി. ഇതൊന്നും മനുഷ്യാവകാശങ്ങളല്ല. ആയിരക്കണക്കിന് ആളുകളെ ഇന്ത്യയിൽ കൊന്നൊടുക്കിയ മാവോയിസ്റ്റുകൾക്ക് മനുഷ്യാവകാശങ്ങളെ പറ്റി പറയാൻ എന്താണ് അവകാശം. ഈ ഗവൺമെന്റ് മുനഷ്യാവകാശങ്ങളെ സംരക്ഷിക്കുന്നു. പക്ഷേ, നാട്ടിൽ കലാപമുണ്ടാക്കാൻ മാവോയിസ്റ്റുകളെ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. അവർക്കെതിരെ നടപടികളുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമുണ്ടാകില്ല. ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. യു.എ.പി.എ. ചുമത്തിയതിനെപ്പറ്റി പറഞ്ഞു. യു.എ.പി.എ. ചുമത്തുന്നത് ഗവൺമെന്റിന് താൽപ്പര്യമുള്ള കേസ്സല്ല. ചില

കാര്യങ്ങളിൽ എടുക്കേണ്ടിവരും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൈവെട്ട് കേസ്സുണ്ടായപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് യു.എ.പി.എ. ചുമത്തിയത് അക്കാര്യം ശ്രീ. എളമരം കരീം മറന്നുപോയി. മനോജ് വധക്കേസ്സിൽ യു.എ.പി.എ. ചുമത്തി. അതോടൊപ്പം തന്നെ സി.പി.ഐ (എം) ബ്രാഞ്ച് കമ്മിറ്റി അംഗമായ ഒണിയൻ പ്രേമനെ ചിറ്റാരിപ്പറമ്പിൽ വച്ച് കൊലപ്പെടുത്തിയ ബി.ജെ.പി. പ്രവർത്തകർക്കെതിരെ യു.എ.പി.എ. 15, 16 എന്നീ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത്യപൂർവ്വമായി സംഘം ചേർന്ന് ബോംബുകളെറിഞ്ഞ് സ്ഫോടനാത്മകമായ ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കുന്ന ആളുകളുടെ പേരിൽ യു.എ.പി.എ. ചുമത്താം. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമമാണിത്. ഏറ്റവും അത്യന്താപേക്ഷിതമായ മൂന്ന് കേസ്സുകളിലാണ് കേരളത്തിൽ യു.എ.പി.എ. ചുമത്തിയിട്ടുള്ളത്. ആർ.എസ്.എസുകാരെ സഹായിക്കുന്ന നയമാണെന്നാണ് ശ്രീ. എളമരം കരീം പറഞ്ഞത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആർ.എസ്.എസ്. ആണോ കോൺഗ്രസ്സാണോ കമ്മ്യൂണിസ്റ്റാണോയെന്ന് നോക്കിയല്ല, കുറ്റകൃത്യങ്ങൾ നോക്കിയാണ് നടപടിയെടുക്കുന്നത്. പോലീസിനെ സംബന്ധിച്ചിടത്തോളം ഐ.പി.സി. യും സി.ആർ.പി.സി.യും അനുസരിച്ചുവേണം കേസെടുക്കേണ്ടത്. ഏത് രാഷ്ട്രീയത്തിൽപ്പെട്ടവരാണെന്ന് നോക്കിയല്ല,

കുറ്റകൃത്യങ്ങളുടെ സ്വഭാവം പരിശോധിച്ചായിരിക്കണം പോലീസ് പ്രവർത്തിക്കേണ്ടത്. നിരോധിക്കപ്പെട്ട പാർട്ടിയിൽപ്പെട്ട അംഗങ്ങളാണെങ്കിൽ അത് വേറെ കാര്യം. അല്ലാതെ ആര് കുറ്റം ചെയ്താലും അതെന്താണെന്ന് പരിശോധിച്ച് ആ കുറ്റകൃത്യത്തിനെതിരായിട്ടാണ് നടപടി സ്വീകരിച്ചത്. ഇവിടെ ഓമല്ലൂർ ബോംബ് സ്ഫോടനത്തെക്കുറിച്ച് പറഞ്ഞു. കൃഷിവകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ വീടിനടുത്താണ് ഈ സംഭവം നടന്നത്. പണ്ട് നടന്ന ബോംബ് ആക്രമണത്തെപ്പറ്റിയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നത്. നരിക്കാട്ടിരി സംഭവം ഏത് കാലത്ത് നടന്നതാണെന്ന് എനിക്കറിയില്ല. കണ്ണൂർ ഓമല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചെറ്റക്കണ്ടി ഭാഗത്ത് കാക്രോട്ട്കുന്നിന് സമീപം വടക്കേതിൽ ചാത്തുക്കുട്ടി എന്ന ആളിന്റെ സ്ഥലത്തുവച്ച് 06.06.2015 ഉച്ചയ്ക്ക് 12.30-ന് ബോംബ് സ്ഫോടനമുണ്ടായി. ബോംബ് നിർമ്മാണത്തിലേർപ്പെട്ടിരുന്ന സുബീഷ്, ഷൈജു എന്നിവർ മരണപ്പെട്ടു. നിതീഷ്, രതീഷ് എന്നിവർക്ക് പരിക്കുപറ്റി. ഒരു സ്ത്രീ ഉൾപ്പെടെ നാല് പേരും സി.പി.എം. - ന്റെ ബ്രാഞ്ച് സെക്രട്ടറിമാരും, ലോക്കൽ കമ്മിറ്റി അംഗവുമാണ്. നാലുപേരെയും അറസ്റ്റ് ചെയ്തു. ഇതിൽ പാർട്ടിക്ക് പങ്കില്ലേ? ബോംബ് നിർമ്മിക്കുന്ന ആളുകൾ, ബോംബ് നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്ന ആളുകൾ, അക്രമം നടത്തുന്ന ആളുകൾ, ബോംബ് എറിഞ്ഞ് ആളുകളെ

കൊലപ്പെടുത്തുന്ന ആളുകൾ. അത്യപൂർവ്വമായ കേസുകളിൽ യു.എ.പി.എ. (Unlawful Activities (Prevention) Act) ചുമത്തേണ്ടിവരും. അതിൽ യാതൊരു സംശയവും വേണ്ട. ഈ നാട്ടിലെ ജനങ്ങളുടെ സുരക്ഷിതത്വമാണ് ഗവൺമെന്റിന് പ്രധാനമായുമുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. കോഴിക്കോട് എയർപോർട്ട് 12 മണിക്കൂർ സ്തംഭിച്ചുപോയി എന്ന്. പണ്ട് ബോംബെ എയർപോർട്ടിൽ സി.ആർ.പി.എഫ്. സേന വെടിവച്ചത് ഞാൻ ഓർക്കുന്നു. അന്ന് ഞാൻ എം.പി. ആയിരുന്നു. ഒരാൾ കൊല്ലപ്പെട്ടു. ഇന്ത്യയിലെ ആദ്യത്തെ സംഭവമൊന്നുമല്ല. കോഴിക്കോട് ആ സംഭവമുണ്ടായപ്പോൾ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്ന് ആ നടപടിയെ നിയന്ത്രിച്ചത് ഞാൻ തന്നെയാണ്. ഗവൺമെന്റ് യഥാവിധി ഇടപെട്ടു. രാത്രിയിൽ എയർപോർട്ടിന്റെ ചുമതല പോലീസ് ഏറ്റെടുത്തു. രാത്രിയിലുള്ള ഫ്ലൈറ്റുകൾ കൊച്ചിയിലേയ്ക്ക് തിരിച്ചുവിട്ടു. രാവിലെ ആറ് മണിക്ക് കോഴിക്കോട് എയർപോർട്ടിൽ ഫ്ലൈറ്റ് ഇറങ്ങാനുള്ള സൗകര്യം കൊടുത്തത് കേരള പോലീസായിരുന്നു, കേരള ഗവൺമെന്റായിരുന്നു. ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ വളരെ എളുപ്പമാണ്. രണ്ട് കേന്ദ്ര വിഭാഗങ്ങൾ തമ്മിലുള്ള വെടിവയ്പാണുണ്ടായത്. എയർപോർട്ടിൽ പോലീസിന് യാതൊരു നിയന്ത്രണവുമില്ല. എയർപോർട്ട് അതോറിറ്റിയിലെ ഉദ്യോഗസ്ഥരും സി.ആർ.പി.എഫും കേന്ദ്ര ഗവൺമെന്റിന്റെ

കീഴിലുള്ളവരാണ്. എയർപോർട്ടിൽ പോലീസിന് യാതൊരു നിയന്ത്രണവുമില്ല. പക്ഷേ സംഭവമുണ്ടായപ്പോൾ പോലീസ് ഇടപെട്ടു ശക്തമായ നടപടി സ്വീകരിച്ചു. അതിന്റെ ഫലമായി ആറ് മണിക്ക് എയർപോർട്ട് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടായി. ആറ്റിങ്ങലിൽ പാസ്റ്റർമാർക്കെതിരായുണ്ടായ സംഭവത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് നിർഭാഗ്യകരമായ സംഭവമാണ്. ഞാൻ ആ സ്ഥലത്തുപോയി. അവിടെ അക്രമം നടത്തിയവരെ മുഴുവൻ പോലീസ് അറസ്റ്റ് ചെയ്തു. അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്നു. ആർക്കും സ്വതന്ത്രമായി മതാചാരം നടത്താൻ അവകാശമുള്ള നാടാണ് നമ്മുടേത്. ഇവിടെ ആ ആരാധനാ സ്വാതന്ത്ര്യത്തെ ഹനിക്കാൻ ആരെയും അനുവദിക്കുന്ന പ്രശ്നമില്ല. പാസ്റ്റർമാർക്ക് പരാതിയില്ലാത്തപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണന് എന്തിനാണ് പരാതിയുള്ളത്? പാസ്റ്റർമാർക്കാർക്കും ഇപ്പോൾ പരാതിയില്ല. അവർക്കിപ്പോഴും സ്വൈരമായി ആരാധന നടത്താനുള്ള സ്വാതന്ത്ര്യമുണ്ടല്ലോ. ഘർ വാപസിയെക്കുറിച്ച് പറഞ്ഞു. ആരാധനാ സൗകര്യവും മത സ്വാതന്ത്ര്യവും എല്ലാവർക്കുമുള്ളതാണ്. നിർബന്ധിതമായി മതം മാറ്റിക്കുന്നുവെന്ന പരാതി പോലീസിൽ ലഭിച്ചിട്ടുണ്ടെങ്കിൽ നടപടിയെടുക്കും. അല്ലാതെ നടപടിയെടുക്കാനുള്ള വകുപ്പ് ഇന്ത്യൻ ഭരണഘടനയിലോ, ഇന്ത്യൻ നിയമവ്യവസ്ഥയിലോ ഇല്ലാത്തതിന് ഞാനെന്ത്

ചെയ്യും? അതുപോലെ ഇവിടെ ഐ. ജി. കോപ്പിയടിച്ചതിന്റെ കാര്യം പറഞ്ഞു. ഒരു വ്യക്തി ചെയ്യുന്ന കുറ്റമാണെങ്കിൽ ആ കുറ്റത്തിന് ഞങ്ങൾ നടപടിയെടുത്തിട്ടുണ്ട്. ഐ.ജി. യെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണം നടക്കുകയാണ്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടിയുണ്ടാകും. അല്ലാതെ കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ പോലീസ് കയ്യുംകെട്ടി നോക്കിനിൽക്കുകയല്ല ചെയ്തത്. ഓപ്പറേഷൻ കുബേരയെക്കുറിച്ച് ഇവിടെ പറഞ്ഞു. കേരള ചരിത്രത്തിലെ ഏറ്റവും നല്ലതും ശക്തവുമായ നടപടിയായിരുന്നു അത്. കൊള്ളപ്പലിശക്കാരുടെയും ബ്ലെയിഡ് പലിശക്കാരുടെയും കയ്യിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ ഈ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ഒരു സ്ഥലത്തും ഇന്ന് കൊള്ളപ്പലിശക്കാരുടെ പ്രവർത്തനമില്ല. പ്രവർത്തനമുണ്ടെന്ന് പരാതി കിട്ടിയാൽ നടപടിയുണ്ടാകും. ആലപ്പുഴയിൽ അംഗിതൻ എന്നുപറയുന്ന പാവപ്പെട്ട ഒരാളിന്റെ ആത്മഹത്യയെത്തുടർന്നാണ് ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഭാഗം ആരംഭിച്ചത്. രഹസ്യമായി രസീതുകളില്ലാതെ, രേഖകളില്ലാതെ കൈ വായ്പകൾ കൊടുക്കുന്നതിനെ നിയന്ത്രിക്കാൻ പ്രയാസമുണ്ട്. എന്നാൽപ്പോലും അത്തരം കാര്യങ്ങളിൽ പോലീസ് സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കാൻവേണ്ടിയാണ് ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുന്നത്. തമിഴ്നാട്ടുകാരെപ്പറ്റി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ പറഞ്ഞു. തമിഴ്നാട്ടിൽ നിന്നും ഇതുപോലുള്ള ബ്ലെയ്ഡ് പലിശക്കാർ ഇന്ന് വരുന്നില്ല. അവരുടെ പ്രവർത്തനമില്ല. അതിർത്തികളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വട്ടേഷൻ സംഘങ്ങളെയും ഗുണ്ടകളെയും മാഫിയകളെയും അടിച്ചമർത്താൻ വേണ്ടിയാണ് ഓപ്പറേഷൻ സുരക്ഷ. എഴുപതിനായിരം ആളുകളെ മൂന്ന് മാസംകൊണ്ട് അറസ്റ്റ് ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതിൽ ഗുണ്ടകളും മാഫിയകളും സാമൂഹ്യവിരുദ്ധൻമാരുമുണ്ട്. അത്തരം ആളുകളെ നിലയ്ക്ക് നിർത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് ഏകദേശം ഇരുപത് മുതൽ മുപ്പത് ശതമാനത്തിനിടയിൽ കുറ്റകൃത്യങ്ങൾ കേരളത്തിൽ കുറയുന്നു. ജനങ്ങളുടെ സമാധാന ജീവിതം ഉറപ്പുവരുത്താൻവേണ്ടിയാണ് ഓപ്പറേഷൻ സുരക്ഷാ നടപടികളുമായി ഞങ്ങൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. അടുത്തകാലത്തായി ഉയർന്നുവരുന്നത് സൈബർ കുറ്റങ്ങളും വൈറ്റ് കോളർ ക്രൈംസുമാണ്. ഇത് നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് 20-ാം തീയതി

ഇന്ത്യയിലാദ്യമായി കേരളത്തിൽ സൈബർഡോം ടെക്നോപാർക്കിൽ ആരംഭിക്കാൻ പോകുന്നുവെന്ന് ഞാൻ അറിയിക്കട്ടെ. കൊടുങ്ങല്ലൂരും കാഞ്ഞങ്ങാട്ടും രണ്ട് പോലീസ് കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. പാനൂരിൽ പുതിയതായി ഒരു പോലീസ് കൺട്രോൾ റൂം ആരംഭിക്കുന്നതാണ്. എറണാകുളത്ത് ഫോറൻസിക് ലബോറട്ടറി തുടങ്ങാൻ തീരുമാനിച്ചുകഴിഞ്ഞു. അതിന്റെ എല്ലാ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഉടൻതന്നെ അത് ഉദ്ഘാടനം ചെയ്യുന്നതാണ്. നാല് വനിതാ പോലീസ് സ്റ്റേഷനുകളും ഉടൻ ആരംഭിക്കുന്നതാണ്. ആ നാല് വനിതാ പോലീസ് സ്റ്റേഷനുകളും വനിതകൾ തന്നെ പ്രവർത്തിപ്പിക്കുന്ന ഓഫീസുകളായിരിക്കും. ശ്രീ. മോൻസ് ജോസഫ്, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെയുള്ള എം.എൽ.എ. മാർ ചൂണ്ടിക്കാണിച്ച പുതിയ പോലീസ് സ്റ്റേഷനുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ശ്രീ. എം. ഉമ്മർ ഉൾപ്പെടെയുള്ള എം.എൽ.എ. മാർ ചൂണ്ടിക്കാണിച്ചത് രണ്ട് വിജിലൻസ് കോടതികൾ ആരംഭിക്കുന്ന കാര്യമാണ്. തലശ്ശേരിയിലും മൂവാറ്റുപുഴയിലും പുതുതായി രണ്ട് വിജിലൻസ് കോടതികൾ ഉടൻതന്നെ ആരംഭിക്കാൻ ഹൈക്കോടതി അനുവാദം നൽകിയിരിക്കുകയാണ്. ഉടൻതന്നെ അത് ആരംഭിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, മലയിൻകീഴ് സർക്കിൾ ഇൻസ്പെക്ടർ

ഓഫീസിന്റെ കാര്യം........

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മലയിൻകീഴ്, പോത്തൻകോട് കുറവിലങ്ങാട്......... മാണി സാർ സമ്മതിച്ചാൽ എന്നുവേണമെങ്കിലും ഞാൻ അനൗൺസ് ചെയ്യാൻ തയ്യാറാണ്. പ്രവീൺ തൊഗാഡിയായുടെ കേസ് പിൻവലിച്ച കാര്യം ഇവിടെ പറയുകയുണ്ടായി. മുഖ്യമന്ത്രി തന്നെ എത്രയോ തവണ പറഞ്ഞതാണ്. ഈ കേസ് ആരും പിൻവലിച്ചതല്ല. കുറ്റപത്രം കൊടുക്കാൻ വൈകിയപ്പോൾ സ്വാഭാവികമായും കോടതി പ്രതികളുടെ പേരിലുള്ള നടപടികൾ അവസാനിപ്പിച്ചതാണ്. അതിന് ഗവൺമെന്റിന് എന്താണ് കാര്യം? ഗവൺമെന്റിന് കാര്യമില്ലാത്തതാണ്. ശ്രീ. രാജ്നാഥ് സിംഗിന്റെ തലയിൽ തലപ്പാവ് അണിയിച്ചു. അതിന് പോലീസിന് എന്ത് ചെയ്യാൻ കഴിയും? ശ്രീ. രാജ്നാഥ് സിംഗിന് എൻ.എസ്.എ. സെക്യൂരിറ്റിയാണുള്ളത്. അദ്ദേഹത്തിന്റെ തലയിൽ ഒരു ബി.ജെ.പി. ക്കാരൻ തലപ്പാവ് സമർപ്പിച്ചു. അതിന് പോലീസിന് എന്ത് ചെയ്യാൻ കഴിയും? അയാൾ കേസിലെ പ്രതിയാണ്. തലപ്പാവ് ധരിപ്പിക്കണോ വേണ്ടയോ എന്നുള്ളത് ധരിക്കുന്നയാൾ തീരുമാനിക്കേണ്ട കാര്യമാണ്. അതിന് പോലീസിന് യാതൊന്നും ചെയ്യാൻ കഴിയില്ല. ഇവിടെ സി.പി. നായരുടെ കേസിന്റെ കാര്യം പറഞ്ഞു. ആ കേസ് ഇതുവരെ പിൻവലിച്ചിട്ടില്ല. ഞങ്ങൾ ആലോചിച്ച കാര്യമാണ്.

കാരണം, സി.പി.എം. ഉൾപ്പെടെ എല്ലാ പാർട്ടിയിലെയും 147-ഓളം ആളുകൾ വർഷങ്ങളായി കേസ് നടത്തിക്കൊണ്ടിരിക്കുകാണ്. അദ്ദേഹം മരിച്ചുപോയി. ഇത് ഒരു കാര്യവുമില്ലാത്തതാണ്. ഇത് റവന്യൂ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമാണ്. മലയാലപ്പുഴ അമ്പലത്തിൽ വച്ചാണ് ഈ സംഭവം. പല ആളുകളും മരിച്ചുപോയി. ചിലർക്ക് നടക്കാൻ വയ്യ. നിരവധി തവണ മുഖ്യമന്ത്രിയേയും എന്നെയും കണ്ടപ്പോൾ അവർ പരാതി പറയുകയാണ്. ചിലർ ആത്മഹത്യ ചെയ്തു. ഈ സംഭവങ്ങളെല്ലാം കണ്ടപ്പോഴാണ് ഈ കേസ് പിൻവലിക്കുന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ചത്. ഈ കേസ് പിൻവലിക്കണ്ടെന്നാണെങ്കിൽ പിൻവലിക്കുന്നില്ല. അതിൽ കോൺഗ്രസ്സുകാർ വളരെ ചുരുക്കമാണ്, കൂടുതലും സി.പി.എം. കാരാണ്. പിൻവലിക്കണമെന്ന ഒരു നിർബന്ധവും നമുക്കില്ല. പക്ഷേ മാനുഷിക പരിഗണന കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെ ഒരു നടപടി സ്വീകരിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എം. എം. മണിയെ സംരക്ഷിക്കുകയാണ്. എം. എം. മണി പറഞ്ഞത് മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ നിരവധി തവണ പറഞ്ഞിട്ടുള്ളതാണ്, അദ്ദേഹം പറഞ്ഞത് പ്രകോപനപരമായ പ്രസംഗമായിരുന്നു. ഞങ്ങൾ കൊന്നിട്ടുണ്ട്, വൺ, ടൂ, ത്രീ.. ഇങ്ങനെ ആളുകളെ കൊല്ലുമെന്ന് പറഞ്ഞാൽ കേസ്സെടുക്കേണ്ടി വരില്ലേ; അതാണ് തൊടുപുഴ പോലീസ്

സേന ക്രൈം 1196/12 U/S 505(1)D IPC Section 117E/KP ആക്ട് ആയി കേസ് രജിസ്റ്റർ ചെയ്തത്. അങ്ങനെ നാളെ ആരെങ്കിലും പ്രസംഗിച്ചാൽ അവരുടെ പേരിലും കേസ്സെടുക്കും. അത് നിയമപരമായി ചെയ്യേണ്ട കാര്യങ്ങളാണ്. തെറ്റിദ്ധാരണാജനകമായി കാര്യങ്ങൾ പറയുന്നത് ശരിയാണോ; ഞാൻ ഐ.ജി.-യെ സസ്പെന്റ് ചെയ്തു എന്നു പറഞ്ഞത് ശരിയല്ല. ഐ.ജി.-യെ മാറ്റി നിർത്തുകയാണ് ചെയ്തത്. അന്വേഷണം പൂർത്തിയായ ശേഷം കോപ്പിയടിച്ച ഐ.ജി.-യുടെ കാര്യത്തിൽ അന്തിമ നടപടിയുണ്ടാകും. പോലീസ് സ്റ്റേഷനിലെ വാഹനങ്ങളുടെ കാര്യമാണെങ്കിൽ, പോലീസ് സ്റ്റേഷനകത്ത് പിടിച്ചു കൊണ്ടുവരുന്ന വാഹനങ്ങൾ പലപ്പോഴും ഡിസ്പോസ് ചെയ്യാത്തത് ഒരു പബ്ലിക് ന്യൂയിസൻസായി മാറിയിട്ടുണ്ട്. അത് ശരിയാണ്. 01-03-2009 മുതൽ 31-10-2013 വരെ 23646 വാഹനങ്ങൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. 01-11-2013 മുതൽ 06-06-2014 വരെ 14268 വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ട്. 01-01-2015 മുതൽ 30-04-2015 വരെ 5816 വാഹനങ്ങൾ ഡിസ്പോസ് ചെയ്യാനുള്ള തീരുമാനമായിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് എത്രയും പെട്ടന്ന് ഈ കേസ്സുകൾ തീർപ്പുകല്പിക്കാനും ഡിസ്പോസ് ചെയ്യാൻ കഴിയുന്ന കേസ്സുകൾ ഡിസ്പോസ് ചെയ്യാനും തീരുമാനമെടുത്തിട്ടുണ്ട്. വനിതാ പോലീസുകാരുടെ കാര്യമാണെങ്കിൽ,

നമ്മുടെ സംസ്ഥാനത്ത് വനിതാ പോലീസുകാരുടെ എണ്ണം കുറവാണ്. അടുത്തകാലത്ത് ക്യാബിനറ്റ് 260 വനിതാ പോലീസുകാരെയും 60 വനിതാ എസ്.ഐ.-മാരെയും എടുക്കാൻ തീരുമാനിച്ചു. മാത്രമല്ല, എസ്.ഐ.-മാരുടെയും കോൺസ്റ്റബിൾമാരുടെരും റിക്രൂട്ട്മെന്റിൽ 'only for men' എന്നുള്ളത് മാറ്റി. അപ്പോൾ സ്ത്രീകൾക്കും പുരുഷൻമാർക്കും ഇതിലേയ്ക്ക് അപേക്ഷിക്കാനും ഇന്റർവ്യൂവിൽ പങ്കെടുക്കാനും സാധിക്കും. ഈ ഗവൺമെന്റിന്റെ കാലത്ത് പത്ത് ശതമാനമെങ്കിലും ആകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം, സാമ്പത്തിക പരാധീനതമൂലം പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാൻ കഴിയുന്നില്ല. എന്നാൽ കുറഞ്ഞത് 5 ശതമാനത്തിലെങ്കിലും എത്തിക്കുവാനുള്ള ഭഗീരഥപ്രയത്നമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി രാത്രികാലങ്ങളിൽ പോസ്റ്റുമാർട്ടം വേണമെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം ഉടനടി സ്വീകരിക്കുന്നതാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പയ്യന്നൂർ ഹക്കിം വധമാണ്. രണ്ട് തവണ സി.ബി.ഐ.-ക്ക് ഈ കേസ് നമ്മൾ നോട്ടിഫിക്കേഷൻ ഇറക്കി അറിയിച്ചതാണ്. ഈ കേസെടുക്കാൻ കഴിയില്ലെന്ന് സി.ബി.ഐ.-യുടെ അറിയിപ്പുവന്നു. പയ്യന്നൂരിൽ ദാമോദരൻ എന്നൊരാൾ ഹക്കിം ആയി മാറി. ഒരാഴ്ചയ്ക്കുള്ളിൽ അദ്ദേഹം മരണപ്പെട്ടു.

ഇതിനെ സംബന്ധിച്ച് അന്വേഷണം വേണമെന്നത് ഗവൺമെന്റ് അംഗീകരിച്ച കാര്യമാണ്. അത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നു. പക്ഷേ സി.ബി.ഐ.-ക്ക് വിടണമെന്നുപറഞ്ഞ് അവിടെ സമരം നടക്കുകയാണ്. ഒരു കൊലപാതക കേസിൽ സമരം നടത്തിയാൽ നമ്മൾ എവിടെച്ചെന്നുനിൽക്കും; അതിന് തെളിവുകൾ വേണ്ടേ; ക്രൈം ബ്രാഞ്ചിന് തെളിവുകളില്ലാതെ ആരുടെയെങ്കിലും പേരിൽ കുറ്റം ആരോപിക്കുവാൻ കഴിയുമോ; അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ രണ്ട് പ്രാവശ്യം എഴുതി. സി.ബി.ഐ. പറഞ്ഞത് ഇതൊരു അസാധാരണമായ കേസോ ഇന്റർ സ്റ്റേറ്റ് ബന്ധമുള്ള കേസോ അല്ലെന്നാണ്. രാജ്യാന്തരബന്ധമുള്ള കേസ് അല്ലാത്തതിനാൽ അവർ അന്വേഷിക്കില്ലെന്ന് മറുപടി നൽകി. വീണ്ടും അവർക്ക് കത്ത് എഴുതാൻ ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് പയ്യന്നൂരിലെ സമരം പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെതന്നെ ഒരു കാരണവശാലും കേരളത്തിൽ സദാചാര പോലീസിനെ അനുവദിക്കില്ല. അത് ആരാണെങ്കിലും അവരുടെ പേരിൽ ശക്തമായ നടപടികളുണ്ടാകും. സദാചാര പോലീസ് ചമഞ്ഞ് നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിച്ചിട്ടില്ല. അത്തരം രീതികൾക്കെതിരെ ശക്തമായ നടപടിയുണ്ടാവും. അതുപോലെ മതതീവ്രവാദം ഏതുരീതിയിൽ ഉണ്ടായാലും അതിനെ ഗവൺമെന്റിന് അംഗീകരിക്കാൻ സാധ്യമല്ല.

അങ്ങനെയുണ്ടാകുന്ന കേസുകൾ ഓരോന്നും പരിശോധിച്ച് ശക്തമായ നടപടികളുണ്ടാകും. പരിശീലനങ്ങളുടെ കാര്യത്തിൽ, പോലീസ് അക്കാഡമിയിൽ ഇപ്പോൾ പുതിയതായി റിക്രൂട്ട് ചെയ്ത് വരുന്നവർക്ക് പരിശീലനം നൽകുന്നുണ്ട്. പോലീസിൽ ജോലി ചെയ്യുന്ന ആളുകൾക്കും ഇടയ്ക്ക് പരിശീലനം നൽകാനുള്ള സംവിധാനമുണ്ട്. മാറി വരുന്ന നിയമങ്ങൾ, പാർലമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ, അസംബ്ലി പാസ്സാക്കുന്ന നിയമങ്ങൾ എന്നിവയ്ക്കനുസരിച്ച് പോലീസുകാരെ കൂടുതൽ എക്യുപ് ചെയ്യാനുള്ള നടപടികൾ പീരിയോഡിക്കലായി എടുത്തുകൊണ്ടിരിക്കുകയാണ്. ബറ്റാലിയനുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്ന ഒരു കാലമാണിത്. അതുപോലെതന്നെ പോലീസിനെ സംബന്ധിച്ചിടത്തോളമുള്ള പരാതികൾ പരിഹരിക്കാനുള്ള സംവിധാനം പോലീസിൽതന്നെ ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വിജിലൻസ് സെൽ ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നു. ആധുനിക കാലഘട്ടത്തിനനുസൃതമായി കേരളാ പോലീസിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികളാണ് സർക്കാർ കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്. സ്ഥാനത്തും അസ്ഥാനത്തും പോലീസിനെ വിമർശിച്ച് അവരുടെ ആത്മവീര്യം കെടുത്തുന്ന നടപടി ശരിയല്ല. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിലാണ് പോലീസ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും

പ്രവർത്തിക്കാൻ അവർ ബാധ്യസ്ഥരാണ്. അനാവശ്യമായി അവരെ അപമാനിച്ചുകൊണ്ടും ആവശ്യമില്ലാതെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും പോലീസുകാരുടെ ആത്മവീര്യത്തെ തകർക്കുന്നത് ഒരു ഭദ്രമായ സേനയ്ക്ക് യോജിച്ച നടപടിയല്ല. ഞാൻ ജയിലിലെ കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. മനുഷ്യാവകാശങ്ങൾ ലംഘിക്കുന്ന ഒരു കാലഘട്ടം ഇന്ന് അവസാനിപ്പിച്ചിരിക്കുന്നു. ജയിൽ തടവുകാരോട് അനുഭാവപൂർവ്വമായ സമീപനമാണ് ഗവൺമെന്റിനുള്ളത്. കുറ്റം ചെയ്തിട്ട് വരുന്നവരാണ് ജയിലിലുള്ളവർ. എന്നാൽ അവർ കുറ്റവാളികളായി തിരികെ പോകരുതെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. Jail is a correctional service. ജയിലിലേയ്ക്ക് വരുന്നവരെ സമൂഹത്തിലേയ്ക്ക് നല്ലവരാക്കി പറഞ്ഞുവിടാനുള്ള നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്. ജയിലിലെ ചപ്പാത്തിയും മറ്റ് ആഹാരപദാർത്ഥങ്ങളും മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം സൗജന്യനിരക്കിൽ തിരുവനന്തപുരത്തും മറ്റ് സ്ഥലങ്ങളിലും വിതരണം ചെയ്യുന്നുണ്ട്. അതുപോലെതന്നെ ഡയറി, പച്ചക്കറിയുടെ ഉല്പാദനം എന്നിവ മാതൃകാപരമായി നടന്നുകൊണ്ടിരിക്കുന്നു. മഴക്കുഴികൾ ഉണ്ടാക്കുന്നു. സോളാർ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് അവർക്കാവശ്യമായ കറണ്ട് അവിടെത്തന്നെ ഉല്പാദിപ്പിക്കുന്നു. ജലവൈദ്യുത

പദ്ധതികൾക്ക് നേതൃത്വം കൊടുക്കുന്നു. ജയിലിൽ വരുന്ന തടവുപുള്ളികൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകുന്നു. അതുവഴി നല്ല പൗരന്മാരായി ജീവിക്കാനുള്ള അവസരം കൊടുക്കുന്നു. ജയിലിൽ ഒരു കാരണവശാലും തടവുകാർക്ക് പീഡനമുണ്ടാകരുതെന്ന് നിർദ്ദേശമുണ്ട്. ഇപ്പോൾ ജയിലിന്റെ പ്രവർത്തനം ഏറ്റവും മെച്ചപ്പെട്ടനിലയിലാണ് മുന്നോട്ടുപോകുന്നതെന്ന് അഭിമാനത്തോടെ എനിക്ക് പറയാൻ സാധിക്കും. പ്രതിപക്ഷത്തുള്ളവർകൂടി അതിനെ അഭിനന്ദിച്ചിരിക്കുന്നു. കേരളത്തിലെ പോലീസ് സേനയുടെ പ്രവർത്തനങ്ങളെല്ലാം ഏറ്റവും മെച്ചപ്പെട്ട നിലയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. വിമർശിച്ച ഒരാളുപോലും ഉള്ളിൽതട്ടി വിമർശിച്ചിട്ടില്ല. വിമർശിക്കാൻവേണ്ടി മാത്രം വിമർശിച്ചതാണ് എന്നുള്ളതാണ് സത്യം. മാതൃകാപരവും കാര്യക്ഷമമായതുമായ നിലയിൽ കേരളാ പോലീസ് മുന്നോട്ടുപോകുന്നുണ്ട്. പോലീസിനെ സംബന്ധിച്ചിടത്തോളം പല ബുദ്ധിമുട്ടുകളുമുണ്ട്. സാമ്പത്തികമായ പ്രയാസങ്ങളുള്ളതുകൊണ്ട് പുതിയ വാഹനങ്ങൾ വാങ്ങാൻ കഴിയാതെ വന്നിട്ടുണ്ട്. മാണി സാർ പുതിയ വാഹനങ്ങൾ തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടുതൽ വാഹനങ്ങൾ കിട്ടിയാൽ സ്റ്റേഷനിലെ വാഹനങ്ങൾ നവീകരിച്ച് നൽകുന്നതാണ്. അതുകൊണ്ട് കേരളാ പോലീസ്

സേനയ്ക്ക് കൂടുതൽ കെട്ടുറപ്പുണ്ടാക്കിക്കൊണ്ട് മാതൃകാപരമായി പ്രവർത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കാനും ക്രമസമാധാന നില പൂർണ്ണമായി സംരക്ഷിക്കാനും സർക്കാരിന് കഴിഞ്ഞു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു വെടിവയ്പും ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടില്ല. ഭീകരമായ ലാത്തിച്ചാർജ്ജോ കസ്റ്റഡി മരണമോ ഉണ്ടായിട്ടില്ല. മാത്രവുമല്ല, ജയിലിൽ ഒരു പീഡനവും ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടില്ല. മാതൃകാപരമായ നിലയിൽ പോലീസിന്റെ ഭരണം മുന്നോട്ടുകൊണ്ടുപോകാനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും പോലീസിനെ സാമൂഹിക പരിവർത്തനത്തിന്റെ ആയുധമാക്കി മാറ്റാനും കഴിഞ്ഞുവെന്നുള്ളതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. കുറ്റവാളികൾ ഭയപ്പെടുന്ന, കുറ്റം ചെയ്യുന്ന ആളുകൾ ശിക്ഷിക്കപ്പെടുന്ന ഒരു നിയമ സംവിധാനത്തിലധിഷ്ഠിതമായ പോലീസ് സേനയെ വാർത്തെടുക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഇവിടെ നല്ല നിർദ്ദേശങ്ങൾ സമർപ്പിച്ചവരോട് ഞാൻ നന്ദി പറയുന്നു. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ ഗവൺമെന്റ് എടുത്ത നടപടികൾ ഇന്ത്യയ്ക്കുപോലും മാതൃകയാണെന്ന് അദ്ദേഹം

ഇവിടെ ചൂണ്ടിക്കാണിച്ചു. ഇന്ത്യയ്ക്കുപോലും മാതൃകയായ നിലയിൽ കേരളാ പോലീസിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരുടേയും സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……

പ്രതികൂലിക്കുന്നവർ…….

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……

പ്രതികൂലിക്കുന്നവർ.......

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...........ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം ഒന്നാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 04.51-ന് പിരിഞ്ഞു)

********